# വിശുദ്ധ കുർബ്ബാന
# ഒരു ധ്യാനപഠനം

# വിശുദ്ധ കുർബാന

## ഒരു ധ്യാനപഠനം

മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

BP No.144

ബഥനി പബ്ലിക്കേഷൻസ്

കോട്ടയം 686010

2013

Malayalam

**VISHUDHA QURBANA ORU DHYANA PADANAM**

**By Mar Ivanios Metropolitan**


| | | | |
|---|---|---|---|
| First Edition | : | 1923 | 1000 |
| Second ,, | : | 1980 | 1000 |
| Third ,, | : | 2004 | 1000 |
| Fourth ,, | : | 2013 | 2000 |


Rights Reserved


| | | |
|---|---|---|
| Published by | : | Bethany Publications<br>Kottayam - 686010 |
| Printed at | : | Bethany Offset Printers<br>Kottayam - 686010<br>Ph : 0481- 2571355<br>Email: bethanyktm@gmail.com |
| Cover Page design | : | Fingraph |
| Price | : | Rs. 100.00 |

# പ്രസാധകക്കുറിപ്പ്

ബഥനി ആശ്രമം, അതിന്റെ തുടക്കം മുതലേ പുസ്തക പ്രസിദ്ധീകരണ രംഗത്തു ശ്രദ്ധ ചെലുത്തിയിരുന്നു. സമൂഹസ്ഥാപകൻ ദൈവദാസൻ മാർ ഈവാനിയോസു പിതാവു തന്നെ മുപ്പത്തിരണ്ടോളം ഗ്രന്ഥങ്ങൾ രചിച്ചു. പരിമിതമായ സൗകര്യങ്ങൾ മാത്രമുണ്ടായിരുന്ന അക്കാലയളവിൽ ഗ്രന്ഥവിതരണം അത്ര എളുപ്പമായിരുന്നില്ല. എങ്കിലും ബഥനി സമൂഹസ്ഥാപകൻ, അച്ചടി മാധ്യമത്തിലൂടെ സഭയിൽ വരുത്തിയ ഉണർവ്വ് ചെറുതായിരുന്നില്ല.

ആശ്രമ സ്ഥാപകന്റെ ആഗ്രഹ സാക്ഷാത്ക്കാരമായി മൂന്നര പതിറ്റാണ്ടു മുമ്പ് ബഥനി ആശ്രമം, ബഥനി പബ്ലിക്കേഷൻസ് ആരംഭിക്കുകയും അനേകം സദ്ഗ്രന്ഥങ്ങൾ ജനങ്ങൾക്കു സമ്മാനിക്കുകയും ചെയ്തു.

നവതി പിന്നിട്ട് ശതാബ്ദിയിലേക്ക് കുതിക്കുന്ന ഈ വേളയിൽ ബഥനി അവളുടെ മാധ്യമപ്രേഷിത പ്രവർത്തനം ഒന്നു കൂടി ഊർജ്ജിതപ്പെടുത്താനുള്ള ശ്രമത്തിലാണ്. സമൂഹസ്ഥാപകന്റെ ഗ്രന്ഥങ്ങളുടെ പുനഃപ്രകാശനം ഇതിന്റെ ഭാഗമാണ്. വന്ദ്യപിതാവിന്റെ ഗ്രന്ഥങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ട്. പിതാവിന്റെ നാമകരണപരിപാടികളുടെ പ്രാരംഭം കുറിച്ചതിനുശേഷം, അദ്ദേഹത്തിന്റെ രചനകൾ ഏറെ ആളുകൾ ആവശ്യപ്പെടുന്നുണ്ട്. ഈ പൊതുജനാവശ്യം കൂടി മുൻനിർത്തിയാണ് 'വിശുദ്ധ കുർബാന, ഒരു ധ്യാനപഠനം' എന്ന ഗ്രന്ഥം ബഥനി പബ്ലിക്കേഷൻസ് പുനഃപ്രസിദ്ധീകരിക്കുന്നത്. ഇതിനു മുമ്പ് നാലു പതിപ്പുകൾ ഈ ഗ്രന്ഥത്തിനു വേണ്ടിവന്നു എന്നത് ആളുകൾ പിതാവിന്റെ ഗ്രന്ഥങ്ങളോടു കാട്ടുന്ന ആഭിമുഖ്യത്തിന്റെ അടയാളമാണ്.

ആത്മീയജീവിതത്തിൽ ആഴപ്പെടാൻ ആഗ്രഹിക്കുന്ന ഏവരും അവശ്യം വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണിത്. അനേകരെ സ്വാധീനിച്ച ഈ ഗ്രന്ഥം, നമ്മുടെ സഭാജീവിതത്തിനും വിശ്വാസജീവിതത്തിനും കൂടുതൽ കരുത്തു നൽകുമെന്ന ബോധ്യത്തിൽ, ബഥനി പബ്ലിക്കേഷൻസ് സന്തോഷപൂർവ്വം പുനഃപ്രസിദ്ധീകരിക്കുന്നു.

കോട്ടയം 686010

**ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.**
ഡയറക്ടർ, ബഥനി പബ്ലിക്കേഷൻസ്

# ആമുഖം

'ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും പാരമ്യവു'മെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് വി. കുർബാനയെ വിശേഷിപ്പിക്കുന്നു (ജനതകളുടെ പ്രകാശം നമ്പർ 11) വി. കുർബ്ബാന കേന്ദ്രീകൃതമാകാതെ ഒരു സഭാജീവിതമൊ ആത്മീയജീവിതമൊ ഇല്ല. അതുകൊണ്ടുതന്നെ വി. കുർബ്ബാനയെക്കുറിച്ചുള്ള ആഴമായ പഠനം, വി. കുർബാനയുടെ ഭക്തിപൂർവ്വമായ ആഘോഷം, വി. കുർബ്ബാനയെപറ്റിയുള്ള ധ്യാനം ഇവ ക്രിസ്തീയ ജീവിതത്തിന് അവശ്യാവശ്യമാണ്.

വിശ്വാസത്തിന്റെ വലിയ രഹസ്യവും, സമാനതകളില്ലാത്ത ദാനവുമായ (ജോൺ പോൾ രണ്ടാമൻ മാർപാപ്പ, *'സഭയും വിശുദ്ധ കൂദാശയും'*) വി.കുർബ്ബാന, പണ്ഡിതസദസ്സുകൾക്കുള്ള പഠനവിഷയമായി പലപ്പോഴും നിലനിൽക്കുകയാണ്. 'വി. കുർബ്ബാന ഒരു ധ്യാനപഠനം' എന്ന ഈ ഗ്രന്ഥം, സാധാരണ വിശ്വാസിയുടെ ഭക്തിയെയും വിശ്വാസത്തെയും ആഴപ്പെടുത്തുവാൻ പര്യാപ്തമാംവണ്ണം രചിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ ഗ്രന്ഥവാക്യങ്ങളെ യുക്തിപൂർവ്വം വിശദീകരിച്ച്, പ്രതീകങ്ങളുടെ അർത്ഥപൂർണിമ വ്യക്തമാക്കി, ഗഹനങ്ങളായ ദൈവശാസ്ത്രവിഷയങ്ങൾ ചോദ്യോത്തര രൂപത്തിലാക്കി സാധാരണക്കാർക്കു മനസ്സിലാകത്തക്കവണ്ണം ഒന്നാം ഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നു.

വിശുദ്ധ കുർബ്ബാന, ജീവിതാനുഭവമായി മാറാൻ സ്നേഹപൂർണ്ണമായ ധ്യാനം ആവശ്യമാണ്. ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗത്ത് 30 കുർബ്ബാന ധ്യാനങ്ങളാണ്. മറ്റു ഗ്രന്ഥങ്ങളിൽ നിന്ന് ഈ പുസ്തകത്തെ വ്യതിരിക്തമാക്കുന്നത് പ്രധാനമായും ഒരു മാസക്കാലത്തേയ്ക്കുള്ള ഈ ധ്യാനവിചിന്തനങ്ങളാണ്. വി. കുർബ്ബാനയെപ്പറ്റി പഠിക്കാൻ മാത്രമല്ല, വി. കുർബ്ബാനയെ സ്നേഹിക്കാനും ഈ ഗ്രന്ഥം തീർച്ചയായും ഉപകരിക്കും.

ദൈവശാസ്ത്രജ്ഞർ ഇപ്പോൾ പറയുന്ന പലകാര്യങ്ങളും മാർ ഈവാനിയോസ് പണ്ടേ പറഞ്ഞിരുന്നുവെന്ന് ഈ ഗ്രന്ഥം വായിക്കുന്നവർക്കു ബോധ്യമാകും. യോഗിയും ദൈവശാസ്ത്രജ്ഞനും സമ്മേളിക്കുന്ന ഈ ഗ്രന്ഥം അനേകരെ വി. കുർബ്ബാനയോടുള്ള ഭക്തിയിൽ വളർത്താൻ ഇടയാകട്ടെ. ഈ ഗ്രന്ഥത്തിന്റെ പുനഃപ്രസിദ്ധീകരണത്തിനു നേതൃത്വം നൽകിയ ബഥനി പബ്ലിക്കേഷൻസ് സാരഥികളായ ബ്രദർ കുര്യൻ കാവിളയിൽ ഒ.ഐ.സി., ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി. എന്നിവർക്ക് അഭിനന്ദനങ്ങൾ!

**ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.**
(സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം)

# ഉള്ളടക്കം


| | | |
|---|---|---|
| | പ്രസാധകക്കുറിപ്പ് | 5 |
| | ആമുഖം | 6 |
| 1. | വി. കുർബാന: ഒരു ധ്യാനപഠനം | 9 |
| 2. | കുർബാന സ്ഥാപനം | 27 |
| 3. | വി. കുർബാനയ്ക്കാവശ്യപ്പെട്ടതെന്ത് | 32 |
| 4. | വി. കുർബാന – ഓർമ്മ | 34 |
| 5. | വി. കുർബാന – യാഗം | 38 |
| 6. | വി. കുർബാന – തിരുശരീരവും, തിരുരക്തവും | 44 |
| 7. | വി. കുർബാന – അനുഭവം | 48 |
| 8. | വി. കുർബാന – പൂജാവന്ദനവും ആരാധനയും | 55 |
| 9. | വി. കുർബാന നിമിത്തമുള്ള അനുഗ്രഹങ്ങൾ | 58 |
| 10. | വി. കുർബാന അനുഭവിക്കുന്നതിനുള്ള ഒരുക്കം | 62 |
| 11. | വിശുദ്ധ സംസർഗ്ഗം അഥവാ കർബാന ധ്യാനം | 76 |
| 12. | നമ്മുടെ കർത്താവിന്റെ ദൈവത്വത്തിലുള്ള വിശ്വാസം | 79 |
| 13. | നമ്മുടെ കർത്താവിന്റെ മനുഷ്യത്വത്തിലുള്ള വിശ്വാസം | 83 |
| 14. | കുർബാനയിൽ വെളിപ്പെടുന്നതായ നമ്മുടെ കർത്താവിന്റെ സ്നേഹം | 88 |
| 15. | വി. ത്രോണോസിന്മേൽ ഉള്ള നമ്മുടെ കർത്താവിന്റെ ബലി | 93 |
| 16. | വി. കുർബാന ബലിയാണെന്നുള്ള വിശ്വാസം | 97 |
| 17. | കുർബാനയാകുന്ന പരിശുദ്ധ ബലിയിൽ വെളിപ്പെടുന്ന കർത്താവിനോടു സ്നേഹത്തോടുകൂടി നാം പ്രവർത്തിക്കേണ്ടതു എങ്ങനെ എന്നു | 101 |
| 18. | വി. കുർബാനയിൽക്കൂടെ നമുക്ക് ആത്മീയ ഭക്ഷണമായിത്തീരുന്ന യേശുതമ്പുരാന്റെ സ്നേഹത്തെക്കുറിച്ച് | 104 |
| 19. | കുർബാനയാകുന്ന ആത്മീയ ഭക്ഷണത്തിൽ നമുക്കു വെളിപ്പെടുന്ന കർത്താവിന്റെ സ്നേഹം | 108 |

| | | |
|---|---|---|
| 20. | നമ്മുടെ മരണസമയത്തെ കർബാനയിൽ യേശുവിനോടുള്ള അപേക്ഷകൾ | 112 |
| 21. | നമ്മുടെ കർത്താവിന്റെ തിരുഹൃദയം | 116 |
| 22. | യേശുവിന്റെ തിരുഹൃദയത്തോടു നാം കാണിച്ചിട്ടുള്ള നന്ദികേടിനെ പരിഹരിക്കേണ്ടത് എങ്ങനെയെന്ന് | 120 |
| 23. | വിലയേറിയ രക്തം | 124 |
| 24. | യേശുതമ്പുരാന്റെ ആശീർവാദം | 127 |
| 25. | യേശുവിനോടുള്ള കൃതജ്ഞത | 132 |
| 26. | യേശുവിനോടുള്ള നമ്മുടെ നന്ദിയില്ലായ്മ | 137 |
| 27. | യേശുതമ്പുരാന്റെ നേരെയുള്ള അനാദരവ് | 142 |
| 28. | നല്ല ആട്ടിടയനാകുന്ന യേശുതമ്പുരാൻ | 146 |
| 29. | നമ്മുടെ വൈദ്യനാകുന്ന യേശുതമ്പുരാൻ | 150 |
| 30. | നമ്മുടെ ന്യായാധിപതിയാകുന്ന യേശുതമ്പുരാൻ | 154 |
| 31. | ഈ മാസത്തെ ദൈവത്തിനായി നിയോഗിക്കുക | 157 |
| 32. | വനത്തിൽ സഞ്ചരിച്ച ഇസ്രായേൽക്കാർ | 160 |
| 33. | യേശുവിന്റെ സഖിത്വം | 165 |
| 34. | യേശുതമ്പുരാന്റെ സഹതാപം | 169 |
| 35. | യേശുതമ്പുരാൻ തരുന്ന സൗഭാഗ്യം | 174 |
| 36. | യേശുതമ്പുരാനോടുള്ള സംയോജിപ്പ് | 180 |
| 37. | മനോവിചാരം | 184 |
| 38. | യേശുതമ്പുരാനെ സ്നേഹിക്കുന്നവർ | 188 |
| 39. | പരിശുദ്ധന്മാരോടുള്ള സ്നേഹം | 190 |
| 40. | വി. കന്യകമറിയാമിനെ അനുകരിക്കുന്നതിനെക്കുറിച്ച് | 194 |
| 41. | ഈ മാസത്തിലെ തെറ്റുകളെ ഏറ്റുപറക | 198 |

# വി. കുർബാന

## ഒരു ധ്യാനപഠനം

ചോ. കുർബാന എന്ന വാക്കിന്റെ അർത്ഥം എന്ത്?

ഉ. കുർബ്ബാന എന്ന വാക്കിന്റെ അർത്ഥം അർപ്പണം (നേർച്ച) എന്നാകുന്നു.

ചോ. വി. കുർബാനയ്ക്ക് അർപ്പണം എന്നുപേർ പറയുന്നത് എന്തു കൊണ്ട്?

ഉ. വി. കുർബ്ബാന പിതാവായ ദൈവത്തിന്റെ മുമ്പാകെ അർപ്പിക്കുന്നതായ കർമ്മം ആകയാൽ വഴിപാട് അല്ലെങ്കിൽ അർപ്പണം എന്നു പേർ പറയുന്നു. എബ്രാ 9;14;8;3;10, 10;14 സംഖ്യ 28:2, 1 ശമു 2, 29; 13, 9, എബ്രാ, 1, 4;3,5.

ചോ. വി. കുർബ്ബാനയിൽ ദൈവത്തിന് അർപ്പിക്കുന്നത് എന്തിനെയാണ്?

ഉ. മനുഷ്യന്റെ പരിശ്രമത്തിന്റെ ആദ്യഫലങ്ങളും പ്രധാന ഫലങ്ങളുമായ ഭക്ഷണസാധനങ്ങളെ, അതായതു, മനുഷ്യന്റെ ശരീരാ

---

ഓരോഭാഗത്തും ചേർത്തിരിക്കുന്ന വേദസാക്ഷികൾ ഈ പുസ്തകം ഉപയോഗിക്കുന്നവർ ഓരോ പ്രമേയത്തെക്കുറിച്ച് ചിന്തിക്കുന്നതിന് സഹായമായിരിക്കണമെന്നുകരുതി ചേർത്തിട്ടുള്ളതാണ്.

രോഗ്യത്തിനു സർവ്വപ്രധാനമായ ഭക്ഷണസാധനങ്ങളുടെ പ്രാധിനിത്യം വഹിക്കുന്നതായ അപ്പത്തേയും വീഞ്ഞിനേയും ദൈവത്തിനു നേർച്ചയായി അർപ്പിക്കുന്നു. അതായത് മനുഷ്യന് ഈ ലോകത്തിൽ അത്യന്താപേക്ഷിതവും സർവ്വപ്രധാനവും ആയതിനെ ദൈവത്തിന്റെ മുമ്പാകെ കൊണ്ടുവന്നു കാഴ്ച അണയ്ക്കുന്നു. ആദ്യ 14. 18:4,4. ലേവി 2,12, പുറ. 23, 16, 34, 26 നെഹ. 12;35, ഹെസ. 44,30 സങ്കീ 66, 15. യോഹ 1, 18 പിലിപ്പി 4, 18, റോമാ. 11,6

ചോ. വി. കുർബ്ബാനയിൽ ദൈവത്തിനു വേറെ വല്ലതും അർപ്പിക്കുന്നുണ്ടൊ?

ഉ. ഉണ്ട്. നമ്മുടെ ആവശ്യത്തിന് ദൈവം തന്നിട്ടുള്ള സകലത്തേയും വി. കുർബ്ബാനയിൽ ദൈവത്തിന്റെ മുമ്പാകെ കൊണ്ടുവന്നു കാഴ്ച അണയ്ക്കുന്നു. സങ്കീ.106, 37. ഹെസ. 20, 40.

ചോ. ഇതു കൂടാതെ വി. കുർബ്ബാനയിൽ ദൈവത്തിന് എന്തെങ്കിലും അർപ്പിക്കുന്നുണ്ടോ?

ഉ. ഉണ്ട്. വി: കുർബ്ബാനയിൽ സംബന്ധിക്കുന്ന എല്ലാ മനുഷ്യനും അവനവന്റെ ശരീരത്തേയും ആത്മാവിനെയും സകലഇന്ദ്രിയങ്ങളേയും ശക്തികളേയും കഴിഞ്ഞതും മേലാലുള്ളതുമായ ആയുസ്സിനേയും മുഴുവനായി വി. കുർബ്ബാനയിൽ ദൈവത്തിന് യാഗമായി അർപ്പിക്കുന്നു. ഈ കാരണത്താലും വി. കുർബ്ബാനയ്ക്ക് കുർബാന (അർപ്പണം) എന്നു പറയുന്നു. റോമാ. 12, 1, പിലിപ്പി 2, 17, സങ്കീ. 51, 17, 1 പത്രോ. 2,5

ചോ. വി. കുർബ്ബാനയിൽ വേറെ വല്ലതും കൂടി അർപ്പിക്കുന്നുണ്ടോ?

ഉ. ഉണ്ട്. ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടായ യേശുമിശിഹാ തിരുശരീര രക്തങ്ങൾ വഴിയായി വി. കുർബ്ബാനയിൽ എഴുന്നള്ളിപ്പാർക്കുന്നു. വി. കുർബ്ബാനയിൽ സംബന്ധിക്കുന്ന എല്ലാ വിശ്വാസികളും - കത്തോലിക്കാ സഭ ഒന്നായി യേശുമിശിഹായെ തങ്ങളുടെ കൈകളിൽ എടുത്ത് സകല ലോകത്തിന്റെയും പാപപരിഹാരത്തിനായി പിതാവായ ദൈവത്തിന്റെ മുമ്പാകെ നിത്യബലിയായി അർപ്പിക്കുന്നു. ഈ കാരണത്താലും വി. കുർബ്ബാനയ്ക്ക് അർപ്പണം എന്നു പേർ പറയുന്നു. എപ്പെസ്യ 5, 2. എബ്രാ. 10, 4.10–14;9,26 നാളാ, 7, 4, 29, 31. സങ്കീ. 4, 5; 27.6, 51, 19.

ചോ. വി. കുർബ്ബാനയ്ക്ക് അർപ്പണമെന്നു പേർ പറയുന്നതിനു വേറെ വല്ല കാരണവും ഉണ്ടോ?

ഉ. ഉണ്ട്. വി. കുർബാനയിൽ സംബന്ധിക്കുന്ന ഓരോ വിശ്വാസിയും ദൈവത്തിന്റെ മക്കളായ ജീവനുള്ളവരും മരിച്ചവരുമായ ഏവരേയും ദൈവത്തിന്റെ തൃക്കൈയിലേക്കു ഭരമേല്പിക്കുന്നതിനുള്ള ഏറ്റവും മഹത്തരമായ കർമ്മം വി.കുർബാന ആകുന്നു. അതുകൊണ്ടു ഭരമേല്പിച്ചുകൊടുക്കുക, നേർച്ചകൊടുക്കുക അർപ്പിക്കുക, എന്നർത്ഥമുള്ള കുർബാന എന്ന പേര് ഉപയോഗിക്കുന്നു. അപ്പോ 20, 32, റോമാ. 16, 1, 2. അപ്പോ. 14, 23.

## ദിവ്യസംസർഗ്ഗം

ചോ. വി. കുർബാനയ്ക്ക് വി. സംസർഗ്ഗം എന്നും ദിവ്യയോജിപ്പ് എന്നും ദിവ്യകൂട്ടായ്മ എന്നും പേർപറയുന്നതെന്തുകൊണ്ട്?

ഉ. ദൈവത്തോടു മാമോദീസായിങ്കൽ വെച്ച് നാം ആരംഭിച്ചിട്ടുള്ള യോജിപ്പിനേയും സംസർഗ്ഗത്തേയും വി. കുർബാന അനുഭവിക്കുന്നതിനാൽ നാം നിലനിർത്തുന്നു. അതുകൊണ്ട് വി. കുർബാനയ്ക്കു വി. സംസർഗ്ഗമെന്നും, ദിവ്യയോജിപ്പെന്നും, ദിവ്യകൂട്ടായ്മ എന്നും പേർ പറയുന്നു. 1 കൊറി 10, 16.

ചോ. വി. കുർബാനയ്ക്ക് ദിവ്യസംസർഗ്ഗം എന്നു പറയുന്നതിന് വേറെ വല്ല കാരണവും ഉണ്ടോ?

ഉ. ഉണ്ട്. "ദൂരസ്ഥന്മാരോടു കൂടെ സമീപസ്ഥന്മാരും മരിച്ചവരോടു കൂടി ജീവനുള്ളവരും" ആയ സകല വിശ്വാസികളും മാലാഖമാരും യേശുമിശിഹാ മുഖാന്തരം തമ്മിൽ തമ്മിൽ യോജിപ്പിലും സ്നേഹത്തിലും കൃപയിലും നിലനിന്നു വളർന്നു സഹവാസത്തിൽ കഴിയുന്നതിനുള്ള സർവ്വ പ്രധാനമായ മാർഗ്ഗം വി. കുർബാനയാകയാൽ വി. കുർബാനയ്ക്കു വിശുദ്ധ സംസർഗ്ഗം എന്നു പേർ പറയുന്നു. എബ്രാ. 12, 22-24, വെളി-8. 3. സങ്കീ. 16. 3. 2 നാളാ 6, 41, സങ്കീ 50 5, 97, 10. 149 5, റോമാ 8. 27.

## രഹസ്യം

ചോ. വി. കുർബാനയ്ക്കു രഹസ്യം (കൂദാശ) എന്നും മഹാരഹസ്യ മെന്നും പേർ പറയുന്നത് എന്തുകൊണ്ട്.

ഉ. കർത്താവു പെസഹാദിവസം രാത്രിയിൽ വി. സഭയ്ക്ക് ഭരമേല്പിച്ച മഹാരഹസ്യം തന്റെ തിരുശരീരരക്തങ്ങളാകുന്നു. അതിനാൽ വി. കുർബാനയ്ക്ക് രഹസ്യം എന്നും മഹാരഹസ്യം എന്നും പേർ പറയുന്നു. മത്താ. 13 11. ലൂക്കാ. 8 10 1 കോറി. 41, മർക്കോ. 4. 11, റോമ. 16 25, 1 തീമൊ. 3. 9, എപ്പെസി 3. 9.

ചോ. വി. കുർബാനയ്ക്ക് രഹസ്യമെന്നു പറയുന്നതിന് വേറെ വല്ല കാരണവും ഉണ്ടോ?

ഉ. ഉണ്ട്. കൂദാശ ചെയ്യപ്പെട്ട അപ്പത്തിലും വീഞ്ഞിലും ദൈവത്തിന്റെ ജീവൻ ഒളിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് വി. കുർബാന ദൈവത്തിന്റെ ജീവനെ സമ്പാദിക്കുന്നതിനുള്ള മാർഗ്ഗമാകുന്നു. അതിനാൽ രഹസ്യമായ ശക്തി അന്തർഭവിച്ചിരിക്കുന്ന കർമ്മം എന്നുള്ള അർത്ഥത്തിൽ വി. കുർബാനയ്ക്ക് രഹസ്യ മെന്നും മഹാരഹസ്യമെന്നും പേർപറയുന്നു. മത്താ-26 26-29

ചോ. വി. കുർബാനക്ക് പുതിയരഹസ്യം എന്നുപേരു പറയുന്നത് എന്തുകൊണ്ട്?

ഉ. മോശൈക ന്യായപ്രമാണപ്രകാരമുള്ള രഹസ്യത്തെയും പഴയ കർമ്മങ്ങളേയും ആരാധന ക്രമത്തേയും അവസാനിപ്പിച്ച്, പുതിയ നിയമപ്രകാരമുള്ള ദൈവസംസർഗ്ഗമാർഗ്ഗവും ആരാധനക്രമവുമായി വി. കുർബാനയെ പുതുതായി നമ്മുടെ കർത്താവ് ഏർപ്പെടുത്തി തന്നിരിക്കുന്നതുകൊണ്ട് ഈ രഹസ്യത്തിനു "പുതിയ രഹസ്യ"മെന്നും പേർ പറയുന്നു. മത്താ. 26. 28, ലൂക്കാ. 22.20

ചോ. വി. കുർബാനയ്ക്ക് വി. കൂദാശയെന്നു പേർ പറയുന്നത് എന്തുകൊണ്ട്?

ഉ. പാപിയെ ശുദ്ധീകരിക്ക മാത്രമല്ല, മഹാ ശുദ്ധന്മാരെ പോലും ശുദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗം വി. കുർബാനയാകയാൽ അതിനു ശുദ്ധീകരണം, 'ശുദ്ധീകരണമാർഗ്ഗം' എന്നർത്ഥമുള്ള

കൂദാശയെന്നു പേർ പറയുന്നു. എബ്രാ. 13 12, 1 തെസ്സ. 5 23 യോവേൽ 2. 16. ഹെസ 37, 28. 38. 23 യോഹ 17. 17, 2 നാളാ 35 16

ചോ. "ജീവന്റെ രഹസ്യം ഒളിച്ചുവച്ചിരിക്കുന്ന" 'ഹമ്മീന' (പുളിപ്പുള്ള അപ്പം) എന്നു വി. കുർബാനയ്ക്കു പേരു പറയുന്നത് എന്തു കൊണ്ട്?

ഉ. നിത്യജീവൻ ആകുന്ന മ്ശിഹാ, തിരുശരീരരക്തങ്ങൾ വഴിയായി അപ്പത്തിലും വീഞ്ഞിലും എഴുന്നെള്ളി ഇരിക്കുന്നതുകൊണ്ട് വി. കുർബാനയ്ക്ക് ജീവന്റെ രഹസ്യം എന്നു പറയുന്നു. യോഹ. 14. 6, ലൂക്കോ 13. 21,

## കുഞ്ഞാട്

ചോ. വി. കുർബാനയ്ക്കു കുഞ്ഞാട് എന്നു പേർ പറയുന്നതു എന്തു കൊണ്ട്?

ഉ. ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടു യേശുമ്ശിഹായാകുന്നു. യേശുമിശിഹാ ലോകത്തിന്റെ പാപത്തെ പരിഹരിക്കുന്നതിനായി വി. കുർബാനയിൽ എഴുന്നെള്ളുന്നു. അതുകൊണ്ടു വി. കുർബാനയ്ക്കു കുഞ്ഞാട് എന്നു പേർ പറയുന്നു. സംഖ്യാ 6 14, 14. ആദ്യ 22. 8 പുറ. 12. 3, ലേവി. 3, 7, 4, 32, 14, 24 യോഹ 1. 2 9, 36. 1 പത്രോ 1. 19, വെളി. 5, 6

ചോ. വേറെ വല്ല കാരണവും ഉണ്ടോ?

ഉ. മോശൈക ന്യായപ്രമാണപ്രകാരം പാപപരിഹാരത്തിനായി കുഞ്ഞാടിനെ ബലികഴിച്ചുവന്നു. ദൈവത്തിന്റെ കുഞ്ഞാടായ മിശിഹാ ബലി അർപ്പിക്കപ്പെട്ടു. മിശിഹായുടെ നിത്യബലി സ്വർഗ്ഗത്തിൽ തുടർന്നുകൊണ്ടിരിക്കുന്നു. ആ നിത്യബലിയിൽ വി. സഭ പങ്കെടുക്കുന്നതിനായി വി. സഭയിൽ വി. കുർബാന അർപ്പിക്കപ്പെടുന്നു. സ്വർഗ്ഗത്തിൽ നിത്യബലിയായി അർപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ദൈവകുഞ്ഞാടിന്റെ ബലിയെ വി. സഭയിൽ തുടർന്നുകൊണ്ടിരിക്കുന്നത് വി. കുർബാന വഴിയായിട്ടാകുന്നു. ദൈവകുഞ്ഞാടു യാഗപശുവായി വിശുദ്ധ കുർബാനയിൽ സന്നിഹിതനായിരിക്കുന്നു. അതുകൊണ്ടു വി. കുർബാനയ്ക്ക് "കുഞ്ഞാട്" എന്നു പേർ പറയുന്നു. എബ്രാ. 6.20.

## പെസഹാ

ചോ. വി. കുർബാനയ്ക്കു പെസഹാ എന്നു പേർ പറയുന്നതു എന്തു കൊണ്ട്?

ഉ. ദൈവത്തിന്റെ ജനമായ ഇസ്രായേലിനെ മിസ്രയിമിലെ അടിമയിൽനിന്നു വിടുവിച്ചതിന്റെ ഓർമ്മ ന്യായപ്രമാണപ്രകാരമുള്ള പെസഹായിൽ നിവർത്തിക്കപ്പെട്ടു വന്നു. അപ്രകാരം ദൈവമക്കളായ നമ്മെ പാപത്തിന്റെ അടിമയിൽനിന്ന് ഈശോമിശിഹാ രക്ഷിച്ചു വീണ്ടെടുത്തിരിക്കുന്നു. വി. കുർബാന അനുഭവിക്കുന്നതിനാൽ ഈ വീണ്ടെടുപ്പിനെ നാം ഓർക്കയും അനുഭവപ്പെടുത്തുകയും ചെയ്യുന്നു ക്രിസ്തീയ പെസഹായാകുന്ന വി. കുർബാന യഹൂദ പെസഹായെക്കാൾ എത്രയും, മഹത്വമേറിയതാകുന്നു യഹൂദപെസഹായിൽ ഭക്ഷിക്കപ്പെട്ടു വന്ന കുഞ്ഞാടിനേക്കാൾ എത്ര മഹിമയേറിയവനാകുന്നു വി. കുർബാനയിൽ ഭക്ഷിക്കപ്പെട്ടു വരുന്ന ദൈവകുഞ്ഞാട്. അതുകൊണ്ട് വി. കുർബാനക്ക് വലിയ പെസഹാ എന്നു പേരു പറയുന്നു. 1 കോറി. 5, 7 മർക്കോ 14 14 മത്താ 26 18, 2 നാളാ 30:5; 2രാജാ 23, 21. ആവർത്ത 1, 2 പുറ 12, 11; 43, 48.

ചോ. വേറെ വല്ല കാരണവുമുണ്ടോ?

ഉ. ഉണ്ട്. ഈശോമിശിഹാ വിശുദ്ധകുർബാനയെ സ്ഥാപിച്ചതുമോശൈക ധർമ്മപ്രകാരമുള്ള പെസഹാദിവസമായിരുന്നു. മോശൈകപെസഹായെ അവസാനിപ്പിക്കയും ക്രിസ്തീയ പെസഹയാകുന്ന വി. കുർബാനയെ അതിന്റെ സ്ഥാനത്തു നമ്മുടെ കർത്താവു സ്ഥാപിക്കയും ചെയ്തു. അതുകൊണ്ട് വി. കുർബാനയ്ക്കു "വലിയ പെസഹാ" എന്നു പേർ പറയുന്നു. 1 കോറി 11, 25. ലൂക്ക 22, 11;15.

## കാഴ്ചയപ്പം

ചോ. കാഴ്ചയപ്പം എന്നു വി. കുർബാനക്കു പേരു പറയുന്നത് എന്തു കൊണ്ട്?

ഉ. ഊർശ്ലേം ദേവാലയത്തിൽ ശുദ്ധസ്ഥലത്ത് എല്ലായ്പോഴും ബലിയായി കാഴ്ചയപ്പങ്ങൾ വയ്ക്കപ്പെട്ടിരുന്നു. സകല ഇസ്രാ

യേലിനുംവേണ്ടിയും ദൈവമുമ്പാകെ ഈ കാഴ്ചയപ്പം യാഗമായി അർപ്പിക്കപ്പെട്ടുമിരുന്നു. വി.സഭയിൽ നിത്യബലിയായി പിതാവായ ദൈവത്തിന്റെ തിരുമുമ്പാകെ മിശിഹായുടെ തിരുശരീരരക്തങ്ങളെ അർപ്പിക്കുന്നത് വി. കുർബാനവഴിയായിട്ടാകുന്നു. കാഴ്ചയപ്പം വിശുദ്ധകുർബാനയുടെ മുൻകുറിയായിരുന്നു. പുറ 25, 30, 35, 13 സംഖ്യ 4. 7,2 നാളാ 2, 4, 4. 19, 13, 11 നെഹ 10, 32 എബ്രാ 9, 2.

ചോ. വി. കുർബാനയ്ക്കു 'അമ്മാനുവേൽ' എന്നു പേരു പറയുന്നതെന്തുകൊണ്ട്?

ഉ. അമ്മാനുവേൽ എന്ന പദത്തിനു 'ദൈവംനമ്മോടുകൂടെ' എന്നർത്ഥമുണ്ട്. മനുഷ്യരായ നമ്മോടുകൂടെ ഈശോമിശിഹാ എഴുന്നള്ളി പാർക്കുന്നതിനുള്ള മാർഗ്ഗം വി. കുർബാനയാകുന്നു. വി. കുർബാന വി. സഭയിൽ ഇരിക്കുന്നതുകൊണ്ട് ദൈവം നമ്മോടുകൂടെയുണ്ട്. വി. കുർബാന അനുഭവിക്കുന്ന വിശ്വാസികളോടുകൂടെ ദൈവം ഉണ്ട്. അതിനാൽ വി. കുർബാനയ്ക്ക് 'അമ്മാനുവേൽ' എന്നു പേരുപറയുന്നു.

## സ്വർഗ്ഗീയ മന്നാ

വി. കുർബാനയ്ക്ക് 'സ്വർഗ്ഗീയമന്നാ' എന്നു പേരുപറയുന്നത് എന്തുകൊണ്ട്?

ഉ. ഇസ്രായേൽമക്കൾ മിസ്രയിമിൽ നിന്നു കനാൻ ദേശത്തേക്കു പോകും വഴി നാൽപതു സംവത്സരം മരുഭൂമിയിൽ കൂടി സഞ്ചരിക്കേണ്ടിവന്നു. ആ കാലത്ത് അവർക്കു ഭക്ഷണമായി ദൈവം ആകാശത്തിൽ നിന്ന് മന്നാ പൊഴിച്ചുകൊടുത്തു. അതുപോലെ സ്വർഗ്ഗരാജ്യത്തിലേക്ക് തീർത്ഥയാത്ര ചെയ്യുന്ന ദൈവമക്കൾക്ക് സ്വർഗ്ഗീയ ഭക്ഷണമായി യേശുമ്ശിഹായുടെ ജീവനെ അതായതു തിരുശരീരരക്തങ്ങളെ ആത്മപോഷണമായി ദൈവം കൊടുക്കുന്നു. അതു വി. കുർബാനയിൽ വിശ്വാസികൾ അനുഭവിക്കുന്നു അതുകൊണ്ട് വി. കുർബാനയ്ക്കു 'മന്നാ' എന്നു പേർ പറയുന്നു. പുറ. 16:35, ആവ. 8:3, 16.സങ്കീ. 78:24 യോഹ. 6:31, 49, 58. വെളി 2:17.

## സ്വർഗ്ഗീയമേശ

ചോ. വി. കുർബാനയ്ക്ക് 'സ്വർഗ്ഗീയമേശ' യെന്നും 'നിത്യവിരുന്ന്' എന്നും പേരുപറയുന്നത് എന്തുകൊണ്ട്?

ഉ. സ്വർഗ്ഗീയമായ ദൈവാനുഗ്രഹങ്ങളേയും നിത്യജീവൻ നൽകുന്നതായ ശക്തിയേയും ദൈവത്തിൽ നിന്നു സമ്പാദിക്കുന്നതിനുള്ള മാർഗ്ഗം വി. കുർബാന അനുഭവിക്കുന്നതാകയാൽ ഇതിന് 'സ്വർഗ്ഗീയമേശ'യെന്നും 'നിത്യവിരുന്ന്' എന്നും പേർ പറയുന്നു. സംഖ്യാ 4:7, ശമർ. 9:13, സങ്കീ. 23:5, 78, 19. ഏശാ. 21:5.

ചോ. വി. കുർബാനയ്ക്കു സ്വർഗ്ഗീയ മേശയെന്നും, നിത്യവിരുന്നെന്നും മഹാവിരുന്നെന്നും പേരുപറയുന്നതിനു വെറെ വല്ല കാരണവും ഉണ്ടോ?

ഉ. ഉണ്ട്. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ത്രിയേകദൈവത്തോടുള്ള സ്നേഹ ബന്ധവും സ്വർഗ്ഗീയമായ യോജിപ്പും വിശ്വാസിക്കു കൊടുക്കുന്ന സ്വർഗ്ഗീയഭോജനം വി. കുർബാനയാകയാൽ വി. കുർബാനയ്ക്ക് ഈ പേരുകൾ ഉണ്ടായി. ലൂക്കൊ 22:30, സുഭാ. 15:15, യൂദാ 12.

ചോ. വേറെ വല്ലകാരണവും ഉണ്ടോ?

ഉ. ഉണ്ട്. സ്വർഗ്ഗരാജ്യത്തിൽ നിത്യമായി വിശ്വാസി അനുഭവിപ്പാനുള്ള ഭാഗ്യത്തേയും ദൈവത്തോടുള്ള നിത്യസ്നേഹത്തേയും യോജിപ്പിനേയും ഈ ലോകത്തിൽ വെച്ചു വിശ്വാസി അനുഭവിക്കുന്നതു വി. കുർബാനമാർഗ്ഗമായിരിക്കുന്നതു കൊണ്ട് വി. കുർബാനയ്ക്ക് 'സ്വർഗ്ഗീയമേശ' യെന്നും 'നിത്യവിരുന്നെന്നും പേർ പറയുന്നു. സങ്കീ. 34:8, 119, 103. 1 പത്രോ. 2:3, എബ്രാ 6:4, 5 വെളി. 19:7.

ചോ. വി. കുർബാനയ്ക്ക് ജീവന്റെ അപ്പം എന്നു പേരുപറയുന്നതെന്തുകൊണ്ട്?

ഉ. 'ഞാൻ ജീവന്റെ അപ്പമാകുന്നു. ഈ അപ്പത്തിൽ നിന്നു ഭക്ഷിക്കുന്നവർ എന്നേക്കും ജീവിക്കും.' എന്ന് ഈശോമിശിഹാ കൽപിച്ചിരിക്കുന്നു. നിത്യജീവനെ നൽകുന്നതായ ദിവ്യഭക്ഷണം ഈശോമശിഹാ ആകുന്നു. നമുക്കു ഭക്ഷണമായി വി. കുർബാ

നയിൽ യേശുമ്ശിഹാ എഴുന്നെള്ളി ഇരിക്കുന്നു. അതുകൊണ്ട് വി. കുർബാനയ്ക്ക് 'ജീവന്റെ അപ്പം' എന്നു പേരുപറയുന്നു. യോഹ. 6:35, 33 48, 50, 51.

## മധുരഫലം ജീവന്റെ കനി

ചോ. വി. കുർബാനയ്ക്കു മധുരഫലമെന്നും ജീവന്റെ കനിയെന്നും പേർപറയുന്നത് എന്തുകൊണ്ട്?

ഉ. ഏദൻതോട്ടത്തിൽ വെച്ച് ആദാമ്മിനുപോലും രുചിനോക്കുവാൻ കഴിയാതിരുന്നതും ദൈവത്തിന്റെ ജീവനെ ഭക്ഷിക്കുന്നതിനുള്ള മാർഗ്ഗമായിരുന്നതുമായ ജീവന്റെ വൃക്ഷത്തിന്റെ കനി വി. കുർബാനയെ ലക്ഷ്യപ്പെടുത്തിയിരുന്നതുകൊണ്ട് അതിന് മധുരമുള്ള ഫലമെന്നും ജീവന്റെ കനിയെന്നും പേർ പറയുന്നു. സുഭാ. 16:24, ശലോ-പാട്ടു 2:3, സങ്കീ. 119:103, വെളി. 10:9, 10 സങ്കീ. 19:10, 119, 103

## കർത്താവിന്റെ അത്താഴം

ചോ. വി. കുർബാനയ്ക്ക് 'കർത്താവിന്റെ അത്താഴം' എന്നു പേർ പറയുന്നതെന്തുകൊണ്ട്?

ഉ. കർത്താവായ യേശുമ്ശിഹാ തന്റെ തിരുശരീരവും തിരുരക്തവും നമുക്കു ഭക്ഷണമായി തന്ന് നമ്മെ തീറ്റിപ്പുലർത്തുന്നതു വി. കുർബാനവഴിയാകയാൽ ഇതിനു കർത്താവിന്റെ അത്താഴം എന്നു പേർ പറയുന്നു. ലൂക്കൊ. 14:16, 24, 12, 20, 1 കോറ. 11:20, 27. വെളി 19:9.

## തണ്ണീർകുടി

ചോ. 'തണ്ണീർകുടി'യെന്നും, 'വഴിയാത്രയ്ക്കുള്ള ഭക്ഷണം' എന്നും കുർബാനയ്ക്കു പേർ പറയുന്നതെന്തുകൊണ്ട്?

ഉ. ക്രിസ്ത്യാനിയുടെ ഇഹലോക ജീവിതം പൂർണ്ണതയിലേക്കുള്ള തീർത്ഥയാത്രയാകുന്നു. ഈ യാത്രയിൽ വഴിമദ്ധ്യേ എല്ലായ്പോഴും യേശുമ്ശിഹായുടെ ജീവനെ സമ്പാദിച്ചുകൊണ്ട്

മുമ്പോട്ടു നടക്കേണ്ടതാകുന്നു. വഴിയാത്രയ്ക്കുള്ള ഭക്ഷണം യേശുമിശിഹായുടെ ജീവനാകുന്നു. ആ ജീവനെ വി. കുർബാനവഴിയായി ക്രിസ്ത്യാനി അനുഭവിക്കുന്നു. അതിനാൽ വി. കുർബാനയ്ക്ക് തണ്ണീർകുടി അല്ലെങ്കിൽ വഴിയാത്രയ്ക്കുള്ള ഭക്ഷണം എന്നുപേർ പറയുന്നു. ആദ്യ 42. 25, 24, 6, 23, സങ്കീ 132, 85. ദാനി 1, 5 ശു 9, 11.

ചോ. വേറെ വല്ലകാരണവും ഉണ്ടോ?

ഉ. ഉണ്ട്. ഈ ലോകത്തിൽ നിന്നു വരുവാനിരിക്കുന്ന ലോകത്തിലേക്കു കടക്കാനുള്ള വാതിൽ മരണമാകുന്നു. ദൈവത്തിലുള്ള പരമാശ്രയത്തോടുകൂടി – മരണമാകുന്ന വാതിലിൽ കൂടി നിത്യ ആയുസ്സിലേക്കുകടക്കുന്നതിനു വിശ്വാസിയെ സഹായിക്കുന്നത് യേശുമ്ശിഹായുടെ ജീവൻ ആകുന്നു. ഈ ജീവനെ മരണസമയത്തു സമ്പാദിക്കുന്നതു വി. കുർബാന വഴിയായിട്ടാകുന്നു. ഈ കാരണത്താലും വി. കുർബാനയ്ക്ക് 'തണ്ണീർകുടി' 'തീർത്ഥയാത്രയ്ക്കുള്ള ഭക്ഷണം' എന്നിങ്ങനെ പറയുന്നു. മീഖാ 2.13, സങ്കീ. 107, 18, 122. 2.

ചോ. വി. കുർബാനയ്ക്കു രക്ഷയുടെ പാനപാത്രം എന്നു പേരു പറയുന്നത് എന്തുകൊണ്ട്?

ഉ. ദൈവമക്കൾക്കു സ്വർഗ്ഗീയരക്ഷയെ ദാനം ചെയ്യുന്നതിനുള്ള പാനപാത്രം വി. കുർബാനയാകുന്നു. പ്രത്യേകിച്ചു കാസായിക്കു രക്ഷാകരമായ പാനപാത്രമെന്നും രക്ഷയുടെ പാനപാത്രം എന്നും പേരുപറയുന്നു. സങ്കീ. 116. 13.

ചോ. 'നാം നുറുക്കുന്ന അപ്പ' മെന്നും 'അനുഗ്രഹിക്കുന്ന അനുഗ്രഹ പാനപാത്ര' മെന്നും വി. കുർബാനയ്ക്കു പേർപറയുന്നത് എന്തുകൊണ്ട്?

ഉ. യേശുമിശിഹാ അപ്പത്തെ എടുത്ത് സ്തോത്രം ചെയ്തുകൊണ്ട് വാഴ്ത്തി ശുദ്ധീകരിച്ച് അതിനെ തന്റെ തിരുശരീരമാക്കിത്തീർത്തു. അപ്രകാരം വീഞ്ഞിനെയും വാഴ്ത്തി തിരുരക്തമാക്കിത്തീർത്തു. ഇപ്രകാരം ചെയ്യുന്നതിനു വി. ശ്ളീഹന്മാരെ അധികാരപ്പെടുത്തി ഭരമേല്പിക്കയും ചെയ്തു. അതനുസരിച്ചു വി. ശ്ളീഹന്മാരും അവരുടെ അനുഗാമികളായ പട്ടക്കാരും അപ്പവും

വീഞ്ഞും വാഴ്ത്തി ശുദ്ധീകരിച്ച് മ്ശിഹായുടെ തിരുശരീരരക്ത ങ്ങളാക്കിത്തീർക്കുന്നു.

മ്ശിഹായുടെ കഷ്ടപ്പാടിനെ കാണിക്കുന്നതിനും വിശ്വാസി കൾക്കു പങ്കിട്ടുകൊടുക്കുന്നതിനുമായി അപ്പത്തെ നുറുക്കുകയും ചെയ്യുന്നു. ഇതു ഹേതുവായി വി. കുർബാനയ്ക്കു നാം നുറു ക്കുന്ന അപ്പമെന്നും നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം (കാസാ) എന്നും പേരു പറയുന്നു. ലൂക്കോ 22 17, 20. 1 കോറി 10 16 11, 25, 26, 28.

## ആദ്യവിളവ്

ചോ. വി. കുർബാനയ്ക്ക് ആദ്യവിളവെന്നു പേരുപറയുന്നത് എന്തു കൊണ്ടാകുന്നു?

ഉ. നമ്മുടെ ആവശ്യത്തിനായി ദൈവം സൃഷ്ടിച്ചിട്ടുള്ള സകല പദാർത്ഥങ്ങളിലും വച്ച് ഏറ്റവും ഒന്നാമത്തതായി ദൈവത്തിന് കാഴ്ചയണപ്പാനുള്ളതു നമ്മുടെ ഭക്ഷണപദാർത്ഥങ്ങളുടെ പ്രാതിനിദ്ധ്യം വഹിച്ചിരിക്കുന്ന അപ്പവും വീഞ്ഞുമാകുന്നു. ഇതിനെ ദൈവത്തിനു വി. കുർബാനയിൽ കാഴ്ചയണക്കുന്നതു കൊണ്ട് വി. കുർബാനയ്ക്ക് 'ആദ്യഫലം' എന്നു പേർപറയു ന്നു. വെളി. 14:4 1 കോറ 15. 20.23.

ചോ. വേറെ വല്ലകാരുണവുമുണ്ടോ?

ഉ. ഉണ്ട്. നമ്മുടെ ആത്മാവിന്റെ ആദ്യഫലമാകുന്ന സകല ശക്തി കളെയും ദൈവത്തിനു പ്രതിഷ്ഠിക്കുന്നതു വി. കുർബാനയി ലാകുന്നു. ദിവസത്തിന്റെ ആദ്യഫലമാകുന്ന പ്രഭാതകാലത്തെ ദൈവത്തിനു വിനിയോഗിക്കേണ്ടതു വി. കുർബാനയിലായിരി ക്കണം. ഹെസ. 20, 40, വെളി. 7, 15 ഹെസ 12,44 ആഴ്ചവട്ട ത്തിന്റെ ആദ്യഫലമായ ഞായറാഴ്ച ദിവസത്തെ ദൈവത്തിനു പ്രതിഷ്ഠിക്കുന്നതു വി. കുർബാനയാലാകുന്നു. റോമ. 11, 16. വെളി 1, 10, ഈ കാരണങ്ങളാൽ വി. കുർബാനയ്ക്കു ആദ്യ ഫലം എന്നു പേരു പറയുന്നു. പുറ. 23, 16, 19 34, 26. ലേവി. 2 12. 14. സംഖ്യ 28, 26, 2 നാളാ 31, 5 സുഭാ. 3, 9 ഹെസ 20, 40 യാക്കോ 1, 18.

ചോ. വേറെ വല്ല കാരണവുമുണ്ടോ?

ഉ. പാപത്തേയും മരണത്തേയും പരിപൂർണ്ണമായി ജയിച്ചു പുണ്യപ്പെട്ടതായ അവസ്ഥയിൽ മനുഷ്യവർഗ്ഗത്തെ മുഴുവനും ദൈവത്തിനു കാഴ്ചകൊടുക്കേണ്ടതാകുന്നു. മനുഷ്യവർഗ്ഗം ഈ മഹത്വീകരണത്തെ യേശുമ്ശിഹാ മുഖാന്തരം സമ്പാദിക്കുന്നതാകുന്നു. മഹത്വീകരിക്കപ്പെട്ട മനുഷ്യ സ്വഭാവത്തിന്റെ ആദ്യഫലമായി മിശിഹാ ഉയിർത്തെഴുന്നേറ്റതായ മനുഷ്യത്വത്തെ സ്വർഗ്ഗാരോഹണം നിമിത്തം പിതാവായ ദൈവത്തിനു ബലി അർപ്പിച്ചിരിക്കുന്നു. അതിനാൽ മഹത്വീകരിക്കപ്പെട്ട മനുഷ്യവർഗത്തിന്റെ ആദ്യ ഫലം ഉയിർത്തെഴുന്നേറ്റ മ്ശിഹായാകുന്നു. ഉയിർത്തെഴുന്നേറ്റ് മ്ശിഹാ വി. കുർബാനയിൽ സന്നിഹിതനാകുന്നു. വി. സഭ ഈ ആദ്യഫലത്തെ ദൈവത്തിനർപ്പിക്കുന്നതിനുള്ള മാർഗ്ഗം വി. കുർബാനയാകുന്നു. അതുകൊണ്ട് വി. കുർബാനയ്ക്കു ആദ്യഫലം എന്നു പേർ പറയുന്നു. എബ്രാ. 1.6 കൊലോസി 1.15.18 റോമാ 8 19 1 കോറി 15 10.

## ആദ്യജാതൻ

ചോ. വി. കുർബാനയ്ക്ക് ആദ്യജാതൻ എന്നുപേർ പറയുന്നത് എന്തുകൊണ്ട്?

ഉ. സ്വർഗ്ഗസ്ഥനായ ഏകപിതാവിന്റെ ആദ്യന്തമില്ലാത്ത പുത്രൻ-ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ വി. കുർബാനയിൽ വിശ്വാസികൾക്കുവേണ്ടി എഴുന്നെള്ളി പാർക്കുന്നതുകൊണ്ട് വി. കുർബാനയ്ക്ക് ആദ്യജാതൻ എന്നുപേർ പറയുന്നു. എബ്രാ. 1 6 കോലോസി 1 15. റോമ 8 9.

ചോ. മറ്റു കാരണം വല്ലതുമുണ്ടോ?

ഉ. ഉണ്ട്. ദൈവത്തിന്റെ പ്രകൃതിയും സ്വഭാവും നമുക്ക് കിട്ടുന്നതിനാൽ ദൈവത്തിന്റെ മക്കൾ എന്നുള്ള ഗുണം നമ്മിൽവർദ്ധിച്ചുവരുന്നു. ഈ ഗുണം നമുക്ക് ലഭിക്കുന്നത് ദൈവത്തിന്റെ ഏകപുത്രനായ യേശുമ്ശിഹാ മുഖാന്തരമാകുന്നു. ഈ ആദ്യജാതൻ നമ്മിൽ എഴുന്നെള്ളി പാർക്കുന്നതിനാൽ ദൈവത്തിന്റെ മനസ്സും പ്രകൃതിയും നമുക്കുണ്ടാകയും ദൈവകൃപയാൽ ശുദ്ധീകരിക്കപ്പെട്ട വിശുദ്ധന്മാരുടെ സമൂഹത്തിൽ ദൈവത്തിന്റെ ആദ്യ

ജാതനായ യേശു മുഖാന്തരം ദൈവം മഹത്വപ്പെടുകയും ചെയ്യുന്നു. ആദ്യജാതന്റെ സ്വഭാവവും പ്രകൃതിയും നമുക്കു തരുന്നതിനു വേണ്ടി യേശുമിശിഹാ വി. കുർബാനയിൽ എഴുന്നെള്ളി പാർക്കുന്നതുകൊണ്ടു വി. കുർബാനയ്ക്ക് ആദ്യജാതൻ എന്നു പേർ പറയുന്നു. റോമ. 8, 29; പിലിപ്പി 2, 5:4 2.

ചോ. വേറെ വല്ല കാരണവുമുണ്ടോ?

ഉ. ഉണ്ട്. ദിവസം തോറും സർവ്വപ്രധാനമായി ആദ്യം ചെയ്യേണ്ട കർത്തവ്യകർമ്മം നിവൃത്തിയുള്ളപക്ഷം വി. കുർബാനയിൽ സംബന്ധിക്കയാണ്. (അപ്പോ. 2, 42 എബ്രാ 1 5) ദിവസത്തിന്റെ ആദ്യജാതൻ അതായതു ദിവസത്തിൽ ആദ്യമായി നമ്മിൽ നിന്നുത്ഭവിക്കുന്നതായ ദൈവാരാധന വി. കുർബാനയായിരിക്കണം. ഇങ്ങനെ ഇരിക്കേണ്ടതാണെന്നു നമ്മെ ഓർമ്മപ്പെടുത്തുന്നതിനുവേണ്ടി വി. കുർബാനയ്ക്ക് ആദ്യജാതൻ എന്നു പേർ പറയുന്നു. ആമോ. 4.4. മലാഖി 1, 11. പുറ 14 24 സംഖ്യ 14 40 സങ്കീ 55. 17. 5.3.

ചോ. വേറെ വല്ല കാരണവുമുണ്ടോ?

ഉ. ഉണ്ട്. വി. കുർബാനയിൽ സംബന്ധിക്കുന്ന വിശ്വാസി അവനേയും അവനിലുള്ള സകലത്തേയും ദൈവത്തിന്റെ തിരുമുമ്പാകെ കാഴ്ചവെയ്ക്കുന്നു. ഇങ്ങനെ സൃഷ്ടിക്കപ്പെട്ട സകലത്തെയും ദൈവത്തിനു പ്രതിഷ്ഠിക്കുന്നുവെങ്കിലും അതിനേക്കാൾ മഹത്തരമായി വേറൊന്നിനെ ദൈവത്തിനു പ്രതിഷ്ഠിക്കുന്നുണ്ട്. ആയത് വി. കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന യേശുമിശിഹായെ ആകുന്നു. സർവ്വലോകത്തിന്റെയും പാപപരിഹാരത്തിനായി പിതാവായ ദൈവത്തിന്റെ തിരുമുമ്പാകെ നടത്തപ്പെടുന്ന വി. കുർബാനയിൽ വി. സഭയോട് ചേർന്നു വിശ്വാസി ദൈവത്തിനർപ്പിക്കുന്നത് ദൈവത്തിന്റെ ആദ്യജാതനായ യേശുമിശിഹായെ ആകുന്നു അതുകൊണ്ട് വി. കുർബാനയ്ക്ക് ആദ്യജാതനെന്നുപേർ പറയുന്നു. മീഗാ. 6, 7 2 രാജ 8 8 ഏശാ 18 7 1 പത്രൊ 1 2 എബ്രാൻ 20.

ചോ. വേറെ വല്ല കാരണവുമുണ്ടോ?

ഉ. ഉണ്ട്. വി. സഭ ദൈവത്തിനു കൊടുക്കുന്ന സകല നേർച്ചകളിലും വച്ചു ഒന്നാമത്തേതും സർവപ്രധാനമായതുമായ നേർച്ച

വി. കുർബാനയാകുന്നു. അതുകൊണ്ട് വി. കുർബാനയ്ക്കു കടിഞ്ഞുൽ - ആദ്യജാതൻ എന്നുപേരു പറയുന്നു. പുറ. 4. 22, 13, 2, 22, 29 സംഖ്യ 3, 13 കോലൊ 1, 15.

## എവുഖാറിസ്തിയ

ചോ. എവുഖാറിസ്തിയ എന്ന വാക്കിന്റെ അർത്ഥമെന്ത്?

ഉ. നന്ദിപറച്ചിൽ, കൃതജ്ഞതയെ പ്രകാശിപ്പിക്കുന്നതായ കർമ്മം, കൃതജ്ഞതാ പ്രകാശമായി അർപ്പിക്കപ്പെട്ടിരിക്കുന്നത്, സ്തോത്രം കൊടുക്കുന്നതിനുള്ള പൂജ, എന്നിങ്ങനെ എവുഖാറിസ്തിയ എന്നതിന് അർത്ഥമുണ്ട്.

ചോ. വി. കുർബാനയ്ക്കു എവുഖാറിസ്തിയ എന്നു പേർപറയുന്നതെന്തുകൊണ്ട്?

ഉ. വി. സഭ ദൈവത്തോടുള്ള നന്ദിയെ കാണിക്കുന്നതിനു ദൈവത്തിനു ഏറ്റവും മഹത്തരമായ വന്ദനവിനെയും സ്തോത്രത്തെയും കൊടുക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന കർമ്മം വി. കുർബാന ആയതുകൊണ്ട് അതിന് വി. എവുഖാറിസ്തീയ എന്നും സ്തോത്രബലിയെന്നും പേർ പറയുന്നു. 1നാളാ 23 30 2 നാള 29, 32, 2 തെസ്സ 1. 3 ലേവി 7 13, 15, 22, 29. സങ്കീ 50 14, 69, 30, 95, 2, 100 4, 107 22, 116, 17 യറമി 30, 19 ആമോ 4, 5 2 കോറ 4,6 കോലോസി 2, 7, 4, 2 വെളി. 7 12.

ചോ. വി. എവുഖാറിസ്തിയായിൽ ദൈവത്തിനു നന്ദികൊടുക്കുന്നത് എന്തിനുവേണ്ടിയാണ്?

ഉ. നമ്മുടെ വീണ്ടെടുപ്പിനും പാപപരിഹാരത്തിനും വേണ്ടി വി. എവുഖാറിസ്തിയായിൽ തിരുസഭ ദൈവത്തിനു നന്ദികൊടുക്കുന്നു. യറമി 15 21. സങ്കീ. 49 15. 2. 14 130 8 ഹോശ 13. 14. മീഖാ. 4. 10. തീത്തു 2 14, ആവർത്ത 7 8 ; 2 ശമുവേൽ 4 9. 1 രാജാ. 1. 29. സങ്കീര. 71. 23, 77, 15, 136, 29 ഏശാ 43, 1 44. 22, 63, 9 ലൂക്കൊ 1. 68. ഗലാ. 3 13 പത്രോ1. 18 വെളി 5 9 ഏശാ 63. 16 റോമ 3. 24, 8. 23. 1 കോറ. 1. 30. എഫെസി. 1.7 കോലൊ 1. 14. എബ്രാ 9 12, 15.

ചോ. എവുഖാറിസ്തിയായിൽ തിരുസഭ ദൈവത്തിന് സ്തോത്രം ചെയ്യുന്നത് എന്തിനുവേണ്ടിയാണ്?

ഉ. ലോകത്തെ വീണ്ടെടുക്കുന്നതിനുള്ള യേശുമിശിഹായുടെ മനുഷ്യാവതാരത്തിനുവേണ്ടിയും 2. തന്റെ ഇഹലോകജീവിതത്തിനുവേണ്ടിയും 3. രക്ഷകനായ തന്റെ കഷ്ടപ്പാടുകൾക്കുവേണ്ടിയും 4. ജീവൻ നൽകുന്നതായ തന്റെ മരണത്തിനുവേണ്ടിയും 5. ജയമുള്ളതായ തന്റെ ഉയിർത്തെഴുന്നേൽപ്പിനുവേണ്ടിയും 6. തന്റെ സ്വർഗ്ഗാരോഹണത്തിനുവേണ്ടിയും 7. പിതാവായ ദൈവത്തിന്റെ വലതുഭാഗത്തുള്ള മദ്ധ്യസ്ഥതയ്ക്കും ബലി അർപ്പണത്തിനുംവേണ്ടിയും 8. പെന്തക്കുസ്തിയിൽ പരിശുദ്ധാത്മാവിന്റെ ദാനത്തിനുവേണ്ടിയും 9. വിശുദ്ധസഭയിൽ ദൈവം എഴുന്നേൽപ്പിച്ചിട്ടുള്ള സകല പരിശുദ്ധന്മാരുടേയും വിശുദ്ധജീവിതത്തനു വേണ്ടിയും 10. യേശുമിശിഹാ നിമിത്തമുണ്ടായിട്ടുള്ള വീണ്ടെടുപ്പിനും പാപപരിഹാരത്തിനും വേണ്ടിയും വി. കുർബാനയിൽ ദൈവത്തിനും തിരുസഭയ്ക്കും സ്തോത്രം ചെയ്യുന്നു.

## പുണ്യപ്പെടുത്തുന്ന തീക്കനൽ

ചോ. പുണ്യപ്പെടുത്തുന്ന തീക്കനൽ എന്നു വി. കുർബാനയ്ക്ക് പേർ പറയുന്നതെന്തുകൊണ്ട്?

ഉ. പാപിയായ മനുഷ്യനെ പുണ്യപ്പെടുത്തുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നതിന് ദൈവം നിശ്ചയിച്ചിരിക്കുന്ന മാർഗ്ഗം ഈശോമ്ശിഹായുടെ തിരുശരീരമാകുന്ന വി.കുർബാനയാകുന്നു. ഏശായ ദർശനം കാണുകയും താൻ അശുദ്ധനെന്നു ദൈവത്തിന്റെ മുൻപാകെ ഏറ്റുപറയുകയും ചെയ്തു. ഏശായ ദീർഘദർശിയെ ശുദ്ധീകരിക്കുന്നതിനായി ദൈവം ബലിപീഠത്തിങ്കൽ നിന്ന് തിക്കനലിനെ മാലാഖാ മുഖാന്തരം അയച്ചു. ഇങ്ങനെ ഏശായ തീക്കനൽ വഴിയായി പുണ്യപ്പെട്ടു. ഈ തീക്കനൽ വി. കുർബാനയുടെ മുൻകുറിയാകുന്നു. അതിനാൽ വി. സഭയിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള 'പുണ്യപ്പെടുത്തുന്ന തീക്കനൽ' മ്ശിഹായുടെ തിരുശരീര രക്തമാകുന്ന വി. കുർബാനയാകുന്നു. ഏശാ. 6.6.

ചോ. വി. കുർബാനയ്ക്കു തീക്കനൽ എന്നു പറയുന്നതിന് മറ്റു വല്ല കാരണവുമുണ്ടോ?

ഉ. ഉണ്ട്. ദൈവത്തിന്റെ ദീർഘദർശിയായി ദൈവം ഏശായെ വിളിച്ചു. ഏശായ അശുദ്ധനാണെന്നും അപ്രാപ്തനാണെന്നും ദൈവത്തിന്റെ മുമ്പാകെ ഏറ്റുപറഞ്ഞു. ഏശായെ പുണ്യപ്പെടുത്തുന്നതിനും ദൈവവേലയെ ചെയ്‌വാൻ ശക്തിപ്പെടുത്തുന്നതിനുമായി ദൈവം മാലാഖാ മുഖാന്തിരം തീക്കനലിനെഅയച്ചു. ആ തീക്കനൽ ഏശായുടെ അധരങ്ങളെ തൊട്ടു. ഏശായ പുണ്യപ്പെടുകയും ദൈവവേല ചെയ്യുവാൻ പ്രാപ്തനായി തീരുകയും ചെയ്തു. ഇതുപോലെ വി. കുർബാന അനുഭവിക്കുന്ന വിശ്വാസി പുണ്യത്തെ സമ്പാദിക്കുന്നു പാപത്തെ ജയിക്കുന്നതിനും ദൈവമഹത്വത്തിനു തക്ക പുണ്യവേലകൾ ചെയ്യുന്നതിനും ശക്തനാക്കിത്തീർക്കുന്നു. അങ്ങനെ ദൈവത്തിൽ നിന്നു പുതിയ ശക്തിയെ സമ്പാദിക്കുന്നതിനു സഹായിക്കുന്ന തീക്കനൽ വിശുദ്ധ കുർബാനയാകുന്നു. അതുകൊണ്ട് വിശുദ്ധ കുർബാനയ്ക്ക് തീക്കനൽ എന്നുപേർ പറയുന്നു. വെളി. 5 12.

## പാപപരിഹാരബലി

ചോ. പാപപരിഹാരബലി എന്നാലെന്ത്? വി. കുർബാനയ്ക്കു പാപപരിഹാരബലി എന്നും പറയുന്നതു എന്തുകൊണ്ട്?

ഉ. മനുഷ്യന്റെ പാപം നിമിത്തം ദൈവവും മനുഷ്യനും തമ്മിൽ അകന്നുപോയി. യേശുമ്ശിഹാ തന്നെത്തന്നെ ബലിയായി അർപ്പിച്ചിട്ടു പാപത്തിനു നിവാരണമുണ്ടാക്കി. മനുഷ്യനേയും ദൈവത്തേയും തമ്മിൽ നിരപ്പാക്കി. ഈ പ്രവൃത്തിക്കു പാപപരിഹാരബലി എന്നു പറയുന്നു. ഹെസ. 45. 15 17 ദാനി 9. 24. 2 കോറ 5 18. റോമാ 5 10; 2. കോറ 5., 19, 10. എബ്രാ. 2. 17 ലൂക്കാ 177. അപ്പോ 10. 43 റോമാ 125. എബ്രാ 9. 22.

## മനഃപൂർവ്വമായ വഴിപാട്

ചോ. വി. കുർബ്ബാനയ്ക്കു മനഃപൂർവ്വമായ വഴിപാട് എന്നു പേരുപറയുന്നതു എന്തുകൊണ്ട്?

ഉ. വി. സഭ എത്രയും മനഃപൂർവ്വമായി ദൈവത്തിന്നർപ്പിക്കുന്നതും ഓരോ വിശ്വാസിയും മനഃപൂർവ്വമായി ദൈവത്തിനർപ്പിക്കുന്ന

തുമായ അതിമഹത്തരമായ വഴിപാട് വി. കുർബ്ബാനയായതു കൊണ്ട് അതിനു 'മനഃപൂർവ്വവഴിപാട്' എന്ന പേർ പറയുന്നു. ലേവി. 22. 18, സംഖ്യ 29 39, ആവർത്ത 16. 10. 23. 23., 2 നാളാ 31, 14 സങ്കീ 119. 108.

## നമ്മുടെ കർത്താവിന്റെ ഓർമ്മ

ചോ. വി. കുർബാനയ്ക്കു 'നമ്മുടെ കർത്താവിന്റെ ഓർമ്മ'യെന്നു പേരു പറയുന്നതെന്തുകൊണ്ട്?

ഉ. എന്റെ ഓർമ്മയ്ക്കായി ഇതിനെ ചെയ്‌വീൻ എന്നു കർത്താവു കല്പിച്ച് വി. കുർബാന അനുഷ്ഠിപ്പാൻ തിരുസഭയെ ഭരമേല്പിച്ചിരിക്കുന്നതുകൊണ്ട് വി. കുർബാനയ്ക്കു 'നമ്മുടെ കർത്താവിന്റെ ഓർമ്മ' എന്നു പേരു പറയുന്നു.' 1 കോറ 11:24, 25. ലൂക്കോ 22, 19.

ചോ. വേദത്തിൽ യാഗത്തെ സംബന്ധിച്ചു പറയുന്ന സ്ഥലങ്ങളിലും കർത്താവിന്റെ മരണത്തേയും യാഗത്തേയും കുറിക്കുന്നിടത്തും 'ഓർമ്മ' എന്നുപയോഗിച്ചിട്ടുള്ളതിന്റെ അർത്ഥം എന്ത്?

ഉ. യാഗരൂപത്തിൽ നിവൃത്തിക്കപ്പെട്ട ഓർമ്മ-അതായത് ഓർമ്മയായി നടത്തപ്പെട്ട ബലി എന്നാകുന്നു. പുറ. 28, 29. ലേവി 6 15, 24, 7 സംഖ്യ 5. 26.

## ലൈത്തുർഗിയ

ചോ. ലൈത്തുർഗിയാ എന്നു തക്സായെന്നും ഉള്ള പദങ്ങളുടെ അർത്ഥം എന്ത്?

ഉ. ലൈത്തുർഗിയാ എന്ന പദത്തിന്റെ അർത്ഥം ആരാധനക്രമം എന്നാകുന്നു. തക്സാ എന്ന പദത്തിന്റെയും അർത്ഥം അതു തന്നെ.

ചോ. വി. കുർബാനയ്ക്കു ലൈത്തുർഗിയാ എന്നും തക്സാ എന്നും പറയുന്നത് എന്തുകൊണ്ട്?

ഉ. ലൈത്തുർഗിയാ എന്നും തക്സാ എന്നും ഉള്ള പദങ്ങൾ ഏതു ആരാധനക്രമത്തിലും ഉപയോഗിക്കുന്നതാണെങ്കിലും

വി. കുർബാനയ്ക്കു വിശേഷവിധിയായി ഈ പേരുകളെ ഉപയോഗിക്കുന്നത് ദൈവത്തെ വന്ദിക്കുന്നതിനുള്ള ക്രമങ്ങളിലും വച്ചു സർവ്വപ്രധാനമായ ക്രമം വിശുദ്ധ കുർബാനയായതുകൊണ്ടാകുന്നു.

## പൂർണ്ണതകളുടെ പൂർണ്ണത

ചോ. വി. കുർബാനയ്ക്ക് 'പൂർണ്ണതകളുടെ പൂർണ്ണത' എന്നു പേരു പറയുന്നതു എന്തുകൊണ്ട്?

ഉ. മനുഷ്യനെ വിശുദ്ധിയുടെ പൂർണ്ണതയിലേക്കു നടത്തിക്കുന്ന സകല കൂദാശകളും വി. കുർബാനയോടുകൂടി നടത്തപ്പെടുന്ന ഏതു കൂദാശ കൈക്കൊള്ളുന്നസമയത്തും അതോടുകൂടി വി. കുർബാനകൂടി കൈക്കൊള്ളുന്നു. ഏതു കൂദാശവഴിയായും ലഭിക്കുന്നതായ പുണ്യത്തിനു പൂർണ്ണതയെ കൊടുക്കുന്നത് വി. കുർബാനയാകുന്നു. അതുകൊണ്ട് വി. കുർബാനയ്ക്ക് 'പൂർണ്ണതകളുടെ പൂർണ്ണത' എന്നു പേരുപറയുന്നു. യോഹ. 6, 56.

ചോ. വേറെ വല്ല കാരണവും ഉണ്ടോ?

ഉ. വിശുദ്ധിയിൽ അത്യധികം വളർന്നു പരിശുദ്ധന്മാരെപ്പോലും ശുദ്ധീകരിക്കയും പൂർണ്ണതയിലേക്കു നടത്തുകയും ചെയ്യുന്നത് വി. കുർബാനയാകുന്നു. അതുകൊണ്ടു വി. കുർബാനയ്ക്ക് പൂർണ്ണതകളുടെ പൂർണ്ണത എന്നുപേരുപറയുന്നു. പിലിപ്പി. 4, 13, എപ്പെസി 4. 13.

ചോ. വേറെ വല്ലകാരണവും ഉണ്ടോ?

ഉ. ഉണ്ട്. വിശ്വാസി ഒരു തികഞ്ഞ മനുഷ്യനകലേക്ക് വളർന്നെത്തുവാൻ തക്കവണ്ണം അവനുവേണ്ട എല്ലാ കൃപാവരങ്ങളും നിക്ഷേപിച്ചിരിക്കുന്നതും വി. കുർബാനയിലാകുന്നു. അതുകൊണ്ട് വി. കുർബാനയ്ക്ക് 'പൂർണ്ണതകളുടെ പൂർണ്ണത എന്നു പേരുപറയുന്നു. എപ്പേസി 4. 13.

✲✲✲✲

## രണ്ടാം അദ്ധ്യായം

# കുർബാനസ്ഥാപനം

ചോ. വി. കുർബാനയെ നമ്മുടെ കർത്താവ് ഏർപ്പെടുത്തിയത് എപ്പോഴാണ്?

ഉ. നമ്മുടെ കർത്താവു വി. കുർബാനയെ ഏർപ്പെടുത്തിയത് 'അവൻ ഏൽപ്പിച്ചു കൊടുക്കപ്പെട്ട രാത്രിയിൽ' ആയിരുന്നു. 1 കോറി 11. 23. 24.

ചോ. ആ രാത്രി എപ്പോഴായിരുന്നു?

ഉ. നമ്മുടെ കർത്താവു ഏൽപ്പിച്ചുകൊടുക്കപ്പെട്ടത് തന്റെ (സ്കീപ്പൂസായുടെ) ക്രൂശാരോഹണത്തിന്റെ തലേ രാത്രി.യായിരുന്നു.

ചോ. നമ്മുടെ കർത്താവു വി. കുർബാന ഏർപ്പെടുത്തിയ ദിവസത്തിനു പറയുന്ന പേരെന്ത്?

ഉ. നമ്മുടെ കർത്താവു വി. കുർബാന ഏർപ്പെടുത്തിയ ദിവസത്തിനു 'പെസഹാവ്യാഴാഴ്ച' എന്നും 'കല്പനവ്യാഴാഴ്ച' എന്നും പേരു പറയുന്നു.

ചോ. അതിനു കല്പനവ്യാഴാഴ്ച എന്നു പേരു പറയുന്നതെന്തുകൊണ്ട്?

ഉ. 'എന്റെ ഓർമ്മയ്ക്കായി ഇതിനെ ചെയ്‌വീൻ' എന്നു നമ്മുടെ കർത്താവു കല്പിക്കയും വി. കുർബാനയാകുന്ന ബലിയെ ക്രമ

മായി അനുഷ്ഠിക്കണമെന്നു ആജ്ഞാപിക്കയും ചെയ്തദിവസം ആ വ്യാഴാഴ്ചയായിരുന്നതുകൊണ്ട് ആ ദിവസത്തിനു 'കല്പന വ്യാഴാഴ്ച എന്നുപേരു പറയുന്നു. 1 കോറി 11. 28 ലൂക്കൊ 22, 19

ചോ. 'എന്റെ ഓർമ്മയ്ക്കായി ഇതിനെ ചെയ്‌വീൻ' എന്നതിന്റെ അർത്ഥം എന്ത്?

ഉ 'ഓർമ്മ' എന്നുവച്ചാൽ യാഗരൂപത്തിൽ അർപ്പിക്കപ്പെടുന്ന ഓർമ്മ എന്നർത്ഥമാകുന്നു. 'ഇതിനെ ചെയ്‌വീൻ' എന്നതിന്റെ അർത്ഥം ഈ ബലിയെ അർപ്പിച്ചുകൊള്ളുവിൻ എന്നാകുന്നു.

('ഇതിനെ ചെയ്‌വീൻ' എന്നു ഗ്രീക്കുഭാഷയിൽ പരിഭാഷപ്പെടുത്തിയിട്ടുള്ള പദങ്ങളുടെ സാക്ഷാൽ അർത്ഥം 'ഈ ബലിയെ അർപ്പിച്ചുകൊള്ളുവീൻ' എന്നാകുന്നു എന്നു വേദശാസ്ത്രജ്ഞന്മാരായ മൂലഭാഷാഭിജ്ഞന്മാർ സമ്മതിക്കുന്നു) ലെവി. 5, 12, 6, 15, 24, 7 സംഖ്യ 5, 20, 10, 10.

ചോ. വി. കുർബാന ഏർപ്പെടുത്തിയ ദിവസത്തിനു പെസഹാ വ്യാഴാഴ്ചയെന്നു പേരു പറയുന്നതെന്തുകൊണ്ടാകുന്നു?

ഉ. യഹൂദരുടെ പെസഹായായിരുന്ന വ്യാഴാഴ്ച ദിവസം നമ്മുടെ കർത്താവ് വി. കുർബാന ഏർപ്പെടുത്തിയതുകൊണ്ടാകുന്നു.

ചോ. വേറെ വല്ല കാരണവുമുണ്ടോ?

ഉ. യഹൂദസഭയുടെ പെസഹായെക്കാൾ അതിമഹത്തായ പെസഹാവിരുന്നു വി. കുർബാനയാകുന്നു. ഈ പെസഹാവിരുന്നിനെ നമ്മുടെ കർത്താവു വിശുദ്ധസഭയിൽ ഏർപ്പെടുത്തിയതായ ദിവസത്തിനു പെസഹാ വ്യാഴാഴ്ച എന്നുപേർ പറയുന്നു.

ചോ. ഏതു സമയത്താണു നമ്മുടെ കർത്താവ് വി. കുർബാന ഏർപ്പെടുത്തിയത്?

ഉ. ഏകദേശം പാതിരാത്രി സമയത്തോടടുത്തായിരുന്നു വി. കുർബാന ഏർപ്പെടുത്തിയത്.

ചോ. വി. കുർബാന ഏർപ്പെടുത്തിയതു കർത്താവു എന്തു പ്രവർത്തിച്ചതിന്റെ ശേഷമായിരുന്നു?

ഉ. കർത്താവു തന്റെ ശ്ലീഹന്മാരോടൊരുമിച്ചു മോശൈകധർമ്മപ്രകാരമുള്ള പെസഹാ അത്താഴത്തെ ഭക്ഷിച്ചു കഴിഞ്ഞശേഷമായിരുന്നു വി. കുർബാന ഏർപ്പെടുത്തിയത്.

ചോ. വി. കുർബാനയ്ക്കു നമ്മുടെ കർത്താവ് ഉപയോഗിച്ച യാഗസാധനങ്ങൾ എന്തെല്ലാമായിരുന്നു?

ഉ. അപ്പത്തെയും, വെള്ളവും വീഞ്ഞും കലർത്തിയിട്ടുള്ള പാനീയത്തേയും നമ്മുടെ കർത്താവു വി. കുർബാനയ്ക്കുള്ള യാഗസാധനങ്ങളായി ഉപയോഗിച്ചു. മത്താ. 26, 26-28.

ചോ. വി. കുർബാന ഏർപ്പെടുത്തിയപ്പോൾ നമ്മുടെ കർത്താവ് എന്തെല്ലാം പ്രവർത്തിച്ചു.

ഉ. നമ്മുടെ കർത്താവ് അപ്പത്തെ തന്റെ തൃക്കയ്യിൽ എടുത്തു സ്തോത്രം ചെയ്തു. അതിനെ വാഴ്ത്തി അതിനെ ശുദ്ധീകരിച്ചു തന്റെ തിരുശരീരമാക്കിത്തീർത്ത് അതിനെവിഭജിച്ച് വി. ശ്ലീഹന്മാർക്കു കൊടുത്തു. അപ്രകാരം കാസായെ എടുത്തു സ്തോത്രം ചെയ്തു വാഴ്ത്തി ശുദ്ധീകരിച്ചു അതിനെ തിരുരക്തമാക്കിത്തീർത്തു ശ്ലീഹന്മാർക്കു കൊടുത്തു. മത്താ. 26 26, 28.

ചോ. വി. കുർബാന അനുഷ്ഠിക്കുമ്പോൾ വി. സഭയിലെ പട്ടക്കാരൻ എന്തെല്ലാം പ്രവർത്തിക്കുന്നു?

ഉ. ഈശോമിശിഹായുടെ സ്ഥാനാപതിയായ പട്ടക്കാരൻ, കർത്താവുചെയ്തതുപോലെ പ്രവർത്തിച്ചിട്ടു വി. കുർബാന അനുഷ്ഠിക്കുന്നു.

ചോ. വി. കുർബാന ഏർപ്പെടുത്തിയപ്പോൾ നമ്മുടെ കർത്താവു ശ്ലീഹന്മാരോടെന്തു കൽപ്പിച്ചു?

ഉ. തിരുശരീരത്തെ അവർക്കു പങ്കിട്ടുകൊടുത്തുകൊണ്ടരുളിചെയ്തു (ലൂക്കോ 22. 19) ഇതു നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എന്റെ ശരീരമാകുന്നു. വാങ്ങി ഭക്ഷിപ്പീൻ. (മത്താ. 26. 26, മർക്കോ 4. 22) എന്റെ ഓർമ്മയ്ക്കായിട്ട് ഇതിനെ ചെയ്വീൻ. (1കോറി. 12. 23, 24) തിരുരക്തത്തെ പങ്കിട്ടു കൊടുത്തുകൊണ്ട് അവരോടരുളിചെയ്തു. എല്ലാവരും ഇതിൽനിന്നു കുടിപ്പീൻ. എന്തുകൊണ്ടെന്നാൽ ഇത് അനേകർക്കുവേണ്ടി പാപമോചന

ത്തിനായി ചൊരിയപ്പെടുന്ന പുതിയ നിയമത്തിന്നുള്ള എന്റെ രക്തമാകുന്നു. (മത്താ. 26. 27, 28 മർക്കോ. 14 23, 24 ലൂക്കൊ 20) ഇതിനെ കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായിട്ടു ചെയ്‌വീൻ. 1 കോറി 11, 15, (എന്തുകൊണ്ടെന്നാൽ നിങ്ങൾ ഈ അപ്പം ഭക്ഷിക്കയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളത്തിനു അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. (1 കോറി. 11, 16)

ചോ. അപ്പത്തേയും വീഞ്ഞിനേയും വാഴ്ത്തിയതിന്റെ ശേഷം അതെന്താണെന്നു കർത്താവു കൽപിച്ചു?

ഉ. നമ്മുടെ കർത്താവ് അപ്പത്തെയും വീഞ്ഞിനെയും വാഴ്ത്തികഴിഞ്ഞപ്പോൾ അതു തന്റെ തിരുശരീരവും തിരുരക്തവുമാണെന്നു കർത്താവു കല്പിച്ചു. മത്താ. 6, 10, 18.

ചോ. കർത്താവ് അപ്പത്തേയും വീഞ്ഞിനേയും വാഴ്ത്തിയതെന്തിനാണ്?

ഉ. അപ്പത്തെ തന്റെ തിരുശരീരമായിട്ടും വീഞ്ഞിനെ തിരുരക്തമായിട്ടും ആക്കിത്തീർക്കുന്നതിനുവേണ്ടി കർത്താവ് അപ്പത്തെയും വീഞ്ഞിനെയും വാഴ്ത്തി. യോഹ. 6. 51.

ചോ. കർത്താവ് അപ്പത്തെയും വീഞ്ഞിനെയും തിരുശരീരമായി ആക്കിത്തീർത്തത് എന്തിനുവേണ്ടിയാണ്?

ഉ തന്റെ ശ്ലീഹന്മാർക്കും അവർ മുഖാന്തരം വി. സഭയ്ക്ക് എന്നേയ്ക്കുമായി വി. കുർബാനയെ ഭരമേൽപ്പിക്കുന്നതിനുവേണ്ടി ആകുന്നു. 1 കോറി 11, 26.

ചോ. അപ്പത്തെയും വീഞ്ഞിനെയും തിരുശരീരരക്തമായി ആക്കിത്തീർത്തത് എന്തിനുവേണ്ടിയാണ്?

ഉ. അപ്പസ്തോലന്മാർ തിരുശരീരരക്തങ്ങളെ ഭക്ഷിക്കയും കുടിക്കയും ചെയ്‌വാൻതക്കവണ്ണം അവർക്കു കൊടുക്കുന്നതിനായി കർത്താവ് അപ്പത്തെയും വീഞ്ഞിനെയും തിരുശരീരരക്തങ്ങളാക്കിത്തീർത്തു. യോഹ. 6. 51.

ചോ. വി. സഭയിൽ കുർബാന അനുഷ്ഠിക്കുന്നത് ആരാണ്?

ഉ. ദൈവത്തിന്റെ വി. സഭയിൽ കുർബാന അനുഷ്ഠിക്കുന്നത് അപ്പോസ്തോലന്മാരുടെ അനന്തരഗാമികളായ പട്ടക്കാരാകുന്നു. ഇവർ വി. സഭയുടെ പ്രതിപുരുഷന്മാരും നമ്മുടെ കർത്താവിന്റെ സ്ഥാനാപതികളുമാകുന്നു. 2 കോറി. 5. 20.

ചോ. വി. കുർബാന അനുഷ്ഠിക്കുന്നതിൽ വിശ്വാസികൾക്ക് എന്തു പങ്കുണ്ട്?

ഉ. വി. സഭയുടെ പ്രതിപുരുഷനായ പട്ടക്കാരനോടു ചേർന്നു ഓരോ വിശ്വാസിയും വിശുദ്ധകുർബാനയിൽ നടക്കുന്ന കർമ്മങ്ങളിൽ ആത്മാവിലും ആന്തരത്തിലും പങ്കുകൊള്ളേണ്ടതാകുന്നു.

✵✵✵✵

## മൂന്നാം അദ്ധ്യായം

# വി. കുർബാനയ്ക്കാവശ്യപ്പെട്ടതെന്ത്

ചോ. വി. കുർബാന അനുഷ്ഠിക്കുന്നതിനാവശ്യമുള്ളത് എന്താണ്?

ഉ. ഒന്നാമതായി വി. സഭയിലെ ഒരു പട്ടക്കാരൻ വി. കുർബാന അനുഷ്ഠിപ്പാൻ വേണ്ടിയിരിക്കുന്നു. എസ്രാ. 8 3 എബ്രായ 5. 1 ലേവി 4.5 ആദ്യ 14. 18. എബ്രാ 3, 1, 4. 14, 5. 5, 7.1 എബ്രാ 7. 3, 17.

ചോ. പിന്നീടാവശ്യമുള്ളത് എന്താണ്?

ഉ. അപ്പവും വീഞ്ഞും ആവശ്യമുണ്ട്. ആദ്യ 14. 18. മത്താ 26. 26. 29ഉം

ചോ. ഏതുതരം അപ്പമാണ് ആവശ്യമുള്ളത്?

ഉ. ഹമ്മീറാ അപ്പം (പുളിപ്പുള്ള അപ്പം) ആവശ്യമുണ്ട്.

ചോ. എല്ലാ സ്ഥലങ്ങളിലും ഹമ്മീറ അപ്പമാണോ ഉപയോഗിക്കുന്നത്?

ഉ. എല്ലാ പൗരസ്ത്യസഭകളിലും പുളിപ്പുള്ള അപ്പം ഉപയോഗിക്കുന്നു. എന്നാൽ പാശ്ചാത്യസഭകളിൽ പുളിപ്പില്ലാത്ത അപ്പം ഉപയോഗിക്കുന്നു.

ചോ. വി. കുർബാനയിലുപയോഗിക്കുന്ന അപ്പം എന്തുകൊണ്ട് ഉണ്ടാക്കപ്പെട്ടതായിരിക്കണം?

ഉ. കുർബാനയിൽ ഉപയോഗിക്കുന്നഅപ്പം ഗോതമ്പു മാവുകൊണ്ടുണ്ടാക്കപ്പെട്ടതായിരിക്കണം.

ചോ. വീഞ്ഞ് ഏതുതരമായിരിക്കണം?

ഉ. മുന്തിരിപ്പഴത്തിന്റെ രസത്തിൽനിന്നു പുളിപ്പിച്ചെടുത്തിട്ടുള്ള വീഞ്ഞ് ആയിരിക്കണം. വീഞ്ഞിൽ വെള്ളം കലർത്തിയിരിക്കുകയും വേണം.

ചോ. പട്ടക്കാരനും യാഗസാധനങ്ങളായിരിക്കുന്ന അപ്പവും വീഞ്ഞും കൂടാതെ വി. കുർബാനയ്ക്കാവശ്യമുള്ളതെന്താണ്?

ഉ. പട്ടക്കാരനും, യാഗസാധനങ്ങളായ അപ്പവും വീഞ്ഞും കൂടാതെ വി. കുർബാനയ്ക്ക് ആവശ്യമുള്ളത് വി. സഭയുടെ ചട്ടപ്രകാരമുള്ള പ്രാർത്ഥനകൾ, അനുഗ്രഹവചനങ്ങൾ, കർമ്മങ്ങൾ, ബലിപീഠം മുതലായത് വി. കുർബാന്ക്കാവശ്യപ്പെട്ടിരിക്കുന്നു.

ചോ. വി. കുർബാനത്തക്ക്സാ എന്നാലെന്ത്?

ഉ. വി. കുർബാനയിൽ ഉപയോഗിപ്പാൻ ആവശ്യമുള്ള പ്രാർത്ഥനകൾ, കർമ്മങ്ങൾ, മുതലായതു വിവരിക്കുന്ന പുസ്തകത്തിനു കുർബാനത്തക്ക്സാ എന്നു പേരുപറയുന്നു.

✲✲✲✲

## നാലാം അദ്ധ്യായം

# വി. കുർബാന - ഓർമ്മ

ചോ. വി. കുർബാനയെ നമ്മുടെ കർത്താവ് ഏർപ്പെടുത്തിയത് എന്തിനായിട്ടാകുന്നു?

ഉ. 1) എന്നേക്കുമായി കർത്താവിന്റെ ഓർമ്മയെ യാഗരൂപത്തിൽ നാം അനുഷ്ഠിക്കുന്നതിനും 2) കർത്താവിന്റെ യാഗംമൂലം സമ്പാദിച്ചിട്ടുള്ള പുണ്യത്തേയും കൃപയേയും നമുക്കു വി. കുർബാനവഴിയായി തരുന്നതിനും വേണ്ടി കർത്താവു വി. കുർബാനയെ ഏർപ്പെടുത്തിയിരിക്കുന്നു. ലേവി. 5, 12, 6, 15, 24, 7. സംഖ്യാ 10. 10.

ചോ. കർത്താവിന്റെ ഓർമ്മയെ യാഗരൂപത്തിൽ അനുഷ്ഠിക്ക എന്നു പറഞ്ഞാൽ എന്ത്?

ഉ. തന്നെ യാഗമായി അർപ്പിക്കപ്പെടുന്ന കുഞ്ഞാടിനെ കൊല്ലുക, അതിന്റെ രക്തവുംകൊണ്ടു ശുദ്ധസ്ഥലത്തേക്കു പ്രവേശിക്കുക, കുഞ്ഞാടിനെ യാഗമായി ദഹിപ്പിക്കുകയും രക്തത്തെ ദൈവത്തിനു അർപ്പിക്കുകയും ചെയ്ക. ആദിയായി മോശൈകധർമ്മ പ്രകാരമുള്ള ബലിയിലെ വ്യവസ്ഥകൾപോലെ ഉള്ള വ്യവസ്ഥകൾ കർത്താവിന്റെ മനുഷ്യാവതാരജീവിതത്തിൽ കാണുന്നു. കർത്താവിന്റെ മനുഷ്യവതാരജീവിതമാകുന്ന യാഗം വി. കുർബാനയിൽ പ്രതിബിംബിക്കുന്നു. അതുകൊണ്ടു കർത്താവിന്റെ

ഓർമ്മക്കായി, അതായതു കർത്താവിന്റെ യാഗത്തിന്റെ ഓർമ്മ ക്കായി വി. കുർബാനയാകുന്ന ബലിയെ അർപ്പിക്കണമെന്നു കർത്താവു കല്പിച്ചിരിക്കുന്നു. എബ്രായ 10, 19, എബ്രാ. 9, 8.

ചോ. കർത്താവിന്റെ യാഗംമൂലം സമ്പാദിച്ചിട്ടുള്ള പുണ്യത്തേയും കൃപയേയും തരുന്നതെങ്ങിനെ?

ഉ. കർത്താവു നിത്യബലിയായി സ്വർഗ്ഗത്തിൽ പിതാവായ ദൈവ ത്തിന്റെ തിരുമുമ്പിൽ അർപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അങ്ങനെ ബലി അർപ്പിക്കപ്പെടുന്നവനായ മ്ശിഹാ യാഗമായി വി. കുർബാനയിൽ എഴുന്നെള്ളുന്നു. വി. കുർബാന അനുഭവി ക്കുന്നവൻ യാഗമായി മ്ശിഹായുടെ ജീവനെ അനുഭവിക്കുന്നു. മ്ശിഹായുടെ യാഗംമൂലം സമ്പാദിച്ചിട്ടുള്ള പുണ്യത്തേയും കൃപ യേയും വി. കുർബാന അനുഭവിക്കുന്നവർ പ്രാപിക്കുന്നു. എബ്രാ. 10, 19.

ചോ. വി. കുർബാനയായി കർത്താവിന്റെ തിരുശരീരരക്തങ്ങളെ കർത്താവ് ഏർപ്പെടുത്തിത്തന്നിട്ടുള്ളത് എന്തിനാകുന്നു?

ഉ. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി യേശുമ്ശിഹാ തന്നെ ത്തന്നെ ബലി അർപ്പിച്ചു യാഗമായികൊല്ലപ്പെട്ട കുഞ്ഞാട് എന്ന നിലയിൽ താൻ കുരിശിന്മേൽ കൊല്ലപ്പെട്ട് തന്റെ മരണംമൂലം തന്റെ ശരീരം ചീന്തപ്പെടുകയും രക്തം ചൊരിയുകയും ചെയ്തു രക്ഷാകരമായ ഈ മരണത്തെ നാം യാഗരൂപത്തിൽ ഓർക്കു ന്നതിന് കുർബാനയായി തിരുശരീരരക്തങ്ങളെ ബലി അർപ്പി ക്കുന്നതിനു തന്നിരിക്കുന്നു.

ചോ. വേറെ വല്ല കാരണവുമുണ്ടോ?

ഉ. ഉണ്ട്. കർത്താവിന്റെ ബലിമൂലമുള്ള സകല പുണ്യത്തേയും നാം സമ്പാദിക്കുന്നതിനു വേണ്ടി കർത്താവിന്റെ ജീവനെ സമ്പാദി ക്കേണ്ടിയിരിക്കുന്നു. കർത്താവിന്റെ തിരുശരീരരക്തങ്ങളെ സമ്പാദിക്കുവാൻ കർത്താവിന്റെ ജീവനെ സമ്പാദിക്കുന്നു. യോഹ. 6. 51. 55. 56. 57.

ചോ. കർത്താവിന്റെ ബലിനിമിത്തമുള്ള ഫലങ്ങൾ ഏവ?

ഉ. കർത്താവിന്റെ ബലിനിമിത്തമുള്ള ഫലങ്ങൾ 1) പാപത്തിന്നു മോചനം (മത്താ. 16. 16. വെളി. 1, 5, 5. 9. കോലോസി 1 14.) വിടുതൽ,

2) ദൈവത്തോടുള്ള നിരപ്പു റോമ 5, 10. വെളി. 5. 91 പത്രൊ 1. 19 3) നിത്യജീവൻ യോഹ. 6, 51. 4) വിശുദ്ധിയിൽ ജീവിപ്പാനുള്ള ശക്തി. എസ്രാ. 11. 19. 11 5) പാപത്തെ ജയിപ്പാനുള്ള ശക്തി. വെളി 11. 11. 6) പുണ്യത്തിൽ വളരാനുള്ള ശക്തി 1 പത്രോ. 1. 1. 7) ശുദ്ധീകരണം എബ്രാ 13. 11.

ചോ. നിത്യസ്മാരകം എന്നു പറയുന്നതിന്റെ അർത്ഥം എന്ത്?

ഉ. ഒരാളിനെയോ ഒരു സംഭവത്തെയോ എപ്പോഴും ഓർമ്മയിൽ വച്ചുകൊണ്ടിരിപ്പാൻ തക്കവണ്ണം ഏർപ്പെടുത്തപ്പെട്ട സ്ഥാപനത്തിനൊ അനുഷ്ഠിക്കപ്പെടുന്ന കർമ്മത്തിനൊ യാഗത്തിനൊ നിത്യസ്മാരകം എന്നു പറയുന്നു.

ചോ. വി. കുർബാന 'നിത്യസ്മാരകം' എന്നു പറയുന്നതിന്റെ അർത്ഥം എന്ത്?

ഉ. യേശുമിശിഹായുടെ രക്ഷാകരമായ വ്യാപാരങ്ങളെ ഇടവിടാതെ സ്മരിക്കുന്നതിനുള്ള സ്ഥാപനവും കർമ്മവും യാഗവും വി. കുർബാനയാകുന്നു. അതുകൊണ്ട് വി. കുർബാനയ്ക്ക് എന്നേക്കുമുള്ള ഓർമ്മ എന്നും നിത്യസ്മാരകമെന്നും പേരു പറയുന്നു.

ചോ. വി. കുർബാനയെ ആരുടെ അടുക്കൽ ആണ് നിത്യ ഓർമ്മക്കായി കഴിക്കുന്നത്?

ഉ. പിതാവായ ദൈവത്തിന്റെ അടുക്കൽ നിത്യ ഓർമ്മക്കായി യേശുമിശിഹായുടെ മനുഷ്യാവതാര യാഗത്തെ കഴിക്കുന്നു.

ചോ. പിന്നെ ആരുടെ അടുക്കലേക്കാണ് ഈ യാഗം നടത്തുന്നത്?

ഉ. സർവലോകത്തിന്റെയും രക്ഷയ്ക്കായി യേശുമിശിഹായുടെ യാഗം നടത്തിയിരിക്കുന്നു എന്നും, നിത്യമായി നടന്നുകൊണ്ടിരിക്കുന്നു എന്നും, ഉള്ള സംഗതി എല്ലാ ദൈവമക്കളുടെയും ഓർമ്മയിലും അനുഭവത്തിലും വരുത്തുന്നതിന് വി. കുർബാന മാർഗ്ഗമായിരിക്കുന്നതുകൊണ്ട് വി. സഭയുടെ അടുക്കൽ ഓർമ്മയായി വി. കുർബാനയെ കഴിക്കുന്നു.

ചോ. "എന്റെ ഓർമ്മയ്ക്കായിട്ട് ഇതിനെ ചെയ്വിൻ" എന്നു കർത്താവ് കൽപ്പിച്ചതിന്റെ അർത്ഥം എന്താണ്?

ഉ. ഈ യാഗത്തെ ബലി രൂപത്തിൽ അർപ്പിക്കപ്പെടുന്ന എന്റെ ഓർമ്മയായി അനുഷ്ഠിച്ചുകൊള്ളുവിൻ എന്നാകുന്നു.

ചോ. പിതാവായ ദൈവത്തോടു വി. കുർബാനാനുഷ്ഠാനം അപേക്ഷിക്കുന്നത് എന്താണ്?

ഉ. 'പിതാവായ ദൈവമേ! സർവലോകത്തിനുവേണ്ടി ബലിയർപ്പിക്കപ്പെട്ട നിന്റെ ഏകപുത്രൻ നിന്റെ തിരുമുമ്പാകെ യാഗമായി ഇതാ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ഈ യാഗത്തെ നീ കടാക്ഷിക്കേണമേ. നിന്റെ ഏകപുത്രന്റെ ബലിയെ നോക്കേണമെ. നിന്റെ ഏകപുത്രൻ നിമിത്തം ഞങ്ങളുടെ പാപങ്ങളെ പരിഹരിക്കേണമെ, ഞങ്ങളെ പുണ്യപ്പെടുത്തണമേ. ഞങ്ങളെ സഹായിക്കണമേ,' എന്നിങ്ങനെ വി. സഭ പിതാവായ ദൈവത്തിന്റെ തിരുമുമ്പാകെ വി. കുർബാനയെ അർപ്പിച്ചുകൊണ്ട് അപേക്ഷിക്കുന്നു.

ചോ. വി. കുർബാനാനുഷ്ഠാനം നമ്മോടു പറയുന്നതെന്താകുന്നു?

ഉ. ലോകത്തിൽ പാപത്തെ നീക്കികളയുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ കാണുക, അവനെ പൂജിക്കുക, നമ്മെ രക്ഷിപ്പാൻ ഒരുങ്ങിയിരിക്കുന്നവന്റെ ജീവനെ സമ്പാദിച്ചുകൊൾക എന്നു വി. കുർബാനാനുഷ്ഠാനം നമ്മോടു പറയുന്നു.

ചോ. വി. കുർബാനയിൽ ഈശോമ്ശിഹാ പിതാവായ ദൈവത്തോടു പറയുന്നതെന്ത്?

ഉ. പിതാവായ ദൈവമേ! നിന്നോടുള്ള പൂർണ്ണസ്നേഹത്തിന്റെ ഫലവും അടയാളവും ആയി സർവലോകത്തിന്റെയും പുണ്യത്തിനുവേണ്ടി ഞാൻ അർപ്പിച്ചിട്ടുള്ള ഈ യാഗത്തെ കൈക്കൊള്ളണമേ. സർവലോകത്തേയും പുണ്യജീവിതത്തിലേക്കും നിന്റെ സ്നേഹത്തിന്റെ പരിപൂർണ്ണതയിലേക്കും, വരുത്തേണമേ.

❋❋❋❋

## അഞ്ചാം അദ്ധ്യായം

# വി. കുർബാന - യാഗം

ചോ. ദൈവത്തിനർപ്പിക്കപ്പെടുന്ന യാഗം എന്നു വെച്ചാൽ എന്ത്?

ഉ. ഒരുവൻ സ്വാർത്ഥപരിത്യാഗം ചെയ്തിട്ടു ദൈവത്തിനു നേർച്ചയായി കൊടുക്കുന്ന ഏതെങ്കിലും കാഴ്ചക്കു യാഗം (ബലി) എന്നുപേർ പറയുന്നു. ഏശാ. 56. 7

ചോ. ഒരാൾ യാഗം കഴിക്കുമ്പോൾ അത് എന്തിനെ കാണിക്കുന്നു?

ഉ. യാഗം ദൈവത്തോടുള്ള സ്നേഹത്തെ കാണിക്കുന്നു. ആവർത്ത 6.5, 11. 1. 13 സങ്കീ 18, 1, 119. 97.

ചോ. വി. കുർബാന ഒരു യാഗമായിരിക്കുന്നത് എങ്ങനെയാണ്?

ഉ. നാലുവിധത്തിൽ വി. കുർബാന യാഗമാകുന്നു.

ചോ. അവ ഏതെല്ലാം?

ഉ. (1) മഹത്വത്തേയും സ്തോത്രത്തേയും നാം ദൈവത്തിനു അർപ്പിക്കുന്നതിനുള്ളമാർഗ്ഗം വി. കുർബാനയാകയാലും യറ.17, 26. എപ്പേസി. 5. 2 എബ്രാ 13. 15 (2) ക്രൂശിക്കപ്പെട്ടദൈവം പുത്രന്റെ ബലിയെ, അതായത് ക്രൂരിശിക്കപ്പെട്ടവനായ ദൈവപുത്രൻ സ്വർഗ്ഗത്തിൽ പിതാവായ ദൈവത്തിന്റെ തിരുമുമ്പാകെ അർപ്പിക്കുന്ന ബലിയെ, വി. സഭ ഓർത്ത് യാഗരൂപത്തിൽ ദൈവപു

ത്രന്റെ സ്വർഗ്ഗീയബലിയെ വി. സഭ ദൈവത്തിനു വി. കുർബാനയിൽ അർപ്പിക്കുന്നതുകൊണ്ടും സെഫിന 1. 7 (3) ജീവനുള്ളതും പരിശുദ്ധവുമായ ബലിയായി നാം നമ്മെത്തന്നെ ദൈവത്തിനു വി. കുർബാനയിൽ അർപ്പിക്കുന്നതുകൊണ്ടും റോമ 12 1 1 പത്രോ 2.5 (4) നമുക്കുള്ള സകലരെയും സകലത്തെയും വി. കുർബാനയിൽ പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ബലിയർപ്പിക്കുന്നതുകൊണ്ടും വി. കുർബാന ഒരു യാഗമാകുന്നു. ഫിലിപ്പി 3. 8.

ചോ. നമ്മുടെ പാപത്തിനു പരിഹാരമുണ്ടാക്കത്തക്ക വണ്ണമുള്ള യാഗം ചെയ്‌വാൻ നമ്മെക്കൊണ്ടു കഴിയുമോ?

ഉ. നമ്മുടെ പാപത്തിനു പരിഹാരമുണ്ടാക്കാൻ തക്ക യാഗം ചെയ്‌വാൻ നമ്മെക്കൊണ്ടു കഴികയില്ല. എബ്രാ 10. 2.

ചോ. എന്തുകൊണ്ട്?

ഉ. പാപം ചെയ്തിട്ടില്ലാത്ത ഒരാളിനെക്കൊണ്ടല്ലാതെ പാപത്തിനു പരിഹാരമുണ്ടാക്കാൻ കഴികയില്ല.

ചോ. പാപത്തിനു പരിഹാരമുണ്ടാക്കുവാൻ കഴിയുന്നവർ ആരുണ്ട്?

ഉ. നമ്മുടെ കർത്താവായ ഈശോമ്ശിഹാ ദൈവവും മനുഷ്യനുമാകുന്നു. പാപമില്ലാത്തവനാകുന്നു. അതു കൊണ്ടുപാപത്തിനു പരിഹാരമുണ്ടാക്കുവാൻ കഴിയുന്ന യാഗം അർപ്പിക്കുന്നതിനു യേശുമ്ശിഹായ്ക്കു കഴിയും. യേശുമിശിഹായെപ്പോലെ വേറാരും ഇല്ലാത്തതുകൊണ്ടു പാപപരിഹാരാർത്ഥം യാഗം ചെയ്‌വാൻ യേശുമ്ശിഹായിക്കല്ലാതെ വേറെയാർക്കും കഴികയില്ല.

ചോ. നമ്മുടെ കർത്താവ് പൂർണ്ണയാഗത്തെ അർപ്പിച്ചുവോ?

ഉ. നമ്മുടെ കർത്താവ് കുരിശിന്മേൽ മരിച്ചതിനാൽ പൂർണ്ണയാഗമായി അർപ്പിക്കപ്പെടുന്നതിനു വേണ്ടി കൊല്ലപ്പെട്ടു. തന്റെ മരണം, ഉയർത്തെഴുന്നേൽപ്, സ്വർഗ്ഗാരോഹണം ആദിയായ സകലവും തന്നെ പൂർണ്ണമായി അർപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ ആയിരുന്നു. ഫിലിപ്പി 2. 8. കോലൊസി 1. 22. എബ്ര 2. 9. ഏശാ 53. 10.

ചോ. കർത്താവിന്റെ യാഗം ഏതു പ്രകാരമുള്ളതാണ്?

ഉ. അതു സർവ്വലോകത്തിന്റെയും പാപത്തെ പരിഹരിക്കാൻ തക്ക വണ്ണം മതിയാകുന്നതും പൂർണ്ണമായതും ആയ യാഗം ആകുന്നു. ഏശാ 53. 12 യോഹ 1. 29 റോമ 5 12.

ചോ. നമ്മുടെ കർത്താവ് തന്നെത്തന്നെ യാഗമായി അർപ്പിച്ചത് എന്തിനുവേണ്ടിയാകുന്നു?

ഉ. ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്നതിനുവേണ്ടി നമ്മുടെ കർത്താവുതന്നെത്തന്നെ യാഗമായി അർപ്പിച്ചു. യോഹ. 1.29.

ചോ. ദൈവാരാധനയ്ക്കായി യാഗത്തെ അർപ്പിക്കുന്നതിന് എന്തെല്ലാം ആവശ്യമുണ്ട്?

ഉ. ദൈവാരാധനയ്ക്കായി യാഗത്തെ അർപ്പിക്കുന്നതിന് പുരോഹിതനും യാഗപശുവും ആവശ്യമുണ്ട്.

ചോ. പുരോഹിതൻ ആരാകുന്നു?

ഉ. ദൈവത്തിന്റെ മുൻപാകെ യാഗത്തെ അർപ്പിക്കുന്നതിനു വേണ്ടി ദൈവത്താൽ വിളിക്കപ്പെട്ടവനും ദൈവത്തിൽ നിന്ന് അധികാരം സിദ്ധിച്ചവനുമായ മനുഷ്യൻ പുരോഹിതനാകുന്നു. എബ്രാ. 5. 1, 4.14, 5.5.

ചോ. മോശൈകധർമ്മത്തിൽ യാഗപശു എന്താകുന്നു?

ഉ. ദൈവത്തിന്റെ മുൻപാകെ യാഗമായി അർപ്പിക്കപ്പെടുന്നതിനു വേണ്ടി, കൊല്ലപ്പെടുന്ന ചെങ്ങാലി, കുഞ്ഞാട് ആദിയായ പക്ഷി മൃഗാദികൾക്കു യാഗപശുവെന്ന് പേരുപറയുന്നു. ലേവി. 1, 2, 10, 14.

ചോ. പക്ഷിമൃഗാദികളെ കൂടെതെ വേറെ എന്തെങ്കിലും യാഗമായി അർപ്പിക്കുമോ?

ഉ. ഭക്ഷണപാനീയ സാധനങ്ങൾ മുതലായവയേയും മനുഷ്യനുള്ള സകലത്തെയും യാഗമായി അർപ്പിക്കാവുന്നതാണ്. ലേവി.2, 1, 2, 4. സംഖ്യ 29 21.

ചോ. നമ്മുടെ കർത്താവു തന്നെത്തന്നെ യാഗമായി അർപ്പിച്ചപ്പോൾ പുരോഹിതൻ ആരായിരുന്നു? യാഗപശുവും ആരായിരുന്നു?

ഉ. നമ്മുടെ കർത്താവു തന്നെത്തന്നെ യാഗമായി അർപ്പിച്ചപ്പോൾ പുരോഹിതൻ താനായിരുന്നു. യാഗപശുവും താൻ തന്നെയായിരുന്നു.

ചോ. ഹിന്ദുക്കൾ ആദിയായ പുറജാതികളുടെ ഇടയിൽ നടപ്പുള്ള യാഗങ്ങൾ നിയമാനുസരണമുള്ള യാഗങ്ങളാണോ?

ഉ. ദൈവം കല്പിച്ചിട്ടില്ലാത്തവയാകയാൽ ഹിന്ദുക്കൾ മുതലായവരുടെ യാഗങ്ങൾ നിയമാനുസരണമായ യാഗങ്ങൾ അല്ല.

ചോ. യഹൂദസഭയിൽ നടപ്പുണ്ടായിരുന്ന യാഗങ്ങൾ നിയമാനുസരണമായ യാഗങ്ങളാണോ?

ഉ. ഈശോമ്ശിഹായുടെ യാഗത്തിന്റെ മുൻകുറിയായി യഹൂദസഭയിൽ ദൈവം കൽപിച്ച് ഏർപ്പെടുത്തിയവയായിരുന്നതിനാൽ യഹൂദസഭയിലെ യാഗങ്ങൾ നിയമാനുസരണമായ യാഗങ്ങൾ ആയിരുന്നു.

ചോ. വി. കുർബാന ഒരു യാഗമാണോ?

ഉ. വി. കുർബാന ഒരു യാഗമാകുന്നു. ആദ്യ 14, 18.

ചോ. വി. കുർബാന നിയമാനുസരണമായ ഒരു യാഗമാണോ?

ഉ. ഈശോമിശിഹായുടെ പാപപരിഹാരബലിയെ വി. സഭയിൽ നിലനിർത്തി വി. സഭയ്ക്ക് അനുഭവസിദ്ധമാക്കിതീർക്കുന്നതിനും ഈശോമിശിഹായുടെ യാഗമായ വി. സഭയിൽ യാഗരൂപത്തിൽ ഓർക്കുന്നതിനുംവേണ്ടി സർവ്വശക്തനായ ദൈവം കല്പിച്ച് ഏർപ്പെടുത്തിയിട്ടുള്ള യാഗം വി. കുർബാനയാകയാൽ വി. കുർബാന നിയമാനുസരണമായ യാഗമാകുന്നു. 1 കോറി 11. 26.

ചോ. വി. കുർബാന പാപത്തെ പരിഹരിക്കുന്ന യാഗമാണോ?

ഉ. വി. കുർബാന പാപപരിഹാരാർത്ഥമുള്ള ഈശോമ്ശിഹായുടെ യാഗത്തിന്റെ അനുഗ്രഹഫലത്തെ നമുക്കു അനുഭവസിദ്ധമാക്കിത്തരുന്നുയെന്നുള്ള അർത്ഥത്തിൽ വി. കുർബാന പാപപരിഹാരാർത്ഥമുള്ള യാഗമാകുന്നു. ഈശോമ്ശിഹായുടെ യാഗത്തെ വിട്ടിട്ട് കേവലം അപ്പത്തെയും വീഞ്ഞിനെയും ദൈവത്തിന്

അർപ്പിക്കുന്നുവെന്നുള്ള അർത്ഥത്തിൽ വി. കുർബാനയെ സങ്കല്പിക്കുന്നതായാൽ അതു പാപപരിഹാരാർത്ഥമുള്ള യാഗമല്ല. ഈശോമ്ശിഹായുടെ യാഗത്തോടു ബന്ധമില്ലാത്തപക്ഷം വി. കുർബാനയ്ക്കു പാപത്തെ പരിഹരിക്കുന്നതിനു യാതൊരു ശക്തിയുമില്ല.

ചോ. ഈശോമ്ശിഹാ ഗോഗുൽത്തായിൽ ഒരിക്കൽ കുരിശിന്മേൽ കൊല്ലപ്പെട്ട് സ്വർഗ്ഗാരോഹണത്താൽ പിതാവായ ദൈവത്തിന്റെ മുമ്പാകെ യാഗമായി അർപ്പിക്കപ്പെട്ടു. വീണ്ടും വി.കുർബാനയിൽ ഈശോമിശിഹായുടെ മരണവും യാഗാർപ്പണവും ആവർത്തിക്കുന്നുണ്ടോ?

ഉ. ഇല്ല. ഈശോമ്ശിഹാ ഒരിക്കലായി മരിക്കയും നിത്യയാഗമായിട്ടു അർപ്പിക്കപ്പെടുകയും ചെയ്തു. ഈശോമ്ശിഹായുടെ മരണത്തെയോ, യാഗാർപ്പണത്തെയോ വി. കുർബാനയിൽ വീണ്ടും ആവർത്തിക്കുന്നില്ല. എബ്രാ. 10. 14, എബ്രാ 7. 7.

ചോ. അങ്ങനെയാണെന്നുവരികിൽ വി. കുർബാന യാഗമാണെന്നു പറയുന്നതിന്റെ അർത്ഥമെന്ത്?

ഉ. കുരിശുമരണത്താലും സ്വർഗ്ഗാരോഹണത്താലും സാധിച്ചതായ ഈശോമ്ശിഹായുടെ ബലിയെ സ്വർഗ്ഗത്തിൽ പിതാവായ ദൈവത്തിന്റെ അടുക്കൽ നിത്യമായി ഈശോമ്ശിഹാ അർപ്പിച്ചുകൊണ്ടിരിക്കുന്നു. (1 യോഹ. 2. 1 റോമാ 8. 34. എബ്രാ 9. 22 12, 24. വെളി. 2. 11) സ്വർഗ്ഗത്തിൽ നടക്കുന്ന ഈ നിത്യയാഗാർപ്പണത്തിൽ ലോകത്തിലുള്ള വി. സഭയും ഈശോമ്ശിഹായോടു ഒട്ടിച്ചേർന്നു ഈശോമ്ശിഹായുടെ യാഗത്തെ പിതാവായ ദൈവത്തിന്റെ അടുക്കൽ അർപ്പിക്കുന്നു. തിരുശരീരങ്ങൾ വഴിയായി വി. കുർബാനയിൽ ഈശോമ്ശിഹാ എഴുന്നെള്ളുന്നു. വി. കുർബാനവഴിയായി വി. സഭ സ്വർഗ്ഗത്തിലെ നിത്യയാഗാർപ്പണത്തിൽ പങ്കുകൊള്ളുകയും പിതാവായ ദൈവത്തിന്റെ അടുക്കൽ യേശുവിന്റെ യാഗത്തെ മഹാപുരോഹിതനായ യേശുവിനോടു ചേർന്നു അർപ്പിക്കയും ചെയ്യുന്നു. ഇങ്ങനെ വിശുദ്ധ സഭയ്ക്കു സ്വർഗ്ഗീയ യാഗത്തെ അർപ്പിക്കുന്നതിനുള്ള മാർഗ്ഗം വി. കുർബാനയായതുകൊണ്ടു വി. കുർബാനയ്ക്കു യാഗം എന്നു പേർ പറയുന്നു.

ചോ. നമ്മുടെ കർത്താവ് വി. കുർബാനയെ ഏർപ്പെടുത്തിയതു എന്ത് ഉദ്ദേശത്തോടുകൂടിയാണ്?

ഉ. കർത്താവിന്റെ മരണത്തെ നിത്യമായി ഓർക്കുന്നതിനുവേണ്ടി വി. കുർബാനയെ ഏർപ്പെടുത്തി.

ചോ. വേറെ വല്ല ഉദ്ദേശവും ഉണ്ടോ?

ഉ. നമ്മുടെ കർത്താവിന്റെ തിരുശ്ശരീര രക്തത്തെ നമുക്ക് ആത്മീയ ഭക്ഷണമായിത്തന്ന് നമ്മെ പുതുതാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനുവേണ്ടി കർത്താവു വി.കുർബാനയെ ഏർപ്പെടുത്തി. യോഹ. 6.56.

✵✵✵✵

## ആറാം അദ്ധ്യായം

# വി. കുർബാന - തിരുശരീരവും, തിരുരക്തവും

ചോ. ഒരു കൂദാശയ്ക്ക് എത്ര ഭാഗങ്ങളുണ്ട്?

ഉ. ഒരു കൂദാശയ്ക്ക് അകമെയുള്ള അപ്രത്യക്ഷമായ ഒരു ഭാഗവും പുറമെയുള്ള പ്രത്യക്ഷമായ വേറൊരു ഭാഗവും ഉള്ളതായി വിചാരിക്കാം.

ചോ. വി.കുർബാനയിലെ അകമെയുള്ള അപ്രത്യക്ഷമായ ഭാഗം എന്താകുന്നു?

ഉ നമ്മുടെ കർത്താവേശുമിശിഹായുടെ തിരുശരീരവും തിരുരക്തവും വി. കുർബാനയിലുള്ള അദൃശ്യമായ ഭാഗമാകുന്നു. മത്താ. 26. 26. 29.

ചോ. വി. കുർബാനയ്ക്കു പുറമെയുള്ള ഭാഗം എന്താകുന്നു?

ഉ. വി. കുർബാനയിൽ കാണുന്ന അപ്പവും വീഞ്ഞും അതിലെ പ്രത്യക്ഷമായ ഭാഗം ആകുന്നു.

ചോ. വി. കുർബാനയിലെ അപ്പവും വീഞ്ഞും കർത്താവിന്റെ തിരുശരീരരക്തങ്ങളായിത്തീരുന്നതെങ്ങനെ?

ഉ. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ വ്യാപാരം നിമിത്തം വി. കുർബാനയിലെ അപ്പത്തിലും വീഞ്ഞിലും മിശിഹായുടെ തിരു

ശരീരവും തിരുരക്തവും ഉണ്ടാകുന്നു. അപ്പവും വീഞ്ഞും മിശിഹായുടെ തിരുശരീരരക്തങ്ങളായി തീരുന്നു. ആദ്യ 1, 2. ലൂക്ക. 13. 15.

ചോ. പരിശുദ്ധറൂഹാ വി. കുർബാനയിൽ എഴുന്നെള്ളുന്നത് എപ്പോഴാകുന്നു?

ഉ ദൈവത്തിന്റെ പട്ടക്കാരൻ വി. കുർബാനമേൽ കയ്യ് ആവസിപ്പിച്ചുകൊണ്ടു പരിശുദ്ധാത്മാവിന്റെ എഴുന്നെള്ളത്തിനും വ്യാപാരത്തിനുംവേണ്ടി പ്രാർത്ഥിക്കയും വി. കുർബാനയെ വാഴ്ത്തുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാവു വി. കുർബാനയിൽ എഴുന്നെള്ളുന്നു.

ചോ. ആ സമയം മദ്ബഹായിൽ ശുശ്രൂഷക്കാരൻ എന്തു ചൊല്ലുന്നു?

ഉ. ജീവനുള്ള പരിശുദ്ധറൂഹാ സ്വർഗ്ഗമാകുന്ന മേലുള്ള ഉയരങ്ങളിൽ നിന്നു പ്രതാപത്തോടുകൂടി ഇറങ്ങി,വയ്ക്കപ്പെട്ടിരിക്കുന്ന ഈ പരിശുദ്ധ കുർബാനമേൽ പൊരുന്നി ആവസിച്ച് അതിനെ ശുദ്ധീകരിക്കുന്നതായ ഈ നാഴിക എത്ര ഭയങ്കരവും ഈ സമയം എത്ര ഭ്രമിക്കത്തക്കതുമാകുന്നു. നിങ്ങൾ അടക്കത്തോടും ഭയത്തോടും നിന്നുകൊണ്ടുപ്രാർത്ഥിപ്പീൻ.

ചോ. വി. കുർബാനയിൽ അപ്പത്തെ വാഴ്ത്തുമ്പോൾ പട്ടക്കാരൻ എന്തു ചൊല്ലുന്നു?

ഉ. പരിശുദ്ധറൂഹാ ആവസിച്ചിട്ട് ഈ അപ്പത്തെ ജീവിപ്പിക്കുന്ന ശരീരമായി-രക്ഷാകരമായ ശരീരമായി - നമ്മുടെ ദൈവമായ മിശിഹായുടെ (അസൽ) ശരീരമായി തീർക്കുമാറാകട്ടെ.

ചോ. വി. കുർബാനയിൽ കാസായെ വാഴ്ത്തുമ്പോൾ പട്ടക്കാരൻ എന്തു ചൊല്ലുന്നു?

ഉ. പരിശുദ്ധറൂഹാ ആവസിച്ചിട്ട് ഈ കാസായെ പുതിയ നിയമത്തിൽ രക്തമായി - രക്ഷാകരമായ രക്തമായി - നമ്മുടെ ദൈവമായ മിശിഹായുടെ (അസൽ) രക്തമായി പൂർണ്ണമാക്കുമാറാകട്ടെ.

ചോ. മിശിഹാ പ്രവർത്തിച്ചതുപോലെ മിശിഹായുടെ സ്ഥാനാപതിയായ പട്ടക്കാരനും പ്രവർത്തിക്കുന്നുണ്ടോ?

ഉ. ഉണ്ട്. 'പാപമില്ലാത്തവനായ താൻ സ്വന്ത തിരുവിഷ്ടപ്രകാരം പാപികളായ നമുക്കുവേണ്ടി മരണത്തെ കൈക്കൊള്ളുവാനായി ഒരുങ്ങിയപ്പോൾ തന്റെ പരിശുദ്ധ തൃക്കൈകളിൽ അപ്പം എടുത്തു - സ്ത്രോത്രം ചെയ്തു വാഴ്ത്തി ശുദ്ധീകരിച്ചു - കണ്ടിച്ചു തന്റെ വി. ശ്ലീഹന്മാർക്കു കൊടുത്തുകൊണ്ട് അരുളി ചെയ്തു: ഇതിനെ വാങ്ങിഭക്ഷിപ്പീൻ. നിങ്ങൾക്കുവേണ്ടിയും അനേകർക്കുവേണ്ടിയും മുറിക്കപ്പെടുകയും പാപങ്ങളുടെ മോചനത്തിനും നിത്യജീവനുമായി നൽകപ്പെടുകയും ചെയ്യുന്ന എന്റെ ശരീരം ഇതാകുന്നു' എന്നു പട്ടക്കാരൻ ചൊല്ലുകയും ആ സമയം അപ്പത്തെ എടുത്തു വാഴ്ത്തിക്കണ്ടിക്കയും ചെയ്യുന്നു. അപ്രകാരം വീഞ്ഞിനേയും വാഴ്ത്തുന്നു. ഇങ്ങനെ വി. കുർബ്ബാനയെ ഏർപ്പെടുത്തിയപ്പോൾ ഈശോമിശിഹാ പ്രവർത്തിച്ചതുപോലെ തന്നെ മിശിഹായുടെ പട്ടക്കാരനും വി. കുർബാനയിൽ പ്രവർത്തിക്കുന്നു.

ചോ. ശരിയായ പട്ടക്കാരനല്ലാതെ മറ്റാർക്കെങ്കിലും അപ്പത്തേയും വീഞ്ഞിനേയും വാഴ്ത്തുന്നതിനൊ വി. കുർബ്ബാന അനുഷ്ഠിക്കുന്നതിനൊ അധികാരമുണ്ടോ?

ഉ. ശരിയായ പട്ടക്കാരനല്ലാതെ മറ്റാർക്കും വി. കുർബാന അനുഷ്ഠിക്കുന്നതിനൊ, അപ്പത്തേയും വീഞ്ഞിനേയും വാഴ്ത്തുന്നതിനൊ അധികാരമില്ല. അധികാരമില്ലാത്ത ആരെങ്കിലും ഇങ്ങനെ ചെയ്യുന്നതായാൽ അത് ഏറ്റവും ഭയങ്കരവും ശാപകരവും ആയ ദൈവദൂഷണമാകുന്നു. സംഖ്യ 13. 32, 33. 2 നാളാ 26. 19.

ചോ. കുർബാനയിൽ അപ്പവും വീഞ്ഞും നമ്മുടെ കർത്താവിന്റെ സ്വാഭാവിക ശരീരരക്തങ്ങളായിത്തീരുന്നുണ്ടോ?

ഉ. കുർബാനയിൽ അപ്പവും വീഞ്ഞും നമ്മുടെ കർത്താവിന്റെ സ്വാഭാവിക ശരീരരക്തങ്ങളായിത്തീരുന്നില്ല.

ചോ. അങ്ങനെയെങ്കിൽ വി. കുർബാന നമ്മുടെ കർത്താവിന്റെ തിരുശരീരവും തിരുരക്തവും ആയിത്തീരുന്നുയെന്നു പറയുന്നത് ഏതർത്ഥത്തിലാണ്.

ഉ. വി. കുർബാന മ്ശിഹായുടെ സ്വാഭാവിക ശരീരരക്തങ്ങളല്ല.

എന്നാൽ അത് കൂദാശരൂപത്തിലുള്ള ശരീരരക്തങ്ങളാകുന്നു. കൃപയാൽ ഉള്ള ശരീരരക്തങ്ങളാകുന്നു. സ്വാഭാവികശരീരരക്തങ്ങളല്ല.

ചോ. കൂദാശരൂപത്തിലുള്ള ശരീരമെന്നു പറഞ്ഞാൽ അർത്ഥമെന്ത്?

ഉ. ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തിരിക്കുന്ന യേശു മിശിഹായുടെ ജീവൻ കുർബാനയപ്പത്തിൽ കൂദാശരൂപത്തിൽ എഴുന്നെള്ളിയിരിക്കുന്നു. അതിന് കൂദാശരൂപത്തിലുള്ള ശരീരം എന്നു പേർപറയുന്നു.

ചോ. കൃപയാലുള്ള ശരീരം എന്നുവെച്ചാൽ അർത്ഥം എന്ത്?

ഉ. നമ്മുടെ കർത്താവു ലോകത്തിൽ പാർത്തിരുന്നതായകാലത്തു തന്റെ സ്വാഭാവിക ശരീരത്തെ അതായത് തന്റെ ദേഹത്തിലുള്ള മാംസത്തെ ശുദ്ധമുള്ള ശിഷ്യന്മാർക്കു കൊടുത്തില്ല. എന്നാൽ കർത്താവ് അപ്പത്തെ എടുത്തു വാഴ്ത്തി അതിനെ കൃപയാൽ അതായത്, ദൈവത്തിന്റെ ദിവ്യശക്തിയെ ദാനം ചെയ്തതിനാൽ മിശിഹായുടെ തിരുശരീരരക്തമാക്കിത്തീർത്തിട്ട് ശിഷ്യന്മാർക്കു കൊടുത്തു. ഇങ്ങനെ മ്ശിഹായുടെ ദിവ്യശക്തിയെ അപ്പത്തിൽ പ്രദാനം ചെയ്തിട്ട് അതിനെ വി. കുർബാനയിലെ തിരുശരീരരക്തമാക്കിത്തീർക്കുന്നു. ഇങ്ങനെ കൃപയാൽ തിരുശരീരമായി തീർന്നിട്ടുള്ള കുർബാനയപ്പത്തിന് കൃപയാലുള്ള തിരുശരീരം എന്നുപേർ പറയുന്നു.

❋❋❋❋

# ഏഴാം അദ്ധ്യായം

# വി. കുർബാന - അനുഭവം

ചോ. നീ. വി. കുർബാന അനുഭവിക്കുമ്പോൾ എന്തിനെ അനുഭവിക്കുന്നു?

ഉ. നമ്മുടെ കർത്താവേശുമ്ശിഹായുടെ തിരുശരീരത്തേയും തിരുരക്തത്തേയും ഞാൻ അനുഭവിക്കുന്നു.

ചോ. കുർബാന അനുഭവിക്കുന്നതിനുമുൻപായി പ്രാർത്ഥിക്കേണ്ടത് എങ്ങനെയാകുന്നു?

ഉ. 1. 'കർത്താവേ! വിശുദ്ധിയോടുകൂടി നിന്നെ ഭക്ഷിപ്പാൻ എന്നെ യോഗ്യനാക്കണമേ. പരിശുദ്ധമായ നിന്റെ തിരുശരീരത്തെ ഭക്ഷിക്കുന്നതുകൊണ്ട് എന്റെ ദുർമ്മോഹങ്ങൾ നശിച്ചു. പോകണമെ. ജീവനുള്ള നിന്റെ കാസായെ കുടിക്കുന്നതുകൊണ്ട് എന്റെ ദുർവ്വികാരങ്ങൾ കെട്ടുപോകണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ! കടങ്ങൾക്കു പരിഹാരത്തേയും പാപങ്ങൾക്കു മോചനത്തേയും നിന്നാൽ ഞാൻ കൈക്കൊള്ളുമാറാകേണമേ.'

2. പ്രത്യേകമായ ഏതെങ്കിലും പാപത്തിനു പരിഹാരമുണ്ടാകുന്നതിനും ആ പാപത്തിൽ നിന്നു ജയം നേടുന്നതിനും വേണ്ടി ദിവ്യശക്തിയെ സമ്പാദിക്കുന്നതിനുമായി വി. കുർബാന അനു

ഭവിക്കുന്നപക്ഷം താഴെകാണുന്ന പ്രകാരം ഓരോരുത്തരും രഹസ്യമായി പ്രാർത്ഥിക്കുന്നതു കൊള്ളാം. 'കർത്താവേ! ഞാൻ അനുഭവിക്കുന്ന ഈ വിശുദ്ധ കുർബ്ബാനയുടെ ശക്തിയാൽ ഈ പാപത്തെ (പാപത്തിന്റെ പേരുപറയുക)-ഇന്നപരീക്ഷയെ (പരീക്ഷയുടെ പേരുപറയുക) ജയിക്കുന്നതിന് എന്നെ നീ പ്രാപ്തനാക്കേണമേ. എന്നിൽ നീ പാർക്കുകയും എനിക്കുവേണ്ടി നീ പാപത്തോടു യുദ്ധം ചെയ്യുകയും എന്നിൽ നീ പാപത്തിന്മേൽ ജയം നേടുകയും ചെയ്യണമെ,' ഈ അർത്ഥം വരത്തക്കവണ്ണം സ്വന്തവാചകത്തിൽ രഹസ്യമായി പ്രാർത്ഥിച്ചുകൊള്ളുക.

3. ഏതെങ്കിലും വിശുദ്ധ നടപടിയെ ശീലിക്കുന്നതിനൊ പുണ്യഗുണത്തെ സമ്പാദിക്കുന്നതിനൊ നീ ആഗ്രഹിച്ചിട്ട് അതിലേക്ക് വിശുദ്ധ കുർബാനയുടെ ശക്തി കിട്ടുവാനായി കുർബാന അനുഭവിക്കുന്നപക്ഷം താഴെകാണുണവിധം പ്രാർത്ഥിക്കുക. 'കർത്താവേ! വിശുദ്ധിയോടുകൂടെ നിന്നെ ഭക്ഷിപ്പാൻ എന്നെ യോഗ്യനാക്കേണമെ. പരിശുദ്ധമായ നിന്റെ തിരുശരീരത്തെ ഭക്ഷിക്കുന്നതുകൊണ്ട് എന്റെ ശരീരം ശുദ്ധീകരിക്കപ്പെടുമാറാകണമെ. പുണ്യപ്പെടുത്തുന്നതായ നിന്റെ തിരുരക്തത്തെ കുടിക്കുന്നതുകൊണ്ട് എന്റെ ആത്മാവുശോഭിക്കുമാറാകേണമെ. ഇന്ന പുണ്യനടപടിയെ പരിശീലിക്കുന്നതിനു (പുണ്യനടപടിയുടെ പേരുപറയുക) വേണ്ടതായ ശക്തിയേയും ജീവനേയും ഞാൻ അനുഭവിക്കുന്ന വിശുദ്ധ കുർബാനയാൽ എനിക്കു തരേണമെ. നീ എന്നിൽ പാർത്തുകൊള്ളേണമെ. നീ എന്നിൽ പ്രവർത്തിച്ചുകൊള്ളേണമെ. എന്നെ പുണ്യനടപടികളിൽ നീ വളർത്തിക്കൊള്ളേണമേ. നിന്നിൽപൂർണ്ണമായി ശേഭിക്കുന്ന ഇന്ന സൽഗുണം (പ്രാർത്ഥനാശീലം, താഴ്മ, പാതിവ്രത്യം, സത്യസന്ധത, സഹോദരസ്നേഹം, ക്ഷമ, ആത്മപരിത്യാഗം, ദ്രവ്യാഗ്രഹത്തെ ജയിക്കുന്നതായ ധർമ്മബുദ്ധി ആദിയായി ഏതൊരു സൽഗുണത്തെത്താണ് നീ പരിശീലിപ്പാൻ തുടങ്ങുന്നത് (അതിന്റെ പേരുപറക) എന്നിൽ വളരുവാൻ തക്കവണ്ണം നീ തന്നെ എന്നെ അഭ്യസിപ്പിക്കേണമെ. എല്ലാ സമയവും ഞാൻ നിന്നെ സ്നേഹിക്കുകയും ഈ സൽഗുണത്തെ നിന്നോടുള്ള സ്നേഹത്തെപ്രതി എന്നിൽ വളർത്തുകയും ചെയ്‌വാൻ തക്കവണ്ണം മ്ശിഹാ ഈ വിശുദ്ധകുർബ്ബാനവഴിയായി എന്നിൽ

എഴുന്നെള്ളുവാനായി മ്ശിഹാ! നീ തന്നെ എന്നിൽ പാർത്തു പ്രവർത്തിച്ചുകൊള്ളേണമെ.'

4. ഈ വിശുദ്ധകുർബ്ബാനയിൽ സംബന്ധിക്കുന്നത് ആരുടെ എങ്കിലും പുണ്യത്തിനുവേണ്ടി ആകുന്നു എങ്കിൽ താഴെ കാണുന്നപ്രകാരം പ്രാർത്ഥിക്കുക. 'നിന്നിൽ അഭയംപ്രാപിക്കുന്ന ഏവരുടെയും അപേക്ഷകളെ സാധിക്കുന്നവനായ ദൈവമേ! ഇന്നാർക്ക് (ആളിന്റെ പേരുപറയുക) ജയത്തെ കൊടുക്കേണമെ. അവൻ നിങ്കലേക്ക് പൂർണ്ണമായി തിരുയുവാൻ സംഗതിയാക്കേണമെ. വിശുദ്ധിയിൽ അവനെ വളർത്തേണമെ' എന്നിങ്ങനെ അപേക്ഷിക്കുക.

5. നിനക്കൊ മറ്റുള്ളവർക്കൊ ദൈവം ചെയ്തതായ ഏതെങ്കിലും പ്രത്യേക അനുഗ്രഹത്തിനു വേണ്ടി സ്തോത്രം ചെയ്വാൻ നീ വിശുദ്ധ കുർബാന അനുഭവിക്കുന്നു എങ്കിൽ താഴെ കാണുന്ന പ്രകാരം പ്രാർത്ഥിക്കുക. 'കർത്താവേ! നീ മഹത്വപ്പെടണമേ. ഈ വിശുദ്ധ കുർബാനവഴിയായി നിന്നെ ഞാൻ അനുഭവിക്കുന്നതിനാൽ നീ മഹത്വപ്പെടണമെ. നീ ഇന്നാർക്ക് (എനിക്കു അല്ലെങ്കിൽ വേറൊരാൾക്ക്) ഇന്ന അനുഗ്രഹം (ദൈവത്തിൽ നിന്നു ലഭിച്ച അനുഗ്രഹം എന്താണെന്നു പറയുക) ചെയ്തതിനായി നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു. നിന്നോടുള്ള സ്തോത്രമായി തന്നെ എന്റെ ജീവിതം നയിക്കുന്നതിന് ഈ വിശുദ്ധകുർബ്ബാനയാൽ എന്നെ ശക്തിപ്പെടുത്തേണമെ.'

ചോ. വിശുദ്ധകുർബ്ബാന കൊടുക്കുമ്പോൾ ദൈവത്തിന്റെ പട്ടക്കാരൻ പറയുന്നത് എന്ത്?

ഉ. 'രണ്ടുലോകങ്ങളിലും എന്നുമെന്നേക്കും കടങ്ങളുടെ പരിഹാരത്തിനും പാപത്തിന്റെ മോചനത്തിനുമായി നമ്മുടെ ദൈവമായ മ്ശിഹായുടെ തിരുശരീരവും തിരുരക്തവുമാകുന്ന പുണ്യപ്പെടുത്തുന്ന തീക്കനൽ സത്യവിശ്വാസിക്കു നൽകപ്പെടുന്നു.' എന്നു വി. കുർബാന കൊടുക്കുമ്പോൾ പട്ടക്കാരൻ പറയുന്നു.

ചോ. വി. കുർബാന അനുഭവിക്കുമ്പോൾ വിശ്വാസി എങ്ങനെ പ്രാർത്ഥിക്കണം.

ഉ. 'സകലലോകത്തിലും കൂടി ഒതുങ്ങാത്തവനായ ദൈവമേ! നിന്നെ എന്റെ വായിലേക്കു ഞാൻ കൈക്കൊള്ളുന്നു. എന്റെ

ഹൃദയത്തിൽ നിന്നെ ഞാൻ സ്വീകരിക്കുന്നു. എന്റെ ആത്മാവിൽ നീ എഴുന്നെള്ളിവരുന്നുവല്ലോ. എന്നിൽ പാർത്തുകൊള്ളേണമെ. നീ എന്നെ എന്നേക്കും സ്നേഹിച്ചിരിക്കുന്നുവല്ലോ. (യറ 31.3) എന്നേക്കും നിന്നെ ഞാൻ സ്നേഹിച്ചുകൊള്ളാം.എന്നേക്കും നിന്റെ ഇഷ്ടം ഞാൻ പ്രവർത്തിച്ചുകൊള്ളാം. എന്നേക്കും നിന്നെ ഞാൻ ബഹുമാനിച്ചുകൊള്ളാം.' ഇതുപോലെ ഏതെങ്കിലും പ്രാർത്ഥന രഹസ്യമായി ചൊല്ലുന്നതു നല്ലതാണ്.

ചോ. വി. കുർബാന അനുഭവിച്ചു കഴിയുമ്പോൾ നീ എന്തുചെയ്യണം?

ഉ. 'കർത്താവീശോമ്ശിഹാ നീ എന്നിൽ എഴുന്നെള്ളി പാർത്ത് എന്നെ അനുഗ്രഹിച്ചിരിക്കുന്നതിനായി ഞാൻ നിന്നെ സ്തുതിക്കുന്നു. അളവില്ലാത്ത സ്നേഹമുള്ള കർത്താവേ! നിനക്കു സ്തുതി. എന്നെ ശുദ്ധീകരിപ്പാൻ നിനക്ക് തിരുവിഷ്ടമുണ്ടായല്ലൊ നീ എന്റെ പുരയ്ക്കകത്തു വരുവാൻ ഞാൻ യോഗ്യനല്ല. നിന്റെ അളവറ്റ സ്നേഹത്തിന് സ്തോത്രം. നിന്നോടുള്ള പരിശുദ്ധമായ സ്നേഹസംസർഗ്ഗത്തിൽ എന്നെ എപ്പോഴും നിലനിർത്തി കൊള്ളേണമെ'-എന്നിങ്ങനെസ്തോത്രം ചെയ്യണം.

ചോ. വി. കുർബാന കൈക്കൊണ്ടതിനു ശേഷം സ്തോത്രം ചെയ്യുന്നതു കൂടാതെ നീ എന്ത് ചെയ്യണം?

ഉ. വി. കുർബ്ബാന കൈക്കൊള്ളുന്നതിനുമുമ്പ് ഏതൊരു പ്രത്യേക സംഗതി കർത്താവിന്റെ അടുക്കൽ നീ അപേക്ഷിച്ചുവോ അതിനെ ഒന്നുകൂടെ ആവർത്തിക്കണം. 1. ഏതെങ്കിലും പാപത്തെ ജയിക്കാനുള്ള ശക്തി. 2. ഏതെങ്കിലും പുണ്യനടപടി പരിശീലിക്കുന്നതിനുള്ള ശക്തി. 3. ആർക്കെങ്കിലും വേണ്ടിയുള്ള മദ്ധ്യസ്ഥത. 4. ഏതെങ്കിലും കരുണലഭിച്ചതിനെക്കുറിച്ചുള്ള സ്തോത്രം. ഇവിയിൽ ഏതെങ്കിലും വി. കുർബാനയുടെ ശക്തിയാൽ വളർന്നു നിലനിൽപ്പാൻ അപേക്ഷിക്കണം.

ചോ. ദേവാലയത്തിൽ നീ എങ്ങനെയാണ് പെരുമാറേണ്ടത്?

ഉ. ഈശോമ്ശിഹാ വി.കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന സിംഹാസനമാകുന്നു വിശുദ്ധ ത്രോണോസ്. വിശുദ്ധ ത്രോണോസിങ്കലേക്കു നീ ശ്രദ്ധപതിച്ചു യേശുമ്ശിഹായെ നീ

വന്ദിച്ചുകൊണ്ട് കൈകൾ കൂപ്പി തലകുനിച്ചു വണക്കത്തോടു കൂടി നിൽക്കണം. പള്ളിയിൽവച്ചു അങ്ങോട്ടുമിങ്ങോട്ടും നോക്കരുത്. തമ്മിൽ തമ്മിൽ സംസാരിക്കരുത്, ചിരിക്കരുത്, പട്ടക്കാരനോടു അത്യാവശ്യമായ വല്ലതും പറയേണ്ടിവന്നാൽ ദൈവസന്നിധിയെപ്പറ്റിയുള്ള ബോധത്തോടുകൂടി ഏറ്റവും താണസ്വരത്തിൽ ഭക്തിപൂർവ്വം മാത്രമേ പറയാവൂ. ദൈവാലയത്തിൽ വെച്ചു അങ്ങോട്ടുമിങ്ങോട്ടും നടക്കരുത്. പരസ്യാരാധനയ്ക്കു മുൻപും പിൻപും ദൈവാലയത്തിൽ കഴിച്ചുകൂട്ടുന്നതിനു നിനക്കു അവസരം ലഭിക്കുന്ന പക്ഷം ആ സമയത്തു ദൈവസംസർഗത്തിൽ മാത്രമേ ഇരിക്കാവൂ. എന്തെങ്കിലും സംസാരിക്കേണ്ട ആവശ്യം ഉണ്ടായാൽ ദൈവാലയത്തിൽ നിന്നു പുറത്തിറങ്ങി സംസാരിക്കണം.

ചോ. പട്ടക്കാരന്റെ കയ്യിൽ നിന്നും നീ വി. കുർബാന അനുഭവിക്കുമ്പോൾ നിനക്കു ലഭിക്കുന്നതു മ്ശിഹായുടെ തിരുശരീരരക്തങ്ങൾ തന്നെയാണൊ? നേരെമറിച്ചു തിരുശരീരരക്തങ്ങളുടെ ഏതെങ്കിലും സ്മാരകമോ. ഛായാപടമോ, അടയാളമോ ആകുന്നുവോ?

ഉ. ഞാൻ വിശുദ്ധ കുർബ്ബാന അനുഭവിക്കുമ്പോൾ എനിക്കുലഭിക്കുന്നതു കർത്താവേശുമ്ശിഹായുടെ തിരുശരീരരക്തത്തിന്റെ സ്മാരകമല്ല, ഛായാപടമല്ല, ഏതെങ്കിലും അടയാളമല്ല, എന്നാൽ വി. കുർബാനയിൽ എനിക്കു ലഭിക്കുന്നതു സത്യമായും വാസ്തവമായും ഈശോമ്ശിഹായുടെ സാക്ഷാൽ തിരുശരീരരക്തങ്ങൾ തന്നെയാകുന്നു.

ഉ. ഒരു പുരുഷനും അയാളുടെ ഛായാപടവും രണ്ടാണ്. ഛായാപടത്തിൽ ആ പുരുഷൻ അധിവസിക്കുന്നില്ല. എന്നാൽ കുർബാനയിൽ മ്ശിഹാ അധിവസിക്കുന്നു. അതിനാൽ വി.കുർബാന ഈശോമ്ശിഹായുടെ തിരുശരീരരക്തങ്ങളുടെ ഛായാപടമല്ല വൃക്ഷം വേറെയും അതിന്റെ നിഴൽ വേറെയും ആയിരിക്കുന്ന പ്രകാരം വി. കുർബാന മ്ശിഹായുടെ തിരുശരീരരക്തങ്ങളുടെ നിഴൽ അല്ല. വി.കുർബാന മ്ശിഹായുടെ തിരുശരീരരക്തങ്ങളുടെ ഏതെങ്കിലും അടയാളം അല്ല. നേരെ മറിച്ച് വി. കുർബാന വാസ്തവമായും സത്യമായും പൂർണ്ണമായും മ്ശിഹായുടെ യഥാർത്ഥമായ തിരുശരീരവും തിരുരക്തവും ആകുന്നു.

ചോ. വി. കുർബാനയിൽ മ്ശിഹായുടെ സാക്ഷാലുള്ള തിരുശരീരവും തിരുരക്തവും ഉണ്ട് എന്നു പറയുന്നതുകൊണ്ടു ഈശോമ്ശിഹാ വാസ്തവമായും സത്യമായും ആത്മീയമായും പൂർണ്ണമായും വി. കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്നു എന്നാണോ അർത്ഥമാക്കുന്നത്?

ഉ. അതേ ഈശോമ്ശിഹാ വാസ്തവമായും സത്യമായും ആത്മീയമായും പൂർണ്ണമായി വി. കുർബാനയിൽ യഥാർത്ഥത്തിൽ എഴുന്നെള്ളിയിരിക്കുന്നു.

ചോ. വി. കുർബാന അനുഷ്ഠിച്ചു കഴിയുമ്പോൾ ഈശോമ്ശിഹാ അതിൽ കൂദാശ രൂപത്തിൽ എഴുന്നെള്ളിയിട്ടുണ്ടോ?

ഉ. വി. കുർബാന അനുഷ്ഠിച്ചുകഴിയുമ്പോൾ ഈശോമ്ശിഹാ അതിൽ കൂദാശരൂപത്തിൽ എഴുന്നെള്ളിയിരിക്കുന്നു.

ചോ. "കൂദാശരൂപത്തിൽ" എന്നുപറഞ്ഞാൽ അർത്ഥം എന്ത്?

ഉ. അപ്പത്തിലും വീഞ്ഞിലും അപ്രത്യക്ഷമായി മ്ശിഹായുടെ ശരീരരക്തങ്ങൾ ഇരിക്കുന്നതിനു "കൂദാശരൂപത്തിൽ" ഇരിക്കുന്നു എന്നുപറയുന്നു.

ചോ. പട്ടക്കാരൻ കാസായും പീലാസായുംകൊണ്ട് മദ്ബഹായിൽ പടിഞ്ഞാറോട്ടു വരുമ്പോൾ ആരാണ് പടിഞ്ഞാറോട്ടു വരുന്നത്?

ഉ. കാസായിലും പീലാസായിലും കൂദാശരൂപത്തിൽ എഴുന്നെള്ളിയിരിക്കുന്നവനായ മ്ശിഹാ തന്റെ മക്കളെ കാണുന്നതിനും അവർക്കു സ്നേഹചുംബനം കൊടുക്കുന്നതിനും അവരുടെ കുർബാനാനുഭവം മൂലം അവരിൽ എഴുന്നെള്ളിപാർക്കുന്നതിനും, അവരെ അനുഗ്രഹിക്കുന്നതിനും, പുണ്യപ്പെടുത്തുന്നതിനുമായി തന്റെ മക്കളുടെ അടുക്കലേക്ക് എഴുന്നെള്ളി വരികയാകുന്നു.

ചോ. വിശ്വാസികൾ വി. കുർബ്ബാന അനുഭവിക്കുന്നത് എപ്പോഴാകുന്നു?

ഉ. വി. കുർബ്ബാനയുടെ അവസാനഘട്ടത്തിൽ "ദൈവപുത്രാ നിന്റെ ദാസന്മാർക്ക് നിന്റെ ബലിപീഠത്തിൽനിന്നും പുണ്യം ഇറങ്ങേണമെ" എന്നുള്ള പ്രാർത്ഥനയോടുകൂടി പട്ടക്കാരൻ കാസായും പീലാസായും കൊണ്ടു പടിഞ്ഞാറോട്ടു വരുന്ന സമയം വിശ്വാ

സികൾക്കു വി. കുർബാന കൊടുക്കുന്നതിനുള്ള സമയമാകുന്നു. എന്നാൽ വി. കുർബാന കൈക്കൊള്ളുന്നവരുടെ സംഖ്യ കുറയുകയും കുർബാനകാണ്മാൻ മാത്രം വരുന്നവരായ ആരാധകന്മാരുടെ സംഖ്യവർദ്ധിക്കുകയും ചെയ്തിരിക്കുന്നതിനാൽ കുർബാന അനുഭവിക്കാത്തവരുടെ ഭക്തിക്കുറവ് നിമിത്തം കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന മ്ശിഹായുടെ മുൻപിൽ അനാദരവായും അലക്ഷ്യമായും വിശ്വാസികൾ പെരുമാറിപ്പോകുവാൻ എളുപ്പമുണ്ട്. അതിനാൽ കുർബാന മുഴുവൻ അവസാനിച്ചശേഷം കുർബാന കൊടുക്കുന്നതായ സമ്പ്രദായം നടപ്പിൽ വന്നിരിക്കുന്നു.

✵✵✵✵

## എട്ടാം അദ്ധ്യായം

# വി. കുർബാന – പൂജാവന്ദനയും ആരാധനയും

ചോ. വി. കുർബ്ബാനയിൽ എഴുന്നെള്ളിയിരിക്കുന്ന യേശുമ്ശിഹാ ദൈവമായിട്ടൊ മനുഷ്യനായിട്ടൊ എഴുന്നെള്ളിയിരിക്കുന്നത്?

ഉ. യേശുമ്ശിഹാ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുന്നു. തന്റെ ദൈവത്വം എവിടെ ഉണ്ടോ അവിടെ തന്റെ മനുഷ്യത്വവുമുണ്ട്. യേശുമിശിഹായുടെ മനുഷ്യത്വം എവിടെ ഉണ്ടോ അവിടെ തന്റെ ദൈവത്വവുമുണ്ട്. വി. കുർബ്ബാനയിൽ ഈശോമ്ശിഹായുടെ തിരുശരീരവും തിരുരക്തവുമുണ്ട്. അതായത് യേശുമ്ശിഹായുടെ മനുഷ്യത്വം വി. കുർബ്ബാനയിലുണ്ട്. യേശുമ്ശിഹായുടെ മനുഷ്യത്വമുള്ള സ്ഥലത്തെല്ലാം തന്റെ ദൈവത്വംകൂടി ഉള്ളതുകൊണ്ടു വി. കുർബാനയിൽ ഈശോമ്ശിഹായുടെ ദൈവത്വവും മനുഷ്യത്വവുമുണ്ട്. ചുരുക്കിപറഞ്ഞാൽ പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമായ യേശുമ്ശിഹാ വി. കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്നു.

ചോ. വി. കുർബാനയുടെ മുൻപിൽ നമസ്കരിച്ചു കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന യേശുമ്ശിഹായെ വന്ദിക്കുന്നത് ശരിയാണോ?

ഉ. വി. കുർബാനയുടെ മുൻപിൽ നമസ്കരിക്കയും കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമായ യേശുമ്ശിഹായ്ക്കു വന്ദനവും ആരാധനയും കഴിക്കയും ചെയ്യുന്നതു ശരിയാണ്. അങ്ങനെ കഴിക്കേണ്ടതുമാണ്.

ചോ. വി. കുർബാനയുടെ മുമ്പിൽ കുമ്പിടുകയും വന്ദിക്കയും നമസ്കരിക്കയും ചെയ്യുന്നത് വിഗ്രഹാരാധനയാണോ?

ഉ. വി. കുർബ്ബാനയുടെ മുമ്പിൽ കുമ്പിടുകയും വന്ദിക്കയും ചെയ്യുന്നത് വി. കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന യേശുമ്ശിഹായുടെ മുമ്പിൽ കുമ്പിടുകയും വന്ദിക്കയും ആകകൊണ്ടു അതു വിഗ്രഹാരാധനയല്ല. പിന്നെയോ, ദൈവത്തിന്റെ മഹത്വത്തിനു എത്രയും ചേർന്നതും ദൈവത്തിനു എത്രയും സ്വീകാര്യവുമായ ദൈവാരാധനയാകുന്നു. വെളി. 5, 8, 12. 1 നാളാ 16 37. 2 ശമു 6, 15, 16.

വി. കുർബാന ത്രോണോസിന്മേൽ എഴുന്നെള്ളിച്ചുവച്ചിരിക്കുമ്പോൾ വിശ്വാസികൾക്കു ധ്യാനിപ്പാൻതക്കവണ്ണമുള്ള ചില സംഗതികൾ താഴെചേർക്കുന്നു. "പിതാവായ ദൈവമേ! നിന്നെ നിരപ്പാക്കുന്ന ബലിയായ നിന്റെ ഏക പുത്രൻ ഇതാ! ഇവനെ നീ നോക്കിക്കാണണമേ. എന്നെ വീണ്ടെടുപ്പാനായി മരിച്ചവനായ ഈ ഏകപുത്രനെ നീ കടാക്ഷിക്കേണമേ. സ്വർഗ്ഗത്തിൽ അർപ്പിക്കപ്പെട്ടിട്ടുള്ളവനായി ഈ കുർബാനയിൽ നിനക്കു യാഗമായി അർപ്പിക്കപ്പെട്ടിരിക്കുന്ന ഈ നിന്റെ ഏകപുത്രൻ മുഖാന്തരം എന്നെ നീ പുണ്യപ്പെടുത്തേണമെ. എന്റെ ഇന്ന - (നീ ജയിക്കാൻ തുടങ്ങുന്ന പാപത്തിന്റെ പേരുപറയുക) പാപത്തിൽ നിന്നു എനിക്കു പൂർണ്ണജയം നീ തരേണമെ. എന്റെ ഇന്ന (നീ പരിശീലിക്കാൻ തുടങ്ങുന്ന പുണ്യത്തിന്റെ പേരുപറയുക.) പുണ്യത്തെ ഞാൻ പരിശീലിപ്പാൻ  നിന്റെ ഏകപുത്രന്റെ ഈ യാഗം നിമിത്തം എന്നെ ശക്തിപ്പെടുത്തണമെ. ഈ പട്ടക്കാരന്റെ കൈയിൽനിന്നും എന്റെ കയ്യിൽ നിന്നും ഈ അർപ്പിതത്തെ നീ കൈക്കൊണ്ട് ഈ കുർബാനയെ സ്വീകരിച്ച് എന്നോടു നിരപ്പാകേണമെ. മഹത്വമുള്ളവനായ നിന്റെ തിരുമുൻപിൽ ഞാൻ ചെയ്തിട്ടുള്ള പാപങ്ങളെ നീ ഓർക്കരുതേ. തേജസ്സുള്ളവനായ നിനക്കു വിരോധമായി ഞാൻ ചെയ്തിട്ടുള്ള അന്ധകാരപ്രവൃത്തികളെ നീ മറക്കേണമേ!

ഗോഗുൽത്താമലമേൽ അന്യായക്കാരുടെ കൈകൊണ്ടു ചൊരിഞ്ഞതായ ആ രക്തം, ഇതാ ഈ കുർബാനയിൽ പിതാവേ! നിന്റെ മുൻപാകെ യാഗമായി അർപ്പിക്കപ്പെട്ടിരിക്കുന്നു.

ഹാബേലിന്റെ രക്തം പ്രതികാരത്തെ അപേക്ഷിച്ചു. എന്നാൽ മ്ശിഹായുടെ രക്തം ഈ കുർബാനയിൽ നിന്നോട് അപേക്ഷിക്കുന്നത്, പാപിയായ എന്നോടു നീ ക്ഷമിച്ച് എന്നെ പുണ്യപ്പെടുത്തേണമെ എന്നാകുന്നുവല്ലോ. ഈ കാസായിൽ അർപ്പിക്കപ്പെട്ടിരിക്കുന്ന ഈ രക്തം നിമിത്തം എന്റെ അപേക്ഷയെ നീ കേൾക്കേണമെ. കർത്താവേ! എന്റെ പാപത്തേയും നിന്റെ കരുണയേയും ഒരു തുലാസിന്റെ രണ്ടുതട്ടങ്ങളായി വയ്ക്കുന്നതായാൽ നിന്റെ കരുണ എത്രയോ അധികം തൂക്കമേറിയതായി കാണപ്പെടും. പർവ്വതങ്ങളെക്കാൾ അധികം ഘനമേറിയതായി നിന്റെ കരുണ കാണപ്പെടുമല്ലോ.

പിതാവായ ദൈവമേ: എന്റെ പാപങ്ങളെ നീ സൂക്ഷിക്കേണമേ. അതോടുകൂടെ എന്റെ പാപത്തിന്റെ പരിഹാരത്തിനായി അർപ്പിക്കപ്പെട്ടിട്ടുള്ള ഈ യാഗത്തേയും നീ സൂക്ഷിച്ചുനോക്കേണമേ. ഞാൻ പാപം ചെയ്തുപോയതുകൊണ്ട് നിന്റെ ഏകപുത്രൻ ആണികളാൽ തറയ്ക്കപ്പെട്ടു. കുന്തംകൊണ്ട് കുത്തേറ്റു. പിതാവേ! നിന്നെ എന്നോടു നിരപ്പാക്കുവാൻ അവന്റെ കഷ്ടപ്പാടുകൾ മതിയാകുന്നുവല്ലോ. നിന്റെ ഏക പുത്രന്റെ കഷ്ടപ്പാടുകളാൽ ഞാൻ ജീവിക്കുമാറാകണമെ.

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി തന്റെ ഏകപുത്രനെ ഏൽപ്പിച്ചുകൊടുത്തവനായ പിതാവായ ദൈവമേ! നിനക്കു സ്തുതി. കുരിശിന്മേൽ മരിച്ച് ഞങ്ങൾ എല്ലാവർക്കും ജീവൻ സമ്പാദിച്ചവനായ പുത്രനായ ദൈവമേ! നിനക്കു വന്ദനം. ഞങ്ങളുടെ രക്ഷയുടെ മർമ്മത്തെ ആരംഭിക്കയും അവസാനിപ്പിക്കുകയും ചെയ്തിട്ടുള്ള റൂഹായായ ദൈവമേ നിനക്കു സ്തോത്രം.

✲✲✲✲

## ഒൻപതാം അദ്ധ്യായം

# വി. കുർബാന നിമിത്തമുള്ള അനുഗ്രഹങ്ങൾ

ചോ. വിശുദ്ധ കുർബാന അനുഭവിക്കുന്നതിനാൽ ലഭിക്കുന്ന നന്മകൾ എന്തെല്ലാമാകുന്നു?

ഉ. (1) വേണ്ടപോലെയുള്ള ഒരുക്കത്തോടുകൂടി വിശുദ്ധകുർബാന അനുഭവിക്കുന്നവർക്ക് പാപമോചനം ലഭിക്കുന്നു. മത്താ 26. 28

(2) വേണ്ടപോലെയുള്ള ഒരുക്കത്തോടുകൂടി വി.കുർബാന അനുഭവിക്കുന്നവർക്ക് ആത്മാവിന് പുതുക്കവും ശക്തിയും ലഭിക്കുന്നു. 2 കൊറി. 4: 16, ഏശ. 41:1, 1കൊറി. 1: 24, 2 കൊറി. 4,7

(3) വേണ്ടപോലെയുള്ള ഒരുക്കത്തോടുകൂടി വി.കുർബാന അനുഭവിക്കുന്നവർക്ക് കൃപയും സ്വർഗ്ഗീയമായ അനുഗ്രഹവും ലഭിക്കുന്നു, റോമ 12: 6, യോഹ 1: 17 സങ്കീ. 4: 5, 2

(4) വേണ്ടപോലെയുള്ള ഒരുക്കത്തോടുകൂടി വി.കുർബാന അനുഭവിക്കുന്നവർ മിശിഹായുടെ ഏകശരീരമായി ഒട്ടിച്ചേരുകയും മിശിഹാ അവരിലും അവർ മിശിഹായിലും പാർക്കുന്നതിന് ഇടയാകുകയും ചെയ്യും (യോഹ. 6:56)

(5) വേണ്ടപ്രകാരമുള്ള ഒരുക്കത്തോടുകൂടി വി.കുർബാന അനുഭവിക്കുന്നവർ ആത്മാവിനു സമാധാനത്തേയും സ്വർഗ്ഗീയ ആശ്വാസത്തേയും സമ്പാദിക്കുന്നു. കൊളേ. 1:20, കൊളോ. 3: 52

(6) വേണ്ടപ്രകാരമുള്ള ഒരുക്കത്തോടുകൂടി വി.കുർബാന അനുഭവിക്കുന്നവർ മഹത്വത്തിനായുള്ള ഉയിർപ്പിന്റെ അച്ചാരത്തെ സമ്പാദിക്കുന്നു. (യോഹ 6:54)

(7) വേണ്ടപ്രകാരമുള്ള ഒരുക്കത്തോടുകൂടി വി.കുർബാന അനുഭവിക്കുന്നവർ ഈ ലോകത്തിൽവച്ചു നിത്യജീവനെ രുചിച്ചു നോക്കുന്നു. യോഹ. 6:64, 58

ചോ. വി. കുർബാന അനുഭവിക്കുന്നതിനാൽ നമ്മുടെ ശരീരത്തിനു കിട്ടുന്ന ഗുണം എന്താകുന്നു?

ഉ. നിത്യജീവന്നായും മഹത്വത്തിന്റെ ഉയിർത്തെഴുന്നേല്പിന്നായും നമ്മുടെ ശരീരം വി.കുർബാന മൂലം ദൈവത്തിന്റെ അടുക്കൽ സൂക്ഷിക്കപ്പെടുന്നു യോഹ. 6:54

ചോ. വി. കുർബാന അനുഭവിക്കുന്നതിനാൽ ആത്മാവിനുണ്ടാകുന്ന ഫലം എന്ത്?

ഉ. ശരിയാംവണ്ണമുള്ള ഭക്ഷണപാനീയംകൊണ്ട് ശരീരത്തിനുണ്ടാകുന്ന നന്മ ഏതോ അതുപോലെ വി.കുർബാനാനുഭവം നിമിത്തം ആത്മാവിനു ഭക്ഷണവും ആരോഗ്യവും ശക്തിയും കിട്ടുന്നു. യോഹ. 6: 35:48

ചോ. നമ്മുടെ ശരീരത്തിനു ഭക്ഷണപാനീയങ്ങൾ കിട്ടാതെയിരുന്നാൽ എന്തുസംഭവിക്കും?

ഉ. നമ്മുടെ ശരീരത്തിനു ഭക്ഷണപാനീയം കിട്ടാതെയിരുന്നാൽ ശരീരം ക്ഷീണിക്കുകയും പട്ടിണികൊണ്ട് മരണം ഉണ്ടാകയും ചെയ്യും. 6: 51, 55

ചോ. വി. കുർബാന അനുഭവിക്കാതെയിരിക്കുന്ന ആത്മാവിന് എന്തു സംഭവിക്കും?

ഉ. യോഗ്യമാംവണ്ണം വി. കുർബാന അനുഭവിക്കാത്ത ആത്മാവ് ക്ഷീണിച്ചു തളർന്നുപോകും.

ചോ. എപ്പോഴെല്ലാം നാം വി. കുർബാന അനുഭവിക്കണം?

ഉ. കുറഞ്ഞപക്ഷം ആണ്ടിൽ മൂന്നുപ്രാവശ്യം നാം വി. കുർബാന അനുഭവിക്കണം. അതിൽ ഒന്നു പെസഹാവ്യാഴാഴ്ച ആയിരിക്കണം. എല്ലാ നോമ്പിലും വി. കുർബാന അനുഭവിക്കുന്നത് നന്ന്. നാൽപ്പതു ദിവസത്തിൽ ഒരിക്കലെങ്കിലും വി. കുർബാന അനുഭവിക്കാത്തവനെ വി. സഭയിൽനിന്ന് വേർതിരിക്കണമെന്ന്

ഹൂദായകാനോനിൽ പറയുന്നു. മാസത്തിൽ ഒരിക്കലൊ, രണ്ടാഴ്ചയിൽ ഒരിക്കലൊ വി. കുർബാന അനുഭവിക്കുന്നത് നന്ന്. വി. പിതാവായ മാർ ബസേലിയോസ് ആഴ്ചയിൽ നാലുദിവസം വീതം വി. കുർബാന അനുഭവിച്ചുവന്നു, അപ്പോസ്തോലകാലത്തു ദിവസംതോറും വി. കുർബാന അനുഭവിക്കുന്ന പതിവുണ്ടായിരുന്നു.

ചോ. തുടരെത്തുടരെ വി. കുർബാന അനുഭവിക്കുന്നതിനാൽ വല്ല ദോഷവും ഉണ്ടാകുമോ?

ഉ. തുടരെ വി. കുർബാന അനുഭവിക്കാൻ തക്കവണ്ണം തങ്ങളെ വിശുദ്ധിയിൽ നിലനിർത്തി വളർത്തുവാൻ പൂർണ്ണശക്തിയോടുകൂടെ ഉത്സാഹിക്കാതിരിക്കുന്നവർ അഭക്തിയായി കുർബാന കൈക്കൊൾവാൻ ഇടയാകുന്നതും കുർബാനയിൽ നിന്ന് എടുക്കേണ്ടതായ പുണ്യത്തെയും ആത്മീയ ശക്തിയേയും എടുക്കുന്നതിന് അവർക്ക് സാധിക്കാതെ പോകുന്നതും തന്നിമിത്തം കുർബാനാനുഭവം കേവലം ഭക്തിയുടെ വേഷമായി പരിണമിക്കുന്നതുമാകുന്നു. അതുകൊണ്ട് തുടരെ വി. കുർബാന അനുഭവിപ്പാൻ തക്കവണ്ണമുള്ള നിലയിൽ ഏറ്റവം ശുഷ്കാന്തിയോടുകൂടി ഒരുങ്ങേണ്ടതും അങ്ങനെ ഒരുങ്ങുകയും നന്നായി ശ്രമിക്കുകയും ചെയ്യുന്നവർ മിശിഹായുടെ ജീവനേയും ശക്തിയേയും സമ്പാദിപ്പാൻ തക്കവണ്ണം തുടരെ വി. കുർബാന കൈക്കൊള്ളേണ്ടതുമാകുന്നു.

ചോ. അറിഞ്ഞുംകൊണ്ട് യാതൊരു പാപവും ചെയ്യാതെ ജീവിക്കുന്നതിന് ദൈവകൃപയാൽ സാധിക്കുന്ന കാലത്തു തുടരെ വി. കുർബാന കൈക്കൊള്ളാമോ?

ഉ. അറിഞ്ഞുകൊണ്ട് യാതൊരു പാപവും ചെയ്യാതെ യേശുമിശിഹായുടെ സ്നേഹത്തിന്റെ മേൽ മധുരത്തെ അനുഭവിച്ചുകൊണ്ടു ജീവിപ്പാൻ കഴിയുന്നകാലത്തു പ്രത്യേകിച്ചു കുമ്പസാരം കൂടാതെ പട്ടക്കാരന്റെ അടുക്കൽനിന്നും ഹൂസായ വാങ്ങിയശേഷം വി. കുർബാന അനുഭവിക്കാവുന്നതാണ്. പാപം ഒഴിഞ്ഞുജീവിക്കുന്നതിന് തുടരെയുള്ള കുർബാനാനുഭവം വളരെ സഹായിക്കുന്നതുമാകുന്നു.

ചോ. അറിഞ്ഞുകൊണ്ടു യാതൊരു പാപവും ചെയ്തിട്ടില്ലാത്തപ്പോഴും ഏറ്റുപറവാൻ യാതൊരുപാപവും ഉള്ളതായി മനഃസാക്ഷി ബോധപ്പെടുത്താതെ ഇരിക്കുമ്പോഴും ഒരുവൻ വി. കുർബാന കൈക്കൊൾവാൻ ആഗ്രഹിക്കുന്നതായാൽ ആ സമയം പട്ടക്കാരനിൽനിന്നു ഹൂസായ സമ്പാദിച്ചിട്ടു വി. കുർബാന കൈക്കൊള്ളണമെന്നു നിർബന്ധമുണ്ടോ?

ഉ. അറിയാതെയുള്ളതൊ ഓർമ്മയിൽ വരാത്തതൊ ആയ പാപങ്ങൾക്കു പരിഹാരം ഉണ്ടാകുവാനായി ഹൂസായ സമ്പാദിക്കയും അതിന്റെശേഷം വി. കുർബാന അനുഭവിക്കയും ചെയ്യേണ്ടതാകുന്നു.

✵✵✵✵

## പത്താം അദ്ധ്യായം

# വി. കുർബാന അനുഭവിക്കുന്നതിനുള്ള ഒരുക്കം

ചോ. ഒരുവൻ വി. കുർബാന അനുഭവിക്കുന്നതിന് അവന് എന്തെല്ലാം യോഗ്യതകൾ ഉണ്ടായിരിക്കണം?

ഉ. വി. കുർബാന അനുഭവിപ്പാൻ ഒരുങ്ങുന്നവൻ വി. മാമ്മോദീസായും വി. മൂറോൻ അഭിഷേകവും സമ്പാദിച്ചവൻ ആയിരിക്കണം.

ചോ. മാമ്മോദീസായും മൂറോൻ അഭിഷേകവും സ്വീകരിച്ചിട്ടുള്ളവനു മാത്രം വി. കുർബാന കൊടുക്കാമെന്നുവച്ചിരിക്കുന്നതു എന്തു കൊണ്ട്?

ഉ. മാമോദീസാ കൈക്കൊള്ളുന്നവന് അത് വീണ്ടും ജനനത്തെ നൽകുന്നു. മാമോദീസാകൊണ്ട് വീണ്ടും ജനിച്ച ആത്മാവിനു മൂറോൻ അഭിഷേകം പരിശുദ്ധാത്മാവിനെ ദാനം ചെയ്യുന്നു. (യോഹ. 3:3 6) ദൈവത്തിൽ നിന്നു ജനിച്ചവനും ദൈവത്തിന്റെ ആത്മാവിനെ വിശ്വസിക്കുന്നവനുമായ വിശ്വാസി ദൈവം കൊടുക്കുന്ന ഭക്ഷണത്തെ അനുഭവിച്ചു ജീവിക്കേണ്ടതാകുന്നു. ആത്മാവിന്റെ ഭക്ഷണമായി ദൈവം കൊടുക്കുന്നതു വി. കുർബാനയാകുന്നു. (യോഹ. 6:35)

ചോ. വി. കുർബാന അനുഭവിക്കുന്നതിനു വേറെ വല്ല ഒരുക്കവും ആവശ്യമുണ്ടോ?

ഉ. മാമ്മോദീസായും മൂറോനാഭിഷേകവും സമ്പാദിച്ചവനായ വിശ്വാസി യാതൊരു പാപവും ചെയ്യാതെയും ദൈവത്തോടുള്ള നിഷ്കളങ്കസ്നേഹത്തിലും ജീവിക്കുന്ന കാലത്തിൽ അവന് കുമ്പസ്സാരം കൂടാതെ വി. കുർബാന അനുഭവിക്കാവുന്നതാകുന്നു.

ചോ. മാമ്മോദീസായും മൂറോനാഭിഷേകവും സമ്പാദിച്ചിട്ടുള്ള ഒരുവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവൻ കുർബാന അനുഭവിക്കുന്നതിനു മുമ്പിൽ കുമ്പസാരിക്കേണ്ട ആവശ്യമുണ്ടോ?

ഉ. ഉണ്ട്. മാമോദീസായും മൂറോനാഭിഷേകവും സമ്പാദിച്ചിട്ടുള്ള ഒരുവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവൻ കുർബാന അനുഭവിക്കുന്നതിനുമുമ്പിൽ അവന്റെ പാപത്തെക്കുറിച്ച് സത്യമായി അനുതപിച്ചു കുമ്പസാരിക്കണം.

ചോ. വി. കുർബാന അയോഗ്യമായി ഭക്ഷിച്ചുകുടിക്കുക എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ്?

ഉ (1) വി. കുർബാന അനുഭവിപ്പാൻ വരുന്ന ആൾ മാമ്മോദീസായാലും മൂറോനാഭിഷേകത്താലും വീണ്ടും ജനനത്തേയും വിശുദ്ധാത്മനൽവരത്തേയും സമ്പാദിച്ചവൻ അല്ലെങ്കിൽ അവൻ അയോഗ്യമായി ഭക്ഷിക്കയാണ്.

(2) അവന്റെ പാപങ്ങളെപ്പറ്റി നല്ലപോലെ പരിശോധന നടത്തുകയും സത്യമായി അനുതപിക്കയും കുമ്പസാരിക്കയും പട്ടക്കാരന്റെ അടുക്കൽനിന്നു ഹൂസായ അനുഭവിക്കയും ചെയ്യാതെ കുർബാനയനുഭവിക്കുന്നതായാൽ അപ്പോൾ അയോഗ്യമായി ഭക്ഷിക്കയാണ്.

(3) കുർബാന അനുഭവിക്കുന്നവൻ വിശുദ്ധിയിലും പുണ്യത്തിലും ഒരു പുതിയ ജീവിതം നയിക്കുന്നതിനു നിശ്ചയിച്ചവനായിരിക്കണം. യേശുമിശിഹാ മുഖാന്തിരം മനുഷ്യവർഗ്ഗത്തിനു സമ്പാദിക്കപ്പെട്ടിട്ടുള്ള രക്ഷയിലും പാപമോചനത്തിനും നിത്യജീവന്നുമായി ലഭിക്കുന്ന സ്വർഗ്ഗീയയാഗമാകുന്ന വി. കുർബാനയിലും, വി.കുർബാനമൂലം സിദ്ധിക്കുന്നതായ അനുഗ്രഹഫലങ്ങളിലും വിശ്വാസമുള്ളവനായിരിക്കണം. അല്ലാത്തവൻ അയോഗ്യമായി ഭക്ഷിക്കുന്നു.

(4) കർത്താവിന്റെ ഓർമ്മയ്ക്കായി അർപ്പിക്കപ്പെടുന്ന യാഗമാകുന്ന വി. കുർബാനയിൽ നന്ദിയോടും സ്തോത്രത്തോടും കൂടെ സംബന്ധിക്കുന്നവനായിരിക്കണം.

(5) യേശുമിശിഹാ സ്നേഹിക്കുന്ന എല്ലാവരോടും പരിശുദ്ധമായ സ്നേഹമുള്ളവനും നിഷ്കളങ്കമായ മനുഷ്യസ്നേഹത്തിൽ നിലനിൽപാൽ നിശ്ചയിച്ചിട്ടുള്ളവനുമായിരിക്കണം.

ചോ. വി. കുർബാന അനുഭവിക്കുന്നവൻ ഏത് നിലയിലുള്ളവനായിരിക്കണം?

ഉ. (1) മാമ്മോദീസായും മൂറോൻ അഭിഷേകവും സമ്പാദിച്ചവനായിരിക്കണം.

(2) സ്വന്തജീവിതത്തെ തന്നെത്താൻ പരിശോധിച്ചിട്ട് അനുതപിക്കയും കുമ്പസാരിക്കയും ചെയ്ത് ഹൂസായ സമ്പാദിച്ചവനായിരിക്കണം.

(3) ജീവനുള്ള വിശ്വാസമുള്ളവനായിരിക്കണം.

(4) യേശുമിശിഹായുടെ ബലിയിൽ ആശ്രയിക്കുന്നവൻ ആയിരിക്കണം.

(5) എല്ലാ മനുഷ്യരേയും സ്നേഹിക്കുന്നവനായിരിക്കണം.

ചോ. വി. കുർബാന കാണ്മാൻ വന്നിട്ടുള്ളവൻ വി. കുർബാനയനുഭവിക്കണമെന്ന് നിർബന്ധമുണ്ടോ?

ഉ. വി. കുർബാന കാണ്മാൻ വരുന്ന അവസരങ്ങളിലെല്ലാം വി. കുർബാനയനുഭവിക്കണമെന്നു നിർബന്ധമില്ല.

ചോ. വി. കുർബാന കാണുന്നതിനു മാമോദീസാ കൈക്കൊണ്ട ഏവനും അവകാശമുണ്ടോ?

ഉ. മാമോദീസാകൈക്കൊണ്ട ഏവനും വി. കുർബാന കാണുന്നതിനവകാശമുണ്ട്.

ചോ. എപ്പോഴെല്ലാം വി. കുർബാന കാണാൻ നിനക്കു ചുമതലയുണ്ട്?

ഉ. എല്ലാ ഞായറാഴ്ചകളിലും മാറാനായ പെരുനാളുകളിലും വി. കുർബാന കാണാൻ എനിക്കു ചുമതലയുണ്ട്.

ചോ. വി. കുർബാന കാണുകയെന്നു പറഞ്ഞാൽ അർത്ഥമെന്ത്?

ഉ. പിതാവും പുത്രനും ശു. റൂഹായും ആയ ദൈവത്തെ വി. കുർബാനയാകുന്ന സ്വർഗ്ഗീയ യാഗംവഴിയായി വന്ദിക്കുകയും പൂജിക്കുകയും ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്ന കർമ്മത്തിനു വി. കുർബാന കാണുകയെന്നു പേർപറയുന്നു.

ചോ. വി. കുർബാന 'കാണുക'യെന്നു പറയുന്നത് എന്തുകൊണ്ട്?

ഉ. ഈശോമിശിഹായുടെ ബലി സ്വർഗ്ഗീയമായ നിത്യരഹസ്യമാകുന്നു. ഈ നിത്യരഹസ്യത്തിൽ വിശ്വാസികളായ നമ്മെ പങ്കുള്ളവരാക്കിത്തീർക്കുമ്പോൾ ദൈവത്തിന്റെ പരമരഹസ്യത്തെ നാം കാണുകയും ദൈവത്തിന്റെ നിത്യസ്നേഹത്തിന് ദൃക്സാക്ഷികളായിത്തീരുകയും തന്നിമിത്തം ദൈവത്തിന്റെ പരമരഹസ്യത്തിന്റെ പ്രവർത്തനത്തിൽ സ്വർഗ്ഗീയ യാഗാർപ്പണത്തിൽ നാം പങ്കുള്ളവരായിത്തീരുകയും ചെയ്യുന്നതുകൊണ്ട് വി. കുർബാനയിൽ പങ്കെടുക്കുന്നതായ കർമ്മത്തിന് വി. കുർബാന കാണുകയെന്നു പേർ പറയുന്നു.

ചോ. വി. കുർബാന കാണുന്നുവെന്നതിന്റെ അർത്ഥം ചുരുക്കത്തിൽ പറയുക?

ഉ. ദൈവത്തിന്റെ പരമരഹസ്യത്തേയും നിത്യസ്നേഹത്തേയും വി. കുർബാനയാകുന്ന യാഗംമൂലം ദൈവം നമുക്കു വെളിപ്പെടുത്തിത്തരുന്നു നാം അതിനെ കാണുകയും തന്മൂലം ആ കർമ്മം വഴിയായി ദൈവത്തെ വന്ദിക്കയും ചെയ്യുന്നു.

ചോ. വി. കുർബാന കാണുമ്പോൾ ഉള്ള നിന്റെ ചുമതലയെ വിവരിക്കുക.

ഉ. താഴെക്കാണുന്ന ഏതെങ്കിലും വിധത്തിൽ ഞാൻ വി. കുർബാനയിൽ സംബന്ധിക്കേണ്ടതാണ്. (1) ദൈവത്തിന്റെ നിത്യസ്നേഹത്തെ മിശിഹായുടെ യാഗാർപ്പണമാകുന്ന വി. കുർബാനവഴിയായി ദൈവം എനിക്കു വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ നിത്യസ്നേഹത്തെ എനിക്ക് തരുന്നു. എന്റെ നിത്യസ്നേഹത്തെ വി. കുർബാനയിൽവച്ച് വി. സഭയോടുകൂടി ഞാനും ദൈവത്തിനു കൊടുക്കണം. (1 യോഹ. 4, 11, 12, എഫെ. 2: 46. എഫെ.5: 25, യോഹ. 3: 16, 13:1)

(2) യേശുമിശിഹായുടെ യാഗം എനിക്കുവേണ്ടിയും സർവ്വലോകത്തിനുവേണ്ടിയും വി. കുർബാനയിൽ അർപ്പിക്കപ്പെടുന്നു. യേശുമിശിഹാ സ്വാർത്ഥത്തെ വെടിഞ്ഞ് മറ്റുള്ളവർക്ക് വേണ്ടി തന്നത്തന്നെ വെറുത്തു തന്നത്തന്നെ മറ്റുള്ളവർക്കുവേണ്ടി ചെലവഴിച്ചു. ഞാനും യേശുമിശിഹായ്ക്കുവേണ്ടിയും അവൻ സ്നേഹിക്കുന്നവരായ അവന്റെ എല്ലാമക്കൾക്കുവേണ്ടിയും

സ്വാർത്ഥതവെടിഞ്ഞ് എന്നെ യേശുമിശിഹായുടെ മഹത്വത്തിനായും മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടിയും ചെലവഴിക്കണം. ഇങ്ങനെ ചെയ്വാനായി വി. കുർബാനകാണുമ്പോൾ യേശുവിന്റെ അടുക്കൽ ഞാൻ പ്രതിജ്ഞ ചെയ്യണം. (യോഹ. 17:19, 13; 34, 15:9, 12).

(3) മനുഷ്യനായിത്തീർന്ന ദൈവപുത്രൻ പിതാവായ ദൈവത്തിന് പരിപൂർണ്ണ വന്ദനവിനേയും ആരാധനയേയും പൂജയേയും കാഴ്ചയണയ്ക്കുന്നവനായി ഞാൻ വി. കുർബാനയിൽ കാണുന്നു. ഞാനും എന്റെ പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും പൂർണ്ണഒരുക്കത്തോടും കൂടി എന്നെക്കൊണ്ട് കഴിയുന്നതിൽ ഏറ്റവും ഉയർന്നതായ വന്ദനവിനേയും പൂജയേയും ആരാധനയേയും എന്റെ ദൈവത്തിനു വി. കുർബാന കാണുമ്പോൾ അർപ്പിക്കണം. (യോഹ. 4: 23, വെളി. 7. 11 11. 16 വെളി. 13, 8: 14:7, എബ്രാ. 1:6, വെളി. 15:4).

(4) യേശുമിശിഹായുടെ തിരുരക്തംകൊണ്ട് വീണ്ടെടുക്കപ്പെട്ടവരായി ശുദ്ധീകരിക്കപ്പെട്ട സകല പുണ്യവാന്മാർക്കുവേണ്ടിയും വി. കുർബാനയിൽ യേശുമിശിഹാ പിതാവായ ദൈവത്തെ സ്തോത്രം ചെയ്യുന്നു. ഞാനും യേശുമിശിഹായോടു ചേർന്ന് ദൈവത്തിങ്കലേക്കു തിരിഞ്ഞവരും തിരിയുന്നവരുമായ എല്ലാവർക്കുവേണ്ടിയും സകല പരിശുദ്ധന്മാർക്കുവേണ്ടിയും ദൈവത്തിനു സ്തോത്രം ചെയ്യണം. വി. കുർബാന കാണുമ്പോൾ ഇതു ചെയ്യേണ്ടതാണ്. (റോമ 7: 25, 1 കൊറി. 1:4, ഫിലി.1: 3: 1, തീമൊ. 1: 12).

(5) ദൈവത്തിൽനിന്നു അകന്നുപോയിരിക്കുന്നവരായ എല്ലാ പാപികളുടെയും ദൈവത്തെ നിഷേധിക്കുന്നവരായ എല്ലാ ദുഷ്ടന്മാരുടെയും അനുതാപത്തിനും മനസ്സുതിരിവിനും വേണ്ടി ഈശോമിശിഹാ തന്നെത്തന്നെ യാഗമായി അർപ്പിച്ചുകൊണ്ട് പിതാവായ ദൈവത്തോട് വി. കുർബാനയിൽ അപേക്ഷിക്കുന്നു. അപ്രകാരംതന്നെ വി. കുർബാന കാണുന്ന ഞാനും ദൈവത്തോടുള്ള സ്നേഹം നിമിത്തം സകല പാപികളും ദുഷ്ടന്മാരും അനുതപിച്ചു ദൈവത്തിങ്കലേക്കു തിരിയുന്നതിനും യേശുമിശിഹായുടെ സ്നേഹത്തെ തിരിച്ചറിയുന്നതിനും അവർക്കു

സംഗതിയാകുന്നതിനുവേണ്ടി വി. കുർബാനവഴിയായി പിതാവായ ദൈവത്തോടു യാചിക്കണം. (ഏശ. 53: 12, ജെറമ. 27: 18, റോമ 8: 34, എബ്രാ. 7:25).

(6) എനിക്കു പ്രത്യേകമായി ദൈവത്തിൽ നിന്നു ലഭിച്ചിട്ടുള്ള കരുണകൾക്കുവേണ്ടി യേശുമിശിഹാ പിതാവായ ദൈവത്തിനു സ്ത്രോത്രം ചെയ്യുന്നു. ഞാൻ അവ ഓരോന്നും ചിന്തിച്ചു നോക്കണം - ശരീരത്തിൽ ആരോഗ്യം, ബുദ്ധിശക്തി, ദൈവവിശ്വാസം, വി. കൂദാശകളുടെ നൽവരം, അനുതാപമുള്ള ഹൃദയം, മാതാപിതാക്കന്മാരുടെ വാത്സല്യം, എന്റെ സ്നേഹിതന്മാർക്കെന്നോടുള്ള ദയ, ഇതേവരെയുള്ള ജീവിതത്തിൽ ഞാൻ ഒഴിഞ്ഞുപോന്നിട്ടുള്ള പരീക്ഷകൾ, കഴിഞ്ഞയാഴ്ചമുഴുവനും ദൈവത്തിൽനിന്നു എനിക്കു ലഭിച്ചതായ അനുഗ്രഹങ്ങൾ, അടുത്തയാഴ്ചയിൽ ഞാൻ ദൈവത്തിൽ നിന്നു സമ്പാദിപ്പാനിരിക്കുന്ന കരുണകൾ ആദിയായ ഓരോന്നിനുംവേണ്ടി യേശുമിശിഹാ എന്നെപ്രതി പിതാവായ ദൈവത്തിനു സ്ത്രോത്രം ചെയ്യുന്നു. ഞാനും വി. കുർബാന കാണുമ്പോൾ ഈ കരുണകൾക്കു വേണ്ടി പിതാവായ ദൈവത്തിനു സ്തോത്രം ചെയ്യണം.

(7) എനിക്കു കഴിഞ്ഞ ജീവിതത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ തക്കതായ എത്ര അവസരങ്ങൾ ഉണ്ടായി. അവയെ എന്തുമാത്രം ഞാൻ നഷ്ടപ്പെടുത്തിക്കളഞ്ഞു. ചിന്തിക്കുക, പശ്ചാത്തപിക്കുക, യേശുമിശിഹാ എന്നെപ്പറ്റി പശ്ചാത്തപിക്കുന്നു. വി. കുർബാനയിൽ അവനെ ഞാൻ കാണുമ്പോൾ, എന്നെപ്പറ്റി പശ്ചാത്തപിക്കണം, ഞാൻ വി. കുർബാനകാണുമ്പോൾ വി. കുർബാനയിൽ യേശുവിന്റെ യാഗാർപ്പണത്തെ കാണുന്നു. വിശുദ്ധിയിലും പുണ്യത്തിലും ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും ശത്രുക്കളോടുള്ള സനേഹത്തിലും ലൂക്കാ 23, 34 ദരിദ്രന്മാരോടും നിസ്സഹായന്മാരോടും ഉള്ള കരുണയിലും അനാഥക്കുഞ്ഞുങ്ങളെക്കുറിച്ചും അരിഷ്ടന്മാരെക്കുറിച്ചും ഉള്ള അനുകമ്പയിലും സൽപ്രവൃത്തികളിലും പ്രതിഷ്ഠാജീവിതത്തിലും ഞാൻ വളർന്നുവരണമെന്നു യേശു ആഗ്രഹിക്കുന്നു. വി. കുർബാനയിൽ അധിവസിച്ചുകൊണ്ട് യേശു ആഗ്രഹിക്കുന്നു. ഞാൻ വി. കുർബാന കാണുമ്പോൾ അവന്റെ ഈ ആഗ്രഹത്തെ കാണണം. എന്നെപ്പറ്റിയുള്ള അവന്റെ ഈ ആഗ്രഹം പൂർണ്ണ

മായി സാധിപ്പാൻ തക്കവണ്ണം എന്നെ അവന്റെ അടുക്കൽ പ്രതിഷ്ഠിച്ചു കൊടുക്കണം. ഈ ദിവസവും ഈ ആഴ്ചയിലും അവൻ ആഗ്രഹിക്കുന്ന പ്രകാരമുള്ള പുണ്യവർദ്ധനവും എനിക്കുണ്ടാകണം. അതിലേക്കായി അവന്റെ അടുക്കൽ എന്നെ പ്രതിഷ്ഠിക്കാതെ ദേവാലയത്തിൽ നിന്നു ഞാൻ പോകരുത്.

ചോ. വി. കുർബാന കാണുകമാത്രം ചെയ്യുന്ന സന്ദർഭങ്ങളിൽ വി. കുർബാനയിൽ നിന്നുള്ള പുണ്യം ലഭിക്കുന്നതെങ്ങനെ?

ഉ. വി. കുർബാന കാണുകമാത്രം ചെയ്യുന്ന സന്ദർഭത്തിൽ ആത്മീയമായി കുർബാനാനുഭവം നടത്തണം.

ചോ. ആത്മീയമായി കുർബാന അനുഭവിക്ക എന്നു പറഞ്ഞാൽ എന്ത്?

ഉ. പട്ടക്കാരന്റെ കയ്യിൽനിന്നു അപ്പവും വീഞ്ഞും വാങ്ങി ഭക്ഷിച്ചിട്ടു വി. കുർബാന അനുഭവിക്കുന്നതിനു കൂദാശരൂപത്തിലുള്ള കുർബാനാനുഭവം എന്നു പറഞ്ഞുവരുന്നു. എന്നാൽ കൂദാശരൂപത്തിൽ അനുഭവിക്കാതെ ധ്യാനംകൊണ്ടും പ്രാർത്ഥനകൊണ്ടും വി. കുർബാനയുടെ പുണ്യത്തെ സമ്പാദിക്കുന്നതിനു ആത്മീയമായ കുർബാനാനുഭവം എന്നു പറയുന്നു.

ചോ. ആത്മീയമായ കുർബാനാനുഭവം എന്തെന്നു വിവരിക്കുക?

ഉ. (1) കുർബാനയിൽ കാസായിലും പീലാസായിലും യേശുമിശിഹായുടെ തിരുശരീരരക്തം ഇരിക്കുന്നു എന്നുള്ള സത്യത്തെ ധ്യാനിച്ചു വിശ്വാസത്തെ ദൃഢപ്പെടുത്തുക.

(2) കൂദാശരൂപത്തിൽ യേശുമിശിഹായുടെ ജീവനെ അനുഭവിപ്പാൻ തക്കവണ്ണം നിനക്കു ഒരുക്കമില്ലാത്തതിനെക്കുറിച്ചു സങ്കടപ്പെടുക.

(3) യേശുമിശിഹായുടെ അതിരറ്റ സ്നേഹം വി. കുർബാന വഴിയായി സർവ്വലോകത്തിലേക്കും കവിഞ്ഞൊഴുകുന്നതിനെ ധ്യാനിച്ച നിന്റെ ആത്മകണ്ണിൻ മുമ്പാകെ യേശുവിന്റെ സ്നേഹത്തെ പ്രത്യക്ഷപ്പെടുത്തുക വെളി. 22.1

(4) യേശുവിന്റെ സ്നേഹം ത്രോണോസിന്മേൽ നിന്നു സർവ്വലോകത്തിലേക്കും കവിഞ്ഞൊഴുകുന്ന കൂട്ടത്തിൽ നിന്റെ അടുക്കലേക്കും ഒഴുകിവരുന്നു എന്നു ധ്യാനിച്ച് ആ സ്നേഹത്തെ നിനക്ക് അനുഭവമാക്കുക. നിന്റെ ആത്മാവിലേക്ക് ആ

സ്നേഹത്തെ വി. കുർബാനയിൽനിന്നു സ്വീകരിക്കുക. വെളി. 22:1

(5) വേറെ ആർക്കെല്ലാം വേണ്ടി ദൈവകരുണയെ അപേക്ഷിച്ചു കൊണ്ട് നീ വി. കുർബാനയിൽ സംബന്ധിക്കുന്നുവൊ അവരോരോരുത്തരുടെയും അടുക്കലേക്കു യേശുവിന്റെ സ്നേഹം ഈ ത്രോണോസിന്മേൽനിന്നു കവിഞ്ഞൊഴുകുന്നു എന്നു ധ്യാനിക്കുക. യേശുവിന്റെ സ്നേഹത്തെ അവർ ഭക്തിയോടെ സ്വീകരിച്ച് എന്നേക്കും യേശുവിനെ സ്നേഹപൂർവ്വം അനുഭവിപ്പാൻ തക്കവണ്ണം അവരെ യേശുവിന്റെ തൃക്കൈയിലേക്കു നീ ഭരമേൽപ്പിച്ചുകൊടുക്കുക. (വിശ്വാസികളായ മരിച്ചവർക്കുവേണ്ടിയുള്ള കുർബാനയും നീ കാണുന്നത് ഇപ്രകാരം ആയിരുന്നാൽ എത്രഭാഗ്യം)

(6) യേശു, പിതാവായ ദൈവത്തിന്റെ അടുക്കൽ തന്നെത്തന്നെ മറ്റുള്ളവർക്കുവേണ്ടി യാഗമായി അർപ്പിച്ചു. നീയും കുർബാന കാണുമ്പോൾ യേശുവിനോടു ചേർന്നു നിന്നെ മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ബലി കഴിപ്പാൻ ദൈവത്തിന്റെ കൈയിൽ ഭരമേല്പിച്ചിട്ട് ആത്മീയ കുർബാനാനുഭവം നടത്തി യേശു നിന്നിൽ മഹത്വപ്പെടുവാൻ സംഗതിയാക്കുക.

(7) കൂദാശരൂപത്തിൽ നീ മുമ്പു വി. കുർബാന അനുഭവിച്ചിട്ടുള്ളവനാകുന്നു. അങ്ങനെ നീ അനുഭവിച്ചിട്ടുള്ളതായ മിശിഹായുടെ തിരുശരീരരക്തങ്ങൾ നിന്റെ ആത്മാവിൽ പാർക്കുന്നു. അങ്ങനെ നീ സമ്പാദിച്ചിട്ടുള്ള യേശുവിന്റെ ജീവനും ശക്തിയും വേണ്ടപോലെ നിന്നിൽ ഫലിക്കാതെ ഇരിക്കുന്നത് നിന്റെ ദൈവസ്നേഹത്തിന്റെ കുറവ് നിമിത്തമാകുന്നു. നിന്റെ ജീവിതം യേശുവിന്റെ ജീവിതംപോലെ പരിശുദ്ധമായി തീർന്നിട്ടില്ല. വി. കുർബാനവഴിയായി യേശുവിന്റെ ജീവനെ സമ്പാദിച്ചിട്ടുള്ള നിനക്ക് അതു സാധിക്കേണ്ടതായിരുന്നു. എന്തുകൊണ്ടു സാധിച്ചില്ല? യേശു സകല മനുഷ്യരേയും സ്നേഹിക്കുന്നു. വി. കുർബാനവഴിയായി യേശുവിന്റെ ജീവൻ നിന്നിൽ ഇരിക്കുന്നതുകൊണ്ട് നീയും യേശുവിനെപ്പോലെ സ്വാർത്ഥത കൂടാതെ സകല മനുഷ്യരേയും സ്നേഹിക്കേണ്ടതാകുന്നു. വി. കുർബാന അനുഭവിച്ചിട്ടുള്ള നിനക്ക് ഇതേവരെ ഇതു സാധിക്കാതെ ഇരുന്നിട്ടുള്ളത് എന്തുകൊണ്ട്?

നിന്നിൽ പാർക്കുന്ന യേശുവിന് പ്രവർത്തിപ്പാൻ, നീ അവസരം കൊടുക്കാതിരുന്നതിനാലല്ലയോ? യേശുവിന് നീ അവസരം കൊടുക്കാതെയിരിക്കുന്നതും നിന്റെ ദൈവസ്നേഹത്തിന്റെ കുറ വല്ലയോ? നിന്റെ ആത്മാവ് നന്നായി ദൈവസ്നേഹമുള്ളതായിത്തീരണം. അപ്പോൾ യേശുവിനു നിന്നിൽ പ്രവർത്തിപ്പാൻ പൂർണ്ണസ്വാതന്ത്ര്യമുണ്ടാകും. വി. കുർബാന വഴിയായി നിന്നിൽ പാർക്കുന്ന യേശു പൂർണ്ണസ്വാതന്ത്ര്യത്തോടും ചൈതന്യത്തോടുംകൂടി നിന്നിൽ പ്രവർത്തിപ്പാൻ തക്കവണ്ണം അവനു സ്വാതന്ത്ര്യം കൊടുപ്പാനായി നിന്റെ ഇടുങ്ങിയ മനസ്സിനെ വിസ്താരപ്പെടുത്തുക. നിന്റെ മനസ്സിനെ ബന്ധിച്ചിരിക്കുന്ന ചങ്ങല ഇന്ന പാപം, കോപശീലം, അസത്യം, ക്ഷമയില്ലായ്മ, പിറുപിറുപ്പ്, തൻകാര്യബുദ്ധി, ദീനരിൽ കരുണയില്ലായ്ക, അസൂയ ആദിയായ നിന്റെ പ്രത്യേകപാപം ഏതാണെന്ന് ഓർക്കുക. ആ പാപമാണ് യേശുവിനെ തടവുകാരനായി നിന്നിൽ പാർപ്പിച്ചുകൊണ്ടിരിക്കുന്നത്. ആ പാപച്ചങ്ങലയെ പൊട്ടിക്കുന്നതിലേക്കായി ത്രോണോസിന്മേൽ ഇരിക്കുന്ന വി. കുർബാനയെ നീ നോക്കുക സ്നേഹം നിറഞ്ഞ യേശുവിന്റെ ശക്തി ത്രോണോസിങ്കൽ നിന്നു നീങ്കലേക്കു വ്യാപിക്കട്ടെ. നിന്റെ പാപച്ചങ്ങലയെ പൊട്ടിക്കട്ടെ. പൂർണ്ണതേജസ്സോടും, മഹത്വത്തോടും പാപത്തിന്മേൽ പൂർണ്ണജയത്തോടുകൂടി യേശു നിന്നിൽ വാഴുവാൻ തക്കവണ്ണം നിന്നെ യേശുവിനെ അധീനനാക്കി കൊടുത്തുകൊണ്ട് ധ്യാനത്താലും പ്രാർത്ഥനയാലും ത്രോണോസിങ്കൽ നിന്നു വി. കുർബാനയുടെ ശക്തിയെ നിങ്കലേക്ക് എടുത്തുകൊള്ളുക.

ചോ. വി. കുർബാനയുടെ മുൻപിൽവച്ചും ആത്മീയമായി വി. കുർബാന അനുഭവിക്കുന്നസമയത്തും കൂദാശവഴിയായി വി. കുർബാന അനുഭവിക്കുന്ന സമയത്തും, അനുഭവിച്ചതുമായ വി. കുർബാനയെ ധ്യാനിക്കുന്ന സമയങ്ങളിലും രഹസ്യപ്രാർത്ഥനയ്ക്കായി ഉപയോഗിക്കാവുന്ന ചില ലഘുപ്രാർത്ഥനകൾ പറയുക?

ഉ. (1) നിനക്കു പലപ്പോഴും ഉണ്ടാകുന്ന പരീക്ഷയെ ഓർക്കുക, "കർത്താവേ! ഇന്ന പരീക്ഷക്ക് (പരീക്ഷയുടെ പേരു പറയുക)

നിന്റെ സ്നേഹത്തിൽനിന്ന് എന്നെ വേർപെടുത്താൻ ശക്തി ഉണ്ടാകരുതെ.”

(2) ഇന്നു നീ അഭ്യസിക്കാൻ വിചാരിക്കുന്ന പുണ്യനടപടിയെ ഓർക്കുക. “കർത്താവ! നിന്നോടുള്ള സ്നേഹത്തെ പ്രതിമാത്രം ഇന്ന നന്മ (പുണ്യനടപടിയുടെ പേരുപറയുക) ചെയ്വാൻ എന്നെ ശക്തിപ്പെടുത്തേണമേ.”

(3) “കർത്താവെ! നിന്നെ എപ്പോഴും ഓർക്കുവാനായി ഞാൻ എന്നെ മറന്നുകളയുന്നതിന് നീ എന്നെ അഭ്യസിപ്പിക്കേണമേ”

(4) “കർത്താവേ! സ്നേഹംമൂലം നിന്നെ അനുസരിപ്പാനായി ഞാൻ എന്നെ ഉപേക്ഷിക്കുന്നതിനു എന്നെ ശീലിപ്പിക്കണമേ?”

(5) “കർത്താവേ നിന്നെ സമ്പാദിപ്പാനായി ഞാൻ എന്നെ നഷ്ടപ്പെടുത്തുവാൻ എന്നെ പഠിപ്പിക്കണമേ”

(6) “കർത്താവേ! നിന്നെ പൂർണ്ണമായി സ്നേഹിക്കുന്നതിനു വേണ്ടി ഞാൻ എന്നെ അശേഷം വെറുക്കുന്നതിന് എന്നെ പഠിപ്പിക്കണമേ”

(7) “കർത്താവേ നിന്നെ മഹത്വപ്പെടുത്തുവാനായി ഞാൻ എന്നെത്തന്നെ താഴ്ത്തുവാൻ എന്നെ ശീലിപ്പിക്കേണമേ”

(8) “കർത്താവേ! നീ ജീവിക്കുന്നതിനുവേണ്ടി - നിന്റെ ജീവൻ പ്രകാശിക്കുന്നതിനുവേണ്ടി - ഞാൻ മരിപ്പാൻ എന്നെ ഒരുക്കേണമേ”

(9) “കർത്താവേ പ്രതിഫലേച്ഛ കൂടാതെ നീ എന്നെ സ്നേഹിച്ചുവല്ലോ. ഞാനും പ്രതിഫലേച്ഛ കൂടാതെ നിന്നെ സ്നേഹിപ്പാൻ എന്നെ അഭ്യസിപ്പിക്കേണമേ.”

(10) “കർത്താവേ! എത്ര മുറിവുകൾ ഏറ്റാലും അവയെ കൂട്ടാക്കാതെ നിനക്കുവേണ്ടി യുദ്ധം ചെയ്വാൻ എന്നെ അഭ്യസിപ്പിക്കേണമേ”

(11) “കർത്താവേ! വിശ്രമം ആഗ്രഹിക്കാതെ നിന്റെ മഹത്വത്തിനായി പ്രയത്നിപ്പാൻ എന്നെ അഭ്യസിപ്പിക്കേണമേ”

(12) "കർത്താവേ എനിക്ക് എന്തു ചേതം വരുമെന്നു കണക്കാക്കി നോക്കാതെ നിനക്കുവേണ്ടി ചെലവിടുവാൻ എന്നെ അഭ്യസിപ്പിക്കേണമേ"

(13) "സ്നേഹസ്വരൂപനായ കർത്താവേ! നിന്റെ സ്നേഹം കൊണ്ട് എന്നെ നിറയ്ക്കേണമേ"

ചോ. മേൽ എഴുതിയ പ്രാർത്ഥനകൾ ഉപയോഗിക്കുന്നതിനുള്ള ഒരു മാർഗ്ഗം പറയുക?

ഉ. മേൽ എഴുതിയിരിക്കുന്നതിൽ ഒരു പ്രാർത്ഥനയെ ഞാൻ തിരഞ്ഞെടുക്കും. അതിനെ ഒരു മണിക്കൂറിൽ 4 പ്രാവശ്യം വീതം ഞാൻ പ്രാർത്ഥിക്കും. ഒരിക്കൽ പ്രാർത്ഥിക്കുമ്പോൾ അരമിനിട്ടു സമയം മാത്രം ഞാൻ പ്രാർത്ഥിക്കും. വി. കുർബാന വഴിയായി എന്നിൽ എഴുന്നെള്ളിയിരിക്കുന്ന യേശുവിന്റെ സ്നേഹം നിറഞ്ഞിരിക്കുന്ന മുഖത്തേക്കു ഞാൻ നോക്കും. അവന്റെ മുഖത്തു എന്റെ ദൃഷ്ടി പതിച്ചുകൊണ്ട് അവന്റെ സ്നേഹത്തെ ഞാൻ തിരിച്ചറിഞ്ഞ് ഈ പ്രാർത്ഥന അവന്റെ അടുക്കൽ ചൊല്ലും. ഒരുപ്രാവശ്യം ഞാൻ പ്രാർത്ഥിക്കുന്നതായ അവസരം മുതൽ യേശുവിന്റെ സ്നേഹം എന്നിൽ തികയുവാൻ തക്കവണ്ണം എന്റെ മനസ്സിനെ വച്ചുകൊണ്ട് എന്റെ വേലയെ ഞാൻ നടത്തും. പഠനത്തെ, വായനയെ, എഴുത്തിനെ, കച്ചവടത്തെ, സംഭാഷണത്തെ, ശരീരാദ്ധ്വാനത്തെ, കൃഷിയെ, മറ്റുള്ളവരോടുള്ള പെരുമാറ്റത്തെ, മറ്റുള്ളവർക്ക് കല്പന കൊടുക്കുന്നതിനെ, എന്റെ മേലധികാരിയുടെ ആജ്ഞയെ കൈയ്ക്കൊള്ളുന്നതിനെ, ഞാൻ ആർക്കുവേണ്ടി വേല ചെയ്യുന്നുവോ ആ ആളിനെ ശുശ്രൂഷിക്കുന്നതിനെ, ഞാൻ ആരോടു സംസാരിക്കുന്നുവൊ (ആ സംഭാഷണത്തെ) - ഇങ്ങനെയുള്ള ഓരോ വേലയേയും (നിന്റെവേല ഏതെന്നു ഓർക്കുക) യേശുവിനോടുള്ള സ്നേഹം നിമിത്തം ഞാൻ ചെയ്യും. യേശു സ്നേഹിക്കുന്ന അവന്റെ മക്കളായ മറ്റുള്ളവരെ സ്നേഹിച്ചുകൊണ്ടു ഞാൻ എന്റെ വേല ചെയ്യും.

ഞാൻ തിരഞ്ഞെടുക്കുന്നതായ പ്രാർത്ഥന, ദിവസത്തിൽ അനേകപ്രാവശ്യം രഹസ്യമായി ഞാൻ ഉപയോഗിക്കും രണ്ടാഴ്ചക്കാലത്തേക്ക് ഒരു പ്രാർത്ഥനതന്നെ ഞാൻ ഉപയോ

ഗിക്കും. ആ പ്രാർത്ഥന ഉപയോഗിക്കുന്ന കാലമെല്ലാം ആ പ്രാർത്ഥനയിൽ പറയുന്നപ്രകാരം യേശുവിനെ സ്നേഹിക്കുന്നതിനു സർവ്വാത്മനാ ഞാൻ പരിശ്രമിക്കും. ഇങ്ങനെ രണ്ടാഴ്ച കഴിയുമ്പോൾ എന്റെ ശ്രമം എത്രമാത്രം ഫലിച്ചു എന്നു ഞാൻ പരിശോധിച്ചുനോക്കുകയും, വേണ്ടിയിരുന്നാൽ രണ്ടാഴ്ചവട്ടത്തേക്കുകൂടി ഈ പ്രാർത്ഥന തന്നെ നന്നായി ഉപയോഗിച്ച് എന്റെ ജീവിതത്തെ ശുദ്ധീകരിക്കുന്നതിനും യേശുവിനെ മഹത്വപ്പെടുത്തുന്നതിനുമായി ശ്രമിക്കുകയും ചെയ്യും.

അതുകഴിയുമ്പോൾ വേറൊരു പ്രാർത്ഥന ഞാൻ തിരഞ്ഞെടുത്തു മേൽ വിവരിച്ച പ്രകാരം ഉപയോഗിക്കും.

ഈ ശ്രമത്തിനിടയ്ക്ക് കുമ്പസാരിക്കുന്നതിനും കൂദാശവഴിയായി വി. കുർബാന കൈക്കൊള്ളുന്നതിനും ഞാൻ ഒരുങ്ങും.

ചോ. കുർബാന അനുഭവിക്കുന്നതിന് മുൻകൂട്ടി ഒരുങ്ങാതെ കുർബാന അനുഭവിക്കുന്നത് ശരിയാണോ?

ഉ. കുർബാന അനുഭവിക്കന്നതിനു മുൻകൂട്ടി ഒരുങ്ങാതെ കുർബാന കൈക്കൊണ്ടു കൂടാത്തതാകുന്നു.

ചോ. കുർബാന കൈക്കൊള്ളുന്നതിനു എത്ര ദിവസം മുമ്പുകൂട്ടി ഒരുങ്ങണം?

ഉ. ഒരാഴ്ച മുൻപുകൂട്ടി ഒരുങ്ങിയാൽ അത്രയ്ക്കു നന്ന്.

ചോ. കുർബാന കൈയ്ക്കൊള്ളുന്നതിനുള്ള ഒരുക്കം എന്ത്?

ഉ. (1) കുർബാന കൈയ്ക്കൊള്ളുന്നതിന്റെ തലേ ആഴ്ച മുഴുവനും ദിവസംതോറും ദിവസത്തിൽ ഒരു പ്രാവശ്യം വീത മെങ്കിലും ഞാൻ അനുഭവിപ്പാൻ പോകുന്ന വി.കുർബാനയെപ്പറ്റി മുൻകൂട്ടി ചിന്തിക്കയും വി.കുർബാനവഴിയായി എന്നിൽ എഴുന്നെള്ളുന്ന യേശുവിനെ പൂർണ്ണമായി സ്നേഹിപ്പാനും സേവിപ്പാനും എന്റെ ഹൃദയത്തെ ഒരുക്കുകയും വേണം.

(2) കുമ്പസാരംകൊണ്ട് എന്റെ പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കുവാൻ ആവശ്യമുള്ള സ്ഥിതിയിൽ ഞാൻ ജീവിക്കുന്നു

വെങ്കിൽ എന്റെ പാപത്തെക്കുറിച്ചു ഞാൻ അനുതപിച്ചു കുമ്പസാരിക്കണം.

ചോ. വി. കുർബാന അയോഗ്യമായി ഭക്ഷിക്കാമോ?

ഉ. വി. കുർബാന അയോഗ്യമായി ഭക്ഷിപ്പാൻ പാടില്ല.

ഉ. അയോഗ്യമായി ഭക്ഷിച്ചു കുടിച്ചാലുള്ള ദോഷം എന്ത്?

ഉ. അയോഗ്യമായി കുർബാന അനുഭവിക്കുന്നവർ യേശു മിശിഹായുടെ സ്നേഹത്തെ തിരിച്ചറിയാതെയും അവന്റെ പരിശുദ്ധതയെ ബഹുമാനിക്കാതെയും വി. കുർബാനയിൽ സംബന്ധിക്കുന്നതുകൊണ്ട് അവർക്കു ശിക്ഷാവിധി യുണ്ടാകുന്നു.

ചോ. വി. കുർബാന അയോഗ്യമായി ഭക്ഷിക്കുന്നതിനാലുള്ള ശിക്ഷാവിധി എന്ത്?

ഉ. അയോഗ്യമായി ഭക്ഷിക്കുന്നവർക്കു ആത്മീയമായോ ശാരീരികമായൊ ഉള്ള ശിക്ഷ ദൈവത്തിൽനിന്നു ഉണ്ടായേക്കാം.

ചോ. വി. കുർബാന ഭക്ഷിക്കുന്നതിനുള്ള ഒരുക്കത്തെപ്പറ്റി പൗലോസുശ്ലീഹാ എന്തുപറയുന്നു.

ഉ. മനുഷ്യൻ തന്നത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പത്തിൽ നിന്നു ഭക്ഷിക്കയും പാനപാത്രത്തിൽനിന്നു കുടിക്കയും ചെയ്വാൻ 1 കൊറി. 11, 28.

ചോ. അയോഗ്യമായി കുർബാന അനുഭവിക്കുന്നതിനെപ്പറ്റി പൗലോസുശ്ലീഹാ എന്തുപറയുന്നു?

ഉ. അതുകൊണ്ട് ആരെങ്കിലും അയോഗ്യമായി അപ്പം ഭക്ഷിക്കയൊ കർത്താവിന്റെ പാനപാത്രം കുടിക്കയൊ ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും കുറ്റമുള്ളവനാകുന്നു.

ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു താൻ ന്യായവിധിയെ ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നു. ഇതു ഹേതുവായിട്ട് നിങ്ങളിൽ പലരും ബലഹീനന്മാരും രോഗികളുമാകുന്നു. അനേകർ നിദ്രകൊള്ളുകയും ചെയ്യുന്നു. 1 കൊറി. 11.27, 29, 30

ചോ. അയോഗ്യമായി വി. കുർബാന അനുഭവിക്കുന്നതിനാൽ ആത്മാവിനുള്ള ദോഷം എന്ത്?

ഉ. അയോഗ്യമായി വി. കുർബാന അനുഭവിക്കുന്ന ആത്മാവു വിശുദ്ധജീവിതത്തിനു ശക്തിയില്ലാത്തതായിത്തീരുന്നു, 1 കൊറി 11; 30.

ചോ. അയോഗ്യമായി കുർബാന അനുഭവിക്കുന്നതിനാൽ ശരീരപ്രകാരം ഉണ്ടാകുന്ന ശിക്ഷ എന്ത്?

ഉ. രോഗവും മരണവും ഉണ്ടാകാവുന്നതാണ് 1 കോറി 11; 30

✵✵✵✵

# 1

# വിശുദ്ധ സംസർഗ്ഗം
## അഥവാ
# കുർബാന ധ്യാനം

പ്രിയ യേശുതമ്പുരാനെ! നിന്റെ തിരുമുമ്പാകെ അടുത്തുവരുന്നതിനു ഞാൻ ലജ്ജിക്കുന്നു. ഞാൻ കാണിച്ചിട്ടുള്ള ബഹുമാനക്കുറവും നന്ദി ഇല്ലാഴികയും നിന്റെ സാന്നിദ്ധ്യം നിമിത്തം എന്റെ ഓർമ്മയിൽ വരുന്നു. ഞങ്ങളുടെ ജനനംമുതൽ വിശുദ്ധ കുർബാനയിൽ നീ ത്രൊണോസിന്മേൽ വസിക്കുന്നുണ്ട്. ഒരു വിനാഴികപോലും നീ അവിടെ ഇല്ലാതിരുന്നിട്ടില്ല. ഞങ്ങളുടെ ആയുസ്സിന്റെ കാൽ, പകുതി മുക്കാൽഭാഗങ്ങൾ ഒക്കെ കഴിഞ്ഞിരിക്കുന്നു. എങ്കിലും എത്ര ചുരുങ്ങിയ അവസരങ്ങളിൽ മാത്രം ഞങ്ങൾ പള്ളിയിൽ വന്നു വിശുദ്ധ ത്രൊണോസിന്മേൽ നിന്നെ കണ്ടിട്ടുണ്ട്. എത്ര ചുരുങ്ങിയ പ്രാവശ്യം മാത്രം ഞങ്ങൾ നിന്നെക്കുറിച്ച് ഓർമ്മിക്കുകയും ധ്യാനിക്കുകയും ചെയ്തിട്ടുണ്ട്. എത്ര ചുരുങ്ങിയ സന്ദർഭങ്ങൾ മാത്രം ഞങ്ങൾ നിന്നോടുള്ള സംസർഗ്ഗത്തിലും, സഹവാസത്തിലും കഴിച്ചിട്ടുണ്ട്.

ഞങ്ങളുടെ ആയുസ്സിൽ ഇത്ര ചുരുങ്ങിയ സമയം മാത്രം നിനക്കായി തരികയും, അധിക സമയം ലോകത്തിനായി കൊടുക്കയും ചെയ്തതിനെ ഓർത്തു ഞങ്ങൾ ലജ്ജിച്ചുകുഴങ്ങുന്നു. ഞങ്ങളുടെ കുറ്റം ഇത്രമാത്രമായിരുന്നു. എന്നാൽ ഞങ്ങൾ പലപ്പോഴും നിന്റെ മുമ്പാകെ വരികയും ഞങ്ങളുടെ സാമീപ്യം നിനക്കു വേദനയ്ക്കും മറ്റുള്ളവർക്കു പരിഹാസത്തിനും കാരണമാക്കി തീർക്കയും ചെയ്തിട്ടുണ്ട്. ഞങ്ങ

ളുടെ അശ്രദ്ധയും, ആദരവില്ലായ്കയും, ചിരിയും, സംഭാഷണ ങ്ങൾകൊണ്ടും നീ ഞങ്ങളുടെ മനസ്സിലൊ ഹൃദയത്തിലൊ വസിക്കു ന്നില്ല എന്നു മറ്റുള്ളവർക്കു ഉറപ്പായി തോന്നിയിട്ടുണ്ട്.

എത്രപ്രാവശ്യം പ്രിയ കർത്താവെ! നിന്റെ വിശുദ്ധകുർബ്ബാനയ്ക്ക് അടുത്തുവന്ന് ഭക്തിയും, ആദരവും, ഒരുക്കവും കൂടാതെ നിന്റെ തിരു ശരീരരക്തങ്ങളെ ഭക്ഷിക്കയും നിന്നോടു നന്ദിയും ബഹുമാനവും കൂടാതെ ഞങ്ങൾ തിരികെ പോകയും ചെയ്തിട്ടുണ്ട്. തലേ രാത്രിയും, പിറ്റേദിവസം കാലത്തും ഞങ്ങളുടെ ആത്മാക്കൾ അസത്യം, കോപം, നിഗളം, അസൂയ ഇവയിൽ അശുദ്ധപ്പെട്ടിരിക്കുമ്പോൾ എത്ര പ്രാവശ്യം ഞങ്ങൾ വന്നു വിശുദ്ധ കുർബാനയെ ഭക്ഷിച്ചിട്ടുണ്ട്! എത്ര പ്രാവശ്യം വിശുദ്ധ കുർബ്ബാന കണ്ടിട്ടുണ്ട്.

എന്നാൽ ഹൃദയങ്ങളെ അറിയുന്ന നിനക്കു ഞങ്ങളിൽ ചിലർ ഇതിലും അധികം കുറ്റകരമായ പാപം ചെയ്തിട്ടുള്ളതായി അറിവുണ്ട്. പലപ്പോഴും അർഹതയില്ലാതെയും അവാസ്തവ ഭക്തിയോടുംകൂടെ നിന്റെ ഈ വിശുദ്ധ കൂദാശയെ ഞങ്ങൾ യഹൂദരേപ്പോലെ കൈക്കൊ ണ്ടിട്ടുണ്ട് എന്ന് ഞങ്ങൾ വിറയലോടുകൂടെ സമ്മതിക്കുന്നു. അപ്രകാ രമുള്ള കഠിനകുറ്റങ്ങളെയും വൻചതിവുകളേയും ഓർത്തിട്ടു ഞങ്ങളുടെ തലകളെ നിന്റെ തിരുമുമ്പാകെ കുനിക്കയും, തങ്ങളുടെ കണ്ണുകൾ കണ്ണുനീരുകൊണ്ട് നിറഞ്ഞ് ഒഴുകുകയും ചെയ്യേണ്ടതാണ്. അങ്ങ നെയും ഞങ്ങൾ ചെയ്യുന്നില്ല.

എന്നാലും ഞങ്ങൾക്കു നിരാശയില്ല. നന്നാകുന്നതിനുമുമ്പ് ചെയ്തു പോയ പിഴകൾക്കു നിവൃത്തി ഉണ്ടാകുന്നതിനു ഇനിയും ഞങ്ങൾക്കു സമയമുണ്ട്. പാപപരിഹാരത്തിനും നിന്നോടുള്ള യോജിപ്പിനുംവേണ്ടി ഞങ്ങളുടെ ശിഷ്ടായുസ്സിനെ മുഴുവൻ പ്രതിഷ്ഠിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ ഈ ഉദ്ദേശസാധ്യത്തിനും, നിന്റെ ബഹുമാ നത്തിനും മഹത്വത്തിനും വേണ്ടി പ്രത്യേകിച്ച് ഒരു മാസക്കാലം വിശു ദ്ധകുർബ്ബാനയേക്കുറിച്ചും അതിലുള്ള നിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചും ധ്യാനിക്കണമെന്നു ഞങ്ങൾ നിശ്ചയിക്കുന്നു. ഈ ഒരു മാസക്കാലം ഞങ്ങളുടെ സാധാരണ ജോലികൾക്കു പുറമെ ദിവസം അരമണിക്കൂർ സമയം ഇപ്രകാരമുള്ള ധ്യാനത്തിലും പ്രാർത്ഥനയിലും ചെലവഴിക്കു ന്നതിനും എല്ലാ സമയത്തും, ജോലി ഉള്ളപ്പോഴും, ഇല്ലാത്തപ്പോഴും, പകൽ സമയത്തും, രാത്രി ഉണരുമ്പോഴും ഞങ്ങളുടെ മനസ്സിനെ നിന്റെ

വിശുദ്ധസിംഹാസനമാകുന്ന ത്രൊണോസിങ്കൽ ധ്യാനംകൊണ്ട് സമർപ്പിച്ചു ആത്മീയമായിനിന്നോടു സംസർഗ്ഗം ചെയ്ത് നിന്റെ അനുഗ്രഹങ്ങളെ പ്രാപിക്കുന്നതിനും കൃപ ചെയ്യണമെ. 'കർത്താവായ യേശു തമ്പുരാനെ! നീ വിശുദ്ധകുർബാനയിൽ വസിക്കുന്നു' എന്നു ഞങ്ങൾ വിശ്വസിക്കുന്നു എന്നോ, 'സത്യമായും ദൃഢമായും നിന്നെ സ്നേഹിക്കുന്നതിനു ഞങ്ങളെ യോഗ്യന്മാരാക്കണമെ' എന്നോ ഉള്ള ഒരു ചെറിയ പ്രാർത്ഥന ഈ മുപ്പതു ദിവസക്കാലം എല്ലായ്പ്പോഴും ഞങ്ങളുടെ മനസ്സിൽ ഉദിച്ചുവരുന്നതിനു നീ കൃപ ചെയ്യണമെ. ഞങ്ങൾ ഒരു പള്ളിയെ കണ്ടു കടന്നുപോകുമ്പോൾ ഒക്കെയും നിന്റെ നേരേ സ്നേഹസൂചകമായി പ്രവർത്തിക്കുന്നതിനും അതിനെ കുരിശുവരക്കുന്നതിനാലൊ പള്ളിയിലേക്കു വന്നുനിന്നെ കാണുന്നതിനാലൊ മറ്റുവിധത്തിലൊ ബാഹ്യമായി പ്രത്യക്ഷപ്പെടുത്തുന്നതിനും നീ ഞങ്ങൾക്കു തോന്നിക്കണമെ. പാവപ്പെട്ടവരേയും രോഗികളേയും ആശ്വസിപ്പിക്കുന്നതിൽ ഞങ്ങളാൽ കഴിവുള്ള ജോലി ഞങ്ങളേക്കൊണ്ടും നീ ചെയ്യിക്കണമെ. വിശുദ്ധകുർബാനയിലും പള്ളിക്കടുത്ത ശുശ്രൂഷകളിലും നിർമ്മലഹൃദയത്തോടുകൂടെ എല്ലായ്പ്പോഴും സംബന്ധിക്കുന്നതിനു നീ ഞങ്ങൾക്കു ഇടയാക്കണമെ. വിശുദ്ധിയോടും ഒരുക്കത്തോടും അല്ലാതെ വിശുദ്ധ കുർബാന കൈക്കൊള്ളുന്നതിനൊ കാണുന്നതിനൊ ഞങ്ങൾക്കു ഇടയാക്കരുതേ. യഹൂദാസ്കറിയോത്തിന്റെ വഞ്ചനയെ ഞങ്ങൾ പ്രവർത്തിക്കുന്നതിനോ അപ്രകാരമുള്ള വിചാരം ഞങ്ങളുടെ മനസ്സിൽ ഉത്ഭവിക്കുന്നതിനുപോലുമോ ഞങ്ങൾക്കു ഇടയാകരുതേ. ഞങ്ങൾ പള്ളിയിൽ പ്രവേശിക്കുമ്പോൾ ഞങ്ങൾ നിൽക്കുന്ന ഭൂമി വിശുദ്ധിയുള്ളതാണെന്നും നിന്റെ വാസസ്ഥലം ഭയങ്കരമായതാണെന്നും ഞങ്ങൾ അറിയണമെ. ഈ ആഗ്രഹങ്ങളേ ഞങ്ങളുടെ ആയുസ്സിൽ എല്ലായ്പ്പോഴും പ്രത്യേകം ഈ ഒരു മാസക്കാലത്തിലും ഞങ്ങളിൽ ഫലവത്താക്കുന്നതിനു നീ അനുഗ്രഹിച്ചു സഹായിക്കേണമെ.

*(വായനക്കാരാ, ഏതാനും വിനാഴികകൾ മേല്പറഞ്ഞ അനുഗ്രഹങ്ങളേയും വിചാരങ്ങളേയും കുറിച്ചു ധ്യാനിച്ചു ദൈവവുമായി സംസർഗ്ഗം ചെയ്യുക)*

❋❋❋❋

## 2

# നമ്മുടെ കർത്താവിന്റെ ദൈവത്വത്തിലുള്ള വിശ്വാസം

സർവ്വശക്തനായ ദൈവമേ! നിന്റെ സകല ഗുണങ്ങളിലും അതിരു കുറിക്കപ്പെടുവാൻ വഹിയാത്തവനാണെന്നും കഴിഞ്ഞതും, ഇപ്പോൾ നടക്കുന്നതും വരുവാനിരിക്കുന്നതും എല്ലാം നിന്റെ നോട്ടത്തിൽ ഒന്നായി തന്നേ ഇരിക്കുന്നു എന്നും, ലോകത്തേയും, സൂര്യൻ ചന്ദ്രൻ, നക്ഷത്രങ്ങൾ ആദിയായി അഖിലാണ്ഡത്തിൽ കാണപ്പെടുന്ന സകല ഗോളങ്ങളേയും യഥാസ്ഥാനപ്പെടുത്തിയിരിക്കുന്നവൻ നീ ആണെന്നും, മേൽപ്പറഞ്ഞ സകലഗോളങ്ങളേയും ഒരു നിമിഷത്തിനിടയിൽ നശിപ്പിച്ചിട്ട് അവയുടെ അവശിഷ്ടങ്ങളെ കൊണ്ട് ഭൂമിയെ മൂടുവാൻ നിന്റെ ശക്തിക്കു കഴിയുമെന്നും ഉറപ്പായി ഞാൻ വിശ്വസിക്കുന്നു. നിർമ്മലമായും ആത്മീയമായും ഇരിക്കുന്ന നിന്റെ തേജസ്സു സർവ്വവ്യാപിയാണെന്നും, സൃഷ്ടിയുടെ എല്ലാ ഭാഗങ്ങളിലും അതു പ്രകാശിക്കുന്നു എന്നും ഞങ്ങൾ അറിയുന്നു. അവർണ്ണനീയമായ ശോഭയോടും പ്രഭാവത്തോടും കൂടെ സ്വർഗ്ഗത്തിൽ വസിക്കുന്നവനായ നിന്നെ അസംഖ്യങ്ങളായ ക്രോബേന്മാരുടെ കൂട്ടങ്ങൾ കണ്ടിട്ട് തങ്ങളുടെ മുടികളെ താഴത്ത് ഇട്ടുംവച്ച് നിന്നെ മഹത്വപ്പെടുത്തുന്നു. അപ്രകാരം തന്നെ പരിശുദ്ധ സ്രാപ്പേന്മാർ തങ്ങളുടെ ചിറകുകൾ കൊണ്ട് മുഖങ്ങളെ മറച്ചുംകൊണ്ട് “സർവ്വശക്തനായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ” എന്ന് അട്ടഹസിച്ച് പാടുന്നു എന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. നീ നിന്നിൽ തന്നെ സംപൂർണ്ണനാകുന്നു. നിന്റെ മഹിമയ്ക്ക് സൃഷ്ടിയുടെ യാതൊരു സഹായവും ആവശ്യമില്ല. എങ്കിലും അതിരില്ലാതെ നീ മനുഷ്യരെ സ്നേഹിക്കുന്നു. നിനക്ക് മനുഷ്യരോ

ടുള്ള സ്നേഹത്തിന്റെ അളവു മനുഷ്യബുദ്ധികൊണ്ടു മതിപ്പാൻ കഴിയുന്നതിൽ അപ്പുറമായിരിക്കുന്നു.

വെറും അണുക്കളോ, പുഴുക്കളോ, കൃമികളോപോലെ നിസ്സാരങ്ങളാകുന്ന ഞങ്ങളോടുള്ള സ്നേഹംനിമിത്തം അഖിലാണ്ഡത്തിന്റെ രാജാവാകുന്ന നീ, എരിയുന്ന സ്നേഹത്തോടുകൂടിയ സ്രാപ്പേന്മാരുടെ കൂട്ടങ്ങളാൽ വന്ദിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്യുന്ന നിന്റെ സിംഹാസനത്തെ ഉപേക്ഷിച്ച് പാവപ്പെട്ട മനുഷ്യക്കൈകളാൽ ഉണ്ടാക്കപ്പെട്ട ഈ ത്രോണോസിന്മേൽ വസിക്കുന്നു എന്നും നിന്റെ അതിശോഭയേയും വലിപ്പത്തേയും വിട്ടിട്ട് അപ്പത്തിന്റെ രൂപത്തിലും ഞങ്ങൾ ഭക്ഷിക്കുന്ന അപ്പക്കഷണമായിട്ടും നീ കാണപ്പെടുന്നു എന്നും, അഖിലാണ്ഡത്തെ മുഴുവൻ നിന്റെ തൃക്കയ്യിൽ ആക്കി ഭരിക്കുന്നവനായ നീ നിന്റെ സൃഷ്ടിയുടെ കൈകളാൽ എടുക്കപ്പെടുന്നുവെന്നും നീ മുഴുവനായും അഭേദ്യമായും സാധനവ്യത്യാസം കൂടാതെയും ഈ പരിശുദ്ധപൂജാപാത്രങ്ങളിൽ വസിക്കുന്നു എന്നും ഞങ്ങൾ ദൃഢമായി വിശ്വസിച്ചു വിളിച്ച് പറയുന്നു.

വിശുദ്ധ കുർബാനയാകുന്ന നിന്റെ പരിശുദ്ധ ബലിയുടെ ശുശ്രൂഷയിൽ "ഇത് എന്റെ ശരീരമാകുന്നു." "ഇത് എന്റെ രക്തമാകുന്നു" എന്ന് പുരോഹിതൻ പറയുന്ന മാത്രയിൽ വായുമണ്ഡലത്തിൽകൂടെ സൂര്യരശ്മി പായുന്നതിലും അതിശീഘ്രത്തിൽ ആകാശം തുറക്കപ്പെടുകയും അപ്പവും വീഞ്ഞും നിന്റെ സാക്ഷാൽ ആത്മാവും ദൈവത്വവും ഉള്ള ശരീരരക്തങ്ങളായിത്തീരുകയും ചെയ്യുന്നു എന്നുള്ള കുലുക്കമില്ലാത്ത വിശ്വാസത്തിൽ ഞങ്ങൾ സ്ഥിരപ്പെട്ടിരിക്കുന്നു. കാണപ്പെടുന്ന ഏറ്റവും ചെറിയ അപ്പക്കഷണത്തിലും ഏറ്റവും ചെറിയ വീഞ്ഞിന്റെ തുള്ളിയിലും നിന്റെ ശോഭയോടും പരിശുദ്ധതയോടുംകൂടെ നീ മുഴുവനായും അഭേദ്യമായും വസിക്കുന്നു എന്നും ഞങ്ങൾ വിശ്വസിക്കുന്നു.

കർത്താവായ യേശുതമ്പുരാനേ! വിശുദ്ധ കുർബാനയാകുന്ന പരിശുദ്ധ ബലിയിൽകൂടെ നീ ഞങ്ങക്കു ചെയ്തിട്ടുള്ള വിസ്മയകരമായ കാര്യങ്ങളെ ഓർത്തും നിന്റെ ദൈവത്വത്തിനുള്ള അതിശോഭയേയും ശക്തികളേയും കുറച്ചിട്ടു നിന്നെത്തന്നെ താഴ്ത്തി ഞങ്ങൾക്കുവേണ്ടി നീ വെറും അപ്പക്കഷണത്തിൽ അധിവസിക്കുന്നതിനെ ഓർത്തും ഭൂവാസികളാകുന്ന ഞങ്ങൾക്കുവേണ്ടി ഞങ്ങളുടെ ഇടയിൽ നീ വസിക്കുന്നതിനെ ഓർത്തും ഞങ്ങളുടെ ബുദ്ധി കുഴങ്ങി മറിയുന്നു. ഇതെല്ലാം

ചെയ്യുന്നതിനു നിന്നിൽ ശക്തികുറവുണ്ടെന്ന് ഓർത്തിട്ടല്ലാ, എന്നാലോ ഇത്ര കൃമികളും നിന്ദ്യന്മാരും അർഹതയില്ലാത്തവരുമാകുന്ന ഞങ്ങളേപ്രതി നിന്റെ ദൈവീകശക്തികളേ ധാരാളമായി ഉപയോഗിക്കത്തക്കവിധത്തിൽ ഇത്ര അധികമായി നീ ഞങ്ങളെ സ്നേഹിച്ചല്ലൊ എന്ന് ഓർത്താകുന്നു ഞങ്ങളുടെ ബുദ്ധി കുഴങ്ങി മറിയുന്നത്.

സ്നേഹം നിറഞ്ഞിരിക്കുന്ന ദൈവമേ! വിശുദ്ധ ബലിപീഠത്തിൽ വസിക്കുന്നവനേ! മോശ നിന്ന ഭൂമി പരിശുദ്ധ ഭൂമി ആയതുകൊണ്ട് അവന്റെ കാലിലെ ചെരിപ്പുകൾ അഴിച്ചു കളയാൻ എരിയുന്ന മുൾപടർപ്പിൽ നിന്ന് മോശയോടു നീ കല്പിച്ചു. തന്റെ മഹിമയുടെ ഭയങ്കരതയാൽ അവർ നശിച്ചുപോകാതെ ഇരിക്കാൻ വേണ്ടി നിന്റെ അടുത്തു വരരുതെന്നു സീനായി പർവ്വതത്തിൽനിന്ന് ഇസ്രായേൽ ജനങ്ങളോടു നീ കല്പിച്ചു. ഇപ്രകാരം നീ ഭയങ്കരദൈവമാകുന്നു എന്നു ഞങ്ങൾ അറിയുന്നു. ഇങ്ങനെ അറിയുന്ന ഞങ്ങൾ - അരിഷ്ടപാപികളാകുന്ന ഞങ്ങൾ - നിന്റെ സന്നിധിയിൽ ഭയത്തോടും വിറയലോടും അല്ലാതെ എങ്ങനെ നില്ക്കുന്നു? എന്നിട്ടും പ്രധാനദൈവദൂതനും ക്രോബേന്മാരും ഭയപ്പെട്ടു വിറയ്ക്കുന്ന സമയത്ത് രാജാധിരാജാവാകുന്ന നിന്റെ സന്നിധിയിൽ വീണുപോയ ദൈവദൂതന്മാരെപ്പോലെ അശ്രദ്ധയോടും ഗർവ്വത്തോടും അഭക്തിയോടും കൂടെ ഞങ്ങൾ നിൽക്കുന്നത്, എന്തുകൊണ്ടാകുന്നു? ദൈവത്തോടു മുഖാമുഖമായി നിൽക്കുമ്പോൾ ഞങ്ങൾ നിൽക്കുന്ന ഭൂമി പരിശുദ്ധമായതാണെന്നു ഞങ്ങൾ അറിയാത്തത് എന്തുകൊണ്ടാകുന്നു? സ്രഷ്ടാവു ഭൂമിയിൽ വസിക്കുന്ന സ്ഥലം ആളുകൾക്കു കൂട്ടം കൂടി സംസാരിക്കുന്നതിനും ചിരിക്കുന്നതിനും ഉള്ള സ്ഥലമാണെന്നു ഞങ്ങൾ വിചാരിക്കുന്നതും എന്തുകൊണ്ടാകുന്നു? ഇതിന്റെ കാരണം വിശുദ്ധ കുർബാനയിൽ പരിശുദ്ധ ദൈവത്തിന്റെ സാന്നിദ്ധ്യം ഉണ്ടെന്നു ഞങ്ങൾ വാ കൊണ്ടു പറയുന്നതല്ലാതെ ഹൃദയംകൊണ്ടു വിശ്വസിക്കുന്നില്ല എന്നുള്ളതാകുന്നു. അതായത് ഞങ്ങളുടെ പ്രവൃത്തികളെ ഫലിപ്പിക്കുന്ന ജീവനുള്ള വിശ്വാസം ഞങ്ങൾക്കില്ലാത്തതുകൊണ്ടാകുന്നു.

സ്നേഹമായ യേശുവേ! നിന്റെ മുമ്പാകെ ഞങ്ങൾ ഭൂമിയോളം ഞങ്ങളുടെ തലകളെ കുനിക്കുന്നു. ഞങ്ങൾ നിന്റെ മുമ്പാകെ ചാരവും പൊടിയും മാത്രമാകുന്നു എങ്കിലും, സത്യവാനും ജീവനുള്ളവനും അഖണ്ഡിതനുമാകുന്ന നീ അപ്പത്തിന്റെ രൂപത്തിൽ വിശുദ്ധ കുർബ്ബാ

നയിൽ വസിക്കുന്നു എന്നു ഞങ്ങൾ വിശ്വസിച്ച് വിളിച്ചു പറയുന്നു. കർത്താവായ യേശുവേ! ഈ വിശ്വാസം ഞങ്ങളുടെ ഹൃദയത്തിന്റെ ആഴത്തിൽ വേരൂന്നണമേ! ബേത്‌ലഹേമിൽ സ്തുതിപാടിയ ദൈവദൂതന്മാരുടെയും, പുൽക്കൂട്ടിൽ കിടന്ന ശിശുവായ നിന്നെ വന്ദിച്ച ആട്ടിടയന്മാരുടെയും തങ്ങളുടെ ദ്രവ്യങ്ങളെ നിനക്കു കാഴ്ചവെച്ച വിദ്വാന്മാരുടെയും വിശ്വാസം ഞങ്ങൾക്കു തരണമേ! ഈ വിശ്വാസം ഞങ്ങൾക്കുണ്ടാകുമ്പോൾ അതു ഞങ്ങളുടെ ജീവനെ നിനക്ക് ഇഷ്ടമുള്ള വിധത്തിൽ രൂപപ്പെടുത്തുമെന്നു ഞങ്ങൾ അറിയുന്നു. അപ്പോൾ ദൈവത്തിന്റെ വാസസ്ഥലമാകുന്ന ഏറ്റവും നിസ്സാരമായ പള്ളി ലോകത്തിലേക്ക് ഏറ്റവും പരിശുദ്ധസ്ഥലമായി ഞങ്ങൾക്കു തോന്നപ്പെടാം. ഒരിക്കൽ അതിന്റെ അതിർത്തിക്കുള്ളിൽ പ്രവേശിച്ചാൽ പിന്നെ ഞങ്ങളുടെ വിചാരങ്ങളും പ്രവൃത്തികളും പരിശുദ്ധങ്ങളാക്കപ്പെടും. വിലതീരാത്ത നിക്ഷേപമാകുന്ന ഈ വിശ്വാസത്തെ നീ ഞങ്ങൾക്കു ധാരാളമായി തരേണമേ! അപ്പോൾ ഞങ്ങൾ നിന്റെ വിശുദ്ധ ആലയമാകുന്ന പള്ളിയിൽ മുടങ്ങാതെ പോകുന്നവരും ഞങ്ങളുടെ സ്രഷ്ടാവും ദൈവമാകുന്ന നിന്നെ സത്യത്തിലും ആത്മാവിലും മുടങ്ങാതെ വന്ദിക്കുന്നവരും ആകയും ചെയ്യും.

(വായനക്കാരാ, സത്യവിശ്വാസം എന്തെല്ലാം സംഗതികൾ നമ്മെ പഠിപ്പിക്കുന്നു എന്ന് ഓർത്തു ദൈവവുമായി ഒരു സംസർഗ്ഗം ചെയ്യണം).

✲✲✲✲

## 3

# നമ്മുടെ കർത്താവിന്റെ മനുഷ്യത്വത്തിലുള്ള വിശ്വാസം

കർത്താവായ യേശുതമ്പുരാനെ! പരിശുദ്ധ ത്രീത്വത്തിൽ രണ്ടാമനാകുന്ന നീ ഞങ്ങളോടുള്ള സ്നേഹം നിമിത്തം നിന്റെ ദൈവത്വത്തോടു മനുഷ്യത്വത്തെ ചേർത്തു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ജീവനുള്ള ദൈവവും മനുഷ്യനുമാകുന്ന നിന്നെയാകുന്നു കുർബാനയിൽ അപ്പവും വീഞ്ഞുമായി നിങ്ങൾ കാണുന്നത് എന്നു ഞങ്ങൾ വിശ്വസിച്ച് വിളിച്ചുപറയുന്നു. ഗെത്സിമെൻതോട്ടത്തിൽവെച്ച് ഞങ്ങളുടെ പാപങ്ങൾക്കു വേണ്ടി മരണത്തോളം വ്യാകുലപ്പെട്ട ആത്മാവും വഹിക്കാൻ കഴിയാത്ത കുരിശിനെ ചുമന്നുകൊണ്ട് ഗോഗുൽത്താമലയിലേക്കു പോയ ദേഹവും, ഗോഗുൽത്താമലയുടെ ഉയരത്തിൽവെച്ച് നുറുങ്ങിയ ശരീരവും അവിടെനിന്ന് ഭൂമിയിലേക്ക് ഒലിച്ചതായ രക്തവും ഇതാകുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ ശാശ്വതമല്ലാത്തതും മരണകരവുമായ അവസ്ഥയിലല്ല, എന്നാലോ ആത്മീയപ്രകാരവും കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റ പ്രകാരവും, താബോർമലയിൽ ശോഭിച്ച പ്രകാരവും, ജയഘോഷത്തോടെ സ്വർഗ്ഗത്തിലേക്ക് എടുത്തു മഹത്ത്വീകരിക്കപ്പെട്ട പ്രകാരവും, “കരളറക്കപ്പെട്ട കുഞ്ഞാട് മഹത്വീകരിക്കപ്പെടുവാൻ യോഗ്യനാകുന്നു, രാജ്യവും ശക്തിയും ബഹുമാനവും അവന്റേതാകുന്നു” എന്നു സ്വർഗ്ഗീയസൈന്യങ്ങൾ പാടി തന്നെ മഹത്വപ്പെടുത്തുന്ന പ്രകാരവും ആകുന്നു, ഞങ്ങൾ നിന്നെ കാണുന്നത്.

നീ മനുഷ്യനായി ലോകത്തിൽ നടന്ന കാലങ്ങളിലെപ്പോലെ ത്രോണാസിൽ സന്നിഹിതനായിരിക്കുന്ന നിന്റെ അടുക്കലേക്കു എനിക്ക് പ്രവേശിക്കാൻ കഴിയുന്നതിനാൽ നിനക്കു സ്തുതി. ആ

കാലത്തു ജീവിച്ചിരുന്നവരെപ്പോലെ നിന്റെ അടുത്തുവരുന്നതിനും നിന്നെ കാണുന്നതിനും സർവ്വലോകത്തിന്റെയും രക്ഷിതാവും കർത്താവുമായ നിന്നോടു സംസാരിക്കുന്നതിനും ഞങ്ങൾക്കു കഴിയുന്നതിനാൽ നിനക്കു സ്തുതി. ശരിയായും സത്യമായും നിന്റെ അയല്ക്കാരായും സഹവാസികളായും ഇരിക്കുന്നതിനു ഞങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ നിന്റെ അപ്പസ്തോലന്മാരെയും ശിഷ്യന്മാരെയും നിന്നെ സ്നേഹിച്ച ആ പരിശുദ്ധ സ്ത്രീകളേയുംപോലെ നിന്റെ ഏറ്റവും അത്യന്ത ഇഷ്ടന്മാരായി ഇരിക്കുന്നതിനു ഞങ്ങൾക്കു കഴിയുന്നതിനാൽ നിനക്കു സ്തുതി.

എന്നിട്ടും കർത്താവെ! ഞങ്ങൾ നിന്റെ അടുക്കൽ വരാത്തത് എന്തുകൊണ്ടാകുന്നു? സാധാരണയുള്ള ഞങ്ങളുടെ ഇഷ്ടന്മാരുടെയും അയൽക്കാരുടെയും അടുക്കൽ പോകുന്നതുപോലെയെങ്കിലും ഞങ്ങൾ നിന്റെ അടുക്കൽ വരാത്തത് എന്തുകൊണ്ടാകുന്നു? ഞങ്ങൾ നിന്റെ അടുത്തുവരുന്നതു നിനക്ക് ഇഷ്ടമില്ല എന്നും ഞങ്ങളെ കാണുന്നതിൽ നിനക്കു സന്തോഷമില്ല എന്നും ഞങ്ങൾ വിചാരിക്കുന്നുണ്ടോ? അങ്ങനെയാണെങ്കിൽ നിന്റെ ഇഷ്ടം മനുഷ്യപുത്രന്മാരോടുകൂടെ ഇരിക്കുന്നതിൽ ആകുന്നു, എന്നു നീ പറഞ്ഞു ഞങ്ങളെ ധൈര്യപ്പെടുത്തിയിട്ടുണ്ടല്ലോ. അതിരില്ലാത്ത ശക്തനും ഭയങ്കരനും ബലിപീഠത്തിൽ വസിക്കുന്നവനുമായ നിന്നോടുള്ള ഭയം നിമിത്തമാണൊ ഞങ്ങൾ നിന്റെ അടുക്കൽ വരാതിരിക്കുന്നത്? അങ്ങനെയാണെങ്കിൽ "ഞാനാകുന്നു, നിങ്ങൾ ഭയപ്പെടേണ്ട" എന്നുള്ള നിന്റെ ധൈര്യംതരുന്ന ശബ്ദത്തെ ഞങ്ങൾ കേൾക്കുന്നുണ്ടല്ലോ? ബേതലഹേമിലെ ശിശുവിനെയും, യെറുശലേമിന്റെ നാശത്തിൽ വിലപിച്ച രക്ഷകനേയും, നമ്മോടുള്ള സ്നേഹം നിമിത്തം ഗോഗുൽത്താമലയിൽവെച്ചു തന്റെ ഹൃദയം തുറന്ന വീണ്ടെടുപ്പുകാരനേയും കണ്ടാൽ ആരാണ് ഭയപ്പെടുന്നത്?

ഞങ്ങളുടെ പാപവും നന്ദികുറവും ആണൊ കർത്താവേ! ഞങ്ങളെ ഭയപ്പെടുത്തി നിന്നിൽനിന്നും അകറ്റുന്നത്? അങ്ങനെയാണെങ്കിൽ സ്നേഹിക്കുന്നവനും പാപമോചനം ചെയ്യുന്നവനുമായ യേശു അനുതപിക്കുന്ന പാപികളോട് എല്ലായ്പ്പോഴും ദയയോടും കരുണയോടുമാണ് പ്രവർത്തിച്ചിട്ടുള്ളത് എന്നത് എന്റെ ഹൃദയമെ! നീ ഓർക്കണമേ. മഗ്ദലെന മറിയയോട് "അവൾ അധികം സ്നേഹിച്ചതുകൊണ്ട്"

അവളുടെ അനേകം പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു" എന്നും, വ്യഭിചാരത്തിൽ കണ്ടുപിടിക്കപ്പെട്ട സ്ത്രീയോട് "നീ പൊയ്ക്കൊൾക, പാപം ചെയ്കയും അരുത്," എന്നും, കള്ളനോട് "നീ ഇന്ന് എന്നോടുകൂടി പറുദീസായിൽ ഇരിക്കും" എന്നും പറഞ്ഞ കരുണനിറഞ്ഞ വചനങ്ങളെ എന്റെ ഹൃദയമേ നീ ഓർക്കണമേ.

നമ്മുടെ കർത്താവിന്റെ അടുക്കൽ ചെന്നാൽ കർത്താവിനോട് അപേക്ഷിക്കാനും പ്രാർത്ഥിക്കാനും തക്ക വാക്കുകൾ നമുക്ക് അറിഞ്ഞുകൂടാ എന്നു നാം വിചാരിക്കുന്നുണ്ടോ? ഞെരുക്കത്തിലും വ്യസനത്തിലും ഇരിക്കുന്ന ഒരു പുത്രൻ പിതാവിന്റെ അടുക്കൽ വരുമ്പോൾ അവന്റെ ഞെരുക്കത്തേയും വ്യസനത്തേയും കാണിക്കുന്നതിനേക്കാൾ ഫലിക്കുന്ന എന്തു വാക്കാണ് പിതാവിന്റെ അടുക്കൽ അവനു പറയാൻ ആവശ്യമുള്ളത്? ഒരു വൈദ്യന്റെ അടുക്കൽ രോഗിയുടെ നൊമ്പരങ്ങളേയും വേദനകളേയും കാണിക്കുന്നതിനേക്കാൾ കൂടുതലായി സഹായത്തിന് ഒരു അപേക്ഷയ്ക്ക് ആവശ്യമുണ്ടോ? ഹൃദയത്തിന് അലിവുള്ള ഒരു മനുഷ്യന്റെ അടുക്കൽ ഒരു യാചകന്റെ വിശപ്പും നാറി കീറിയ വസ്ത്രങ്ങളും കാണിക്കുന്നതിനെക്കാൾ കൂടുതലായ ഭിക്ഷയാചനം എന്താണ്? എല്ലായ്പോഴും നമുക്ക് ഓരോ ഞെരുക്കങ്ങളും വേദനകളും വ്യസനങ്ങളും ഉള്ളതുകൊണ്ട് നാം നമ്മുടെ കർത്താവിന്റെ അടുത്തു വരുമ്പോൾ ഒക്കയും നമ്മുടെ കർത്താവിന്റെ വിശുദ്ധഹൃദയം നമ്മുടെ നേരേ അലിയുന്നതു നമ്മുടെ വാക്കുകളുടെ ശക്തി കൊണ്ടല്ല, എന്നാലൊ നമ്മുടെ ഞെരുക്കങ്ങളേയും പ്രയാസങ്ങളേയും അവൻ കണ്ടിട്ടാകുന്നു.

കൃപനിറഞ്ഞ കർത്താവേ! ഞങ്ങൾ നിന്റെ അടുക്കൽ വരാതിരിക്കുന്നതിന്റെ കാരണം മേൽ വിവരിച്ച ഒന്നുമല്ല. വാസ്തവം ആലോചിച്ചാൽ അതിന് ഒരു ഒറ്റക്കാരണം മാത്രമെയുള്ളൂ. അതായതു ദിവസംപ്രതിയുള്ള ഞങ്ങളുടെ ചുമതലകളെ നിവൃത്തിക്കുന്നതിന് ഞങ്ങളെ പ്രേരിപ്പിക്കുന്ന ജീവനുള്ള വിശ്വാസം ഞങ്ങൾക്കില്ല എന്നും, അതിന്റെ കുറവുകൊണ്ടു നിന്നെ ഞങ്ങൾ സ്നേഹിക്കുന്നില്ല എന്നും ഉള്ളതു മാത്രമാകുന്നു. ഇതാകുന്നു നിന്റെ അടുക്കൽ ഞങ്ങൾ വരാതിരിക്കുന്നതിനുള്ള സാക്ഷാൽ കാരണം.

ജീവനുള്ള ഈ വിശ്വാസം ഞങ്ങൾക്കു തരണമെ എന്നു ഞങ്ങളുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നു ഞങ്ങൾ നിന്നോട് അപേക്ഷി

ക്കുന്നു. പരിശുദ്ധ കുർബാനയെ ആദ്യമായി വന്ദിക്കുകയും ഭക്ഷിക്കുകയും ചെയ്ത നിന്റെ അപ്പസ്തോലന്മാരുടെ വിശ്വാസം ഞങ്ങൾക്കു തരണമെ. നിന്റെ വിശുദ്ധമാതാവിന്റെ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്നതും, ജീവിതദശയിലെ കഷ്ടതകളെ എല്ലാം അവൾക്ക് മധുരപാനീയമാക്കിത്തീർത്തതും മരണത്തെ അവൾക്ക് അവർണ്ണനീയമായ സന്തോഷകരമാക്കിയതുമായ ആ ജീവനുള്ള വിശ്വാസം ഞങ്ങൾക്കും നീ തരണമേ. വിശുദ്ധ കുർബ്ബാനയാകുന്ന നിത്യജീവന്റെ അപ്പത്തെ ഭക്ഷിക്കയാൽ ഏറ്റവും ക്രൂരതരമായ മരണത്തെ ഹൃദയസന്തോഷത്തോടും മുഖപ്രസന്നതയോടുംകൂടി സ്വീകരിച്ച നിനക്കു രക്തസാക്ഷികളായിരിക്കാൻ തക്കശക്തിയും ധൈര്യവും പ്രാപിച്ചവരായ നിന്റെ അസംഖ്യം ശിഷ്യന്മാർക്കുണ്ടായിരുന്ന ആ ജീവനുള്ള വിശ്വാസത്തിനു ഞങ്ങളെയും നീ യോഗ്യന്മാരാക്കേണമെ.

ജീവനുള്ള ഈ വിശ്വാസം നീ ഞങ്ങൾക്കു തരണമേ. അപ്പോൾ ഞങ്ങൾ മുടങ്ങാതെ നിന്റെ അടുക്കൽ വരികയും മുടങ്ങാതെ പള്ളിയൽ പോകുകയും, വിശുദ്ധ കുർബ്ബാനയിൽ നിന്നെ കാണുകയും, നിന്നോടുള്ള സ്നേഹത്തിൽ ഞങ്ങളുടെ ആത്മാക്കൾ ലയിക്കയും ചെയ്യും. അപ്പോൾ വിശുദ്ധ ഏവൻഗേലിയോനിൽ പറയുന്ന ശിശുക്കളെപ്പോലെ ഞങ്ങൾ തിക്കിത്തിരക്കി നിന്റെ അടുക്കൽവരും. അപ്പോൾ മഗ്ദലെന മറിയായേപ്പോലെ നിന്റെ മുമ്പാകെ മുട്ടുകുത്തി നിന്റെ തൃപ്പാദങ്ങളെ ആലിംഗനം ചെയ്കയും ഞങ്ങളുടെ ആത്മാക്കളുടെ മലിനതകളെ ശുദ്ധീകരിക്കുന്നതിനായി ഞങ്ങളുടെ കണ്ണുനീരുകൊണ്ടു നിന്റെ തൃപ്പാദങ്ങളെ ഞങ്ങൾ കഴുകുകയും ചെയ്യും. അപ്പോൾ ഞങ്ങളുടെ ഹൃദയങ്ങൾ ദുഃഖംകൊണ്ടു നിറഞ്ഞിരിക്കുന്ന അവസരങ്ങളിൽ സമാധാനവും സന്തോഷവും ലഭിക്കുന്നതിനായി ലാസറിന്റെ പെങ്ങൾമാരെപ്പോലെയും നായിനിലെ വിധവയേപ്പോലെയും ഞങ്ങൾ നിന്റെ അടുക്കൽ വരും. അപ്പോൾ നിന്റെ ഇഷ്ടം ചെയ്യണമെന്നുള്ള നിശ്ചയത്തോടുകൂടെ നീ സംസാരിക്കുന്നതിനെ കേൾക്കുന്നതിനായി നിന്റെ ശിഷ്യന്മാരെപ്പോലെ ഞങ്ങൾ ശ്രദ്ധയുള്ളവരായിരിക്കും. ഞങ്ങളുടെ പ്രേമഭാജനവും, ഞങ്ങളുടെ പിതാവും സഹോദരനും സ്നേഹിതനുമാകുന്ന പ്രിയയേശുതമ്പുരാനെ നീ ഞങ്ങളുടെമേൽ കരുണയോടെ നോക്കണമേ. ഞങ്ങൾ നിന്നെ നോക്കി വിളിക്കയും നിന്നോട് അപേക്ഷിക്കയും ചെയ്യുന്ന വാക്കുകൾ ചേർച്ചയില്ലാത്തവയായാലും ഞങ്ങളുടെ ഞെരുക്കങ്ങളും, വേദനകളും, വ്യസനങ്ങളും നീ കണ്ടിട്ടു നിന്റെ

കരുണയിൽ ഞങ്ങൾക്കു വേണ്ടവയെന്നു നിനക്ക് തോന്നുന്നതിനെ ഞങ്ങളോടു ചെയ്യേണമേ. എന്നാലും ഒരു അപേക്ഷ ഞങ്ങൾക്കുണ്ട്. അതിനെ നീ നിരസിക്കരുതേ. നീ നിന്റെ സ്വന്തത്തിലേക്കു വന്നിട്ടും നിന്നെ അറിയാതിരുന്ന യഹൂദന്മാരുടെ കൂട്ടത്തിൽ ഞങ്ങളെ നീ എണ്ണരുതേ. പ്രിയ യേശുതമ്പുരാനെ, നിന്റെ കഷ്ടാനുഭവവും മരണവും നിമിത്തവും ഞങ്ങളുടെ ഇടയിൽ വസിക്കുന്നവനും ഞങ്ങൾക്കുവേണ്ടി കുർബാനയിൽ പ്രത്യക്ഷപ്പെടുന്നവനുമായ നിന്റെ സ്നേഹം നിമിത്തവും ഇതു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമേൻ.

*(സത്യവിശ്വാസം നമ്മെ എന്തെല്ലാം പഠിപ്പിക്കുന്ന എന്നുള്ളതിനെ ഓർത്തു ദൈവവുമായി ഒരു സംസർഗ്ഗം ചെയ്യണം)*

# 4

# കുർബാനയിൽ വെളിപ്പെടുന്നതായ നമ്മുടെ കർത്താവിന്റെ സ്നേഹം.

കർത്താവേ! മനുഷ്യരുടെ മാർഗ്ഗങ്ങളിൽ നിന്ന് എത്ര വ്യത്യാസമായ മാർഗ്ഗങ്ങളിൽ കൂടെയാകുന്നു നീ പ്രവർത്തിക്കുന്നത്? ഒരു മനുഷ്യൻ മറ്റ് ഒരുവനോടു തനിക്കുള്ള സ്നേഹത്തെ പ്രത്യക്ഷപ്പെടുത്തുന്നതു സാധാരണയായി തനിക്കുള്ള ധനത്തിലൊ വസ്തുക്കളിലൊ ഒരംശം മറ്റവനുകൊടുക്കുന്നതിൽ വെച്ചാകുന്നു. ഫറവോ രാജാവു തനിക്കു യൗസേഫിനോട് ഉണ്ടായിരുന്ന വാത്സല്യം വെളിപ്പെടുത്തിയതു യൗസേഫിനെ ഒരു അടിമ എന്നും തടവുകാരൻ എന്നും ഉള്ള സ്ഥിതിയിൽ നിന്ന് ഉയർത്തി തനിക്കുമാത്രം രണ്ടാമൻ എന്നുള്ള സ്ഥിതിയിൽ അവനെ ആക്കിയതിൽ വെച്ചായിരുന്നു. അസൂറസ് രാജാവു തന്റെ രാജ്ഞിയായ എസ്തേറിനോടു തനിക്കുള്ള സ്നേഹം ഏറ്റവും തുറന്നു വെളിപ്പെടുത്തണം എന്നു വിചാരിച്ചിട്ടു ചെയ്‌വാൻ കഴിഞ്ഞത് അവൾ ചോദിക്കുന്നത് എന്തായാലും – തന്റെ രാജ്യത്തിന്റെ പകുതിയോളവും അവൾക്കു കൊടുക്കാം എന്നു വാഗ്ദത്തം ചെയ്ക മാത്രമായിരുന്നു. ഏറ്റവും അധികം സ്നേഹമുള്ള ഒരു പിതാവിനു തന്റെ കുട്ടികളോടുള്ള സ്നേഹം എത്രയും പ്രത്യക്ഷമായി വെളിപ്പെടുത്താൻ കഴിയുന്നതു തന്റെ സ്വത്തുകളോ താൻ ഏറ്റവും വിലയായി വിചാരിക്കുന്ന മറ്റു വകകളോ അവർക്കുകൊടുക്കാൻ കഴിയും എന്നുള്ളതിൽ മാത്രമാകുന്നു. എന്നാൽ മനുഷ്യന് ഏറ്റവും വലുതായും കാര്യമായും തോന്നുന്ന സംഗതിക്കു സർവ്വവ്യാപിയായ ദൈവത്തെ തൃപ്തിപ്പെടുത്താൻ കഴിയുന്നില്ല.

ലോകം നിറയെ സ്വത്തു നമുക്ക് ഓരോരുത്തർക്കും തരുവാൻ ദൈവത്തിനു കഴിയുന്നതാകുന്നു. ഭൂമിയേക്കാൾ വിസ്താരം കൂടിയ ഓരോ രാജ്യത്തു രാജാക്കന്മാരായി നമ്മെ ആക്കാൻ ദൈവത്തിനു കഴിയുന്നതാകുന്നു. നാം പാർക്കുന്ന സ്ഥലത്തെ ഏദൻതോട്ടത്തിനേക്കാൾ അധികം ആനന്ദപ്രദമാക്കാനും ദൈവത്തിനു കഴിയുന്നതാകുന്നു. എന്നാൽ നമ്മോടു ദൈവത്തിനുള്ള മഹാ വലിയ ദയയും സ്നേഹവും വെളിപ്പെടുത്തുന്നതിന് ഈവക ദാനങ്ങൾക്കു കഴിയുന്നതല്ല. മനുഷ്യ ഹൃദയം സ്മരിച്ചിട്ടില്ലാത്തതും ഭൂവാസികൾക്കു പരിചയമില്ലാത്തതും എന്നാൽ സർവ്വവ്യാപിയാകുന്ന ദൈവത്തിന്റെ മഹിമയ്ക്കു യോജിക്കുന്നതുമായ ഒരു അനുഗ്രഹത്തെ ആണ് നമുക്ക് ദാനം ചെയ്യാമെന്നു ദൈവം നിശ്ചയിച്ചത്. സൃഷ്ടിക്കപ്പെട്ട സകലവും സർവ്വശക്തനാകുന്ന ദൈവത്തിന്റെ മഹിമയോട് അടുക്കുമ്പോൾ വെറും തൃണം പോലെയിരിക്കുന്നതു കൊണ്ടു തന്റെ മഹാവലിയ ശക്തിയുടെയും സ്നേഹത്തിന്റെയും വ്യാപാരത്താൽ സത്യദൈവവും സത്യമനുഷ്യനുമാകുന്ന യേശുതമ്പുരാൻ തന്റെ വസ്തുവകകളുടെ ഒരംശമല്ല, എന്നാലോ തന്നെത്തന്നെയും ഒരംശമല്ല തന്നെത്തന്നെ മുഴുവനായി വിശുദ്ധ കുർബാനയിൽ കൂടെ നമുക്കു തരാമെന്നാണ് നിശ്ചയിച്ചത്. ത്രിത്വത്തിൽ രണ്ടാമനും നിത്യപരിശുദ്ധനുമാകുന്ന ദൈവം നമുക്കുവേണ്ടി മനുഷ്യനായി തീർന്നിട്ടു നമ്മോടുള്ള സ്നേഹം നിമിത്തം ലോകാവസാനംവരെ നമ്മുടെ ഇടയിൽ വസിക്കാമെന്നാണ് നിശ്ചയിച്ചത്.

ഇത് എത്ര വലിയ രഹസ്യം ആകുന്നു! ആറ്റുതീരത്തെ ഒരു ചെറിയ മണൽക്കല്ലിനെ ഭൂമിയോടു ചേർത്തു നോക്കുമ്പോൾ എത്ര ചെറുതായും നിസ്സാരമായും കാണുന്നുവോ അതുപോലെ ദൈവത്തോടു ചേർത്തുനോക്കുമ്പോൾ ഏറ്റവും ചെറുതായും നിസ്സാരമായും കാണുന്ന നമ്മെ ഇത്ര ഗാഢമായി ദൈവം സ്നേഹിക്കുന്നതിനുള്ള കാരണം എന്താണ്? സർവ്വശക്തനായ ദൈവം നമ്മെ സ്നേഹിക്കുന്നതിനു വല്ല നന്മയും നമ്മിൽ ഉണ്ടോ എന്നു വെറും പൊടിയും ചാരവുമായിരിക്കുന്ന നാം നമ്മേത്തന്നെ ഒന്നു പരിശോധിച്ചു നോക്കുക. അതിരില്ലാത്തതായ ദൈവത്തിന്റെ മഹിമയേയും ശ്രേഷ്ഠതയേയും ദൈവത്തിന്റെ ബുദ്ധിക്കു കഴിഞ്ഞതും ഇപ്പോൾ നടക്കുന്നതും വരുവാനിരിക്കുന്നതും എല്ലാം ഒന്നുപോലെ ഇരിക്കുന്നു എന്ന അവസ്ഥയേയും, ഉള്ളതും ഉണ്ടാകുവാൻ ഇരിക്കുന്നതും ആയ സകലത്തിന്റേയും ഉൽപ്പത്തി സ്ഥാനം ദൈവമാകുന്നു എന്നുള്ളതിനെയും, ആലോചിച്ചു നോക്കുമ്പോൾ ദൈവത്തിന്റെ മനുഷ്യാവതാരത്തിന്റെ രഹസ്യങ്ങൾ എത്രയോ

അവർണ്ണനീയങ്ങളും സങ്കൽപ്പിക്കാൻ പാടില്ലാത്തവയും ആകുന്നു എന്നു കാണാവുന്നതാണ്. സർവ്വവ്യാപ്തിയും സർവ്വശക്തനും സർവ്വ സംപൂർണനുമാകുന്ന ദൈവം തന്റെ അടിമകൾപോലെ ഇരിക്കുന്ന നമ്മേ സ്നേഹിക്ക എന്നുള്ളതു വെറും ആശ്ചര്യകരമല്ലേ? ഒരു രാജ കുമാരൻ ഒരു നിർദ്ധനനെ സ്നേഹിക്ക എന്നുള്ളതു ലോകത്തിൽ കാണുന്ന ഒരു സംഗതി അല്ല. ഒരു രാജാവ് ഒരു യാചകനെ സ്നേഹിക്ക എന്നുള്ളതും സാധാരണ നടപ്പുള്ളതല്ല. എന്നാൽ മനുഷ്യരുടെ ഇട യിൽ നടപ്പില്ലാത്തതിനെയാകുന്നു സർവ്വസൃഷ്ടിയുടെയും ഉടയവൻ നമ്മോടു ചെയ്തിട്ടുള്ളത്. ദൈവത്തിന്റെ സർവ്വസമ്പത്തുകളേയും നമ്മുടെ ത്രോണോസ്സിൽ താൻ വർഷിപ്പിച്ചിരിക്കുന്ന എല്ലാ ദാനങ്ങ ളിലുംവച്ച് ഏറ്റവും വിലയേറിയതും ശ്രേഷ്ഠമായതുമായ ദാനം ഇതാ ഈ ത്രോണോസ്സിൽ ഇരിക്കുന്നു എന്തുകൊണ്ടെന്നാൽ അതുദൈവം തന്നെയാകുന്നു എന്നു പരിശുദ്ധനായ ദൈവം നമ്മെ ചൂണ്ടിക്കാ ണിക്കുന്ന കരുണാസ്വരൂപനായ ദൈവത്തിൽനിന്നു പുറപ്പെടുന്ന സ്നേഹം മൂർത്തീകരിച്ച് കാണപ്പെടുന്നതും ഈ ത്രോണോസിൽ ആകു ന്നു. ഇപ്രകാരം നമ്മുടെ ഹൃദയത്തിനു സങ്കൽപ്പിക്കാവുന്നതിലും വലിയ സ്നേഹത്തോടെയാകുന്നു ദൈവം നമ്മെ സ്നേഹിക്കുന്നത്. ഈ സ്നേഹത്തിന് എന്തു പ്രത്യുപകാരം ആണ് നാം ചെയ്യുന്നത്.

നമ്മുടെ സ്നേഹിതന്മാർ നമുക്കു തരുന്ന ദാനങ്ങളെ നാം വിലമത ിക്കുന്നു. നമ്മോടു ദയയും സ്നേഹവും കാണിക്കുന്ന പലരുടെ നേരെ നമ്മുടെ ഹൃദയം സന്തോഷമുള്ളതായിരിക്കുന്നു. അങ്ങനെയുള്ളവർക്കു തക്കതായി പ്രത്യുപകാരം ചെയ്തുകൊടുക്കുമെന്നു പ്രകൃത്യാ നമുക്കു തോന്നുന്നു. എന്നാൽ സകലദാനങ്ങളിൽവച്ചു ശ്രേഷ്ഠമായ ദാനത്തെ നമുക്കു തരുന്ന ദൈവത്തിന്റെ നേരെ പ്രവർത്തിക്കുന്നതിനുള്ള പ്രമാണം വേറെയാണെന്നുള്ളതുപോലെ നാം ദൈവത്തിന്റെ നേരെ മറവിയുള്ളവരും വിചാരക്കുറവുള്ളവരുമായിരിക്കുന്നു. വിശുദ്ധകുർബാ നയുടെ ശുശ്രൂഷയിൽ എത്ര പ്രാവശ്യം നാം യേശുവിനെ ഓർക്കു ന്നുണ്ടെന്നു ആലോചിച്ചു നോക്കുക. കുർബാനയുടെ ശുശ്രൂഷയിലും പള്ളിക്കടുത്ത മറ്റു ശുശ്രൂഷകളിലും ഒരാണ്ടിൽ അല്ലെങ്കിൽ ഒരു മാസത്തിൽ എത്ര പ്രാവശ്യം നാം സംബന്ധിച്ചിട്ടുണ്ടെന്നു ആലോചിച്ചു നോക്കുക. യേശുവിനുവേണ്ടി എത്ര നിസ്സാരമായതെങ്കിലും വല്ല കഷ്ട തയും നഷ്ടവും നാം സഹിക്കുന്നുണ്ടോ? പള്ളിയിൽ പോകുന്നതിനു സ്വല്പം ഒരു വിഘ്നം കണ്ടാൽ അതിനെ സഹിച്ചോ വകവെക്കാ തെയോ നാം പള്ളിയിൽ പോകാറുണ്ടോ? നമ്മുടെ അയൽക്കാർക്കും

സ്നേഹിതന്മാർക്കുംവേണ്ടി നാം സഹിക്കുന്നിടത്തോളം എങ്കിലും നഷ്ടം ദൈവത്തിനുവേണ്ടി സഹിക്കാമെന്നുവച്ചു ദൈവത്തിന്റെ വാസസ്ഥലമാകുന്ന പള്ളിയേയോ പള്ളിക്കടുത്ത ശുശ്രൂഷസാമാനങ്ങളെയോ, ത്രോണോസിന്മേലുള്ള ഉപകരണങ്ങളേയോ, നാം അലങ്കരിക്കുകയോ ഭംഗിപ്പെടുത്തുകയോ പുഷ്ടിപ്പെടുത്തുകയോ ചെയ്യുന്നുണ്ടോ?

പ്രിയയേശുവേ! ഞങ്ങളുടെ ജീവിതവും നടത്തയും പരിശോധിക്കപ്പെടത്തക്കവയല്ല. ഞങ്ങൾ നിന്നെ മറക്കുകയും ആക്ഷേപിക്കുകയും നിന്ദിക്കയും ചെയ്തിട്ടുണ്ടെന്നു നിന്റെ മുമ്പാകെ ഞങ്ങളുടെ തലയെ ഭൂമിയോളം കുനിച്ചുകൊണ്ടു ലജ്ജയോടും വ്യസനത്തോടും കൂടെ ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളുടെ സനേഹിതന്മാരെയും അയൽക്കാരെയും പോലെയെങ്കിലും ഞങ്ങൾ നിന്നെ ബഹുമാനിച്ചിട്ടില്ല എന്നു ഞങ്ങൾ സമ്മതിക്കുന്നു. എന്നാൽ പ്രിയ കർത്താവേ! ഞങ്ങളുടെ പാപങ്ങളെയും നന്ദി ഇല്ലായ്മയേയും നീ ക്ഷമിക്കണമേ. അവയെ ക്ഷമിക്കുന്നതോടുകൂടെ നിന്നെ ഞങ്ങൾ കണ്ടു അറിയുന്നതിനായി ഞങ്ങളുടെ കണ്ണുകൾക്കു കാഴ്ചയേയും തരേണമേ. പാറപോലെ കടുത്തിരിക്കുന്ന ഞങ്ങളുടെ ഹൃദയത്തിന്മേൽ ഒരിക്കലും മായിക്കപ്പെടുവാൻ പാടില്ലാത്തവണ്ണം നിന്റെ സ്നേഹം പതിയേണ്ടുന്നതിനായി നീ അതിനെ മയപ്പെടുത്തണമേ. ഒരിക്കൽ നിന്നെ സത്യമായി ഞങ്ങൾക്കു സ്നേഹിക്കാൻ കഴിഞ്ഞാൽ പ്രയാസമുള്ളവ എല്ലാം ഞങ്ങൾക്കു നിഷ്പ്രയാസവും സൗന്ദര്യവും ഉള്ളവയായിത്തീരുന്നതാകുന്നു. സ്നേഹം പ്രകൃതിഭേദത്തെ ചെയ്യുന്നതാകുന്നു. അത് ഭീരുവിനെ ധൈര്യശാലി ആക്കുന്നു. അതു പിശുക്കനെ ഔദാര്യവാനാക്കുന്നു. അതു മൂഢനെ ജ്ഞാനി ആക്കുന്നു. അതു ശ്രദ്ധയില്ലാത്തവനെ ശ്രദ്ധയുള്ളവനും തീക്ഷ്ണവാനും ആക്കുന്നു. അതു അയസ്കാന്തത്തെപ്പോലെ ആകർഷണശക്തിയുള്ളതാക്കുന്നു. അതു തങ്കലേക്കു സകലത്തേയും ആകർഷിക്കുന്നു. സ്നേഹം സ്നേഹിക്കപ്പെടുന്നതിൽ നിന്നു വേർതിരിഞ്ഞിരിക്കുന്നില്ല. ദൂരെ ഇരിക്കാൻ ഇഷ്ടപ്പെടുന്നുമില്ല. സ്നേഹത്തിനു സ്വസ്തതയില്ല. സ്നേഹം സ്നേഹിക്കപ്പെടുന്നതിനോടുകൂടെ യോജിച്ചിരിക്കുന്നതിലാകുന്നു അതിന്റെ സൗഭാഗ്യത്തെ അനുഭവിക്കുന്നത്.

പ്രിയയേശുവേ! ഞങ്ങൾ നിന്നെ സ്നേഹിക്കുന്ന പക്ഷം ഈ അനുഭവം ഞങ്ങൾക്കും ഉണ്ടാകുന്നതാണ്. അപ്പോൾ ഞങ്ങൾ നിന്റെ അടു

ത്തുവരണമെന്നു നിശ്ചയം ചെയ്യേണ്ട ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ നിന്നിൽനിന്നു അകന്നിരിക്കാൻ ആകുന്നു പ്രയാസം. അപ്പോൾ നിന്റെ അടുക്കൽ ചെലവഴിക്കുന്ന സമയം ക്ഷീണകരമാണെന്നു ഞങ്ങൾക്കു തോന്നുകയില്ല. എന്തെന്നാൽ ആ സമയത്താകുന്നു ഞങ്ങളുടെ ആയുസ്സിന്റെ പരമാനന്ദം ഞങ്ങൾ അനുഭവിക്കുന്നത്. അപ്പോൾ നിന്നോടു അപേക്ഷിക്കേണ്ടതു എങ്ങനെ ഏതുവിധത്തിൽ എന്തുവാക്കുകളെ കൊണ്ടാകുന്നു എന്നു ഞങ്ങൾ ഭയപ്പെടേണ്ട ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ സ്നേഹം താനെ സംസാരിക്കുന്നു. വെറുതെ ഇരിക്കുന്നുമില്ല. അപ്പോൾ നിന്നോടുള്ള സഹവാസത്തിൽ ഞങ്ങൾ ഇഷ്ടപ്പെടും. എന്തെന്നാൽ നിന്നോടുള്ള സഹവാസത്തിൽ അല്ലാതെ ഇരിക്കുന്ന നാഴികകളും വിനാഴികകളും ഒരു ചുമടുപോലെ ഞങ്ങൾക്കു ഭാരമുള്ളവയായിരിക്കും. അപ്പോൾ നിന്റെ വിശുദ്ധ ത്രോണൊസിൽ ഉപകരണങ്ങളെ കാഴ്ചവെക്കണം എന്നു ഞങ്ങൾ നിശ്ചയം ചെയ്യേണ്ട ആവശ്യം ഉണ്ടാകയില്ല. എന്തുകൊണ്ടെന്നാൽ അങ്ങനെ ചെയ്യാതിരിക്കുന്നതു സ്നേഹസ്വഭാവത്തിനു വിരോധമാകുന്നു. അപ്പോൾ നിന്നെക്കുറിച്ചു ഞങ്ങൾ ഓർക്കയും ധ്യാനിക്കയും ചെയ്യേണ്ട സമയങ്ങൾ എപ്പോൾ എല്ലാം ആകുന്നു എന്ന് ആലോചിച്ചു നിശ്ചയിക്കേണ്ട ആവശ്യം ഉണ്ടാകയില്ല. എന്തുകൊണ്ടെന്നാൽ നിന്നെ ഓർക്കാതെയും ധ്യാനിക്കാതെയും ഇരിക്കുന്നതും, നിന്നെ ഞങ്ങളുടെ സകല പ്രവൃത്തികളുടേയും വിചാരങ്ങളുടേയും ഉല്പത്തി സ്ഥാനം ആക്കിത്തീർക്കാതിരിക്കുന്നതും നിന്നെ സ്നേഹിക്കാതിരിക്കയാകുന്നു.

എല്ലാ സ്നേഹിതന്മാരിൽവച്ചും ഏറ്റവും നല്ല സ്നേഹിതനെ! ഈ സ്നേഹം ഞങ്ങൾക്കു തരേണമേ. അപ്പോൾ നിന്റെ ആഗ്രഹപ്രകാരമുള്ളതും ഞങ്ങൾ വിചാരിക്കുന്നതിൽവച്ച് ഏറ്റവും നല്ലതും പരിശുദ്ധമായതും ഞങ്ങൾക്കു ലഭിക്കും. രാവും പകലും ത്രോണാസിൽ വസിക്കുന്നവനായ നിന്റെ അളവില്ലാത്ത സ്നേഹം മൂലം ഇതു ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതാകുന്നു, ആമേൻ,

*(കുർബാനയിൽ വെളിപ്പെടുന്നതായ നമ്മുടെ കർത്താവിന്റെ സ്നേഹത്തെക്കുറിച്ചു ഏതാനും വിനാഴികകൾ ധ്യാനിച്ചു ദൈവവുമായി സംസർഗ്ഗം ചെയ്യണം)*

****

# 5

# വിശുദ്ധ ത്രോണോസിന്മേൽ ഉള്ള നമ്മുടെ കർത്താവിന്റെ ബലി

സ്നേഹത്തിന്റെ ശരിയായ മാനദണ്ഡം കഷ്ടനഷ്ടങ്ങൾ സഹിക്കുന്നതിനുള്ള സന്നദ്ധതയാകുന്നു. നമ്മോട് ആവശ്യപ്പെടുന്നവർക്കു ചേതമില്ലാത്ത സഹായം നാം ചെയ്തുകൊടുക്കുന്നു. നമ്മുടെ സന്തോഷം പൂർത്തിയായ ശേഷം മറ്റുള്ളവരെ സന്തോഷിപ്പിക്കുന്നതിൽ നാം മടി വിചാരിക്കുന്നില്ല. നമുക്കു സൗകര്യമുള്ളപ്പോൾ മാത്രം അന്യന്മാരുടെ സുഖദുഃഖങ്ങളിൽ നാം പങ്കു കൊള്ളുന്നു. എന്നാൽ നമ്മെത്തന്നെ കഷ്ടനഷ്ടപ്പെടുത്തി ഏറ്റവും കഠിനമായ വേദനയും ദുഃഖവും നാം സഹിക്കണം എങ്കിൽ സ്നേഹത്തിന്റെ ശക്തിയേറിയ വ്യാപാരത്താൽ മാത്രമേ സാധിക്കയുള്ളൂ. സ്നേഹത്തിന്റെ തോതു കഷ്ടതയുള്ള അളവാണെങ്കിൽ പ്രിയ യേശുതമ്പുരാനെ! നീ ഞങ്ങളോടു കാണിച്ചിട്ടുള്ള സ്നേഹം എത്ര വിലയേറിയതാകുന്നു. എന്തുകൊണ്ടെന്നാൽ ത്രോണോസിൽ ഉള്ള നിന്റെ സാന്നിദ്ധ്യം മനുഷ്യവർഗ്ഗത്തിനുവേണ്ടി നീ സഹിച്ചതായ സകല കഷ്ടതകളേയും വേദനകളേയും കുറിച്ചു നാഴികതോറും വിനാഴികതോറും ഞങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ത്രോണോസിൽ ഞങ്ങൾ നിന്നെ കാണുന്നുണ്ടെങ്കിൽ അതിന്റെ ലക്ഷ്യങ്ങൾ എന്താണെന്നു ഞങ്ങൾക്കു തോന്നിയേക്കാം. നിന്റെ അവസ്ഥയ്ക്കും മഹിമയ്ക്കും അനുരൂപമായ ബാഹ്യലക്ഷണങ്ങൾ ഒന്നും ഞങ്ങളവിടെ കാണുന്നില്ല. പരിശുദ്ധ ദൈവദൂതന്മാരുടെയും സ്രാപ്പേന്മാരുടെയും കൂട്ടങ്ങൾ നിന്നെ ചുറ്റിയിരിക്കുന്നതായി ഞങ്ങളുടെ

ജഡീയ കണ്ണുകൾ കാണുന്നില്ല. എന്നാൽ കർത്താവേ! ഞങ്ങളുടെ വിശ്വാസക്കുറവുകൊണ്ടു മാത്രമാകുന്നു ഞങ്ങൾ ഇപ്രകാരം വിചാരിക്കുന്നത്. വിശ്വാസികൾക്കല്ലാതെ സത്യത്തിലും ആത്മാവിലും കാണാനും നിന്നെ സേവിക്കാനും കഴികയില്ല എന്നു നീ ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ടല്ലോ. സത്യത്തിലും ആത്മാവിലും നിന്നെ സേവിപ്പാൻ നീ ഞങ്ങളെ യോഗ്യന്മാരാക്കേണമേ. ഗോഗുൽത്തായിൽ നിന്റെ ജീവനെ ഞങ്ങൾക്കുവേണ്ടി ബലി കഴിച്ചവൻ നീയാകുന്നു. ഞങ്ങൾ അതിനെ മറക്കാതെ ഇരിക്കുന്നതിനു വിശുദ്ധ ത്രോണോസിലും മുടങ്ങാതെ നീ ബലി കഴിക്കപ്പെടുന്നു. കുത്തുകൊണ്ടതായ നിന്റെ മാർവ്വിൽനിന്നും മുറിവേറ്റതായ നിന്റെ കൈകളിൽനിന്നും കാലുകളിൽനിന്നും രക്തം സദാ ഒലിച്ചുകൊണ്ടിരിക്കുന്നു. എന്നിട്ടും അവിശ്വാസികളെയും യഹൂദന്മാരെയുംപോലെ നിന്റെ മുഖത്തു നോക്കി തല ആട്ടിയും കൊണ്ടു നിന്നെ നിന്ദിക്കുന്നവർ ഞങ്ങളിൽ വളരെപ്പേർ ഉണ്ട്. എന്നാൽ ഈ നിന്ദകളും വേദനകളും ആക്ഷേപങ്ങളും ഇപ്പോഴും കുരിശിൽ കിടന്നുകൊണ്ടു നീ സമാധാനത്തോടെ സഹിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയുടെ പൂർത്തിക്കായി ഇവയെല്ലാം നീ നാഴികതോറും വിനാഴികതോറും സഹിച്ചുകൊണ്ടിരിക്കുന്നു. കർത്താവേ! ഇവയെ കാണുന്നതിനു ഞങ്ങളുടെ ആത്മാവിന്റെ കണ്ണുകളെ നീ ശക്തിപ്പെടുത്തേണമേ. പാപവും വഞ്ചനയും നിറഞ്ഞ യഹൂദായുടെ ഹൃദയത്തോടു കൂടെ നിന്റെ വിശുദ്ധ മദ്ബഹായുടെ വാതുക്കൽ വന്നു നിന്നെ ഭക്ഷിക്കുന്നവരും, അയ്യോ ഞങ്ങളുടെ ഇടയിൽ ഉണ്ട്. ഇവയെല്ലാം ഞങ്ങളോടുള്ള സ്നേഹം നിമിത്തം കർത്താവേ! നീ സഹിക്കുന്നതാകുന്നു.

ഇതിനെല്ലാം പകരമായി ഞങ്ങൾ നിന്നോടു ചെയ്യുന്നതു എന്താകുന്നു? നിനക്കുവേണ്ടി ഞങ്ങൾ യഥാർത്ഥമായ വല്ല നഷ്ടവും സഹിച്ചിട്ടുണ്ടോ? ഞങ്ങൾക്കു സന്തോഷവും സൗകര്യവും ഇല്ലാത്തപ്പോൾ അല്ലാതെ എപ്പോൾ എങ്കിലും പാപം ചെയ്യുന്നതിൽ നിന്നു ഞങ്ങൾ പിൻമാറിയിട്ടുണ്ടോ? ഞങ്ങൾക്ക് ആവശ്യവും ഉപയോഗവും ഇല്ലാത്തതിനെ അല്ലാതെ ഏതിനെ എങ്കിലും ഞങ്ങൾ നിനക്കുവേണ്ടി നഷ്ടപ്പെടുത്തിയിട്ടുണ്ടോ? നിന്റെ വിശുദ്ധ പള്ളിയിൽ വന്നു ഞങ്ങളുടെ ഹൃദയത്തെ മുഴുവൻ തുറന്ന് ഒരു മണിക്കൂർ നേരമെങ്കിലും നിന്റെ പരിശുദ്ധതയോടു തനിച്ചു സംസർഗം ചെയ്യുന്നതിനു ഞങ്ങളുടെ ജോലികളെയോ, ഞങ്ങളുടെ ഉല്ലാസങ്ങളെയോ ഞങ്ങൾ വെടിഞ്ഞി

ട്ടുണ്ടോ? വിശുദ്ധ ത്രോണോസിൽ അനുവർത്തിക്കപ്പെടുന്നതായ നിന്റെ കാൽവരിയിലെ ബലിയിൽ സംബന്ധിപ്പാനായി ഞങ്ങൾ എത്ര നിസ്സാരമായ ഉപദ്രവത്തെ എങ്കിലും സഹിച്ചിട്ടുണ്ടോ! ഞങ്ങളെ അനുഗ്രഹിക്കുന്നതിനായി നിന്റെ പരിശുദ്ധ കൈകളെ നീ ഉയർത്തിയിരിക്കുന്ന അവസരത്തിൽ പോലും നിന്റെ വിശുദ്ധ പള്ളിവരെ നടന്നു വരുന്നതിനുള്ള പ്രയാസത്തെ മാത്രം ഓർത്തു ഞങ്ങൾ നിന്റെ അനുഗ്രഹത്തെ ലഭിക്കാതെ പിൻ മാറിയിട്ടില്ലയോ!

ലോകത്തിലെ സുഖാനുഭവങ്ങൾ എല്ലാം ഞങ്ങൾക്കു നഷ്ടപ്പെടുമ്പോഴും ദുഃഖത്തിലും ഞെരുക്കത്തിലും കണ്ണുനീരിലും ഇരിക്കുമ്പോഴും ഞങ്ങൾ നിന്റെ അടുക്കൽ വരുന്നു. എന്നാൽ നിന്നെ കാണണം എന്നുള്ള ഏക നിർമ്മല ആഗ്രഹത്തിന്റെ ഫലമായി എത്ര ചുരുങ്ങിയ അവസരങ്ങളിൽ മാത്രമേ ഞങ്ങൾ നിന്റെ അടുക്കൽ വന്നിട്ടുള്ളു.

ഏറ്റവും പ്രിയപ്പെട്ട യേശുതമ്പുരാനേ! വിശുദ്ധ ത്രോണോസിൽ ഇടവിടാതെയുള്ള നിന്റെ ബലിയെയും സ്നേഹത്തെയും വേണ്ടപോലെ ഞങ്ങൾ ബഹുമാനിച്ചാദരിക്കാത്തതു എന്തുകൊണ്ടാകുന്നു? അതിന്റെ കാരണം ഞങ്ങൾ ഏറ്റവും ലജ്ജാകരമായിട്ടുള്ളതും ഞങ്ങൾ പലപ്പോഴും സമ്മതിച്ച് ഏറ്റുപറഞ്ഞിട്ടുള്ളതും ആകുന്നു. അതായതു ഞങ്ങൾ ഇതുവരെയും നിന്നെ സ്നേഹിക്കാൻ പഠിച്ചിട്ടില്ല എന്നുള്ളതാകുന്നു. സ്നേഹം കഷ്ടനഷ്ടങ്ങൾ സഹിക്കുന്നതിൽ സന്തോഷിക്കുന്നു. കഷ്ടനഷ്ടങ്ങൾ എത്ര അധികം സഹിക്കുന്നുവോ അത്ര അധികം അതു സന്തോഷിക്കുന്നു. ഒരു സ്നേഹിതനെ ആശ്വസിപ്പിക്കുന്നതിനു പുറപ്പെടുമ്പോൾ ക്ഷീണത്തെയോ നിദ്രയെയോ ആരെങ്കിലും വകവെക്കുന്നുണ്ടോ? ഒരു സ്നേഹിതന്റെ കൂടെ ഇരിക്കുന്നതിനുവേണ്ടി ധനത്തെയോ സന്തോഷത്തെയോ സുഖത്തെയോ നഷ്ടപ്പെടുത്താത്തവൻ ആരാകുന്നു? തന്റെ സ്നേഹിതന്റെ ആഗ്രഹങ്ങളെ സാധിച്ചുകൊടുക്കുന്നതിനെക്കാൾ വലിയ സന്തോഷം ഒരുവനുള്ളതു എന്തുണ്ട്? നിന്നെ ഞങ്ങൾ സത്യമായി സ്നേഹിച്ചിരുന്നു എങ്കിൽ ഞങ്ങളും ഇപ്രകാരം ചെയ്യുമായിരുന്നു.

സ്നേഹിക്കാനുള്ള ശക്തി നീ ഞങ്ങൾക്കും തന്നിട്ടുണ്ട്. എന്നാൽ പാപത്തെ സ്നേഹിക്കുന്നതിലാകുന്നു ഞങ്ങൾ ആ ശക്തിയെ ഉപയോഗിക്കുന്നത്. ഞങ്ങളുടെ ഹൃദയത്തിൽ നിന്ന് പാപത്തെ നീക്കിയിട്ട് നിനക്കു വസിക്കാൻ അതിനെ യോഗ്യതയുള്ളതാക്കണമേ. നിന്റെ

വാസസ്ഥലമായ ഞങ്ങളുടെ ഹൃദയത്തിൽനിന്നു നിന്ദ്യങ്ങളായ സകലത്തേയും നീക്കിയിട്ട് നീ അതിൽ വസിച്ചു ഞങ്ങളെ ഭരിക്കേണമെ. നിന്റെ സ്നേഹത്തെ ഞങ്ങൾക്കു തരികയും നിന്നോടുകൂടെ വസിക്കുന്നതു പരമാനന്ദമായി ഞങ്ങൾക്കു തോന്നുന്നതിനിടയാക്കുകയും ചെയ്യേണമേ. നിനക്കുവേണ്ടി സകലവിധ കഷ്ടനഷ്ടങ്ങൾ സഹിക്കുന്നതിനും ഞങ്ങളെ സന്നദ്ധരാക്കേണമേ. അപ്പോൾ ബുദ്ധിമുട്ടുകൂടാതെയും സ്നേഹമാധുര്യങ്ങൾകൊണ്ടു നിർബന്ധിക്കപ്പെട്ടിട്ടും ഞങ്ങൾ നിന്റെ വിശുദ്ധആലയമാകുന്ന പള്ളിയിൽ വരുന്നവരാകും. അപ്പോൾ നിന്നോടുള്ള സഹവാസത്തിൽ ജീവിക്കുന്നതിനു വേണ്ടിവന്നാൽ സ്നേഹിതന്മാരെയും, സന്തോഷത്തെയും സുഖാനുഭവങ്ങളെയും എല്ലാം ഉപേക്ഷിക്കുന്നതിനും ഞങ്ങൾ സന്നദ്ധരായിരിക്കും. കരുണയുള്ള കർത്താവേ നിന്റെ സ്നേഹം നിമിത്തം നീ വിളിച്ച മാത്രയിൽ നിന്റെ അപ്പസ്തോലന്മാർ അവരുടെ മാതാപിതാക്കന്മാരെയും, സ്നേഹിതന്മാരെയും വസ്തുവകകളേയും എല്ലാം ഉപേക്ഷിച്ചു നിന്റെ പിന്നാലെ വന്നല്ലോ വിശുദ്ധ കുർബാനയിൽ നിത്യബലിയായി ഞങ്ങൾക്കു വേണ്ടി അർപ്പിക്കപ്പെടുന്ന കർത്താവേ! നിന്നോടുള്ള സ്നേഹം നിമിത്തം നിനക്കുവേണ്ടി ഞങ്ങളുടെ ആയുസ്സും ബലികഴിക്കപ്പെടേണ്ടതിനുവേണ്ടി ആ വിളിയാൽ ഇന്നു ഞങ്ങളേയും നീ വിളിക്കേണമേ. ആമേൻ

*(ക്രിസ്തുവിന്റെ ബലിയെക്കുറിച്ച് ഏതാനും വിനാഴികകൾ ധ്യാനിച്ചു ദൈവവുമായി സംസർഗ്ഗം ചെയ്യുക)*

✵✵✵✵

# 6

# വിശുദ്ധ കുർബാന ബലിയാണെന്നുള്ള വിശ്വാസം

പ്രിയ തമ്പുരാനെ! കാൽവരിയിലെ ബലിയിൽ നീ മനുഷ്യനും ദൈവവുമായിരുന്നു എന്നപോലെ ഈ പരിശുദ്ധ ബലിയിലും നിന്റെ സാന്നിദ്ധ്യം ഉണ്ട് എന്നു ഞങ്ങൾ വിശ്വസിക്കുന്നു. കുരിശിന്മേൽ തറ ച്ചതായ ശരീരം ഇവിടെ ഉണ്ടെന്നു ഞങ്ങൾ വിശ്വസിക്കന്നു. ആണിക ളാൽ തറയ്ക്കപ്പെട്ട കൈകളും, വെള്ളം പോലെ ഒഴുകിയ രക്തവും സ്നേഹം നിമിത്തം തുറക്കപ്പെട്ട ഹൃദയവും, കരൾ അറക്കപ്പെട്ട നിത്യ നാകുന്ന ദൈവത്തിന്റെ പുത്രനും വന്ദ്യമഹാപുരോഹിതനും കൊലയ്ക്കു വിധിക്കപ്പെട്ടവനുമായ യേശുവും ഇവിടെ ഉണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു. സർവ്വലോകങ്ങളുടെ പാപപരിഹാരത്തി നായി കഴിക്കപ്പെടുന്ന ബലി ഇതാകുന്നു. എന്നും കാൽവരിയിൽ വച്ചു ണ്ടായ നിന്റെ കുരിശിൽതറപ്പ് ഇവിടെ ആവർത്തിക്കപ്പെടുന്നു എന്നും വിശുദ്ധ സഭയുടെ രഹസ്യങ്ങൾ ഞങ്ങളെ പഠിപ്പിക്കുന്നു. സ്വർഗ്ഗവാ സത്തെ വെടിഞ്ഞു ഭൂവാസത്തെ സ്വീകരിക്കുന്നതിനും ദുഃഖങ്ങളുടെ പർവ്വതമാകുന്ന ഗോഗുൽത്തായിൽ കുരിശിന്മേൽ മരിക്കുന്നതിനും നിന്നെ പ്രേരിപ്പിച്ച ഞങ്ങളോടുള്ള സ്നേഹം പിതാവിന്റെ നിത്യപുത്ര നാകുന്ന നിന്നെ വി.ബലിപീഠത്തിലേക്ക് ഇടവിടാതെ ഇറക്കുന്നു എന്നും ഞങ്ങൾ വിശ്വസിച്ചു വിളിച്ചുപറയുന്നു. വി.ത്രോണൊസിന്മേൽ ബേത്‌ലഹേമിലേ നിന്റെ ജനനത്തെയും കാൽവരിയിലെ നിന്റെ മരണ ത്തെയും പുതുക്കുന്നു എന്നും ഞങ്ങൾ സമ്മതിച്ചുപറയുന്നു.

എത്ര ചുരുക്കം ആളുകൾ മാത്രം ഇത് ഓർക്കുന്നു. സർവ്വലോത്തി

ന്റെയും നാം ഓരോരുത്തരുടെയും പാപങ്ങൾ പ്രതികാരത്തിനായി ഇടവിടാതെ നിലവിളിച്ചുകൊണ്ടിരിക്കുന്നു എന്നും ദൈവം തന്റെ വാളിനെ ഊരിക്കൊണ്ടു തന്റെ മഹത്വത്തിനുപയോഗപ്പെടാത്ത തന്റെ ശത്രുക്കളെ നശിപ്പിക്കാൻ ഒരുങ്ങുന്ന അവസരത്തിൽ പാപിയായ മനുഷ്യനെയും അവനോടു കോപിച്ചിരിക്കുന്ന സൃഷ്ടാവിനെയും തമ്മിൽ യോജിപ്പിക്കാനായി സ്നേഹവും പാപപരിഹാരമാകുന്നു വി. ബലി എത്രായിരം ബലിപീഠങ്ങളിൽനിന്നു സ്വർഗ്ഗത്തിലേക്കു കരേറ്റപ്പെടുന്നു എന്ന് എത്ര ചുരുക്കം ആളുകൾ മാത്രം ഓർക്കുന്നു. ദൈവം നമ്മുടെ ബലിപീഠങ്ങൾമേൽ നോക്കുന്നു. തന്റെ ചെറിയ കൈകളെ ഉയർത്തിക്കൊണ്ടു കരുണയ്ക്കായി അപേക്ഷിക്കുന്ന ബേത്‌ലഹേമിലെ ശിശുവിനെ അവൻ കാണുന്നു. മരണവേദനകൊണ്ടു തല കുനിച്ചിരിക്കുന്നതായ ഏകപുത്രനെ ഒലിവുതോട്ടത്തിൽ അവൻ കാണുന്നു. "പിതാവേ അവർ ചെയ്യുന്നത് ഇന്നതെന്നു അവർ അറിയാത്തതുകൊണ്ട് അവരോടു ക്ഷമിക്കേണമെ" എന്നു മരണസമയത്തിൽപോലും താൻ ചെയ്തതായ അപേക്ഷയെ അവൻ കേൾക്കുന്നു. ഇപ്രകാരം യേശു തമ്പുരാന്റെ ഹൃദയം ഒരിക്കൽ കൂടെ നമ്മെ രക്ഷിക്കയും പിതാവിന്റെ കോപത്തെ കരുണയായി മാറുകയും ചെയ്യുന്നു.

ഏറ്റവും കരുണയുള്ള കർത്താവേ! ഗാഗുൽത്തായിൽ വച്ചുനടന്ന പാപപരിഹാരബലി മതിയായിരുന്നില്ലയോ? വില തീരാത്തതായ ഈ ബലി ഇപ്പോഴും അനേകായിരം ബലിപീഠങ്ങൾ മേൽ എന്തിന് അനുവർത്തിക്കപ്പെടുന്നു? അറുതിയില്ലാത്തതും ശോഭയേറിയതുമായ നിന്റെ സ്നേഹം ആകുന്നു അതിന്റെ കാരണം. നിന്റെ കഷ്ടാനുഭവത്തിന്റേയും വേദനകളുടേയും ഇടയ്ക്ക് ഞങ്ങളുടെ ബലഹീനതയേയും കുറവുകളേയും നീ ഓർത്തുകണ്ടു. ഒരിക്കൽ ചൊരിഞ്ഞതായ നിന്റെ രക്തത്തെ ഞങ്ങൾ നിന്ദിക്കുമെന്നും ഞങ്ങളുടെ ആത്മാക്കളെ വീണ്ടും വീണ്ടും കഴുകി വെടിപ്പാക്കുന്നതിനായി ആ രക്തം എപ്പോഴും ഞങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കണമെന്നും നീ അറിഞ്ഞു. ഒരിക്കൽമാത്രം കാൽവറിയിൽവച്ചു തുറക്കപ്പെട്ടതായ നിന്റെ തിരുമുറിവുകളെ ഞങ്ങൾ നിന്ദിക്കുമെന്നു നീ അറിഞ്ഞതുകൊണ്ട് ഞങ്ങളെ സ്വീകരിക്കുന്നതിനായി അവ എപ്പോഴും ഞങ്ങളുടെ ഇടയിൽ തുറന്നിരിക്കുന്നു. നിന്റെ ആദ്യബലിയെ ഞങ്ങൾ നിന്ദിക്കുമെന്നു നീ അറിഞ്ഞതുകൊണ്ടു വിശുദ്ധ ത്രോണോസിൽ തുടർച്ചയായി നീ ഞങ്ങൾക്കുവേണ്ടി ബലി കഴിക്കപ്പെടുന്നു. കർത്താവെ! ഇതെല്ലാം ഞങ്ങൾ വിശ്വസിക്കുന്നു. ചുരുങ്ങിയ

പക്ഷം ഞങ്ങൾ അങ്ങനെ വിശ്വസിപ്പാൻ ആഗ്രഹിക്ക എങ്കിലും ചെയ്യുന്നു. അതിനാൽ ഞങ്ങളുടെ പ്രവർത്തികളിൽ ഞങ്ങൾ കാണിക്കുന്ന അവിശ്വാസം മൂലം നീ ഞങ്ങളിൽനിന്നും മാറിക്കളയാതെ വിശുദ്ധ ബലിപീഠമാകുന്ന പർവ്വതത്തിൽനിന്നും ധാരാളമായി പെയ്തുകൊണ്ടിരിക്കുന്ന കരുണയാകുന്ന മഴ, ഉണങ്ങിവരണ്ടിരിക്കുന്ന ഞങ്ങളുടെ ആത്മാക്കൾമേൽ വർഷിപ്പിക്കേണമേ. "സത്യമായിട്ടും ഇവൻ ദൈവത്തിന്റെ പുത്രൻ ആകുന്നു" എന്നു പറഞ്ഞു നെഞ്ചത്തടിച്ചുകൊണ്ട് വീട്ടിലേക്കു പോയ ശതാധിപൻ നിന്റെ ആദ്യബലി നിവർത്തിച്ച അവസരത്തിൽ ഉണ്ടായിരുന്നു. കർത്താവേ! ആ ശതാധിപനെക്കാൾ ഞങ്ങൾ കൊള്ളരുതാത്തവർ ആകരുതെ, സത്യമായിട്ടും നീ ദൈവപുത്രനാകുന്നു എന്നു വിശ്വസിക്കാതെ ഈ പള്ളിയിൽനിന്നും ഇന്നു ഞങ്ങൾ മടങ്ങിപ്പോകരുതെ. ആകാശങ്ങൾ ഇരുട്ടുള്ളതായി തീരുകയും ഭൂമി വിറച്ചുപിളരുകയും ചെയ്യുന്നില്ല എങ്കിലും, ഈ ബലിപീഠത്തിൽ കർത്താവു ബലി കഴിക്കപ്പെടുന്നു എന്നും, പാപപരിഹാരത്തിനായി കാൽവരിയിൽ വച്ചുണ്ടായ ബലി ഈ പള്ളിയിൽ വീണ്ടും പൂർത്തിയാക്കപ്പെടുന്നു എന്നും ഞങ്ങൾ സമ്മതിച്ചു വിശ്വസിക്കുമാറാകണമേ.

ഏറ്റവും സ്നേഹമുള്ള കർത്താവേ! ഇതാകുന്നു ഞങ്ങളുടെ വിശ്വാസം. എന്നാൽ ഞങ്ങളുടെ പ്രവൃത്തികൾ ഇതിനു തുല്യമായിരിക്കുന്നുണ്ടോ? സ്വർഗ്ഗസ്ഥനായ പിതാവിനെ ലോകത്തോടുയോജ്യതപ്പെടുത്തുന്നതിനായി യേശുതമ്പുരാൻ ബലി കഴിക്കപ്പെട്ടതായ ഗോഗുൽത്തായാകുന്നു എല്ലാ ബലിപീഠങ്ങളും എന്നുള്ള വിശ്വാസത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ ആരുണ്ട്? അവിശ്വാസികൾ ഭക്ഷിക്കുകയും കുടിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ വിശ്വാസം കഥയില്ലാത്തതെന്നു അവർ വിചാരിച്ചു ഞങ്ങളോടു സഹതപിക്കുകയും നിന്ദിക്കുകയും ചെയ്യുന്നു. കുർബാനയിൽ യേശുതമ്പുരാൻ ബലികഴിക്കപ്പെടുന്നുവെന്നും അവന്റെ രക്തം പാപപരിഹാരത്തിനായി ചൊരിയപ്പെടുന്നു എന്നും വിശ്വസിക്കുന്നവർ അവരുടെ സ്നേഹത്തെയും വിശ്വാസത്തെയും എങ്ങനെ വെളിപ്പെടുത്തുന്നു? പള്ളിയിൽ പ്രവേശിച്ചിട്ടുള്ളവരെ നോക്കി ഗോഗുൽത്തായുടെ ചുവട്ടിൽ കൂടിയിട്ടുള്ളവർ അവരിൽ എത്രപേർ ഉണ്ടെന്നു എണ്ണിനോക്കുന്ന പക്ഷം നൂറ്റിനു ഒന്നുവീതം കാണുമോ എന്നു സംശയമാണ്. രക്ഷകൻ തന്റെ ജനങ്ങൾക്കുവേണ്ടി കരൾ അറക്കപ്പെടുന്നു. എന്നാലേ തന്റെ ജനങ്ങൾ ഉറങ്ങുകയും, അശ്രദ്ധ

രായിരിക്കുകയും ചെയ്യുന്നു. അവർ പാപം ചെയ്യുന്നു. രക്ഷകന്റെ അടുത്തുചെല്ലുന്നുമില്ല. അതിനാൽ വിശുദ്ധ കുർബാനയിൽ ഇപ്രകാരമുള്ള പ്രാർത്ഥന വീണ്ടും കേൾക്കപ്പെടുന്നു. 'പിതാവെ! അവർ ചെയ്യുന്നത് അവർ അറിയാത്തതുകൊണ്ട് അവരോട് ക്ഷമിക്കേണമേ.' സ്വർഗ്ഗസ്ഥനായ പിതാവേ! ഞങ്ങളോടു ക്ഷമിക്കേണമെ. കൃപനിറഞ്ഞ യേശുവേ! ഞങ്ങളോടു ക്ഷമിക്കേണമെ. ഇനിമേലിൽ വിശുദ്ധ ത്രോണൊസിൽ അണയ്ക്കപ്പെടുന്ന ബലിയിൽ ഞങ്ങൾ അശ്രദ്ധന്മാരായിരിക്കയില്ല എന്നു ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. ഇനി മേലിൽ ഞങ്ങളുടെ പ്രവർത്തികൾ ഞങ്ങളുടെ വിശ്വാസത്തിനനുസരണമായിരിക്കുമെന്നും കുർബാനയിൽ ഞങ്ങൾ സംബന്ധിക്കാതിരിക്കയില്ലെന്നും ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നു. കാൽവരിയിലുണ്ടായ നിന്റെ ബലിയും നിന്റെ അഞ്ചുമുറിവുകളും നിമിത്തം ഞങ്ങളുടെ പ്രതിജ്ഞയെ നീ അനുഗ്രഹിച്ചു ഫലപ്പെടുത്തേണമെ എന്നു ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു ആമേൻ.

*(സത്യവിശ്വാസം നമ്മെ എന്തെല്ലാം പഠിപ്പിക്കുന്നു എന്നു ഏതാനും വിനാഴികകൾ ധ്യാനിച്ചു ദൈവവുമായി സംസർഗ്ഗം ചെയ്യണം)*

✵✵✵✵

# 7

# കുർബാനയാകുന്ന പരിശുദ്ധ ബലിയിൽ വെളിപ്പെടുന്ന കർത്താവിനോടു സ്നേഹ ത്തോടുകൂടി നാം പ്രവർത്തിക്കേണ്ടതു എങ്ങനെ എന്നു

തന്റെ ജീവനെ ശത്രുക്കൾക്കുവേണ്ടി ബലി കൊടുക്കുന്നതിനേക്കാൾ വലിയ സ്നേഹം ഒരു മനുഷ്യനും ഇല്ല. കർത്താവേ കുരിശിന്മേലുള്ള നിന്റെ മരണംമൂലം ഈ സ്നേഹം നീ ഞങ്ങൾക്കു വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ നീ ദൈവവും മനുഷ്യനുമായതുകൊണ്ടു ഇതിനേക്കാൾ കൂടുതലായി നിനക്കു ചെയ്‌വാൻ കഴിഞ്ഞു. അതായത് ലോകാവാസാനംവരെ ഈ പരിശുദ്ധബലി കുർബാന മൂലം ആവർത്തിക്കപ്പെടേണ്ടതിനു നിന്റെ ജീവനെ മരണത്തിന്റെ ശക്തിയിൽനിന്നും വീണ്ടെടുക്കേണ്ടതിനു നിനക്കു കഴിഞ്ഞു. മനുഷ്യന്റെ ചെറിയ ഹൃദയംകൊണ്ടു വിചാരിച്ചറിവാൻ കഴിവില്ലാത്ത സ്നേഹത്തിന്റെ ഈ പ്രദർശനം കുർബാനയാകുന്ന പരിശുദ്ധ ബലിയിൽക്കൂടി നീ ധാരാളമായി ഞങ്ങൾക്കു കാണിച്ചുതന്നിട്ടുണ്ട്. "എന്റെ മുന്തിരിത്തോട്ടത്തിനു ഞാൻ ചെയ്തിട്ടുള്ളതിൽ കൂടുതലായി ഇനിയും ഞാൻ എന്താണു ചെയ്‌വാനുള്ളത്" എന്നു ഇവിടെനിന്നു മറ്റ് അനേകം ബലിപീഠങ്ങളിൽനിന്നും നീ ഞങ്ങളോടു ചോദിക്കുന്നുണ്ട്, വിശ്വാസികൾക്കു രഹസ്യങ്ങളെ വെളിപ്പെടുത്തിക്കൊടുക്കുന്ന ദൈവമേ ഈ ബലിപീഠം തന്റെ രക്തം കൊണ്ടു ഇതാ ചുവന്നിരിക്കുന്നു നിന്റെ കാലുകളും കൈകളും ഇതാ കുരിശിന്മേൽ തറയ്ക്കപ്പെട്ടിരിക്കുന്നു. നിന്റെ മാർവ്വ് ഇതാ കത്തികൊണ്ടു പിളർന്നിരിക്കുന്നു. നിന്റെ ജീവൻ ഇതാ ഞങ്ങൾക്കുവേണ്ടി ബലിയായി

അർപ്പിച്ചിരിക്കുന്നു. ഇതു ഒരിക്കലോ ഒരു സ്ഥലത്തോ അല്ല. ലോകത്തിൽ ബലിപീഠങ്ങൾ ഉള്ള എല്ലാ സ്ഥലങ്ങളിലും നടക്കുന്നു. ഈ പരിശുദ്ധബലി അർപ്പിക്കപ്പെടുന്ന കാലത്തോളം ഞങ്ങൾക്കു നിരാശയ്ക്കു വഴിയില്ല. ഞങ്ങൾ പാപികളാണെന്നും ഇടവിടാതെ അനേകതരം പാപങ്ങളാൽ പരീക്ഷിക്കപ്പെടുമെന്നും പാപമോചനത്തെപ്പറ്റി ഞങ്ങൾക്കു നൈരാശ്യം തോന്നിയേക്കാമെന്നും നിനക്കു അറിവുള്ളതുകൊണ്ടു ഗോഗുൽത്തായിൽ നിന്നും ഒഴുകിത്തുടങ്ങിയ നദി ഞങ്ങളുടെ ശുദ്ധീകരണത്തിനായി ഇടമുറിയാതെ ഒഴുകിക്കൊണ്ടിരിക്കുന്നു. കുരിശിന്മേൽ ഉണ്ടായ നിന്റെ മരണത്തെ ഞങ്ങൾ മറന്നു കളയുമെന്നും കഴിഞ്ഞുപോയ ഒരു സംഭവമായിട്ട് ഞങ്ങൾ അതിനെ തള്ളിക്കളയുമെന്നും, നിനക്കു തോന്നിയതുകൊണ്ടു കാൽവറിയിലെ ഭയങ്കരമായ അത്ഭുതങ്ങളെ നീ എന്നേക്കുമായി നിലനിർത്തിക്കൊണ്ടു പോകുന്നു. സ്നേഹം ശരിയായി വെളിപ്പെടുന്നതു പരമാർത്ഥമായി മനസ്സോടുകൂടി സഹിക്കുന്ന കഷ്ടതയിൽ ആണ് എന്നു നീ അറിഞ്ഞിരുന്നു. അതുകൊണ്ടു നീ ഞങ്ങളെ സ്നേഹിക്കുന്നു എന്നു ഞങ്ങളെ അറിയിക്കുന്നതിനായി നാഴികതോറും ആന്തരാർത്ഥമായി നീ മരിച്ചുകൊണ്ടിരിക്കുന്നു.

കരുണയുള്ള കർത്താവേ! വിശുദ്ധ കുർബാനയിൽ നീ ഞങ്ങളെ കാണിക്കുന്ന അവസാനമില്ലാത്ത സ്നേഹത്തെ ഞങ്ങൾ തിരിച്ചറിയേണ്ടുന്നതിനായി നീ ഞങ്ങൾക്കു ബുദ്ധി തരേണമേ. ദയയോടുകൂടിയ വചനം ഞങ്ങളോടു ഒരുവൻ സംസാരിച്ചാൽ അതിനെ തിരിച്ചറിഞ്ഞു ബഹുമാനിക്കാൻ കഴിയുന്ന ഹൃദയം ഞങ്ങൾക്കുണ്ട്. ഒരുവൻ ഞങ്ങളോടു സഹതാപം കാണിച്ചാൽ പിന്നീടു വളരെക്കാലത്തേക്കു ഞങ്ങളുടെ ഹൃദയത്തിൽ അതിന്റെ സ്മരണ നിലനിലനിൽക്കുന്നു, സത്യത്തെയും സ്നേഹത്തെയും കണ്ടുപിടിക്കാനായി ഭൂമിയുടെ അഗാധങ്ങളോളം ചെന്നു പരിശോധിക്കുന്ന ഹൃദയങ്ങൾ ഞങ്ങൾക്കുണ്ട്. സ്നേഹത്തിൽ ജീവിക്കുന്നതും അതില്ലാതിരിക്കുമ്പോൾ അതിനായി ദാഹിച്ചു ക്ഷീണിക്കുന്നതുമായ ഹൃദയങ്ങൾ ഞങ്ങൾക്കുണ്ടായിരിക്കെ, നിന്നോടും പരിശുദ്ധ കുർബാനയിൽ നീ കാണിക്കുന്ന അപരിമിതമായ സ്നേഹത്തോടും മാത്രം ഞങ്ങൾ വിരക്തിയോടും അശ്രദ്ധയോടും ഇരിക്കുന്നു. നിന്റെ സ്നേഹം ഞങ്ങൾക്കു കിട്ടാവുന്ന എല്ലാ സമ്പത്തിനേക്കാൾ വിലയുള്ളതാകുന്നു. അതു ഞങ്ങളുടെ എല്ലാ സങ്കടശക്തികളെയും കവിയുന്നതാകുന്നു. ഞങ്ങൾക്കു അതിനെ അടക്കിപ്പിടിക്കാൻ

കഴികയില്ല. ഞങ്ങൾക്കു അതിനെ സ്വീകരിക്കാൻ ശക്തിയുമില്ല. അതിനാലാകുന്നു ഞങ്ങൾ നിശ്ചലന്മാരായും മന്ദബുദ്ധികളായും ഇരുന്നുപോകുന്നത്.

പ്രിയ യേശുതമ്പുരാനേ! കുർബ്ബാനയാകുന്ന പരിശുദ്ധബലിയിൽ കൂടെ നീ നിന്നെത്തന്നെ ഞങ്ങൾക്കു നൽകുന്നതിലുള്ള നിന്റെ സ്നേഹത്തെ ഏകദേശമായിട്ടെങ്കിലും ഞങ്ങളുടെ ഹൃദയങ്ങൾ തിരിച്ചറിയുന്നില്ല. എന്നാൽ നിന്റെ സ്നേഹത്തിന്റെ ആഴത്തേയും വിസ്തീർണ്ണതയേയും തിരിച്ചറിയുന്നതിനു നീ ഞങ്ങളോടു ആവശ്യപ്പെടുന്നില്ല. അതിനെ ഞങ്ങൾ അനുഭവിച്ചു ഗുണപ്പെടണമെന്നു മാത്രമേ നീ ആഗ്രഹിക്കുന്നുള്ളൂ. നിന്റെ പരിശുദ്ധ ബലിയിൽ ഞങ്ങൾ സംബന്ധിക്കണമെന്നും, നിന്നെ ഞങ്ങൾ ഉപേക്ഷിക്കരുതെന്നും, നിന്റെ സ്വരത്തോടുകൂടെ ഞങ്ങളുടെ സ്വരവും യോജിപ്പിച്ചു നിന്റെ പിതാവും ഞങ്ങളുടെ പിതാവുമായവനെ വന്ദിച്ചു സ്തുതിക്കണമെന്നും മാത്രമേ നീ ഞങ്ങളോടു ആവശ്യപ്പെടുന്നുള്ളൂ.

ആകയാൽ നീ ഞങ്ങളിൽനിന്നു ആഗ്രഹിക്കുന്നതു ഞങ്ങളിൽ ഉണ്ടാകും. സ്നേഹം നിമിത്തം നീ ഞങ്ങൾക്കുവേണ്ടി ബലി കഴിക്കപ്പെടുന്ന ഈ പരിശുദ്ധ കുർബാനയിൽ നിവൃത്തിയുള്ളപ്പോൾ എല്ലാം ഞങ്ങൾ സംബന്ധിക്കുമെന്നു ഞങ്ങൾ ഒന്നുകൂടി വാഗ്ദാനം ചെയ്തുകൊള്ളുന്നു. ഇതിൽ വെളിപ്പെടുന്ന നിന്റെ സ്നേഹത്തിന്റെ ആഴത്തെക്കുറിച്ചു ഞങ്ങൾ ധ്യാനിക്കും. ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ കഷ്ടാനുഭവങ്ങളിൽ ഞങ്ങളുടെ മനസ്സലിഞ്ഞു നിന്നോടുള്ള കൃതജ്ഞതയെ പ്രദർശിപ്പാനായി നിന്റെ ഇഷ്ടപ്രകാരം ഞങ്ങളെ ഉപയോഗിച്ചുകൊള്ളുന്നതിനുവേണ്ടി ഞങ്ങളെത്തന്നെ മുഴുവനായി ഞങ്ങൾ നിനക്കു വിട്ടുതന്നിരിക്കുന്നു. ഈ നിശ്ചയത്തോടുകൂടി വരുന്ന ഞങ്ങളെ കർത്താവേ! നീ സ്വീകരിക്കേണമേ. ഞങ്ങൾ നിസ്സാരന്മാരും ബലമില്ലാത്തവരുമാണെങ്കിലും ഞങ്ങളെ മുഴുവനായി നിനക്കു വിട്ടുതന്നിരിക്കുന്നതുകൊണ്ട് നീ ഞങ്ങളെ ഉപേക്ഷിക്കരുതേ. മനപ്പൂർവ്വമായും സത്യമായും നിന്നെ സ്നേഹിക്കണമെന്നുള്ള ആഗ്രഹത്തിൽനിന്നു ഞങ്ങൾ പറയുന്നതാകകൊണ്ടു നീ ഞങ്ങളെ നിരസിക്കുകയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

(കുർബാനയാകുന്ന പരിശുദ്ധ ബലിയിൽ വെളിപ്പെടുന്ന കർത്താവിന്റെ സ്നേഹത്തെക്കുറിച്ചു ഏതാനും വിനാഴികകൾ ധ്യാനിച്ചു ദൈവവുമായി സംസർഗ്ഗം ചെയ്യണം).

❋❋❋❋

## 8

# വി. കുർബാനയിൽക്കൂടെ നമുക്കു ആത്മീയ ഭക്ഷണമായിത്തീരുന്ന യേശുതമ്പുരാന്റെ സ്നേഹത്തെക്കുറിച്ച്

കർത്താവേ! നീ ഞങ്ങളെ ഇത്ര അധികം സ്നേഹിക്കുമെന്നു ആരു വിചാരിച്ചിരുന്നു? അസംഖ്യം ദൈവദൂതന്മാരാൽ എപ്പോഴും സ്തുതിക്കപ്പെടുന്നതായ നിന്റെ സ്വർഗ്ഗീയസിംഹാസനത്തെ ഉപേക്ഷിച്ചു, നീ മനുഷ്യനായി ജനിച്ചു. ഇപ്രകാരം മനുഷ്യനും ദൈവവുമെന്ന നിലയിൽ ഏറ്റവും നിർദ്ധനനും നിസ്സഹായനുമായി ഞങ്ങളുടെയിടയിൽ നീ ജനിച്ചതു നിന്റെ അതിരില്ലാത്ത സ്നേഹത്തിന്റെ ധാരാളമായ ലക്ഷ്യമല്ലയോ? മനുഷ്യപുത്രന്മാരോടുകൂടെ വസിക്കുന്നതാകുന്നു നിനക്കിഷ്ടം എന്നു അവിശ്വാസികളെപ്പോലും ധാരാളമായി വിശ്വസിപ്പിക്കുന്നതിന് ഇത് മതിയായ തെളിവല്ലയോ?

എന്നാൽ ഞങ്ങൾക്കു അതിശയകരമായി തോന്നിയതു, അതിരില്ലാത്തതും മനുഷ്യബുദ്ധിക്കു ഗോചരമല്ലാത്തതുമായ സ്നേഹമുള്ള നിനക്കു തൃപ്തികരമായി തോന്നിയില്ല. ഞങ്ങളുടെ ഏറ്റവും അടുത്ത ബന്ധുക്കളെയൊ സ്നേഹിതന്മാരെയുംകാൾ അധികം ഞങ്ങളോട് അടുത്തു ജീവിക്കുന്നതുകൊണ്ടുമാത്രം സർവ്വശക്തനായി മനുഷ്യാവതാരം ചെയ്ത ദൈവമാകുന്ന നിനക്ക് തൃപ്തിയായില്ല. സ്നേഹസ്വരൂപനായ നീ ആവശ്യപ്പെട്ടത്, ലോകവാസികൾ കണ്ടോ കേട്ടോ അനുഭവിച്ചോ അറിഞ്ഞിട്ടുള്ളതിനേക്കാൾ അധികം ഞങ്ങളോടു ചേർച്ചയുള്ള ഒരു യോജിപ്പാകുന്നു. അതിനായി നിന്റെ ദൈവികജ്ഞാനം കൊണ്ടു നീ നിശ്ചയിച്ചതു മനുഷ്യഹൃദയം അറിഞ്ഞിട്ടില്ലാത്ത ഒരു സംഗതിയാകുന്നു. അതായതു ത്രിത്വത്തിൽ രണ്ടാമത്തെ ആളും വിശുദ്ധ കന്യകമറിയാമിൽനിന്നു ജനിച്ച യേശുവാകുന്ന നീ തന്നെ

മനുഷ്യന്റെ ആഹാരമാകാമെന്നുവച്ചതാകുന്നു. മനുഷ്യഹൃദയത്തിനു ചിന്തിക്കാവുന്നതിലും അധികം ചേർച്ചയുള്ളതായ ഒരു യോജിപ്പ് ഇതു കൊണ്ട് കർത്താവേ! നിന്നോടു ഞങ്ങൾക്കുണ്ടാകുന്നു.

കർത്താവേ! നീ ശിശുക്കളെ നിന്റെ കയ്യിൽ എടുത്തു അവരെ അനുഗ്രഹിച്ചപ്പോൾ അവരും നീയും തമ്മിൽ ഉണ്ടായ ചേർച്ച വളരെ അടുത്തതായിരുന്നു. നിന്റെ ശിഷ്യനാകുന്ന വിശുദ്ധ യോഹന്നാൻ നിന്റെ അവസാന അത്താഴസമയത്തു നിന്റെ മാർവ്വിൽ ചാരിക്കിടന്നപ്പോൾ അവനും നീയും തമ്മിൽ ഉണ്ടായ ചേർച്ചയും വളരെ അടുത്തതായിരുന്നു. നിന്റെ മാതാവാകുന്ന വിശുദ്ധ കന്യകമറിയാമിന്റെ മടിയിൽ ചാരിക്കിടന്നു നീ ഉറങ്ങിയിട്ടുള്ളപ്പോൾ അവളും നീയും തമ്മിൽ ഉണ്ടായ ചേർച്ചയും വളരെ അടുത്തതായിരുന്നു. എന്നാൽ വി. കുർബാന ഞങ്ങൾ അനുഭവിക്കുമ്പോൾ നീയും ഞങ്ങളും തമ്മിൽ ഉണ്ടാകുന്ന ചേർച്ച ഇതിനെ എല്ലാറ്റിനേക്കാളും അടുത്തും വിലയേറിയതും ആകുന്നു. യേശുവായവൻ, മനുഷ്യനും ദൈവവുമായി ഈ ലോകത്തിൽ ജീവിച്ചവൻ, മനുഷ്യനെപ്പോലെ ശ്വാസവികാരങ്ങളും രക്തനാഡികളും ഉള്ളവൻ, തന്റെ കണ്ണിൽനിന്നും, മുഖത്തുനിന്നും സ്നേഹം സദാ പ്രസരിച്ചുകൊണ്ടിരിക്കുന്നവൻ, ഇപ്രകാരം ഉള്ള യേശുതമ്പുരാനും നാമും ഒന്നായിത്തീരുന്നു. എങ്ങനെയെന്നാൽ രണ്ടുകഷണം മെഴുകു ഉരുകി ഒന്നായി ചേരുന്നതുപോലെ അവനും നാമും യാതൊരു വ്യത്യാസവും ചേർച്ചകേടും കൂടാതെ ഒന്നായിത്തീരുന്നു. നാം അവനെ തൊടുക മാത്രമോ അവന്റെ മാർവ്വിൽ ചാരിക്കിടക്ക മാത്രമോ അല്ല ചെയ്യുന്നത്. (എന്നാലോ) വി. കുർബാന അനുഭവിക്കുന്നതുകൊണ്ടു നമ്മുടെ കർത്താവിനോട് ഹൃദയത്തോടു ഹൃദയവും മാർവ്വോടു മാർവ്വും അധരത്തോടു അധരവും ചേർന്നു എന്നപോലെ നാം ഒന്നായിത്തീരുന്നു. ഈ ചേർച്ച വളരെ യോജിപ്പും അടുപ്പവും ഉള്ളതാകന്നു. യേശുവിന്റെ ഹൃദയം നമ്മുടെ ഉള്ളിൽ അടിച്ചുകൊണ്ടിരിക്കുന്നതുപോലെയും അവന്റെ രക്തം നമ്മുടെ നാഡികളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതുപോലെയും ആകുന്നു. നമ്മുടെ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ആധികൃത്തിൽ നമുക്കു താഴെവരുന്ന പ്രകാരം പറയുകയും ചെയ്യാം. “ഇപ്പോൾ ഞാൻ ജീവിക്കുന്നു. എന്നാൽ ഞാൻ അല്ല, എന്നിൽ മിശിഹായത്രേ ജീവിക്കുന്നത്.”

ഇപ്രകാരം അനിത്യവും നിത്യവും തമ്മിൽ യോജിക്കുന്നു. നിത്യൻ എങ്കിലും ഒരു കാലത്തുപോലും അശുദ്ധതയുടെയും മലിനതയുടെയും ലേശംപോലും തീണ്ടിയിട്ടില്ലാത്തവനും തന്റെ മുമ്പാകെ സ്രാപ്പേന്മാരും ക്രോബേന്മാരും കൂടെയും കുറ്റം തീർന്നവരല്ലാതിരിക്കുമ്പോൾ അശുദ്ധതയും മലിനതയും മാത്രമാകുന്ന നമ്മെ തന്റെ കൈകൊണ്ടു

എടുത്തു തന്റെ മാർവ്വോടുചേർത്ത് അമർത്തിപ്പിടിക്കുന്നു. സർവ്വലോകത്തിനും നിന്നെ വഹിക്കാൻ കഴിവില്ലാതിരിക്കുമ്പോൾ അയോഗ്യന്മാരാകുന്ന ഞങ്ങളുടെ ഹൃദയത്തിൽ ഞങ്ങളുടെ ഭക്ഷണവും ആഹാരവുമായി നീ സ്ഥിതി ചെയ്യുന്നു.

കർത്താവേ! ഭൂവാസികളാകുന്ന ഞങ്ങൾക്കുവേണ്ടി സ്വർഗ്ഗീയ രാജാവാകുന്ന നീ ഒരുക്കിയിട്ടുള്ള വിരുന്ന് എത്ര നല്ലതും എത്ര വിലയേറിയതുമാകന്നു ഈ പള്ളിയിലും മറ്റു എല്ലാ പള്ളികളിലും നിന്റെ വിരുന്നിന്റെ മേശയെ നീ ഒരുക്കിയിരിക്കുന്നു കളങ്കമില്ലാത്ത കുഞ്ഞാടാകുന്ന നീ കൊല്ലപ്പെടുന്നു. കുരിശിൽ തറയ്ക്കപ്പെട്ടതായ അതേ ശരീരവും മുൾമുടി വെക്കപ്പെട്ടതായ തലയിൽനിന്നും, കുന്തംകൊണ്ടു പിളർക്കപ്പെട്ടതായ മാർവ്വിൽനിന്നും ഒലിച്ചതായ അതേ രക്തവും ഇപ്പോഴും കാണപ്പെടുന്നു. കാൽവറിയിൽ മരിച്ചവനാകുന്ന ദൈവവും മനുഷ്യനുമാകുന്ന യേശുമിശിഹാ കണ്ണുനീരിന്റെ താഴ്‌വരയാകുന്ന ഈ ഭൂമിയിൽ പ്രയാസപ്പെടുന്നവരും ഭാരം ചുമക്കുന്നവരുമായവർക്ക് ആഹാരവും പാനീയവുമായി തീർന്നിരിക്കുന്നു. രാജാധിരാജാവിന്റെ വിരുന്നുശാലയിലേക്ക് എല്ലാവർക്കും പ്രവേശനമുണ്ട്. ഒരുത്തനെയും വെളിക്കുനിർത്തുന്നില്ല. ഞങ്ങളുടെ വസ്ത്രങ്ങൾ എത്ര മോശമായാലും എത്ര വിലയേറിയതായാലും ഞങ്ങൾ അക്ഷരാഭ്യാസമില്ലാത്തവരായാലും എത്ര വലിയ ജ്ഞാനികൾ ആയാലും ഞങ്ങൾ ജനിച്ചതു പാവപ്പെട്ടവന്റെ കുടിലിൽ ആയാലും രാജാവിന്റെ കൊട്ടാരത്തിൽ ആയാലും എല്ലാവരേയും ഒന്നുപോലെ നീ വിചാരിക്കുന്നു എല്ലാവർക്കും ഒരുപോലെയുള്ള സ്വാതന്ത്ര്യവും അവകാശവും ഉണ്ട്. നിന്റെ സ്നേഹവിരുന്നിന് എല്ലാവരും ക്ഷണിക്കപ്പെട്ടവരാകുന്നു.

ഏറ്റവും പ്രിയപ്പെട്ടയേശുതമ്പുരാനെ! ഇതിൽ വെളിപ്പെടുന്ന നിന്റെ സ്നേഹത്തിന്റെ ഉയരവും ആഴവും ഞങ്ങളെ നീ മനസ്സിലാക്കേണമേ. ഞങ്ങൾ നിന്നോടു സത്യമായും അകൃത്രിമമായും പെരുമാറുവാൻവേണ്ടി അതിനു തുല്യമായ ഒരു സ്നേഹം ഞങ്ങളുടെ ഹൃദയങ്ങളിലും നീ ഉദിപ്പിക്കേണമേ. അറിവോടുകൂടിയ സ്വല്പമായ പാപവിചാരമെങ്കിലും ഉള്ളവരായി ഞങ്ങൾ വിശുദ്ധകുർബാനയിൽ സംബന്ധിക്കുന്നവരാകാരുതെ. പാറപോലെ കടുത്തതും തണുത്തതുമായ ഹൃദയത്തോടുകൂടിയും ഞങ്ങൾ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നവരാകരുതേ. സർവ്വശക്തനായ ദൈവത്തിന്റെ ഏറ്റവും ശ്രേഷ്ഠവും ഭയങ്കരവുമായ ഈ പ്രവൃത്തിയിങ്കൽ നിർജ്ജീവമായ അശ്രദ്ധയോടെ ഞങ്ങൾ സംബന്ധിക്കുന്നവരാതരുതേ. പ്രസന്നമേറിയ നിന്റെ മുഖം ഞങ്ങളുടെ നേരെ കോപം കൊണ്ടു ജ്വലിക്കുന്നതിലേക്ക് ഈ കല്യാണവിരുന്നിന് കല്യാണവസ്ത്രത്തോടു കൂടിയല്ലാതെ

ഞങ്ങൾ വരാനിടയാകരുതേ. കുലുക്കമില്ലാത്തതും ജീവനുള്ളതുമായ വിശ്വാസത്തോടുകൂടെ അടുത്തുവന്ന്, ആരെ ആകുന്നു, എന്തിനെ ആകുന്നു, ഞങ്ങൾ സ്വീകരിച്ച് അനുഭവിക്കാൻ പോകുന്നത് എന്ന്, ഞങ്ങൾ ശരിയായി തിരിച്ചറിയേണമേ. ഞങ്ങളെ ഇത്ര അധികം സ്നേഹിച്ചിട്ടുള്ള ഒരാളിനെ വേദനപ്പെടുത്തത്തക്കവണ്ണം ഞങ്ങൾ ഇത്ര വഷളന്മാരും ക്രൂരന്മാരും ആയിപ്പോയല്ലോ എന്നുള്ള കുത്തിതുളയ്ക്കുന്ന വ്യസനത്തോടുകൂടെ ഞങ്ങൾ നിന്നോടു സമീപിക്കുമാറാകേണമേ. ഈ പരിശുദ്ധതയുടെ പരിശുദ്ധതയെ അടുത്തുവന്ന് അനുഭവിക്കുന്നതിനു ഞങ്ങളുടെ മഹാ വലിയ അയോഗ്യത വിചാരിച്ചു തളർന്ന ഹൃദയമുള്ളവരായി ഞങ്ങൾ നിന്നോടു അടുത്തു വരുമാറാകേണമേ. ഇത്ര വലിയ സ്നേഹം ഞങ്ങളുടെമേൽ വർഷിപ്പിച്ചിട്ടുള്ളതിനെ ഓർത്തു നന്ദിയുള്ള ഹൃദയത്തോടെ ഞങ്ങൾ നിന്റെ പാദത്തുങ്കൽ വരുമാറാകേണമേ. 'കർത്താവേ നീ എന്റെ ഭവനത്തിൽ പ്രവേശിക്കുന്നതിനു ഞാൻ യോഗ്യനല്ല. നീ വാക്കു പറഞ്ഞാൽ മാത്രം മതി, എന്റെ ആത്മാവ് സുഖപ്പെടും' എന്നു പറഞ്ഞുകൊണ്ട് ഞങ്ങൾ നിന്റെ തിരുമുമ്പാകെ വരുന്നവരാകേണമേ.

കർത്താവെ! മുമ്പൊരിക്കൽ നിന്റെ ഒരു വാക്കു മറിയം മഗ്ദലൈത്തായുടെ ഹൃദയത്തെ സ്നേഹംകൊണ്ടു നിറച്ചു. നിന്റെ ഒരു നോട്ടം പത്രോസിനെ പിന്തിരിവിൽനിന്നു വീണ്ട് കണ്ണുനീരുകൊണ്ട് അവന്റെ കണ്ണുകളെ നിറച്ചു. നിന്റെ ഒരു വചനം സഖായിയെ പരിശുദ്ധനാക്കുകയും ചെയ്തു. കർത്താവെ! നിന്റെ അധരങ്ങളിൽനിന്നു ഒരു വാക്കു ഇന്നും ഞങ്ങൾ കേൾക്കേണമേ. ഞങ്ങളുടെ ഹൃദയത്തിൽ നിന്നു പാപവും അശ്രദ്ധയും മാറീട്ടു നിന്നോടുള്ള സ്നേഹം ഞങ്ങളുടെ ഹൃദയത്തെ ഭരിക്കുന്നതിനുവേണ്ടി ആകർഷിച്ചു വശത്താക്കുന്ന നിന്റെ ആ നോട്ടം ഇന്നും ഞങ്ങൾ കാണേണമേ.

രാത്രിയും പകലും ഞങ്ങളോടുകൂടി താമസിക്കുന്നതിനും വിശുദ്ധകുർബാനയിൽകൂടെ നീ ഞങ്ങളുടെ ആഹാരമായിത്തീരുന്നതിനും നിന്നെ പ്രേരിപ്പിച്ച നിന്റെ സ്നേഹംമൂലം ഇതു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു.

*(വിശുദ്ധ കുർബാനയിൽകൂടെ നമുക്ക് ആത്മീയഭക്ഷണമായി തീരുന്ന യേശുവിന്റെ സ്നേഹത്തെക്കുറിച്ച് ഏതാനും വിനാഴിക ധ്യാനിച്ചു ദൈവവുമായി സംസർഗ്ഗം ചെയ്യണം)*

✲✲✲✲

# 9

# കുർബാനയാകുന്ന ആത്മീയ ഭക്ഷണത്തിൽ നമുക്കു വെളിപ്പെടുന്ന കർത്താവിന്റെ സ്നേഹം

കർത്താവേ! വിശുദ്ധ ത്രോണോസിൽ ഉള്ള നിന്റെ സാന്നിദ്ധ്യം നിന്റെ സ്നേഹത്തിന്റെ എത്രയോ വലിയ അടയാളമാകുന്നു, സ്നേഹം ആകുന്ന ചങ്ങലയാൽ ഈ വിശുദ്ധ ത്രോണോസിൽ നീ ബന്ധിക്കപ്പെട്ടിരിക്കുന്നു.

സ്നേഹമാകുന്ന നീ വിശുദ്ധ കുർബാനമൂലം ഞങ്ങളുടെ ഭക്ഷണമായിത്തീരുന്നു. ഞങ്ങൾ രോഗാതുരന്മാരായി നിസ്സഹായികളായി കിടക്കുന്ന അവസരത്തിൽ വിശുദ്ധ കുർബാനയിൽകൂടെ നിന്റെ മഹാവലിയ സ്നേഹത്തെ ഞങ്ങൾ അനുഭവിക്കുന്നു.

നിർദ്ധനത്വം നിമിത്തം ഒരുവൻ തെരുവീഥികളിൽ തള്ളപ്പെട്ടു രോഗപീഡിതനായി കിടക്കുന്ന അവസരത്തിൽ, അവന്റെ സ്നേഹിതന്മാർ അവനെ മറക്കുകയും, ധനവാൻമാർ അവന്റെ അടുത്തുചെല്ലുന്നത് അവമാനമായി കരുതുകയും ചെയ്യുന്നുവെങ്കിലും, ഒരാൾ അതായത് വിശുദ്ധ കുർബാനയിൽ പ്രത്യക്ഷനാകുന്ന യേശു – അവനെ മറക്കുന്നില്ല. എങ്ങനെയെന്നാൽ വിശുദ്ധ കുർബാനയെ പങ്കിട്ടുകൊടുക്കുന്ന പുരോഹിതൻ സർവ്വലോകത്തിന്റെയും സ്രഷ്ടാവിൽ നിന്നു മനുഷ്യർക്കു ലഭിച്ചിട്ടുള്ള ഏറ്റവും വിലയേറിയ ദിവ്യസമ്പത്തുംകൊണ്ട് അവന്റെ അടുത്ത് ഇതാ ചെല്ലുന്നു.

ഇത്ര വലിയ ഈ സമ്പത്തിനെ പുരോഹിതൻ കൊണ്ടുപോകുന്നത് ആരുടെ അടുക്കലേക്കാകുന്നു?

സർവ്വലോകത്തിന്റെയും സൃഷ്ടാവായവൻ ആരുടെ അടുക്കലേക്കാകുന്നു ഇത്ര ബദ്ധപ്പെട്ട് എഴുന്നെള്ളുന്നത്? മനുഷ്യനായി തീർന്ന ദൈവം- യാചനകൊണ്ട് ലജ്ജിക്കാത്ത സ്നേഹിതനാകുന്ന യേശു - ഇത്ര ബദ്ധപ്പെട്ടുപോകുന്നത് ഏതൊരു സ്നേഹിതന്റെ അടുക്കലേക്കാകുന്നു? മനുഷ്യരാൽ ഉപേക്ഷിക്കപ്പെട്ടും വിറകുമുട്ടു തലയിണയാക്കിയും ചാക്കുശീല പുതച്ചും വെറും മണ്ണിൽ വൈക്കോലിന്റെ പുറത്തു തെരുവീഥിയുടെ മൂലയിലോ ചെറ്റകുടിലിലോ കിടക്കുന്ന മനുഷ്യന്റെ അടുക്കലേക്കാകുന്നു സർവ്വസൃഷ്ടികളുടെയും ഉടയവൻ ഇത്ര ബദ്ധപ്പെട്ടു എഴുന്നെള്ളുന്നത്.

വാർദ്ധക്യംനിമിത്തം നിന്റെ യൗവ്വനത്തിന്റെ ശക്തിയും അഴകും നിന്നെ വിട്ടുപിരിയുമ്പോഴും ഒരു കാലത്തു ഐശ്വര്യാവസ്ഥയിൽ ഇരുന്ന നീ പിന്നീട് ഞെരുക്കത്തിലും ബുദ്ധിമുട്ടിലും ആകുമ്പോഴും, നിന്റെ സ്നേഹിതന്മാരും ബന്ധുക്കളും നിന്നെ ഉപേക്ഷിക്കുമ്പോഴും നിന്നോടു സഹതപിക്കാൻ ഒരു ഹൃദയവും കരുണയോട് നിന്റെ മുഖത്തുനോക്കാൻ കണ്ണുകളും ഇല്ലാതിരിക്കുമ്പോഴും, സാമൂഹ്യജീവിതത്തിൽ നിന്നു നീ തള്ളപ്പെട്ടു ജെയിൽവാസത്തിലോ മറ്റ് ഏതെങ്കിലും ബുദ്ധിമുട്ടിലോ ഏർപ്പെട്ട് നീ കഷ്ടപ്പെടുമ്പോഴും, നിന്നെ സ്നേഹിക്കുന്നവനും നിന്നെ വിട്ടുപിരിയാത്തവനും ആയ ഒരാൾ ഉണ്ട്.

എല്ലാ സ്നേഹിതന്മാരും നമ്മെ ഉപേക്ഷിക്കുമ്പോഴും വിട്ടുപിരിയാത്ത ഒരു സ്നേഹിതൻ നമുക്കുണ്ട്. നമ്മുടെ ദരിദ്രാവസ്ഥയും അരിഷ്ടാവസ്ഥയും കൊണ്ടു ലജ്ജിക്കാതെ എപ്പോഴും നമ്മുടെ നേരേ സ്നേഹം കൊണ്ട് നിറഞ്ഞതായ ഒരു ഹൃദയമുള്ളവൻ നമുക്ക് ഉണ്ട്.

വിശുദ്ധ കുർബാനയിൽ നമുക്കു പ്രത്യക്ഷനാകുന്ന യേശു തമ്പുരാൻ നമ്മുടെ നിർദ്ധനാവസ്ഥയിലും ദീനക്കിടക്കയിലും ആകുന്നു നമ്മെ അധികം സ്നേഹിക്കുന്നത്. നമുക്ക് അവനെ ചെന്നു കാണാൻ നിവൃത്തിയില്ലാത്തതുകൊണ്ട് അവൻ നമ്മെ വന്നു കാണുന്നു. അവൻ നമ്മുടെ ആത്മാവിൽ പ്രവേശിച്ച് അവനും നാമും ഒന്നാകുമ്പോൾ, അവൻ നമ്മെ സ്നേഹിക്കയും വിലമതിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നു എന്നു നാം സംശയം കൂടാതെ വിശ്വസിച്ചറിയുമ്പോൾ നമ്മുടെ നിർദ്ധനത്വത്തേയും അരിഷ്ടതയേയും അവമാനത്തേയും യൗസേപ്പും മറിയയും ബെത്‌ലഹേമിലെ പുൽക്കൂട്ടിനെ സ്നേഹിച്ചതുപോലെ നാമും സ്നേഹിക്കും.

രോഗം പിടിപ്പെട്ടിട്ടു ഞെരുക്കത്തിൽ ഇരിക്കുന്നവരേയും, അവരുടെ രോഗബീജങ്ങളാൽ ചുറ്റുമുള്ള വായു നിറഞ്ഞിരിക്കുന്നതുകൊണ്ടു സ്നേഹിതന്മാർപോലും അടുത്തുവരുന്നതിനു ഭയപ്പെടുന്ന സ്ഥിതിയിൽ കിടക്കുന്നവരായും ഉള്ള എത്ര പേർ കർത്താവിന്റെ സാന്നിദ്ധ്യംമൂലം ആശ്വാസം പ്രാപിച്ചിട്ടുണ്ട്. കുറ്റത്തിനു വിധിക്കപ്പെട്ടിട്ട് ഇരുട്ടുമുറിയാകുന്ന ജയിലിൽ വസിക്കുന്നവരായ എത്ര പേർ കർത്താവിന്റെ സാന്നിദ്ധ്യം മൂലം ആശ്വാസം പ്രാപിച്ചിട്ടുണ്ട്. ബലവാന്മാരുടെ അപ്പമാകുന്ന ഈ ഭക്ഷണം കഴിച്ചു തങ്ങളുടെ പരലോകയാത്രയ്ക്കു ശക്തി പ്രാപിച്ച എത്രയോ ആളുകൾ ഉണ്ട്!

ഞങ്ങളുടെ ഏറ്റവും പ്രധാന അവസാന പരീക്ഷ ഞങ്ങൾക്ക് ഓരോരുത്തർക്കും വരുമ്പോൾ, കളിമണ്ണുകൊണ്ടുണ്ടാക്കപ്പെട്ട ഞങ്ങളുടെ ശരീരത്തിന്റെ വാതുക്കൽ മരണംവന്നു മുട്ടുമ്പോൾ, ഞങ്ങളുടെ ജീവനാകുന്ന നാഴികമണിയുടെ ഓട്ടം അവസാനിക്കാറാകുമ്പോൾ ഞങ്ങളുടെ സ്നേഹിതന്മാരും ബന്ധുക്കളും ഞങ്ങളുടെ കിടക്കയുടെ അടുക്കൽ നിന്നുകൊണ്ടു പറയുന്ന സ്നേഹവാക്കുകൾക്കാകട്ടെ സഹതാപപ്രലോപനങ്ങൾക്കാകട്ടെ ഞങ്ങളുടെ പരിഭ്രമഹൃദയത്തിന് ആശ്വാസം കൊടുക്കാൻ കഴിയാതെ ഇരിക്കുമ്പോൾ, കർത്താവേ വിശുദ്ധ കുർബാനയാകുന്ന ആത്മീയ ഭക്ഷണത്തിൽ കൂടെ നീ ഞങ്ങളുടെ അടുക്കൽ വരുമെന്നും, ലോകത്തിനാകട്ടെ അതിലെ സൃഷ്ടികൾക്കാകട്ടെ, തരാൻ കഴിയാത്ത സമാധാനം നീ അപ്പോൾ ഞങ്ങൾക്കു തരുമെന്നും, ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. മരണവേദനപ്പെടുന്നതായ ഞങ്ങളുടെ ആത്മാവിൽ നീ പ്രവേശിച്ചു സകലത്തേയും ഞങ്ങൾ ഏറ്റവും സ്നേഹിക്കുന്നവരേയും തൃപ്തിയോടും സമാധാനത്തോടും ഉപേക്ഷിച്ചിട്ട് പിന്നീട് എന്നന്നേക്കുമായി നിന്റെ അടുക്കൽ ജീവിക്കുന്നതിന് ഞങ്ങൾക്ക് ആ സമയം മുതൽ നീ ഇടയാക്കുമെന്ന് ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.

കരുണയുള്ള കർത്താവേ! നീ ഇത്ര വലിയ സ്നേഹവും ഞങ്ങൾ ഇത്ര വലിയ കൃതഘ്നതയും കാണിക്കുന്നതിനെ ഓർത്ത് ഞങ്ങൾ അന്ധാളിച്ചുപോകുന്നു.

ഞങ്ങളുടെ അശ്രദ്ധയും നന്ദിയില്ലായ്മയും ഓർത്തു നിന്റെ സ്നേഹത്തെ ഞങ്ങളിൽ നിന്നു നീ പിൻവലിക്കരുതേ. നിന്റെ ഇഷ്ട പ്രകാരം നീ ഞങ്ങളെ ശിക്ഷിച്ചുകൊള്ളണം. എന്നാലും ഞങ്ങളുടെ

ഒരപേക്ഷയെ നീ തള്ളിക്കളയരുതേ. എങ്ങനെയെങ്കിലും എപ്പോൾ എങ്കിലും മരണം ഞങ്ങളെ അകപ്പെടുത്താൻ വരുമ്പോൾ ആ ഭയങ്കര വിനാഴികയിൽ നീ ഞങ്ങളോടുകൂടി ഇരിക്കണമേ. വിശുദ്ധ കുർബാന യാകുന്ന ഈ ആത്മീയഭക്ഷണത്തിൽ കൂടെ നീ ഞങ്ങളുടെ അടുക്കൽ വരണമേ. ഈ അവസാനമായ ഭയങ്കര യുദ്ധത്തിൽ ഞങ്ങൾ നിന്നിൽ ചാരിനിന്നു ശക്തിപ്രാപിക്കുന്നതിനു നീ ഇടയാക്കേണമേ. ഈ അവ സാനയുദ്ധത്തിൽ ഞങ്ങൾ ജയം പ്രാപിച്ചു നിന്റെ വിലയേറിയ രക്തം കൊടുത്തു വാങ്ങീട്ടുള്ള കിരീടത്തെ സമ്പാദിക്കുന്നതുവരെ നീ ഞങ്ങളെ വിട്ടുപോകരുതേ. ഈ വിലതീരാത്ത അനുഗ്രഹം ഞങ്ങൾക്കു ലഭി ക്കുന്നതിനും ദീനാവസ്ഥയിലും മരണക്കിടക്കയിലും നീ ഞങ്ങളെ ഉപേക്ഷിക്കാതിരിക്കുന്നതിനുംവേണ്ടി ഞങ്ങൾക്കു സുഖവും ശക്തിയും ഉള്ളപ്പോൾ ഞങ്ങൾ നിന്റെ വിശുദ്ധ മദ്ബഹായുടെ മുമ്പിൽ അടുത്തു വരുന്നതിനും അവിടെ നിന്നോടുകൂടെ താമസിക്കുന്നതിനും നീ ഞങ്ങൾക്ക് ഇടയാക്കണമേ. പരീക്ഷകൾ വരുമ്പോഴും, ഞങ്ങൾ ദീന ക്കിടക്കയിൽ ആയിരിക്കുമ്പോഴും, ഞങ്ങളുടെ മരണസമയം അടുത്തു വരുമ്പോഴും, നീ ഞങ്ങളുടെ സമീപത്തു വരുന്നതിനും ഞങ്ങളെ ആശ്വ സിപ്പിക്കുന്നതിനുംവേണ്ടി ഞങ്ങൾക്കു സുഖവും ശക്തിയും ഉള്ള ദിവ സങ്ങളിൽ ഞങ്ങൾ നിന്റെ തിരുസന്നിധിയിൽ വന്നു നിന്നെ കാണു കയും നിന്റെ വചനങ്ങളെ കേൾക്കയും ചെയ്യാതിരിക്കുന്നു എങ്കിൽ ഞങ്ങൾക്കു ഹാ കഷ്ടം! ഭയങ്കരമായ ആ അവസാനശ്വാസത്തിന്റെ നാഴികയിൽ ഞങ്ങളുടെ തലകൾ നിന്റെ മടിയിൽവച്ചു കിടക്കുന്നതിനു നീ അനുവദിക്കേണമേ. ഞങ്ങളുടെ സന്തോഷവും, സമ്പത്തും, ആശ യുമാകുന്ന നീ നിന്റെ തൃക്കൈകളിൽ ഞങ്ങളുടെ ആത്മാക്കളെ വഹി ച്ചുകൊണ്ട് മരണത്തിൽ നിന്നു ജീവങ്കലേക്കു കടത്തി നിന്റെ സാന്നി ദ്ധ്യത്തെ യാതൊരു മറവും കൂടാതെ അതിന്റെ പൂർണ്ണശോഭയിൽ എന്ന ന്നേക്കും അനുഭവിക്കുന്നതിനു നീ ഞങ്ങൾക്ക് ഇടയാക്കേണമേ.

പ്രിയ യേശുതമ്പുരാനേ! ഇതു ഞങ്ങളുടെ ജീവിതത്തിലെ ആശയും മരണസമയത്തെ ഏക ആശ്വാസവും ആകുന്നു. ആമ്മീൻ,

*(കുർബാനയാകുന്ന ആത്മീയ ഭക്ഷണത്തിൽ വെളിപ്പെടുന്ന കർത്താവിന്റെ സ്നേഹത്തെക്കുറിച്ച് ഏതാനും വിനാഴികകൾ ധ്യാനിച്ചു ദൈവവുമായി സംസർഗ്ഗം ചെയ്യണം)*

✲✲✲✲

# 10

# നമ്മുടെ മരണസമയത്തെ കുർബാനയിൽ യേശുവിനോടുള്ള അപേക്ഷകൾ

മരണസമയത്തെ കഷ്ടപ്പാടിനെ ഭയപ്പെടാത്തവർ ആരാകുന്നു? നമ്മുടെ ഹൃദയത്തെ അതിന്റെ സ്നേഹബന്ധനങ്ങളിൽ നിന്നും വേർപെടുത്തുന്ന സമയത്തെ ഓർത്തു വിറയ്ക്കാത്തവർ ആരാകുന്നു! എന്നാലും മരണവേദനയുടെ സമയത്തുള്ള ആ അവസാനയുദ്ധത്തിൽ നമ്മെ സഹായിക്കുന്നവൻ അന്യൻ അല്ല എന്നും, നമ്മുടെ നെറ്റിയിൽനിന്നും ആ സമയത്തെ വിയർപ്പുതുള്ളികളെ തുടയ്ക്കുന്നവൻ സൂക്ഷ്മതയില്ലാത്തവൻ അല്ല എന്നും, ആ സമയത്തു നമ്മെ ശുശ്രൂഷിക്കുന്നവൻ നമ്മെ ഏറ്റവും അധികം സ്നേഹിക്കുന്നവൻ ആകുന്നു എന്നും നല്ല നിശ്ചയമുള്ളവനു മരണത്തിന്റെ ഭയങ്കരങ്ങൾ ലഘുപ്പെടുന്നതാണ്. ഇതെല്ലാം സംശയിക്കാൻ പാടില്ലാത്ത സത്യങ്ങൾ ആകുന്നു.

അവസാന സമയത്തേയ്ക്കു വേണ്ടുന്ന സൗഖ്യവും നമുക്ക് ഇപ്പോഴെ സമ്പാദിക്കാവുന്നതാകുന്നു. നമ്മുടെ സ്നേഹിതന്മാരിൽവച്ച് ഏറ്റവും, വിശ്വസ്തനായവനെ നമുക്ക് ഇപ്പോഴെ ക്ഷണിച്ചുവരുത്താം. നാം ഓരോരുത്തരോടും അടുത്തടുത്തു വരുന്ന ആ അവസാനനാഴിക എപ്പോൾ എങ്കിലും എവിടെവച്ചെങ്കിലും നമ്മെ എതിരിടുമ്പോൾ അവൻ നമ്മെ ഉപേക്ഷിക്കയില്ല എന്നു നമുക്ക് ഉറപ്പായി വിശ്വസിക്കാം.

ഏറ്റവും പ്രിയ യേശുതമ്പുരാനേ! ആ സമയത്തു നിന്നെ നോക്കി വിളിക്കുന്നുതിനു ഞങ്ങൾക്കു ശക്തിയില്ലായിരിക്കും. ഞങ്ങളുടെ ഉച്ചാരണശക്തി അപ്പോൾ നശിച്ചുപോയേക്കാം. രോഗംകൊണ്ടു ക്ഷീണിച്ചും കുഴങ്ങിയുമിരിക്കുന്ന ഞങ്ങളുടെ മനസ്സുകൊണ്ടും, ഏറ്റവും പ്രിയപ്പെട്ട നിന്റെ പേരിനെ ഓർക്കുന്നതിനുപോലും ഞങ്ങൾക്കു അപ്പോൾ ശക്തി

യില്ലാതിരുന്നേക്കാം. നിന്റെ സ്വർഗ്ഗീയ ഭക്ഷണം ഒരുക്കപ്പെട്ടിരിക്കുന്ന വിശുദ്ധ ത്രോണോസിന് അടുത്തുവന്നു ദൈവദൂതന്മാരുടെ ഭക്ഷണം കഴിക്കുന്നതിനു ഞങ്ങൾക്കു ശക്തിയില്ലാത്ത ആ സമയത്തു നീ ഞങ്ങളോടുകൂടെ ഇരിക്കണമെ എന്നു ഞങ്ങൾക്കു ശക്തിയും ആരോഗ്യവുമുള്ള ഈ സമയത്തു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. അപ്പോൾ നിന്റെ സിംഹാസനത്തെ വിട്ടു നീ തന്നെ ഞങ്ങളുടെ അടുക്കൽ വരേണമേ. പരിശുദ്ധമായ നിശ്ശബ്ദാവസ്ഥയോടു കൂടിയ നിന്റെ ആലയമാകുന്ന വിശുദ്ധ ത്രോണോസിനെ വിട്ട് അവിശ്വാസം നിറഞ്ഞ ഈ പട്ടണത്തിന്റെ തെരുവീഥികളിൽ കൂടി നീ അപ്പോൾ ഞങ്ങളുടെ അടുത്തു വരേണമേ. നിന്റെ അടുക്കൽ അടുത്തു വരുന്നതിനു കഴിവില്ലാത്ത നിന്റെ പാവപ്പെട്ട ദാസന്മാരുടെ അടുക്കൽ ദൈവത്തിന്റെ കുഞ്ഞാടും, സർവ്വശക്തനും സകലത്തിന്റെയും സ്രഷ്ടാവുമായവനെ നീ വരണമേ എന്നു നിന്റെ കൃപയിൽ ധൈര്യപ്പെട്ടുകൊണ്ടു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. നിന്റെ ദൈവീകസാന്നിദ്ധ്യത്തിനു അയോഗ്യന്മാരായിരിക്കുന്ന ഞങ്ങളിലേക്കു നീ പ്രവേശിക്കേണമേ. ബലം ക്ഷയിച്ചതായ നാഡികളുടെ ശബ്ദം അവസാനിക്കാറായിരിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളിലേക്കു നീ പ്രവേശിക്കേണമേ. ഞങ്ങളുടെ ആയുസ്സിന്റെ സമയങ്ങളിൽ ഞങ്ങളെ നീ ഉപേക്ഷിച്ചിട്ടില്ലാത്തതുപോലെ ഭയങ്കരമായ ആ സമയത്തും നീ ഞങ്ങളെ ഉപേക്ഷിക്കരുതേ.

ഏറ്റവും പ്രിയപ്പെട്ട കർത്താവേ! നിന്റെ സാന്നിദ്ധ്യം ഇല്ലാത്ത മരണക്കിടക്ക ഏകാന്തമായതും അരിഷ്ടത നിറഞ്ഞതും ആകുന്നു. നീ നടത്തുന്നില്ലായെങ്കിൽ പരലോകത്തിലേക്കുള്ള ഞങ്ങളുടെ യാത്ര പ്രയാസമുള്ളതും ക്ഷീണിപ്പിക്കുന്നതുമാകുന്നു. എന്നാൽ ഞങ്ങൾ നിന്നെ സ്നേഹിക്കയും നിന്നിൽ വിശ്വസിക്കയും ചെയ്യുന്നു എങ്കിൽ പരീക്ഷയുടെ സമയത്തു നീ ഞങ്ങളെ ഉപേക്ഷിക്കയില്ലായെന്ന് ഞങ്ങൾക്കുറപ്പുണ്ട്. നിന്റെ സാന്നിദ്ധ്യം ഞങ്ങൾക്ക് ഏറ്റവും ആവശ്യപ്പെടുന്ന സമയത്ത് നീ ഞങ്ങളെ ഉപേക്ഷിക്കുകയില്ലായെന്ന് ഞങ്ങൾക്കുറപ്പുണ്ട്. അപ്പോൾ ഞങ്ങൾക്കു നിന്നോടു പ്രാർത്ഥിക്കുന്നതിനു ശക്തിയില്ലാതിരിക്കാവുന്നതുകൊണ്ട് അവസാനത്തേതും ഏറ്റവും വലുതും ആയ നിന്റെ അനുഗ്രഹത്തിനുവേണ്ടി ഇപ്പോൾ തന്നെ താഴ്മയായി നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

കർത്താവിന്റെ ചുറ്റുംനിന്ന് അവനെ ശുശ്രൂഷിക്കുന്ന ദൈവദൂതന്മാരെ! ഞങ്ങൾക്കുവേണ്ടി നിങ്ങൾ കർത്താവിനെ സ്ത്രോത്രം ചെയ്‌വീൻ. ഭയങ്കരവും പരിശുദ്ധവുമായ ആ സമയത്തു നിങ്ങളുടെ രാജാവും കർത്താവുമായവന്റെ അടുത്തുനിന്നു ഭൂവാസികളായ ഞങ്ങൾക്കു കഴിവില്ലാത്ത സ്തോത്രങ്ങളെ കർത്താവിനു നിങ്ങൾ പാടുവിൻ. ആ ഭയങ്കരസമയത്തു ഞങ്ങളുടെ ഹൃദയങ്ങൾ വിചാരിക്കുന്നതും ഞങ്ങളുടെ അധരങ്ങൾ ശബ്ദിക്കേണ്ടവയുമായവരെ നിങ്ങൾ കർത്താവിനോടു പറവീൻ.

ഏറ്റവും പ്രിയ കർത്താവേ! അപ്പോൾ നീ ഞങ്ങൾക്കു ചെയ്തു തരേണ്ട സംഗതി എന്താകുന്നു? ഒരു സ്നേഹിതൻ തന്റെ സ്നേഹിതനു ചെയ്തുകൊടുക്കുന്ന സംഗതിയാകുന്നു ഞങ്ങൾ നിന്നോടു ചോദിക്കാൻ ധൈര്യപ്പെടുന്നത്. ഭയപ്പെട്ടിരിക്കുന്ന ഞങ്ങളുടെ ആത്മാക്കൾക്കു നീ സമാധാനം നൽകേണമേ. ഞങ്ങളിൽ ചുറ്റിക്കൂടുന്ന ഭയത്തെ എല്ലാം നീ അകറ്റേണമേ. ഞങ്ങളുടെ സമീപത്തുള്ളതു ആരാണെന്നു ഞങ്ങളെ ഓർമ്മപ്പെടുത്തേണമേ. നിന്നിൽ ചാരിക്കിടക്കുന്നതിനായി നീ ഞങ്ങളോടു കല്പിക്കേണമേ. പിന്നെയും നിനക്കല്ലാതെ മറ്റാർക്കും ചെയ്‌വാൻ ശക്തിയില്ലാത്തതിനേയും നീ ഞങ്ങൾക്കു ചെയ്യേണമേ. അതായത് ഒരിക്കലും ഞങ്ങളിൽ നിന്നു വിട്ടുപിരികയില്ല എന്നു നീ വാഗ്ദത്തം ചെയ്യേണമേ.

ഞങ്ങളോടു അടുത്തുവരാൻ ശ്രമിക്കുന്ന ദുഷ്ടാത്മാക്കളുടെ കൂട്ടത്തെ ഞങ്ങളിൽ നിന്നു നീ ദൂരെ അകറ്റേണമേ. ഭൂമിക്കടുത്ത കാര്യങ്ങളോടുള്ള ഞങ്ങളുടെ ബന്ധങ്ങളെ എല്ലാം നീ അഴിക്കേണമേ. മനുഷ്യസ്നേഹത്തിനു വിഷയീകരിക്കുന്ന വസ്തുക്കളോടു മുറുകെ ബന്ധിക്കപ്പെട്ടിരിക്കുന്ന ഞങ്ങളുടെ ഹൃദയത്തിന്റെ ചരടുകളെ മുറിവേറ്റതും മാർദ്ദവമുള്ളതുമായ നിന്റെ കൈകൾ കൊണ്ടു നീ അഴിക്കേണമേ. ഈ യുദ്ധം അവസാനിച്ച് ഞങ്ങൾ മരിക്കുന്നതുവരെ ക്ഷീണിച്ച ഞങ്ങളുടെ തല നിന്റെ മടിയിൽ ചാരി ആശ്വസിക്കുന്നതിനു നീ അനുവദിക്കേണമേ. അതിന്റെ ശേഷം നിന്റെ വിലയേറിയ രക്തം കൊടുത്തു ഞങ്ങളുടെ ആത്മാക്കൾക്കു നിത്യവും വസിപ്പാൻ നീ സമ്പാദിച്ചിട്ടുള്ള ഭവനത്തിലേക്കു നീ കഷ്ടപ്പെട്ട് സ്വാതന്ത്ര്യപ്പെടുത്തി എടുത്തിട്ടുള്ള ഞങ്ങളുടെ ആത്മാക്കളെ നീ കൊണ്ടുപോകേണമേ.

ഇപ്രകാരം മരിക്കുന്നവർ അനുഗ്രഹിക്കപ്പെട്ടവർ ആകുന്നു. യേശു

അടുത്തുവന്നുനോക്കിക്കൊണ്ടിരിക്കുന്നതായ മരണക്കിടക്കയ്ക്കു ഭാഗ്യമുള്ളതാകുന്നു. ഈ ഭാഗ്യത്തിനു ഞങ്ങൾ യോഗ്യന്മാരാകുവാനും ഞങ്ങളുടെ മരണം നീതിമാന്മാരുടെ മരണം ആകുവാനും കർത്താവേ! നീ ഞങ്ങൾക്കു സഹായിക്കണമേ, ആമ്മീൻ.

*(നമ്മുടെ മരണസമയത്തെ കുർബാനയിൽ കർത്താവിനോടു പറയാനുള്ള അപേക്ഷകളെ പുതുക്കി ഹൃദയംകൊണ്ടു ദൈവവുമായി സംസർഗ്ഗം ചെയ്യണം)*

✵✵✵✵

# 11

### ഈ മാസത്തെ ദൈവത്തിനായി നിയോഗിക്കുക.

## നമ്മുടെ കർത്താവിന്റെ തിരുഹൃദയം

വിശുദ്ധ കന്യകമറിയാമ്മിന്റെ നിർമ്മലമായ രക്തംകൊണ്ടുണ്ടായ യേശുവിന്റെ തിരുഹൃദയം ഈ വിശുദ്ധ ത്രോണോസിൽ ഉണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ ഹൃദയം മുപ്പത്തിമൂന്നു വത്സരക്കാലം ഞങ്ങൾക്കുവേണ്ടി ജീവിക്കയും മരിക്കയും ചെയ്യണം എന്നുള്ള ഏക ചിന്തയോടുകൂടി പ്രവർത്തിച്ചിട്ടുള്ളതാകുന്നു. ഈ ഹൃദയം മനുഷ്യർ അവരുടെ സമാധാനത്തിനുവേണ്ടിയ സംഗതികളെ കാണാതിരുന്നതിനാൽ വ്യസനം കൊണ്ടുനിറഞ്ഞതായിരുന്നു. ഈ ഹൃദയം പാപികളും വിധവമാരും പിതാവില്ലാത്തവരും വിശന്നിരുന്നവരും തന്റെ അടുക്കൽ വന്നിട്ടുള്ളപ്പോൾ ആർദ്രകരുണ കൊണ്ടു നിറഞ്ഞതായിരുന്നു. നമ്മുടെ കർത്താവിന്റെ അവസാനയത്താഴ സമയത്ത് വി.യോഹന്നാൻ ശ്ലീഹാ നമ്മുടെ കർത്താവിന്റെ മടിയിൽ കിടന്നപ്പോൾ സ്നേഹംകൊണ്ടു തുടിക്കുന്നതായി അവനു ബോധപ്പെട്ട തിരുഹൃദയവും ഇതാകുന്നു. റോമാ ഭടന്മാരുടെ കുന്തംകൊണ്ടു കാൽവറിയിൽവച്ചു കുത്തിത്തുറക്കപ്പെട്ട തിരുഹൃദയവും ഇതാകുന്നു. യാതൊരു വ്യത്യാസവും ഇല്ലാത്തതും ക്ഷീണം ഇല്ലാത്തതും എല്ലായ്പോഴും ഒരുപോലെയുള്ള സ്നേഹം നിറഞ്ഞതുമായ ഈ ഹൃദയം വിശുദ്ധ ത്രോണോസിൽ ഉണ്ടെന്നു ഞങ്ങൾ ഏറ്റുപറയുന്നു. ഈ ഹൃദയം എപ്പോഴും ഞങ്ങളേക്കുറിച്ച് വിചാരമുള്ളതാകുന്നു. ഈ ഹൃദയം ഞങ്ങളെ സംബന്ധിക്കുന്ന ഏറ്റവും നിസ്സാരമായ സംഗതിയേക്കൂടെയും കണ്ടുകൊണ്ടിരിക്കുന്നു. ഈ ഹൃദയം ഞങ്ങളുടെ സന്തോഷത്തിൽ സന്തോഷിക്കുകയും ഞങ്ങളുടെ ദുഃഖത്തിൽ ദുഃഖിക്കുകയും ചെയ്യുന്നു. ഈ ഹൃദയം അതിന്

ഞങ്ങളുടെ നേരേയുള്ള സ്നേഹത്തേയും സഹതാപത്തേയും ഞങ്ങൾ സ്വീകരിക്കണമെന്നു ഞങ്ങളോടു യാചിക്കുകയും ഞങ്ങൾ അങ്ങനെ ചെയ്യുന്നപക്ഷം ഞങ്ങളുടെ കണ്ണുകളിലെ കണ്ണുനീരുകളെ തുടയ്ക്കാമെന്നും ഞങ്ങളുടെ മുറിവുകളിലെ മുള്ളുകളെ ഊരിയെടുത്തു കളയാമെന്നും ഞങ്ങളോടു വാഗ്ദത്തം ചെയ്യുകയും ചെയ്യുന്നു. ഞങ്ങളുടെ വിശ്വാസം – ഇളക്കമില്ലാത്ത ഞങ്ങളുടെ വിശ്വാസം – ഇതാകുന്നു. അതുകൊണ്ടു ദൈവദൂതന്മാരുടെ കാഴ്ച ഞങ്ങൾക്കുണ്ടായിരുന്നു എങ്കിൽ കർത്താവിന്റെ മഹത്വീകരിക്കപ്പെട്ട ശരീരം വിശു.ത്രോണോസിൽ ഇപ്പോൾതന്നെ ഞങ്ങൾക്കു കാണാമായിരുന്നു. പിന്നെയും വിശുദ്ധ ദൈവദൂതന്മാരുടെ കാഴ്ച ഞങ്ങൾക്കുണ്ടായിരുന്നു. എങ്കിൽ കർത്താവിന്റെ മാർവ്വിൽ ഉള്ള മുറിവിൽ കൂടെ കർത്താവിന്റെ തിരുഹൃദയവും അതിൽ സഞ്ചരിക്കുന്ന രക്തവും എന്നുതന്നെയല്ല സത്യദൈവവും മനുഷ്യനുമായ യേശുതമ്പുരാനെത്തന്നെ മുഖാമുഖമായി ഇപ്പോൾതന്നെ ഞങ്ങൾക്കു കാണാമായിരുന്നു.

ഏറ്റവും ദയയുള്ളതും, അലിവുള്ളതും, സ്നേഹമുള്ളതുമായ കർത്താവിന്റെ തിരുഹൃദയമേ! ഞങ്ങളുടെ ആയുസ്സിന്റെ ഏക ആഗ്രഹം ഞങ്ങൾ സ്നേഹിക്കുകയും ആശ്രയിക്കുകയും ചെയ്യേണ്ടത് ഏതിനെയാണെന്ന് അറിയണമെന്നുള്ളതാകുന്നു.

ഞങ്ങൾ മനുഷ്യർ ആകകൊണ്ട് ഞങ്ങളെപ്പോലെ ശരീര രക്തങ്ങളോടു കൂടിയതും ഞങ്ങളെപ്പോലെ ഹൃദയവും വിചാരങ്ങളും ഉള്ളതുമായ ഒരാളിനെ സ്നേഹിക്കാനും അങ്ങനെയുള്ള ആളിനാൽപകരം സ്നേഹിക്കപ്പെടുവാനും ഞങ്ങൾ എപ്പോഴും ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു. യാതൊരു കൊടുങ്കാറ്റിനും നശിപ്പിക്കാൻ ശക്തില്ലാത്ത വിശ്വസ്തതയോടുകൂടിയ ഒരാളിൽ ആശ്രയിക്കുന്നതിനു ഞങ്ങൾ എപ്പോഴും വിചാരത്തോടുകൂടിയിരിക്കുന്നു. അങ്ങനെയുള്ള ഒരു ആളിനെയും ഹൃദയത്തെയും കണ്ടുകിട്ടി എന്നു ഞങ്ങൾക്കു വെറുതെ തോന്നിയിട്ടുള്ളപ്പോൾ അതിനുവേണ്ടി സകലത്തെയും ഞങ്ങളുടെ ആത്മാക്കളെയും സ്വർഗ്ഗത്തെയുംപോലെ നഷ്പ്പെടുത്താൻ തക്കവണ്ണം അത്രയധികം സ്നേഹം ഞങ്ങളിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ കഷ്ടം! എത്രവേഗം ഞങ്ങളുടെ മൗഢ്യബുദ്ധി വെളിപ്പെട്ടുപോയി! സത്യമെന്നു ഞങ്ങൾക്കു തോന്നിയത് ഭോഷ്ക്കാണെന്നു എത്രവേഗം ഞങ്ങൾക്കു മനസ്സിലായി. വിശ്വസ്ഥതയെന്നു ഞങ്ങൾക്കു തോന്നിയതു വെറും ഒഴുക്കുനീറ്റിലെ മണൽപോലെ സ്ഥിരമില്ലാത്തതെന്നു എത്രവേഗം ഞങ്ങൾ കണ്ടു.

ലോകത്തെ സ്വർഗ്ഗമാക്കുമെന്നു തോന്നിയ സ്നേഹം മൂർഖൻ പാമ്പിന്റെ പത്തിപോലെ മാത്രം ഭംഗിയുള്ളതായിരുന്നു. അതിൽനിന്നും അവസാനത്തിൽ ശേഷിച്ചത് വിഷം മാത്രമായിരുന്നു.

സാധിക്കാതെ പോയ ഞങ്ങളുടെ ആഗ്രഹങ്ങളെ ഓർത്തു ഞങ്ങൾ ദുഃഖിക്കുന്നു. ഞങ്ങളുടെ സ്നേഹത്തെ സമർപ്പിക്കാൻ തക്ക യോഗ്യതയുള്ള ഒരാളിനെ കണ്ടെത്തുന്നതിലേക്കു ചെയ്തിട്ടുള്ള ശ്രമങ്ങൾ എല്ലാം അസ്ഥാനത്തിലാകയും നഷ്ടപ്പെടുകയും ചെയ്തതിന്റെ ഓർമ്മ ഞങ്ങളുടെ ഏറ്റവും പ്രസന്ന ദിവസങ്ങളെക്കൂടിയും ദുഃഖംകൊണ്ടു മൂടുന്നു. അങ്ങനെ ഇരിക്കുമ്പോൾ ശരീരരക്തങ്ങളോടുകൂടിയ ഒരാളിനെ ഞങ്ങൾ കാണുന്നു. ഞങ്ങൾ ആഗ്രഹിച്ചിട്ടുള്ളതിനേക്കാൾ അധികം സ്നേഹവും, സത്യവും, വിശ്വസ്തതയുമുള്ള ഒരു ഹൃദയത്തെയും ആ ആളിൽ ഞങ്ങൾ കാണുന്നു. ഞങ്ങളുടെ ഹൃദയത്തിലെ സകല ആഗ്രഹങ്ങളേയും, ധാരാളമായി തൃപ്തിപ്പെടുത്താൻ കഴിയുന്ന യേശുതമ്പുരാനെത്തന്നെ ഞങ്ങൾ കാണുന്നു. എന്നിട്ടും നാം അവന്റെ അടുത്തുചെല്ലാത്തതു എന്തുകൊണ്ടാകുന്നു? മായകളെ പിന്തുടർന്നിട്ടു ധാരാളം ചതിവു പറ്റിയതുകൊണ്ട്, അവനേയും സംശയിച്ചിട്ടാണോ, നാം അവന്റെ അടുത്തു ചെല്ലാത്തത്? ഇച്ഛാഭംഗം കൊണ്ടുള്ള മുറിവുകൾ ധാരാളം സഹിച്ചിട്ടുള്ള നമ്മുടെ ഹൃദയങ്ങൾക്കു വേറൊരു മുറിവുകൂടെ സഹിക്കുന്നതിനു മനസ്സില്ലാഞ്ഞിട്ടാണോ നാം അവന്റെ അടുത്തുചെല്ലാത്തത്?

അങ്ങനെയാണെങ്കിൽ യേശുതമ്പുരാൻ ദൈവവും കൂടെയാകുന്നു എന്ന് ഓർത്തുകൊൾക. അവനു നമ്മെ ചതിക്കാൻ കഴികയില്ല. അവനു നമ്മോടുള്ള സ്നേഹത്തിന്റെ ശക്തിയും നിലനിൽപും നമ്മിൽ തന്നെ ആണ് ആശ്രയിച്ചിരിക്കുന്നത്. ആ സ്നേഹത്തിൽ ഒരു മാറ്റം വരുത്താൻ കഴിയുന്ന ഏക സംഗതി നമ്മുടെ അവിശ്വസ്ഥത മാത്രമാകുന്നു. മനുഷ്യരെ പ്രേരിപ്പിക്കുന്ന സംഗതികൾക്ക് അതായതു സൗന്ദര്യം, ഉൽകൃഷ്ടാവസ്ഥ, നിർദ്ധനത്വം, രോഗം, മരണം മുതലായവയ്ക്ക് യേശുതമ്പുരാന്റെ ഹൃദയത്തിൽ യാതൊരു മാറ്റവും വരുത്താൻ കഴിയുന്നതല്ല.

ആയുസ്സു മുഴുവൻ നാം അന്വേഷിച്ച വിലയേറിയ മുത്തിനെ അവസാനത്തിൽ കണ്ടുകിട്ടിയപ്പോൾ നാം ദുഃഖിച്ച് അധോമുഖന്മരായിരിക്കുന്നതു എന്തിനാണ്? യാതൊന്നിന്റെ അഭാവം നമ്മുടെ ആയുസ്സിനെ വ്യർത്ഥമാക്കുമായിരുന്നുവൊ അതിനെ നമുക്കു ലഭിക്കുമ്പോൾ നമ്മുടെ ജീവൻ ആനറാഞ്ചന്റേതുപോലെ പുതുക്കപ്പെടേണ്ടത്? ഹാ! നമ്മുടെ

ഹൃദയത്തിൽ സ്നേഹമുണ്ടെങ്കിൽ നമുക്ക് അതിനെ യേശുവിനു കൊടുക്കാം. ദൈവം നമ്മുടെമേൽ കോരി ഒഴിക്കുന്നതായ അനുഗ്രഹങ്ങൾക്കിടയിൽ നമ്മെ സ്നേഹിക്കാൻ ആരും ഇല്ലല്ലൊ എന്നു വിചാരിച്ചു നാം ദുഃഖിക്കയാണെങ്കിൽ യേശുവിന്റെ സ്നേഹത്തെ നമുക്ക് ഒന്നു പരീക്ഷിച്ചു നോക്കാം. മനുഷ്യരുടെ അവിശ്വസ്ഥത നമ്മെ അവിശ്വാസികൾ ആക്കിത്തീർത്തിട്ടുണ്ടെങ്കിൽ യേശുവിന്റെ സ്നേഹത്തിലും വിശ്വസ്ഥതയിലും ആശ്രയിക്കാം. ഇനിയും എങ്കിലും യേശുവിനെ സ്നേഹിക്കുന്നതിലും യേശുവിനാൽ സ്നേഹിക്കപ്പെടുന്നതിലും ഉണ്ടാകുന്ന പറയപ്പെടാവതല്ലാത്ത സന്തോഷങ്ങളെ നമുക്ക് അനുഭവിക്കാം.

പ്രിയപ്പെട്ട യേശുവേ! ഞങ്ങൾ പാപം ചെയ്തു തെറ്റിപ്പോയിരിക്കുന്നു. ഞങ്ങൾ സൃഷ്ടികളുടെ പിന്നാലെ പോയി. നിന്റെ സ്നേഹം സമ്പാദിക്കേണ്ടതിനു പകരം ഞങ്ങൾ അവരുടെ സ്നേഹം സമ്പാദിക്കാൻ ശ്രമിച്ചു. അവർക്ക് ഞങ്ങളെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞില്ല എന്നു ഞങ്ങൾ ഏറ്റുപറയുന്നു. എന്നാൽ ഞങ്ങൾ ഇപ്പോൾ അവയെ എല്ലാം ഉപേക്ഷിച്ചു നിന്റെ മുമ്പാകെ വന്നു ഞങ്ങളെ സ്വീകരിക്കണമെ എന്നു യാചിക്കുന്നു. ഞങ്ങളെ ശിക്ഷിച്ചുകൊള്ളുക, ഞങ്ങളെ പരീക്ഷിച്ചുകൊള്ളുക, എന്നാൽ ഞങ്ങളെ തള്ളിക്കളയുക മാത്രം ചെയ്യരുതെ. ഞങ്ങളുടെ ആയുസ്സിന്റെ ഏറ്റവും നല്ല ഭാഗത്തെ നഷ്ടപ്പെടുത്തി കളഞ്ഞതുകൊണ്ടു നിന്നിൽനിന്നു ഒരു നന്മയും ഞങ്ങൾ അർഹിക്കുന്നില്ല. എന്നാൽ അത്ഭുതങ്ങളെ പ്രവർത്തിക്കുന്നതു നിന്റെ ഇഷ്ടം ആകുന്നുവല്ലോ. ആകയാൽ ഞങ്ങളെ സ്വീകരിക്കേണമെ. നിന്റെ ഹൃദയം ഞങ്ങളുടെ ശക്തിയും കാവലും ആയിരിക്കണമെ. ലോകത്തിൽ കാണാൻ ഇല്ലാത്തതായ സ്നേഹവും സഹതാപവും ഞങ്ങൾ നേരിൽ കാണേണമെ. നിന്റെ ഹൃദയം ഞങ്ങളുടെ ആയുസ്സിൽ ഞങ്ങളുടെ സന്തോഷവും, മരണത്തിൽ ഞങ്ങളുടെ സമാധാനവും, നിത്യതയിൽ ഞങ്ങളുടെ ഓഹരിയും ആയിരിക്കണമേ. ആമ്മേൻ.

*(സത്യവിശ്വാസം നമ്മെ പഠിപ്പിക്കുന്ന സംഗതികളെക്കുറിച്ച് ഏതാനും വിനാഴികകൾ ധ്യാനിച്ച് ദൈവവുമായി ഒരു സംസർഗ്ഗം ചെയ്യണം)*

✵✵✵✵

# 12

# യേശുവിന്റെ തിരുഹൃദയത്തോടു നാം കാണിച്ചിട്ടുള്ള നന്ദികേടിനെ പരിഹരിക്കേണ്ടത് എങ്ങനെയാണ്

ഏറ്റവും പ്രിയപ്പെട്ട യേശുവേ! വിശുദ്ധ കുർബാനയിൽ പ്രത്യക്ഷപ്പെടുന്ന നിന്റെ തിരുഹൃദയത്തിന്റെ അടുക്കലേക്കു ഞങ്ങൾ അടത്തുവരുന്നു. ലാസറിനുവേണ്ടി ദുഃഖിച്ചതും യെറുശലേമിനെ നോക്കി കരഞ്ഞതും നായിനിലെ വിധവയോടു സഹതപിച്ചതും കാൽവറിയിലേക്കു നിന്റെ പിന്നാലെ വന്ന സ്ത്രീകളെ ആശ്വസിപ്പിച്ചതും ലോകത്തിൽ നീ സഞ്ചരിച്ച കാലങ്ങളിൽ ഇപ്രകാരം പല തരത്തിൽ ദുഃഖിതന്മാരായിരുന്നവരെ ആശ്വസിപ്പിച്ചതുമായ നിന്റെ ഹൃദയം തന്നെയാണ് വിശുദ്ധ ത്രോണോസിലും ഇരിക്കുന്നത് എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ആ ഹൃദയം എല്ലായ്പ്പോഴും നാഴികതോറും വിനാഴികതോറും വിശുദ്ധ ത്രോണോസിൽ ഉണ്ടെന്നും, അതു ഒരിക്കലും ക്ഷീണിക്കാതെയും, ഒരിക്കലും മാറ്റം കൂടാതെയും അതിന്റെ അടുത്തുവരുന്ന എല്ലാവരേയും ആശ്വസിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നു എന്ന് ഞങ്ങൾ ഏറ്റു പറയുന്നു.

കർത്താവേ! മനുഷ്യവർഗ്ഗത്തിനുവേണ്ടി നീ പ്രദർശിപ്പിച്ചിട്ടുള്ള സ്നേഹം അവസാനമില്ലാത്തതും എപ്പോഴും പ്രസരിച്ചുകൊണ്ടിരിക്കുന്നതും ആകുന്നു. എന്നാൽ മനുഷ്യർ ഇതിനു പകരമായി നിന്നോടു ചെയ്യുന്നതു എന്താകുന്നു? ഞങ്ങളിൽ ക്രിസ്ത്യാനികൾ എന്നുപേർ വിളിക്കപ്പെടുന്നവരുടെ ഇടയിൽതന്നെ ചിലർ നിന്നെ കർത്താവായും

രാജാവായും സമ്മതിച്ച് ഏറ്റുപറയുകയും നിന്റെ മുമ്പാകെ മുട്ടുകുത്തി നീ ചെയ്തിട്ടുള്ള മഹാവലിയ കരുണകളെക്കുറിച്ച് വിചാരിക്കയും ധ്യാനിക്കയും ചെയ്യുന്നു എങ്കിലും മറ്റനേകായിരം പേർ ഞങ്ങൾക്ക് 'കൈസറല്ലാതെ രാജാവില്ലാ' എന്നു പറഞ്ഞുംകൊണ്ടു നിന്നെ നിന്ദിക്കയും അപമാനിക്കയും ചെയ്യുന്നു. അവർ നിന്നെ നോക്കി തലകുലുക്കി, കൈവിരലുകൾ ചൂണ്ടി ഇപ്രകാരം പറയുന്നു: "അവൻ ഇസ്രായേലിന്റെ രാജാവാകുന്നു എങ്കിൽ ഇപ്പോൾ കുരിശിൽ നിന്ന് ഇറങ്ങി വരട്ടെ, അപ്പോൾ ഞങ്ങൾ അവനിൽ വിശ്വസിക്കാം" കർത്താവേ! നിന്റെ തൊഴുത്തിലെ ആടുകൾ വഴി - തെറ്റിൽനിന്നും നീ തിരിച്ച് വരുത്തിയിട്ടുള്ള നിന്റെ ആടുകൾ - ഇപ്രകാരം നിന്നെ നിന്ദിക്കുകയും അപമാനിക്കുകയും ചെയ്യുമ്പോൾ നിന്റെ തൊഴുത്തിനു വെളിക്കുള്ളവർ നിന്നെ എത്രമാത്രം ബഹുമാനിക്കും! നിന്റെ ഭവനത്തിലുള്ളവർ നിന്നെ ഒറ്റിക്കൊടുത്തിരിക്കുന്നു. പത്രോസിനെപ്പോലെ അവർ നിന്നെ അറികയില്ല എന്നു സത്യം ചെയ്തിരിക്കുന്നു. എന്നിട്ടും നിന്റെ കരുണയെ അവരിൽനിന്നു പിൻവലിക്കുന്നില്ല. ഇപ്രകാരം ദയയുള്ള ദൈവമെ! ഞങ്ങളെ ശിക്ഷിച്ചിട്ടെങ്കിലും ഞങ്ങളുടെ ഹൃദയങ്ങളേയും വിചാരങ്ങളേയും വാക്കുകളേയും പ്രവർത്തികളേയും നീ ശുദ്ധി ചെയ്ത് നിനക്കുള്ളവയാക്കിക്കൊള്ളണമെ. നിനക്ക് ചേർച്ചയില്ലാത്ത വിചാരങ്ങൾ ഞങ്ങൾ വിചാരിക്കരുതേ, നിനക്ക് ഇഷ്ടമില്ലാത്ത വാക്കുകൾ ഞങ്ങൾ സംസാരിക്കരുതേ, നിനക്ക് ചേരാത്തതായ പ്രവർത്തികൾ ഞങ്ങൾ പ്രവർത്തിക്കയുമരുതേ.

കർത്താവേ! നിന്നെ സ്നേഹിക്കുന്നു എന്നുള്ള ഭാവത്തിൽ നിന്നെ ഒറ്റിക്കൊടുക്കുന്ന പലരും ഞങ്ങളുടെ ഇടയിൽ ഉണ്ട്. നിന്റെ സ്നേഹിതന്മാർ എന്നു പറയുന്നവരായി അശുദ്ധിയോടും ഭക്തിയോടും കൂടെ നിന്നെ ഭക്ഷിക്കുന്നവരും ഞങ്ങളുടെ ഇടയിലുണ്ട്. ഇപ്രകാരമുള്ള പ്രവർത്തികളെ കാണുമ്പോൾ ഗത്സമേനിൽ നടന്ന സംഭവം ആവർത്തിക്കുമാറ് നിന്റെ ഞരമ്പുകളിൽ നിന്നും രക്തത്തുള്ളികൾ എങ്ങനെ പൊഴിയാതെയിരിക്കുന്നു. ഞങ്ങളേ കാണുന്നതിനു വരുന്ന സ്നേഹിതന്മാരോടോ പടിവാതുക്കൽ അലഞ്ഞുനടക്കുന്ന യാചകന്മാരോടോ പോലും കാണിക്കാത്ത അശ്രദ്ധയോടു കൂടെ നിന്റെ സ്നേഹവിരുന്നിൽ വന്നു നിന്നെ ഭക്ഷിക്കുന്ന മറ്റുചിലരും ഞങ്ങളുടെ ഇടയിലുണ്ട്. നിന്നിൽ വിശ്വാസം ഉള്ളതായി ഭാവിക്കുന്നു എങ്കിലും പള്ളികളിൽ കാണിക്കുന്ന അഭക്തിയും ഞങ്ങളുടെ ജീവിതത്തിൽ കാണി

ക്കുന്ന നടത്തകളുംകൊണ്ടു നീ ഞങ്ങളുടെ ഇടയിൽ ഉണ്ടെന്നുള്ളതിനെത്തന്നെ നിഷേധിക്കയും ചെയ്യുന്ന വേറേ ആളുകളും ഞങ്ങളുടെ ഇടയിലുണ്ട്. അങ്ങനെയുള്ളവർ ദിവസംതോറും കുന്തംകൊണ്ടു നിന്റെ മാർവ്വിനെ കുത്തി തുളയ്ക്കുന്നവർ ആകുന്നു. ചുരുക്കി പറയുന്നതായാൽ നിന്റെ സന്നിധിയിൽ കാണിക്കുന്ന അശ്രദ്ധയും അഭക്തിയും കൊണ്ടു നിന്നെ വ്യസനിപ്പിച്ചു മുറിപ്പെടുത്തുന്ന അനേകം പേർ ഞങ്ങളുടെ ഇടയിൽ ഉള്ളതുകൊണ്ട് "നീ ഇപ്രകാരം എന്നോടു ചെയ്യേണ്ടതിനു ഞാൻ നിന്നോടു എന്ത് ദോഷം ചെയ്തു." എന്നുള്ള നിന്റെ ശബ്ദം വിശുദ്ധ ത്രോണോസിൽ നിന്നു ഞങ്ങൾ കൂടെ കൂടെ കേട്ടുകൊണ്ടിരിക്കുന്നു.

നീ സ്നേഹിച്ചിട്ടുള്ള ആളുകളിൽ നിന്നു നിനക്കു കിട്ടുന്ന പ്രതിഫലം ഇതെല്ലാം ആകുന്നു. എന്നാൽ പ്രിയ യേശുവേ! നിന്റെ ശത്രുക്കൾ നിന്നെ പലവിധത്തിൽ അപമാനിച്ചു. എന്നാൽ നിന്റെ മാതാവിനേയും, ശാലേമിലെ മറിയയേയും പോലെ നിന്നേ ഉപേക്ഷിക്കാത്ത വിശ്വസ്ഥതയുള്ള ചില ആത്മാക്കൾ ഉള്ളതിനേ ഓർത്തു ഞങ്ങൾ സന്തോഷിക്കുന്നു.

കർത്താവേ നീ ഞങ്ങളിൽനിന്ന് ഏറ്റിട്ടുള്ള മുറിവുകൾക്കും വേദനകൾക്കും പകരമായി ഞങ്ങൾ എല്ലാവരും യോജിച്ചു നിന്റെ നേരേയുള്ള സ്നേഹവും കൃതജ്ഞതയും പ്രദർശിപ്പിച്ചുംകൊണ്ടു നിന്റെ മുമ്പാകെ ഞങ്ങൾ മുട്ടുകുത്തുന്നു. (കുമ്പിട്ടുവന്ദിക്കുക) കർത്താവെ വിശുദ്ധ ത്രോണോസിൽ പ്രത്യക്ഷപ്പെടുന്ന നിന്റെ തിരുഹൃദയത്തിന്റെ മുമ്പാകെ മുട്ടുകുത്തുന്ന കാണപ്പെടാവതല്ലാത്ത അസംഖ്യം ആത്മാക്കളോടുകൂടെ ഞങ്ങളും നിന്റെ മുമ്പാകെ മുട്ടുകുത്തുന്നു. അവർ നിന്റെ നേരേ പ്രദർശിപ്പിക്കുന്ന അവസാനമില്ലാത്ത ഭക്തിയേയും സ്നേഹത്തേയും ഓർത്തു ഞങ്ങളുടെ അഭക്തിയേയും ശ്രദ്ധയേയും നീ മറന്നുകളയണമേ എന്നു ഞങ്ങൾ നിന്നോടപേക്ഷിക്കയും ചെയ്യുന്നു. കർത്താവെ നിന്റെ തൊഴുത്തിനകത്തുള്ളവരും വെളിക്കുള്ളവരും നിന്നോടു കാണിച്ചിട്ടുള്ള നിന്ദകളേയും ദൈവദൂഷണങ്ങളേയും ഓർത്തും ഞങ്ങൾ പല പ്രാവശ്യവും അഭക്തിയോടു കൂടെ നിന്റെ തിരുഅത്താഴത്തിൽ സംബന്ധിച്ചിട്ടുള്ളതിനെ വിചാരിച്ചും ഞങ്ങളുടെ ഹൃദയം ദുഃഖംകൊണ്ടു നിറയുന്നു. കർത്താവെ ഞങ്ങൾ നിന്റെ തിരുമുമ്പാകെ വെക്കുന്ന കാഴ്ച വിലയില്ലാത്തതും നിസ്സാരമായതുമാകു

ന്നു. നിന്റെ തിരുമനസ്സാകെ വെക്കാൻ ഞങ്ങളുടെ പക്കലുള്ളത് ഞങ്ങളുടെ ആഗ്രഹങ്ങളും വിചാരങ്ങളും മാത്രമാകുന്നു. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നിറവേറണമെന്നും എല്ലാ മനുഷ്യരും നിന്നിൽ വിശ്വസിക്കണമെന്നും, നിന്റെ തിരുഹൃദയത്തിന്റെ അത്ഭുതങ്ങളെക്കുറിച്ചും എല്ലാവരും ഏകശബ്ദത്തോടു വിളിച്ചു പറയുന്നവർ ആയിത്തീരണമെന്നും പരമാർത്ഥമായി ഞങ്ങൾ ആഗ്രഹിക്കുന്നു.

എല്ലാറ്റിനും മേലായി ഞങ്ങൾ എല്ലായ്പോഴും നിനക്കുള്ളവർ ആയിരിക്കണമെന്നും നിന്റെ ഹൃദയം ഞങ്ങൾക്കുവേണ്ടി ചെയ്തിട്ടുള്ളതിനേയും സഹിച്ചിട്ടുള്ളതിനേയും ഞങ്ങൾ മറക്കാത്തവർ ആയിരിക്കണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു.

കർത്താവേ! ഞങ്ങളുടെ ഹൃദയം ദിവസംപ്രതി നിന്റെ തിരുഹൃദയത്തോട് അധികമധികം അനുരൂപിച്ചു വരണമെ എന്നു ഞങ്ങൾ നിന്നോടു യാചിക്കുന്നു. ഞങ്ങൾ നിന്നോടു കൂടുതലായി സ്നേഹിക്കയും നിന്ദിക്കയും ചെയ്യുന്നു എങ്കിലും നിന്നെ കർത്താവെന്നു സമ്മതിച്ച് ഏറ്റുപറയുന്നവരുടെ വാക്കുകളിൽ നിന്നും യോജിച്ചു പുറപ്പെടുന്നതായ സ്നേഹത്തിന്റെയും ഭക്തിയുടെയും ശബ്ദത്തിൽ നീ അവരുടെ അപമാനത്തെയും നിന്ദയേയും മറന്നുകളയണമെ.

*(കർത്താവിന്റെ തിരുഹൃദയത്തോടു നാം ചെയ്തിട്ടുള്ള അഭക്തികളെ ഓർത്തു വിലപിച്ച് ഏതാനും സമയം ദൈവവുമായി സംസർഗ്ഗം ചെയ്യണം)*

✵✵✵✵

# 13

# വിലയേറിയ രക്തം

പ്രിയ കർത്താവേ! ഞങ്ങൾ എത്ര മഠയന്മാരും വിപരീതബുദ്ധികളുമാകുന്നു. ഗത്സേമൻ തോട്ടത്തിൽ നിന്നു കിട്ടിയ ഒരു ഒലിവുവൃക്ഷത്തിന്റെ ഇലയെ ഞങ്ങൾ വളരെ വിലയേറിയ സാധനമായി സൂക്ഷിക്കുന്നു. എന്തെന്നാൽ പത്തൊൻപതു നൂറ്റാണ്ടുകൾക്കുമുമ്പ് അതുനിന്ന സ്ഥലത്തു നിന്റെ രക്തം വീണിരുന്നു. കാൽവറിയിലേ പാറയിൽ നിന്നും കിട്ടിയതായ ഒരു കഷണം പാറയേയും ഞങ്ങൾ വളരെ വില പിടിച്ചതായി കരുതുന്നു. എന്തെന്നാൽ വളരെക്കാലങ്ങൾക്കുമുമ്പു നിന്റെ അഞ്ചു തിരുമുറിവുകളിൽനിന്നും ഒഴുകിയ രക്തത്താൽ അതു നനഞ്ഞതായിരുന്നു. നിന്റെ തലയിൽ വച്ച മുള്ളുകളിൽ ഒന്നിനെയോ, നിന്നെ തറയ്ക്കുന്നതിനുപയോഗിച്ച ആണികളിൽ ഒന്നിനെയോ നിന്നെ തറച്ച കുരിശിന്റെ ഒരു അംശത്തെയോ ഞങ്ങൾ മിന്നുന്ന പൊന്നിനേക്കാൾ അധികം വിലമതിക്കുന്നു. എന്തെന്നാൽ അവ നിന്റെ തിരുശരീരത്തെ തൊടുകയും നിന്റെ തിരുരക്തത്താൽ ശുദ്ധീകരിക്കപ്പെടുകയും ചെയ്തിരുന്നു.

നിന്റെ കബറിങ്കലേക്കു തീർത്ഥയാത്ര ചെയ്യുന്നതിനും അവിടെയുള്ള പള്ളിയിൽ വളരെ നേരം മുട്ടുകുത്തി പ്രാർത്ഥിക്കുന്നതിനും ഞങ്ങൾ സന്തോഷമുള്ളവരായിരിക്കുന്നു. ഗോഗുൽത്താമലയിലേക്കുള്ള വഴിയെ നടക്കുന്നതിനും ആ പരിശുദ്ധമലയെ ഞങ്ങളുടെ കണ്ണുനീരുകൊണ്ടു നനച്ച അതിനെ മുത്തുന്നതിനും ഞങ്ങൾ ഇഷ്ടപ്പെടുന്നു.

ജീവൻ നൽകുന്നതായ ഈ രക്തത്തിന്റെ ശക്തിയെക്കുറിച്ച് ഓർക്കുമ്പോൾ ഞങ്ങൾ ദൈവത്തെ സ്തുതിക്കയും, ഞങ്ങളുടെ ഹൃദയം

സന്തോഷംകൊണ്ടു നിറയുകയും ഞങ്ങളുടെ കണ്ണുകളിൽ നിന്നു കണ്ണുനീരുപൊഴിയുകയും ചെയ്യുന്നു. ആ രക്തത്തിന്റെ ഒരു തുള്ളി ലോകത്തിന്റെ അനേകായിരം സംവൽസരത്തെ പാപത്തെ ഇല്ലായ്മ ചെയ്തു എന്നുള്ളതും ലോകാവസാനം വരെയുള്ള മനുഷ്യവർഗ്ഗത്തിന്റെ സകലപാപങ്ങൾക്കും പരിഹാരമുണ്ടാക്കി എന്നുള്ളതും ഓർക്കുമ്പോൾ അത് എത്രയൊ വിലതീരാത്തതും വന്ദിക്കപ്പെടേണ്ടതുമാണെന്നു ഞങ്ങൾ വിചാരിക്കുന്നു. വിശുദ്ധ കുർബാനയിൽ ഞങ്ങൾ അതിനെ അനുഭവിക്കുന്നത് നിമിത്തം ഞങ്ങളുടെ ആത്മാക്കളെ പാപത്തോടു ബന്ധിച്ചിട്ടുള്ള സകല ബന്ധനങ്ങളേയും പൊട്ടിക്കുന്നതിനു ഞങ്ങൾ ശക്തി പ്രാപിക്കുന്നു. രക്ഷിതാവിന്റെ നേരേ ഞങ്ങൾ ചെയ്തിട്ടുള്ള സകല പാപങ്ങൾക്കും അതു ഞങ്ങൾക്കു പരിഹാരത്തെ ചെയ്യുന്നു. നമ്മുടെ കർത്താവിന്റെ രക്തം ഭൂവാസികൾക്കു കാണാൻ പാടില്ലാത്ത വിധത്തിൽ നമ്മുടെ കർത്താവിനോടുകൂടെ സ്വർഗ്ഗത്തിൽ എവിടെയൊ ആണെന്നുള്ള ഭാവനയിൽ നാം പ്രാർത്ഥിക്കയും അതിനെ വന്ദിക്കയും ചെയ്യുന്നു. എന്നാൽ ഇതുമാത്രമെ നാം വിശ്വസിക്കുന്നുള്ളുവെങ്കിൽ നമ്മുടെ വിശ്വാസം ഫലമില്ലാത്തതല്ലയൊ? ഗതേസമൻ തോട്ടത്തിലോ, കാൽവറിയിലോ, സ്വർഗ്ഗത്തിലോ ഉള്ള നമ്മുടെ കർത്താവിന്റെ രക്തത്തേക്കുറിച്ചുള്ള ഓർമ്മകൊണ്ടുമാത്രം നാം തൃപ്തിപ്പെടുന്നത് എന്തിനാണ്. എന്തുകൊണ്ടെന്നാൽ കർത്താവിന്റെ രക്തത്തെ സ്പർശിച്ചിട്ടുള്ള സാധനങ്ങളല്ല, രക്തം മുഴുവൻ തന്നെയും അതിന്റെ അവർണ്ണനീയവും അതിരില്ലാത്തതുമായ ശക്തിയോടുകൂടെ ഇതാ വിശുദ്ധ ത്രോണോസിന്മേൽ കാണുന്നു.

ലോകത്തിനു വീണ്ടെടുപ്പിനെ ചെയ്തുകൊണ്ടിരിക്കുന്നതും, പാപത്തെ പരിഹരിച്ചു കൊണ്ടിരിക്കുന്നതും, പാപംകൊണ്ടു മലിനതപ്പെട്ടിരിക്കുന്ന ആത്മാവിനെ കല്യാണവസ്ത്രം ധരിപ്പിച്ചു കൊണ്ടിരിക്കുന്നതുമായ നമ്മുടെ കർത്താവിന്റെ വിശുദ്ധരക്തം തന്റെ ശരീരത്തിലുള്ള നാഡികളിൽകൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വിശുദ്ധ രക്തം, മുഴുവനായി വിശുദ്ധ കുർബാനയിൽ നാം പീലാസായിൽ കാണുന്നുണ്ട്.

വിശുദ്ധ മദുബഹായിലേക്കു നിന്റെ കണ്ണുകളെ ഉയർത്തുക. യേശുവിനെ നാം അവിടെ കാണുന്നു. അവന്റെ ശരീരത്തിലുള്ള സകല ഞരമ്പുകളും നാഡികളും നാം അവിടെ കാണുന്നു. അവൻ മരിച്ചിട്ടില്ല. ജീവനുള്ളവനും ജീവിപ്പിക്കുന്നവനും ആകുന്നു. അവന്റെ നാഡികൾ

അടിച്ചുകൊണ്ടിരിക്കുന്നു. അവന്റെ തിരുഹൃദയത്തിൽനിന്ന് അവന്റെ ഞരമ്പുകളിലും നാഡികളിലും കൂടെ അവന്റെ രക്തം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഇതാകുന്നു നമ്മുടെ വിശ്വാസം. എന്നിട്ടും, നാം എത്ര മാത്രം നന്ദിയില്ലാത്തവരും ഭക്തിയില്ലാത്തവരും ആകുന്നു. വിശുദ്ധ കുർബാനയിലുള്ള തിരുരക്തത്തേക്കുറിച്ചുള്ള ശരിയായ അറിവും അതിനെ ഭക്തിയോടെ വന്ദിക്കുന്നതിനുള്ള മനസ്സും നമ്മിൽ ഉണ്ടാകുന്നില്ല എങ്കിൽ വിശുദ്ധ നാട്ടിൽ നിന്നും ചില അവശിഷ്ടങ്ങൾ ലഭിച്ചതുകൊണ്ടോ പരിശുദ്ധ രാജ്യത്തേക്കു (പലസ്തീൻ ദേശത്തേക്കു) തീർത്ഥയാത്ര ചെയ്തതുകൊണ്ടോ ഒരു പ്രയോജനവുമില്ല. ഇവിടെയാകുന്നു പരിശുദ്ധ രക്തത്തോടുള്ളഭക്തി. ഇവിടെ നാം താമസിക്കണം. ഈ പകരുന്ന വ്യാധിയിൽ നിന്നു നാം സുഖം പ്രാപിക്കുമ്പോഴും ഇവിടെ നാം വന്നു വിശുദ്ധ രക്തത്തിന്റെ അത്ഭുതപ്രവൃത്തികളെപ്പറ്റി നാം വിളിച്ചു പറയണം. നമ്മുടെ സ്നേഹത്തെയും നന്ദിയെയും നാം വിളിച്ചുപറയുന്നതു കൂടാതെ പാപത്തിൽ വസിക്കുന്ന സകല ആളുകളും വിശുദ്ധ രക്തത്തിന്റെ ശക്തിയിൻ കീഴിൽ വന്നിട്ട് അവർ സുഖം പ്രാപിക്കുന്നതിനു വേണ്ടി നാം യാചിക്കയും അപേക്ഷിക്കയും കൂടെ ചെയ്യണം.

ഞങ്ങൾ ബലഹീനന്മാരും ക്ഷീണിച്ചവരും ആകയാൽ ഞങ്ങൾ കൂടുതൽ പ്രവൃത്തിക്കും, ഞങ്ങൾ വന്നു ജീവൻ നൽകുന്ന രക്തത്തെ വിശുദ്ധ കുർബാനയിൽ ഞങ്ങൾ അനുഭവിക്കും. അതിന്റെ ശക്തിയാൽ സകല പരീക്ഷകളെയും ആത്മാവിന്റെ സകല ശത്രുക്കളെയും ഞങ്ങൾ ജയിക്കയും ചെയ്യും. പ്രിയ യേശുതമ്പുരാനെ! ബലഹീനമുള്ളതും, ക്ഷീണിച്ചതുമായ ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്നു പുറപ്പെടുന്നതാണെങ്കിലും, ഇവ ഞങ്ങളുടെ സത്യമായ ആഗ്രങ്ങൾ ആകുന്നു. കർത്താവേ! ഞങ്ങളുടെ ഈ നിശ്ചയങ്ങൾ ഞങ്ങളുടെ പ്രവൃത്തികളിൽ ഫലം ചെയ്യുന്നവ ആകേണ്ടതിനുവേണ്ടി ഞങ്ങളുടെ ഹൃദയങ്ങൾക്കു സ്ഥിരതയും വിശ്വസ്തതയും നീ തരേണമേ. ആമേൻ

*(വിശുദ്ധ കുർബാനയിൽ ഉള്ള തിരുരക്തത്തെക്കുറിച്ച് ഏതാനും വിനാഴികകൾ ധ്യാനിച്ചു ദൈവവുമായി സംസർഗ്ഗം ചെയ്യണം).*

✵✵✵✵

# 14

# യേശുതമ്പുരാന്റെ ആശീർവാദം

"ചെറുപൈതങ്ങളെ വിടുവീൻ എന്റെ അടുക്കൽ വരുന്നതിൽ നിന്ന് അവരെ വിരോധിക്കയും അരുത്" എന്നു പ്രിയ യേശുതമ്പുരാനെ നീ പറഞ്ഞിട്ടുണ്ടല്ലോ. യഹൂദിയായുടെ കടൽതീരത്തു നിന്റെ മുഖപ്രസന്നതയും പുഞ്ചിരിയും എല്ലാ ഹൃദയങ്ങളെയും ആകർഷിക്കുന്നതും, ജനക്കൂട്ടം നിന്റെ ചുറ്റും തിരക്കുകൂടുന്നതും, അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങൾ അടുത്തുവന്നു നിന്നെ കാണുകയും തൊടുകയും ചെയ്യുന്നതിനു ക്ഷമയില്ലാതെ സമയം നോക്കിയിരിക്കുന്നതും, നിന്റെ പ്രിയ ശിഷ്യന്മാർ അവരുടെ യജമാനൻ വല്ലാതെ ക്ഷീണിക്കുന്നതിനെ കണ്ടിട്ടു ജനക്കൂട്ടത്തെ പുറകോട്ടു തള്ളിമാറ്റുന്നതും, അതിനിടയിൽ ചെറുപൈതങ്ങളെ വിടുവിൻ എന്റെ അടുക്കൽ വരുന്നതിൽ നിന്നു അവരെ വിരോധിക്കയും അരുത്" എന്നുള്ള അലിവേറിയ വാക്കുകളോടുകൂടി നിന്റെ കൈകളെ ഉയർത്തി നീ അവരെ അനുഗ്രഹിക്കുന്നതും, കാണുന്നതിനെക്കാൾ മനോഹരമായ കാഴ്ചയെന്തുള്ളു?

ആ കുട്ടികൾക്കു ദൈവത്താൽ അവർ അനുഗ്രഹിക്കപ്പെട്ട ആ ദിവസം എത്രയൊ സ്മരണീയമായ ഒരു ദിവസമാകുന്നു. ആ കുട്ടികളെ അനുഗ്രഹിച്ചത് ആരാണെന്ന് ഓർത്തപ്പോൾ അവരുടെ അമ്മമാർ എത്ര സന്തോഷത്തോടുകൂടെ ആയിരിക്കണം ആ കുട്ടികളെ ആലിംഗനം ചെയ്തത്. തങ്ങളുടെ കുട്ടികൾക്കു ലഭിച്ച അനുഗ്രഹം നിമിത്തം അവർ അവിടെ അവരുടെ സഖികളേക്കാൾ അധികം നല്ലവരും ഭാഗ്യമുള്ളവരും, ഐശ്വര്യമുള്ളവരും ആയി തീരുമെന്നു അവരുടെ അമ്മമാർ വിചാരിച്ചിരിക്കയില്ലയോ?

കുട്ടികളെ അനുഗ്രഹിച്ച ആ യേശുതമ്പുരാന്റെ അടുക്കൽ തന്നെയാകുന്നു നാം ഇപ്പോൾ കൂടിയിരിക്കുന്നത്. അതെ ആ ദൈവത്തിന്റെ അടുക്കൽ തന്നെയാകുന്നു നാം ഇപ്പോൾ കുമ്പിടുന്നത്. ആ ദൈവ

ത്തിന്റെ അനുഗ്രഹത്തെ യഹൂദന്മാർ വിലമതിച്ചതുപോലെയൊ അതിൽ ആയിരം പ്രാവശ്യം ചുരുങ്ങിയ വിധത്തിൽ എങ്കിലുമൊ നാം വിലമതിക്കുന്നുണ്ടൊ? അനുഗ്രഹിക്കുന്നയാളിന്റെ നന്മപോലെയും അദ്ദേഹത്തിന്റെ വാക്കുകൾ സഫലീകരിക്കും എന്നു നമുക്കുള്ള വിശ്വാസത്തിന്റെ ശക്തിപോലെയും ആകുന്നു നാം അനുഗ്രഹങ്ങളെ വിലമതിക്കുന്നത്. മാതാപിതാക്കന്മാരുടെയും പരിശുദ്ധന്മാരുടെയും പരിശുദ്ധ പുരോഹിതന്മാരുടെയും അനുഗ്രഹങ്ങളെ നാം വളരെ വിലമതിക്കുന്നു. അങ്ങനെയുള്ള അനുഗ്രഹങ്ങളെ ലഭിക്കുന്നതിനായി ചിലപ്പോൾ നാം സന്തോഷത്തോടെ വളരെ ദീർഘമായ യാത്രകളും ചെയ്യുന്നു. എന്നാൽ ദൈവത്തിന്റെ അനുഗ്രഹങ്ങളോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഈ എല്ലാ അനുഗ്രഹങ്ങളുടെ ഫലം സൂര്യന്റെ പ്രകാശത്തിൽ ഒരു രീതിയിൽ കത്തുന്ന ദീപം പോലെയാകുന്നു. ഇങ്ങനെയിരുന്നിട്ടും ദൈവത്തിന്റെ അനുഗ്രഹങ്ങളെ പ്രാപിക്കുന്നതിനും നാം ഇത്ര അശ്രദ്ധയായിരിക്കുന്നതു എന്തുകൊണ്ടാകുന്നു?

ദൈവത്തിന്റെ അനുഗ്രഹം എന്താണെന്നു ശരിയായിട്ടു നീ മനസ്സിലാക്കുക. ദൈവം അനുഗ്രഹിക്കുമ്പോൾ മനുഷ്യൻ അതിനെ തടയുന്നില്ല എങ്കിൽ, അതിന്റെ ഫലങ്ങൾ രാജകീയവും ദൈവത്വത്തിനടുത്തതും ആകുന്നു. സൃഷ്ടിയുടെ ആരംഭത്തിങ്കൽ ദൈവം ചെയ്തതെന്തായിരുന്നു? ചേർച്ചയില്ലാതെ വെറുമയായി കിടന്നിരുന്നതിനെ ദൈവം അനുഗ്രഹിച്ചു. ദൈവത്തിന്റെ അനുഗ്രഹത്തിന്റെ ശക്തി സകല സാധനങ്ങളുടെയും ഉള്ളിലേക്കു പ്രവേശിച്ചു. അതിന്റെ ഫലമായി ആകാശത്തിലും ഭൂമിയിലും നാം കാണുന്ന സകല മഹത്വങ്ങളും ഉണ്ടായി. ദൈവം മോശയെ അനുഗ്രഹിച്ചു ഫറോവിനും അവന്റെ സൈന്യങ്ങൾക്കും മോശയെ എതിർക്കാൻ കഴിഞ്ഞില്ല. ദാനിയേലിനെയും അവന്റെ സഖികളെയും ദൈവം അനുഗ്രഹിച്ചു. എരിയുന്ന അഗ്നിച്ചൂള അവർക്കു ആശ്വാസം നൽകുന്ന കാറ്റുപോലെ ആയിത്തീർന്നു. ദൈവം യഹൂദജാതിയെ അനുഗ്രഹിച്ചു. അവരുടെ ശത്രുക്കളെ പുല്ലുപോലെ അവരുടെ പാദംകൊണ്ടു അവർ ചവിട്ടി.

കാലത്തിന്റെ പൂർണ്ണതയിൽ തന്റെ സൃഷ്ടികൾ തന്നെക്കാണുകയും കേൾക്കുകയും ചെയ്യുന്നതിനായി ദൈവം മനുഷ്യനായി വന്നു. അവരെ അനുഗ്രഹിക്കുന്നതിനായി അവൻ തന്റെ കൈകളെ ഉയർത്തി അതിന്റെ അത്ഭുതകരമായ ഫലങ്ങൾ എന്താണെന്നു ഓർത്തുനോക്കുവിൻ! അവൻ പന്ത്രണ്ടു മുക്കുവരെ അനുഗ്രഹിച്ചു. യാതൊരു ശക്തിക്കും എതിർക്കുവാൻ പാടില്ലാത്ത ഒരു മഹാവലിയ സാമ്രാജ്യത്തിന്റെ അടി

സ്ഥാനമായിട്ട് അവർ തീർന്നു. അവർ മഗ്ദനെലിലെ മറിയയെ അനുഗ്രഹിച്ചു. പിന്നീട് ഒരിക്കലും അവൾ പാപത്തിന്റെ ആകർഷണത്തിലേക്കു തിരിഞ്ഞിട്ടും ഇല്ല. അവൻ രോഗികളേയും അംഗഹീനന്മാരേയും അനുഗ്രഹിച്ചു. അവർ തങ്ങളുടെ വടികളെ കളഞ്ഞും വച്ച് കിടക്കയിൽനിന്നു താനെ എഴുന്നേല്ക്കയും ചെയ്തു. അവന്റെ അനുഗ്രഹം പാപികളുടെ മേൽ വീണപ്പോൾ അതിന്റെ ശക്തിയെ എതിർക്കുന്നതിനു പാറപോലെ കടുത്ത അവരുടെ ഹൃദയങ്ങൾക്കു കഴിഞ്ഞില്ല.

ദൈവത്തിന്റെ അനുഗ്രഹത്തിന്റെ ഫലങ്ങൾ ഇത്ര വലിയവയായിരുന്നിട്ടും അതിനു നമ്മെ ആകർഷിക്കാൻ കഴിയാത്തത് എന്തുകൊണ്ടാകുന്നു? വിശുദ്ധ ത്രോണോസിന്മേൽ കത്തുന്ന മെഴുകുതിരികളുടെയും, ആകാശത്തിലേക്ക് ഉയരുന്നതായ ധൂമമേഘങ്ങളുടെയും മാധുര്യമേറുന്ന ശബ്ദങ്ങളെ പുറപ്പെടുവിക്കുന്ന പ്രാർത്ഥനകളുടെയും സംഗീതങ്ങളുടെയും മദ്ധ്യേ സാക്ഷാൽ ദൈവം ആകുന്ന യേശുതമ്പുരാൻ തന്റെ ജനങ്ങളെ ആശീർവ്വദിക്കുന്നതിനായി തന്റെ കൈകളെ ഉയർത്തുന്നു എങ്കിലും യഹൂദിയാ കടൽത്തീരത്തു തന്റെ അനുഗ്രഹങ്ങളെ പ്രാപിക്കുന്നതിനായി കൂടിയ യഹൂദന്മാരുടേതിനേക്കാൾ എത്ര വ്യത്യാസങ്ങളായ വിചാരങ്ങളും പ്രവർത്തികളും ആകുന്നു നമ്മുടേത്! ജനക്കൂട്ടം കർത്താവിന്റെ അടുക്കൽ തിക്കിക്കൂടുന്നതിനെ മാറ്റുന്നതിനും അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങൾ അനുഗ്രഹം പ്രാപിക്കുന്നതിനു ചെയ്യുന്ന ശ്രമത്തെ തടയുന്നതിനും അന്നു ശിഷ്യന്മാർ പ്രയത്നിക്കേണ്ടി വന്നതിനു പകരം നാം കർത്താവിന്റെ അടുക്കൽചെന്ന് അനുഗ്രഹം പ്രാപിക്കുന്നതിനു ഇന്നു നമ്മെ  ഉത്സാഹിപ്പിക്കുന്നതിനും നമ്മോട് അപേക്ഷകളും യാചനകളും വേണ്ടിവന്നിരിക്കുന്നു. യേശു എല്ലായ്പ്പോഴും നമ്മുടെ നേരേയുള്ള സ്നേഹംകൊണ്ടു ചലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു എങ്കിലും അവന്റെ കൂട്ടുകാരും ഭൃത്യന്മാരുമാകുന്ന നാം ഞായറാഴ്ച ദിവസം നമ്മുടെ ഭവനങ്ങളിൽ മടിയായിരിക്കുകയും തെരുവുകളിലും സന്തോഷസ്ഥലങ്ങളിലും ഉല്ലസിച്ചുനടക്കുകയും ഇപ്രകാരം അവന്റെ അനുഗ്രഹങ്ങളെ പ്രാപിക്കുന്നതിനു മനസ്സില്ലാതെയും ശ്രദ്ധയില്ലാതെയും ഇരിക്കയുമാണ് നാം ചെയ്യുന്നത്. വിലമതിക്കപ്പെടുവാൻ പാടില്ലാത്ത അവന്റെ അനുഗ്രഹങ്ങളുടെ പദവിയെക്കുറിച്ച് നമുക്കുള്ള അറിവില്ലായ്മയാണ് നമ്മുടെ ഈ നടത്തയുടെ കാരണം. ഒരു പരിശുദ്ധ പിതാവിന്റെ അനുഗ്രഹങ്ങളെ നാം വിലമതിക്കുന്നതുപോലെ എങ്കിലും ദൈവത്തിന്റെ അനുഗ്രങ്ങളെ വിലമതിക്കാൻ നാം പഠിച്ചിരുന്നു എങ്കിൽ എത്ര നന്നായിരുന്നു. ലോകത്തിലുണ്ടായിട്ടുള്ള സകല പരിശുദ്ധ പിതാ

ക്കന്മാരുടെ അനുഗ്രഹങ്ങളെക്കാളും നിന്റെ അനുഗ്രഹം വിലയേറിയ താകുന്നു എന്നു സ്പഷ്ട മായി കാണുവാൻ കർത്താവായ യേശുവേ ഞങ്ങളുടെ കണ്ണുകളെ നീ തുറക്കണമെ. നിന്റെ അനുഗ്രഹത്തിനു ഏറ്റവും കഠിനഹൃദയത്തെ അലിയിക്കാൻ കഴിയുമെന്നും ഞങ്ങളുടെ ബന്ധുക്കളും സ്നേഹിതന്മാരുമായവരെ ബന്ധിച്ചിരിക്കുന്ന പാപബന്ധ ങ്ങളെ പൊട്ടിക്കാൻ കഴിയുമെന്നും ഏറ്റവും ദുഃഖകരമായ ആപത്തുകളിലും വ്യസനങ്ങളിലം ആശ്വാസം തരുന്ന ഒരു അഭയസ്ഥാനമായി അതു ഞങ്ങൾക്കു ഇരിക്കുമെന്നും ഞങ്ങൾ അറിയേണമേ.

പ്രിയ യേശുവേ! നിന്നാൽ അനുഗ്രഹിക്കപ്പെടുന്ന ദിവസം ഞങ്ങൾക്കു സുദിനമായിരിക്കും. ഞങ്ങളെ അനുഗ്രഹിക്കുന്നതിനു നിന്നെ പ്രേരി പ്പിക്കുന്ന മഹാവലിയ സ്നേഹത്തോടു ഞങ്ങൾ ഇതുവരെയും അശ്ര ദ്ധയുള്ളവരായിരുന്നു എങ്കിലും ‘നീ ഞങ്ങളെ അനുഗ്രഹിക്കേണമേ’ എന്നു താഴ്മയോടും കുഴങ്ങിയ ഹൃദയത്തോടും ഞങ്ങൾ ഇപ്പോൾ നിന്നോടു പ്രാർത്ഥിക്കുന്നു. എന്തുകൊണ്ടെന്നാൽ നിന്റെ അനുഗ്രഹം ആഗ്രഹി ക്കാൻ കഴിയുന്ന സകല നന്മകളേയും ഞങ്ങൾക്കു നൽകുന്നു.

പ്രിയ യേശുവേ! നിന്റെ അനുഗ്രഹത്തിനുവേണ്ടി ഞങ്ങൾ അപേ ക്ഷിക്കുമ്പോൾ ഞങ്ങൾക്കുവേണ്ടി മാത്രമല്ല ഞങ്ങൾക്കു പ്രിയമുള്ളവരും അടുത്തവരുമായ എല്ലാവർക്കുംവേണ്ടിയും കൂടെ അപേക്ഷിക്കുന്നതിനു നീ ഞങ്ങളെ അനുവദിക്കേണമേ. വിസ്താരമായി വിതിർക്കപ്പെട്ടിരിക്കുന്ന നിന്റെ സ്നേഹത്തിന്റെ ചിറകുകളുടെ നിഴലിൻകീഴിൽ അവരെയും നീ കാത്തുകൊള്ളണമെ. കർത്താവേ ഞങ്ങളെ അനുഗ്രഹിക്കേണമെ. നിന്റെ അനുഗ്രഹങ്ങൾ വഴിയായി നിനക്കു ഇഷ്ടമുള്ളവമാത്രം നീ ഞങ്ങൾക്കു അയച്ചുതന്നാൽ മതി. നിന്റെ അനുഗ്രഹത്തെ ഇതുവരെ വിലമതിക്കാ തിരുന്നതിനേയും, നിന്റെ അടുത്തുവന്നു ഇതുവരെ അനുഗ്രഹം പ്രാപി ക്കാതിരുന്നതിനേയും, ഈ രണ്ടു കുറ്റങ്ങളേയും നീ ഞങ്ങളോടു ക്ഷമി ക്കേണമെ. നീ നിന്റെ ജനങ്ങളെ അനുഗ്രഹിക്കുമ്പോഴൊക്കെയും ഞങ്ങളും പള്ളിയിൽ ഉണ്ടായിരിക്കും എന്നു ഇളകാത്ത ഒരു മനോനിശ്ചയം ചെയ്യു ന്നതിനും നീ ഞങ്ങൾക്കു ശക്തിതരേണമെ. നിന്റെ അനുഗ്രഹത്തിന്റെ പദവികൾക്കു പങ്കുകാരാകുന്നതിൽനിന്നു ഒഴിച്ചുകൂടാത്ത കർത്തവ്യം കർമ്മം അല്ലാതെ, സ്നേഹിതന്മാരാകട്ടെ, സൈ്വരസല്ലാപമാകട്ടെ, അശ്ര ദ്ധയാകട്ടെ, കാറ്റാകട്ടെ, മഴയാകട്ടെ യാതൊന്നും ഞങ്ങളെ തടയുകയും അരുതെ.

ഉവ്വ് കർത്താവേ! ഞങ്ങൾ എല്ലായ്പോഴും നിന്റെ അടുക്കൽ വരും. പകലത്തെ ജോലിയുടെ ശേഷവും രാത്രിയുടെ നിഴൽ അടുത്തുവരു

മ്പോഴും ഞങ്ങളുടെ പാദങ്ങൾ ക്ഷീണിച്ചു നൊമ്പരപ്പെട്ടിരിക്കും. പകൽ ഞങ്ങൾ ചെയ്ത ജോലി നിമിത്തം ഞങ്ങളുടെ ആത്മാവു മലിനതപ്പെട്ടിരിക്കുമ്പോഴും തോൽവി പ്രാപിച്ചിരിക്കുമ്പോഴും ജയം പ്രാപിച്ചിരിക്കുമ്പോഴും ഞങ്ങൾ നിന്റെ അടുക്കൽ വരും. നിന്റെ ആശീർവ്വാദം ഞങ്ങൾക്കു സൈ്വര്യവും, ആശ്വാസവും തരും. കൊടുങ്കാറ്റു ഞങ്ങളെ ചുറ്റി അടിക്കുമ്പോഴും ദുഃഖമാകുന്ന സമുദ്രത്തിൽ ഞങ്ങൾ വീണു കിടക്കുമ്പോഴും ഞങ്ങൾ നിന്റെ അടുക്കൽവരും. അപ്പോൾ നിന്റെ കൈകളിൽ നീ ഞങ്ങളെ കെട്ടിപ്പിടിച്ചു ആലിംഗനം ചെയ്യും. നിന്റെ ആശീർവ്വാദം കൊടുങ്കാറ്റിനെ ശമിപ്പിക്കയും ദുഃഖംകൊണ്ടു നൊമ്പരപ്പെട്ടിരിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ സൗഖ്യപ്പെടുത്തുകയും ചെയ്യും. നിന്നാൽ അനുഗ്രഹിക്കപ്പെടുവാനായിട്ടു ഞങ്ങളുടെ കുഞ്ഞുങ്ങളെ ഞങ്ങൾ നിന്റെ അടുക്കൽ കൊണ്ടുവരും.

നിന്റെ ആശീർവ്വാദം നിമിത്തം അവർ നിന്റെ മാതൃകയിൽ വളരുകയും ചെയ്യും. നിന്നെ സ്നേഹിക്കയും സേവിക്കയും ചെയ്യാത്തവരെ ഞങ്ങൾ നിന്റെ അടുക്കൽ കൊണ്ടുവരും. നിന്റെ ആശീർവ്വാദം അവരുടെ ആത്മാക്കളെ മയപ്പെടുത്തുകയും രൂപഭേദപ്പെടുത്തുകയും ചെയ്യും. ഞങ്ങൾ ഒരു ദീർഘയാത്ര ആരംഭിക്കുന്നതിനുമുമ്പും ഒരു പ്രധാനകൃത്യം തുടങ്ങുന്നതിനുമുമ്പും നിന്റെ അടുക്കൽവരും. നിന്റെ ആശീർവ്വാദം ഞങ്ങളെ സൂക്ഷിച്ചുരക്ഷിച്ച ഞങ്ങളുടെ വഴികളെ ഗുണമുള്ളവയാക്കുകയും ചെയ്യും. പ്രിയ യേശുതമ്പുരാനെ! നിന്നാൽ അനുഗ്രഹിക്കപ്പെടുന്നതിനായി ഞങ്ങൾ കൂടെക്കൂടെ നിന്റെ അടുത്തുവരും. നിന്റെ ആശീർവ്വാദം നിമിത്തം ഒരു സംഗതികൂടെ ഞങ്ങൾക്കു നൽകേണമേ. അതു നീ നിന്റെ പിതാവിന്റെ അടുക്കലേക്ക് എടുത്തുകൊള്ളപ്പെടുന്നതു നിന്റെ പ്രിയ ശിഷ്യന്മാർ കണ്ടപ്പോൾ നീ അവർക്കു നൽകിയ സമാധാനമാകുന്നു.

അത് അവരുടെ ആയുസ്സിലെ എല്ലാ പ്രയാസങ്ങളേയും വിഷമങ്ങളേയും ശാന്തതപ്പെടുത്തിയതും മരണസമയത്തുപോലും അവരെ ഉപേക്ഷിച്ചിട്ടില്ലാത്തതും ആയ സമാധാനം ആകുന്നു. അത് ഏറ്റവും പ്രിയ യേശുവേ, നിന്റെ സമാധാനമാകുന്നു. ആ സമാധാനത്തെ ഞങ്ങളിൽ പാലിക്കേണമേ. ആമ്മീൻ.

*(യേശുവിന്റെ ആശീർവ്വാദത്തെ പ്രാപിക്കുന്നതിനു നിന്റെ ഭാഗ്യത്തെക്കുറിച്ച് ഏതാനും വിനാഴികകൾ ധ്യാനിച്ചു ദൈവവുമായി സംസർഗ്ഗം ചെയ്യണം).*

✵✵✵✵

# 15

# യേശുവിനോടുള്ള കൃതജ്ഞത

ഏറ്റവും പ്രിയ യേശുതമ്പുരാനെ നീ ചെയ്തുതന്നിട്ടുള്ള നന്മകൾക്കും അനുഗ്രഹങ്ങൾക്കും ഞങ്ങൾ നിന്നോട് എത്രമാത്രം കൃജ്ഞതയുള്ളവരായിരിക്കണം. ഞങ്ങളുടെ ബലവും, പരിചയയും, കോട്ടയും ദുഃഖിതന്മാരുടെ അഭയസ്ഥാനവുമാകുന്ന നിന്റെ അമ്മയുടെ ഹൃദയം ഞങ്ങൾക്കു സഹായത്തിനുണ്ട്. വിശുദ്ധ സഭയാകുന്ന വലിയ സാമ്രാജ്യത്തെ ശോഭിപ്പിക്കുന്ന ഏതു സൂര്യനേപ്പോലെയുള്ള ഏഴു കൂദാശകൾ ഞങ്ങൾക്കുണ്ട്. ഞങ്ങൾക്കു മാർഗ്ഗദർശികളും അംഗരക്ഷകന്മാരും ഉണ്ട്. അവർ മഹോന്നതന്റെ സിംഹാസനത്തിന് സമീപം വസിക്കുന്നവരായി, നക്ഷത്രങ്ങളായി ശോഭിക്കുന്ന മുടികളുള്ളവരായി, ചിറകുകളുള്ള ദൈവദൂതന്മാർ ആകുന്നു ഞങ്ങളെ അത്യധികം സ്നേഹിക്കുന്നവരും, ഞങ്ങൾ ഓരോ അടിവെക്കുന്നതിലും ഞങ്ങളെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുന്നവരും തങ്ങളുടെ കൈകളെ നീട്ടി എപ്പോഴും ഞങ്ങളെ സഹായിക്കാൻ സന്നദ്ധരായിരിക്കുന്നവരും ആയി സ്നേഹിതന്മാർ ഞങ്ങൾക്കുണ്ട്. അവർ ആരെന്നുവച്ചാൽ ദൈവത്തിന്റെ രഹസ്യങ്ങളെ അറിയുന്ന ദീർഘദർശിമാരും അപ്പസ്തോലന്മാരും, മരണത്തെ എതിർത്തു ജയിച്ചിട്ടുള്ള സഹദേന്മാരും തങ്ങളെപ്പോലെ ശോഭയും നിർമ്മലതയും ഉള്ള സൗരഭ്യപുഷ്പങ്ങളെ വഹിച്ചിരിക്കുന്ന കന്യകമാരും, തങ്ങളുടെ സഹോദരന്മാരാകുന്ന ഞങ്ങൾ യുദ്ധത്തിൽ അകപ്പെട്ടിരിക്കുന്നതിനെ കണ്ടിട്ടുണ്ട്. വീണ്ടും ഞങ്ങളോടു ചേർന്നു യുദ്ധം ചെയ്യുമാറു ഞങ്ങളോടു സഹകരിക്കുന്ന അനേകം മഹത്വീകരിക്കപ്പെട്ട പരിശുദ്ധന്മാരും ആകുന്നു.

ഭൂമിയിൽ തന്നെ എത്രമാത്രം വിലപിടിച്ച സാധനങ്ങൾ

ഞങ്ങൾക്കുണ്ട്! ഫലസ്തിയൻ രാജ്യത്ത് യേശുതമ്പുരാന്റെ രക്തത്താൽ കുളിച്ചതായ പരിശുദ്ധസ്ഥലങ്ങളും സൃഷ്ടാവിന്റെ മരണവേദനകളും കഷ്ടപ്പാടുകളും കണ്ടതായ ഒലിവുവൃക്ഷങ്ങളും അവനെ അടക്കിയ കബറുതന്നെയും ഞങ്ങൾക്കുണ്ട്. ഇപ്പോൾ സ്വർഗ്ഗത്തിൽ വസിക്കുന്ന പരിശുദ്ധന്മാരുടെ തിരുശേഷിപ്പുകളും, അവർ ധരിച്ചിരുന്ന വസ്ത്രങ്ങളും ക്രിസ്തുവിന്റെ ധൈര്യശാലികളായ ഭടന്മാരുടെ അസ്ഥികൾ തന്നെയും ഞങ്ങൾക്കുണ്ട്.

പരിശുദ്ധങ്ങളായവയിൽവച്ച് ഏറ്റവും വിലയേറിയതും പരിശുദ്ധമായതും, ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടതും, നിന്റെ മരണക്കിടക്കയായിരുന്നതും അതിനു സമീപം നിന്റെ അമ്മ മൂന്നു മണിക്കൂറു നേരം ക്ഷീണിച്ചു വിഷമിച്ചു നിന്നതുമായ ആ കുരിശും ഞങ്ങൾക്കുണ്ട്.

പ്രിയ യേശുവേ! വിശുദ്ധ ത്രോണോസിലേക്കു തിരിഞ്ഞു ഞങ്ങൾ നിന്നെ നോക്കുന്നു എങ്കിൽ നിന്നിൽനിന്നു ലഭിച്ചതല്ലാതെ ഏതെങ്കിലും നന്മയൊ ഐശ്വര്യമൊ ഞങ്ങൾക്കുണ്ടോ? നിന്നിൽ നിന്നു തടവിച്ചു ഞങ്ങളെ സന്തോഷിപ്പിച്ചശേഷം തിരിച്ചുവന്നു നിന്നിൽ ത്തന്നെ ലയിക്കാത്തതായ ഒരു സന്തോഷവും ഞങ്ങൾക്കില്ലാ.

വിശുദ്ധ കുർബാനയിൽ കൂടെ നിന്നെത്തന്നെ ഞങ്ങൾക്കു നൽകിയശേഷം നിന്റെ അമ്മയേകൂടെയും ഞങ്ങൾക്ക് അമ്മയായി നീ തന്നിട്ടില്ലയോ? നിന്റെ പരിശുദ്ധ ബലിയുടെ ശുശ്രൂഷ കഴിഞ്ഞശേഷം കുരിശിൽ കിടന്നുകൊണ്ട് വിശുദ്ധ യോഹന്നാൻ വഴി നീ ഞങ്ങൾക്കു നൽകിയ നിന്റെ അമ്മയുടെ ഹൃദയം ഞങ്ങൾക്കുള്ളതല്ല എന്നു വിചാരിക്കാൻ ഞങ്ങൾക്കു കഴിയുമോ?

നിന്റെ വിശുദ്ധ കൂദാശകൾ ഞങ്ങളുടെ ആത്മാക്കളെ നിങ്കലേക്കു ബന്ധിക്കുന്ന ചങ്ങലകൾ ആകുന്നു. നിന്റെ വിശുദ്ധ കൂദാശകൾ ഞങ്ങളെ ത്രോണോസിനോടു ബന്ധിക്കുന്ന ചരടുകൾ ആകുന്നു. നിന്റെ വിശുദ്ധകൂദാശകൾ നിന്റെ തിരുഹൃദയത്തിൽ നിന്നുപുറപ്പെട്ട് ഒഴുകിയ ദുഃഖമാകുന്ന നദിയിൽനിന്ന് എടുക്കപ്പെട്ട ശോഭയേറിയ മുത്തുകൾ ആകുന്നു. നിന്റെ വിശുദ്ധകൂദാശകൾ സ്നേഹമാകുന്ന ഖനിയിൽ നിന്നു കുഴിച്ചെടുക്കപ്പെട്ട വില തീരാത്ത രത്നങ്ങൾ ആകുന്നു. ഞങ്ങളെ നോക്കികൊള്ളുന്നതിനായി നിന്റെ ദൈവദൂതന്മാരെ നീ അയച്ചു എങ്കിലും നിന്റെ ആർദ്രസ്നേഹത്തിന് അതുകൊണ്ട് തൃപ്തിവരാതെ അവർക്ക് ഇല്ലാത്തതായ സഹതാപത്തോടും സൂക്ഷ്മതയോടുംകൂടെ

ഞങ്ങളെ നടത്തി കാത്തുകൊള്ളുന്നതിനായി നീ ഞങ്ങളുടെ അടുത്തുവന്നിരിക്കുന്നു. നിന്റെ പരിശുദ്ധന്മാർ ഞങ്ങളെ സ്നേഹിക്കുന്നതു ഞങ്ങൾ നിന്റെ മക്കളും അവരുടെ സഹോദരന്മാരും ആകെക്കൊണ്ടല്ലയോ? അവർ ഞങ്ങളിൽ ശ്രദ്ധയുള്ളവരായിരിക്കുന്നത് അപ്രകാരം ചെയ്‌വാൻ നീ അവരെ പഠിപ്പിച്ചതുകൊണ്ടല്ലയോ? ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നതിലും കൂടുതലായി അവയെ ക്ഷമിപ്പാൻ നീ സന്നദ്ധനായിരിക്കുന്നതു അവർ അറിയുന്നതുകൊണ്ടല്ലയൊ അവർ ഞങ്ങൾക്കുവേണ്ടി നിന്നോട് അപേക്ഷിക്കുന്നത്? എന്നെന്നേക്കും നിന്നെ സ്നേഹിച്ചു സ്തുതിച്ചു ബഹുമാനിക്കുന്നതിനല്ലയോ ഞങ്ങളുടെ ആത്മാക്കളും സ്വർഗ്ഗത്തിൽ ആയിരിക്കണമെന്ന് അവർ ആഗ്രഹിക്കുന്നത്? അവർ സൂക്ഷിച്ചു നോക്കുമ്പോൾ ഞങ്ങളുടെ പേരുകൾ നിന്റെ ഹൃദയത്തിൽ എഴുതപ്പെട്ടിരിക്കുന്നതിനെ അവർ കാണുന്നു. ആകയാൽ അവരുടെ സ്നേഹം നിന്റെ സ്നേഹത്തിന്റെ പ്രതിഛായ ആകുന്നു.

നിന്നാൽ പരിശുദ്ധമാക്കപ്പെട്ട സ്ഥലങ്ങളിലേക്കു തീർത്ഥയാത്ര ചെയ്യുന്നവർ ഭാഗ്യമുള്ളവർ ആകുന്നു. എന്നാൽ നസറേത്തിലെ രഹസ്യങ്ങൾ ഈ മദ്ബഹായിൽ ആവർത്തിക്കപ്പെടുകയും വിശുദ്ധ ത്രോണോസ് ഗോഗുൽത്തയായി ഇവിടെ ഇരിക്കയും ചെയ്യുമ്പോൾ ഞങ്ങൾ അവരോട് അസൂയപ്പെട്ടിട്ട് ആവശ്യമില്ല. ആ സ്ഥലങ്ങളേ പരിശുദ്ധമാക്കിയ തിരുരക്തം ഇവിടെ ഞങ്ങൾക്കില്ലയൊ? ഞങ്ങളുടെ ഹൃദയങ്ങൾ വീണ്ടും വീണ്ടും നിന്നെ അടക്കിയ കബറുകൾ ആയി തീരുന്നില്ലയൊ? നന്റെ പരിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ ഞങ്ങൾക്ക് ഇഷ്ടമുള്ളവയാകുന്നു. എന്നാൽ നിന്റെ തിരുശേഷിപ്പിനെയാണല്ലോ നിന്നെത്തന്നെ ഞങ്ങൾക്കു ഇവിടെ നീ തന്നിരിക്കുന്നു. നിന്റെ വസ്ത്രത്തിന്റെ ഒരു കഷണമല്ല നിന്റെ ശരീരവും രക്തവും തന്നെ ഞങ്ങൾക്കായി ഇവിടെ ഉണ്ട്. നിന്റെ കുരിശല്ല എന്നാലൊ അതിനെ വിശുദ്ധീകരിച്ചവനും ഞങ്ങൾക്കുവേണ്ടി അതിന്മേൽ മരിച്ചവനും എന്നേക്കുമായി സ്വർഗ്ഗത്തിൽ ഭരിച്ചുകൊണ്ടിരിക്കുന്നവനുമായ നീ തന്നെ ഞങ്ങൾക്കുവേണ്ടി ഇവിടെ എഴുന്നെള്ളിയിരിക്കുന്നു.

ഞങ്ങളുടെ ഹൃദയം കൃതജ്ഞതകൊണ്ടു തുള്ളി ആനന്ദിക്കത്തക്കതായ എത്രയോ ലൗകികനന്മകളും അനുഗ്രഹങ്ങളും ഞങ്ങൾ അനുഭവിക്കുന്നു. അനേകംപേർ ശരീരം തളർന്നും, രോഗാതുരന്മാരായും വേദനയുള്ളവരായും ഇരിക്കുമ്പോൾ ഞങ്ങൾക്കു ആരോഗ്യവും സൗഖ്യവും നീ തന്നിട്ടുള്ളതെന്തിനാകുന്നു? മറ്റുള്ളവരുടെ ഉദ്യമങ്ങൾ നാശകരമായി അവസാനിക്കയും അവരുടെ ഭവനങ്ങൾ നിർഭാഗ്യം

കൊണ്ടും വ്യസനംകൊണ്ടു നിറഞ്ഞിരിക്കയും ചെയ്യുമ്പോൾ ഞങ്ങളുടെ ഉദ്യമങ്ങൾ സഫലീകരിക്കയും ഞങ്ങളുടെ ഭവനങ്ങൾ സന്തോഷമുള്ളവയായിരിക്കയും ചെയ്യുന്നത് എന്തുകൊണ്ടാകുന്നു? ലോകത്തെ ശോഭിപ്പിക്കയും സന്തോഷിപ്പിക്കയും ചെയ്യുമായിരുന്ന തങ്ങളുടെ സ്നേഹിതന്മാരുടെ വേർപാടിനെക്കുറിച്ച് മറ്റുള്ളവർ ദുഃഖിച്ചുകൊണ്ടിരിക്കുമ്പോൾ സ്നേഹവും വിശ്വസ്തതയുമുള്ള സ്നേഹിതന്മാരാൽ ഞങ്ങൾ ചുറ്റപ്പെട്ടിരിക്കുന്നത് എന്തുകൊണ്ടാകുന്നു? ത്രോണോസിൽ വസിക്കുന്ന യേശുതമ്പുരാന്റെ നന്മയും കരുണയും നിമിത്തമാണ് ഈ അനുഗ്രഹങ്ങൾ എല്ലാം നാം അനുഭവിക്കുന്നത്. ആകയാൽ യേശുവിനോടുള്ള കൃതജ്ഞതകൊണ്ടു നമ്മുടെ ഹൃദയം ആനന്ദിച്ചു തുള്ളട്ടെ. “കർത്താവിന്റെ കരുണകളേക്കുറിച്ചു ഞാൻ എന്നന്നേക്കും പാടും” എന്നു ദാവീദിനോടുകൂടി നമുക്കു വിളിച്ചു പറയാം.

നന്ദിയുള്ള ഹൃദയത്തെ യേശു സ്നേഹിക്കുന്നു. അവന്റെ സ്നേഹത്തെയും ദയയെയും നാം വിലമതിക്കുന്നു എന്നു നാം പ്രത്യക്ഷപ്പെടുത്തുന്നതിനു നാം ചെയ്യുന്ന ഏറ്റവും നിസ്സാരപ്രവൃത്തിയേയും അവൻ വളരെ വിലമതിക്കുന്നു. ദുഃഖംകൊണ്ടു നിറഞ്ഞിരുന്ന അവന്റെ മുഖത്തുനിന്നും പൊടിയെയും രക്തത്തെയും തുടച്ചുകളഞ്ഞ വിശുദ്ധ സ്ത്രീയുടെ നിസ്സാരപ്രവൃത്തിയെ അവൻ വളരെ വിലമതിച്ചു. അവന്റെ നാമത്തിൽ ഒരു ശിഷ്യന് ഒരു കോപ്പ പച്ചവെള്ളം കൊടുക്കുന്നവനു വലിയ പ്രതിഫലം അവൻ വാഗ്ദത്തം ചെയ്തിരിക്കുന്നു. അവൻ സൗഖ്യമാക്കിയ രോഗികളും അംഗഹീനന്മാരും അവനെ പിന്തുടർന്നു നന്ദി പറഞ്ഞപ്പോൾ അവന് എന്തുമാത്രം സന്തോഷമുണ്ടായി! ദയയും മഹാമനസ്കതയുമുള്ള ഞങ്ങളുടെ യജമാനനേ! ഓരോ ദിവസവും നീ ഞങ്ങളുടെമേൽ വർഷിപ്പിക്കുന്നതായ അസംഖ്യം അനുഗ്രഹങ്ങൾക്കുവേണ്ടി ഞങ്ങളുടെ ശക്തിയിൽപെട്ട എല്ലാ മാർഗ്ഗങ്ങളിൽകൂടെയും നിന്നോടുള്ള കൃതജ്ഞതയെ പ്രദർശിപ്പിച്ചു നിന്നെ സന്തോഷിപ്പിക്കുന്നതിനു ഞങ്ങൾ ആഗ്രഹിക്കുന്നു.

കർത്താവെ നിന്റെ സകല അനുഗ്രഹങ്ങൾക്കായിട്ടും ഞങ്ങൾ നിന്നെ സ്തുതിക്കയും സ്തോത്രം ചെയ്യുകയും ചെയ്യുന്നു. അതേ അനേകായിരം പ്രാവശ്യം ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. എല്ലാത്തിലും പ്രധാനമായി നിന്റെ സകല അനുഗ്രഹങ്ങൾക്കുവേണ്ടി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്റെ തിരുസഭയിൽ നീ ധാരാളമായി വർഷിപ്പിക്കുന്ന നിർമ്മല വിശ്വാസങ്ങൾക്കു ഞങ്ങളെ പങ്കുകാരാക്കിയതിനുവേണ്ടിയും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നീ ഞങ്ങൾക്കു നൽകിയിട്ടുള്ള സകല കൃപകൾക്കും സൗജന്യങ്ങൾക്കും വേണ്ടി ഞങ്ങൾ

നിന്നെ സ്തുതിക്കുന്നു. പ്രധാനമായി നീ ഞങ്ങൾക്കു നൽകിയിട്ടുള്ള ശരീരസൗഖ്യത്തിനും അരോഗതയ്ക്കും ഐശ്വര്യത്തിനും വിശ്വസ്ത തയുള്ള സ്നേഹിതന്മാർക്കും വേണ്ടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നീ ഞങ്ങൾക്കു നൽകിയിട്ടുള്ള നന്മകളെ ഒരിക്കലും മറക്കയില്ല. അവകളെപ്പറ്റി ഞങ്ങൾ ധ്യാനിക്കും. അവയ്ക്കുവേണ്ടി ഞങ്ങൾ നിന്നോടു വളരെ നന്ദിയുള്ളവരായിരിക്കുകയും ചെയ്യും. അവയെ ഞങ്ങൾ ഒരിക്കലും മറക്കാതിരിക്കുന്നതിനുവേണ്ടി ആഴ്ചയിൽ ഒരിക്കൽ ഞങ്ങൾ നിന്നെ പ്രത്യേകം സ്തുതിക്കയും വന്ദിക്കയും ചെയ്യും.

ഇതിലും പ്രധാനമായി ഞങ്ങൾക്കു നിന്നോടുള്ള കൃതജ്ഞതയെ പ്രദർശിപ്പിക്കുന്നതിനായി നീ ഞങ്ങൾക്ക് തന്നിട്ടുള്ള ധനത്തേക്കൊണ്ട് നിന്റെ ബഹുമാനത്തെയും മഹത്വത്തേയും ഉദ്ദേശിച്ചുള്ള പ്രവർത്തികളെ സഹായിക്കയും നിന്റെ പള്ളികളെയും ത്രോണോസുകളെയും അലങ്കരിക്കയും ചെയ്യുമെന്നും ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. എന്തെങ്കിലും പ്രത്യേക കൃപയൊ അനുഗ്രഹമൊ നിന്നിൽനിന്നു ഞങ്ങൾ പ്രാപിക്കുമ്പോൾ അതിനുവേണ്ടി ഞങ്ങളുടെ ഹൃദയത്തിലുള്ള നന്ദിയേ പ്രത്യേക വഴിപാടാൽ പ്രദർശിപ്പിക്കാതെ ആ നാഴികയൊ ആ ദിവസമൊ കഴിയുന്നതല്ല എന്നും ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

നീ ഞങ്ങൾക്കു ചെയ്തിട്ടുള്ള സകലത്തിനുംവേണ്ടി ഒരിക്കൽകൂടി കർത്താവെ! ഞങ്ങൾ നിനക്കു നന്ദി പറയുകയും നിന്നെ സ്തുതിക്കയും ചെയ്യുന്നു. നിന്നെ ഞങ്ങൾക്കായിട്ടു നൽകിയ നിന്റെ സ്നേഹത്തിനു ഞങ്ങൾ നന്ദി പറയുന്നു. എല്ലാത്തിനും പ്രധാനമായി അനുഗ്രഹങ്ങളിലേക്കും വലിയ അനുഗ്രഹമാകുന്ന വിശുദ്ധ ത്രോണോസിൽ ഉള്ള നിന്റെ പ്രത്യക്ഷതയ്ക്കും അതിൽ വസിക്കുന്നതായ മഹാവലിയ സ്നേഹത്തിനുംവേണ്ടി ഞങ്ങൾ നിനക്കു നന്ദി പറയുന്നു. നിന്റെ സകല അനുഗ്രഹങ്ങൾക്കും പ്രതിഫലമായി ഞങ്ങളേത്തന്നെ മുഴുവനായി നിനക്കു കാഴ്ചയണപ്പാൻ ഞങ്ങളെ നീ പഠിപ്പിക്കേണമേ. ഞങ്ങൾക്കുള്ള സകലത്തേയും നിനക്കു കാഴ്ചയണപ്പാൻ ഞങ്ങളെ നീ പഠിപ്പിക്കേണമേ, ഇതല്ലാതെ വിശുദ്ധ ത്രോണോസിൽ ഉള്ള നിന്റെ പ്രത്യക്ഷതയ്ക്കു തക്കതായ ഒരു പ്രതിഫലവും ചെയ്വാൻ ഞങ്ങൾക്കില്ല. ഞങ്ങളുടെ നിസ്സാരമായ സകല കാഴ്ചകളേയും കർത്താവേ കരുണയോടെ നീ കൈക്കൊള്ളണമേ ആമേൻ.

*(ദൈവത്തിന്റെ അനുഗ്രഹങ്ങളെപ്പറ്റി ഏതാനും വിനാഴികൾ ധ്യാനിച്ചു ദൈവവുമായി സംസർഗ്ഗം ചെയ്യണം).*

✲✲✲✲

## 16

# യേശുവിനോടുള്ള നമ്മുടെ നന്ദിയില്ലായ്മ

ഏറ്റവും പ്രിയപ്പെട്ട യേശുതമ്പുരാനെ! നിന്നെ സ്നേഹിക്കുന്നതു ഞങ്ങൾക്ക് ഇത്ര വളരെ പ്രയാസമായിരിക്കുന്നത് എന്തുകൊണ്ടാകുന്നു? ഞങ്ങളുടെ ഹൃദയം സ്വാഭാവികമായി നന്ദിയില്ലാത്തതല്ല. എന്തെന്നാൽ സ്നേഹസംഭാഷണത്തിൽ ഞങ്ങളുടെ ഹൃദയം ഉല്ലസിക്കുന്നു. നന്മപ്രവർത്തികളുടെ സ്മരണയെ ഞങ്ങളുടെ ഹൃദയം അനേകവർഷങ്ങൾ കഴിഞ്ഞാലും വിടുന്നില്ല. അങ്ങനെയിരിക്കെ നിന്നോടുമാത്രം ഞങ്ങളുടെ ഹൃദയം മന്ദസ്വഭാവമുള്ളതായും ഇളക്കമില്ലാത്തതായും ഇരിക്കുന്നത് എന്തുകൊണ്ടാകുന്നു? നിന്റെ സ്നേഹവും നന്മയും ഞങ്ങളുടെ ഹൃദയത്തിൽ ഉല്ലാസവികാരങ്ങളെയും സന്തോഷചലനങ്ങളെയും ഉണ്ടാക്കാത്തത് എന്തുകൊണ്ടാകുന്നു?

ഞങ്ങൾ പള്ളിയിൽ നിന്റെ സന്നിധിയിൽ വരുന്നു. എന്നാൽ നിന്നോടു പറയാൻ ഒന്നും ഞങ്ങൾ കാണുന്നില്ല. ഏതാനും വിനാഴികകൾ നിന്റ അടുക്കൽ വന്നു നിന്നോടു സംസർഗ്ഗം ചെയ്യണമെന്നു ഞങ്ങൾ വിചാരിച്ചാൽ തന്നെയും അത്രയും സമയം എങ്ങനെ ചിലവഴിക്കുന്നു എന്ന് അറിയാതെ ഞങ്ങൾ കുഴങ്ങുന്നു. പള്ളിയകത്തു പ്രവേശിച്ചു കഴിയുന്ന മാത്രയിൽതന്നെ ഞങ്ങൾക്കു ക്ഷീണമുള്ളതായി തോന്നുകയും നിന്നേക്കാൾ ഞങ്ങൾ സ്നേഹിക്കുന്ന മറ്റുസ്നേഹിതന്മാരുടെ സമീപത്തിലേക്കു പോകാൻ ഞങ്ങളുടെ മനസ്സ് ധൃതികൂട്ടുകയും ചെയ്യുന്നു. ഞങ്ങൾ നിന്റെ സന്നിധിയിൽ ഇരിക്കുന്ന സമയം മുഴുവനും നിന്നെക്കുറിച്ച് ഓർമ്മയില്ലാത്തവരും ശ്രദ്ധയില്ലാത്തവരും ആകുന്നു. താബോർമലയിൽവച്ച് എന്നപോലെ നിന്റെ ശോഭയെ വെളിപ്പെടുത്തി ഞങ്ങളെ സന്തോഷിപ്പിച്ച് ഇവിടെ താമസിക്കുന്നതുകൊള്ളാമെന്നു ഞങ്ങളിൽ തോന്നിക്കാത്തതുകൊണ്ടായിരിക്കും ഞങ്ങൾ

ഇങ്ങനെയൊക്കെ ചെയ്യുന്നത്. ഞങ്ങളുടെ ജോലിസ്ഥലത്തേക്കു ഞങ്ങൾ തിരിച്ചുചെന്നു പരീക്ഷകളും പ്രയാസങ്ങളും ഞങ്ങളെ എതിരിടുമ്പോൾ നിന്നെ സ്നേഹിക്കുന്നതിനു നീ ഞങ്ങളെ സഹായിക്കുന്നില്ല എന്നും സ്വർഗ്ഗത്തിലേക്കുപോകുന്ന വഴി തടസ്സമുള്ളതും ഭാരമുള്ളതുമാണെന്നും മറ്റും ഞങ്ങൾ പിറുപിറുക്കുന്നു. ഞങ്ങളുടെ കൈകൾ കൊണ്ടുതന്നെ ഞങ്ങൾ സൃഷ്ടിച്ചിട്ടുള്ള തടസ്സങ്ങൾക്കു വേണ്ടി ഞങ്ങൾ നിന്നെ കുറ്റംപറയുകയും ചെയ്യുന്നു.

ഞങ്ങളുടെ നന്ദിയില്ലായ്ക ഇവിടെ അവസാനിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. ഐഹിക ജീവിതത്തിന്റെ ഭാരങ്ങളെ ഞങ്ങൾ ധൈര്യത്തോടു വഹിക്കുന്നതിനും അതിലെ കൊടുങ്കാറ്റുകളിൽ കൂടെ അപകടം കൂടാതെ ഞങ്ങൾ കടന്നുപോകുന്നതിനും വേണ്ടി നിന്നെത്തന്നെ വിശുദ്ധ കുർബാനയിൽ കൂടെ ഞങ്ങൾക്കു നൽകുന്നു. എന്നിട്ടും നിന്റെ തിരുവത്താഴത്തെ ഭക്ഷിക്കുന്നതിനു ഞങ്ങൾ മുട്ടുകുത്തിയിട്ട് ഇപ്പോൾ അനേകനാൾ കഴിഞ്ഞിരിക്കാം. ഒരുപക്ഷെ കഴിഞ്ഞപ്രാവശ്യം രാജാധിരാജാവിന്റെ വിരുന്നിന് ഇരുന്നു കപടമില്ലാത്ത കുഞ്ഞാടിനെ ഞങ്ങൾ ഭക്ഷിച്ചപ്പോൾ യഹൂദായുടെ വഞ്ചന ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രവേശിക്കുകയും ഞങ്ങളുടെ ആത്മാക്കളിൽ അശ്രദ്ധയും മന്ദസ്വഭാവവും ഉണ്ടാകയും ചെയ്തിരിക്കാം. ഞങ്ങളുടെയും ലോകത്തിന്റെയും പാപങ്ങളെ എടുത്തുകളയുന്നതിനായി വിശുദ്ധ ത്രോണോസിൽ ബലിയായി നീ അർപ്പിക്കപ്പെടുന്നു. വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിനു നീ ഞങ്ങൾക്ക് സമയവും സൗകര്യവും തന്നിട്ടുണ്ട്. എങ്കിലും ഞങ്ങൾ നിർബന്ധിക്കപ്പെടുന്ന ചില പ്രത്യേക സമയങ്ങളിലല്ലാതെ ഞങ്ങൾ പള്ളിയിൽ പോകുന്നില്ല. ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങൾക്കു ആവശ്യമുള്ള സകലത്തെയും തരുന്നതിനു നിന്റെ കൈകൾ എല്ലായ്പോഴും ഉയർത്തപ്പെട്ടിരിക്കുന്നു. എങ്കിലും ഞങ്ങൾ വന്നു നിന്റെ അനുഗ്രഹങ്ങളെ കൈക്കൊള്ളുന്നില്ല. നിന്നെയും നിന്റെ അനുഗ്രഹങ്ങളേയും ഞങ്ങൾ തീരെ വിലമതിക്കാത്തതുപോലെ ഞങ്ങൾ നിന്നോടു വളരെ അശ്രദ്ധയുള്ളവരായിരിക്കുന്നു. നീ ഞങ്ങൾക്കു ചെയ്തിട്ടുള്ള സകല അനുഗ്രഹങ്ങൾക്കും വേണ്ടി ഞങ്ങൾ നിനക്കു ചെയ്യുന്ന പ്രതിഫലം ഇതാകുന്നു. ഇങ്ങനെയാകുന്നു നിന്റെ സ്നേഹത്തെ ഞങ്ങൾ വിലമതിക്കുന്നത്.

കഠിനമായ മനഃപൂർവ്വപാപം കഴിഞ്ഞാൽ പിന്നെ നമ്മുടെ കർത്താവിനെ ദുഃഖിപ്പിച്ചു മുറിപ്പെടുത്തുന്ന സംഗതി നന്ദിയില്ലായ്കയാകുന്നു.

നമ്മുടെ കർത്താവിന്റെ ആത്മാവു ദുഃഖംകൊണ്ടും മരണവേദന കൊണ്ടും നിറഞ്ഞിരുന്ന സമയത്ത് അവന്റെ ശിഷ്യന്മാർ ഉറങ്ങിക്കള ഞ്ഞതിനാൽ അവരുടെ നടത്ത അവനെ ദുഃഖിപ്പിച്ചു മുറിപ്പെടുത്തിയ തിന്റെ ഫലമായി 'ഒരു മണിക്കൂർനേരം എങ്കിലും നിങ്ങൾക്ക് എന്നോ ടുകൂടെ ഉണർന്നു നോക്കിപ്പാർക്കരുതോ' എന്ന് അവരോടു ചോദി ച്ചു. അപ്രകാരംതന്നെ കുഷ്ടകരോഗികളെ സൗഖ്യമാക്കിയപ്പോൾ അവ രുടെ നന്ദിയില്ലായ്മകയേകൊണ്ടു നൊമ്പരപ്പെട്ടിട്ടു പത്തുപേർ സുഖ പ്പെട്ടല്ലോ എന്നാൽ ഒമ്പതുപേർ എവിടെ എന്നു ചോദിച്ചു. 'ഈ കൂടാ രത്തിൽ ഞാൻ രാവും പകലും നിങ്ങൾക്കു വേണ്ടി വസിച്ചിട്ട് ഒരു മണിക്കൂർ നേരമോ അല്ലെങ്കിൽ അഞ്ചുമിനിറ്റു നേരമോ നിങ്ങൾക്ക് ഉണർന്ന് എന്നെ നോക്കിപ്പാർക്കരുതോ' എന്നിപ്രകാരം ഒരു ശബ്ദം വിശുദ്ധ ത്രോണോസിൽനിന്നു നാം ഓരോരുത്തരോടും സംസാരി ക്കുന്നു.

നിങ്ങളുടെ ആയുസ്സിൽ ഓരോ വിനാഴികതോറും ഞാൻ നിങ്ങ ളുടെമേൽ വർഷിപ്പിക്കുന്ന എല്ലാ അനുഗ്രഹങ്ങളെയും സ്വീകരിച്ചിട്ടും എന്നോടു നന്ദിപറയുന്നതിനായി പത്തിന് ഒരാൾ വീതമെ തിരിച്ചു വരുന്നുള്ളല്ലൊ എന്നും കൂടെ ആ ശബ്ദം അവിടെനിന്നു കേൾക്കു ന്നു. ഏറ്റവും പ്രിയ കർത്താവേ ഞങ്ങളുടെ നന്ദിയില്ലായ്കയെക്കുറിച്ച് ഓർത്തിട്ടു ഞങ്ങൾ ലജ്ജിച്ചു ദുഃഖിക്കുന്നു. കഴിഞ്ഞുപോയ ഞങ്ങ ളുടെ നന്ദിയില്ലായ്മയ്ക്കും അശ്രദ്ധയ്ക്കും വേണ്ട പരിഹാരം ഉണ്ടാ ക്കുന്നതിനായി മേലിൽ ഭക്തിയോടുകൂടെ നിന്നെ സ്നേഹിച്ചു സേവി ക്കുന്നതിനു ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നു. മറ്റു ചുമതലകൾ ചെയ്യുന്ന തിനു ഞങ്ങൾക്കു പ്രയാസമായി വന്നേക്കാം. എന്നാൽ വന്നു നിന്നേ ദർശിക്കുന്നതിനും നിന്നോടു സംസാരിക്കുന്നതിനും ക്ഷീണിക്കാ ത്തതും അഗാധമുള്ളതുമായ നിന്റെ സ്നേഹത്തോടു നന്ദി കാണിക്കു ന്നതിനും ഞങ്ങൾക്കു പ്രയാസമുണ്ടാകുന്നതല്ല. എന്തുമാത്രം കഷ്ട തകളും ശരീരത്തിന്റെയും മനസ്സിന്റെയും ഞെരുക്കങ്ങളും നിന്നോടു പറയാനായി ഞങ്ങൾക്കുണ്ട്? എന്തുമാത്രം കൃപകൾക്കും അനുഗ്രഹ ങ്ങൾക്കുമായി ഞങ്ങൾ നിന്നോടു അപേക്ഷിക്കേണ്ടതായി ഉണ്ട്. എന്തു മാത്രം അതിക്രമങ്ങൾക്കും പാപങ്ങൾക്കും വേണ്ടി ഞങ്ങൾ കരയേ ണ്ടതായുമുണ്ട്. അസംഖ്യങ്ങളായ നിന്റെ കരുണകൾക്കുവേണ്ടി എത്ര മാത്രം സ്നേഹസമ്പൂർണ്ണങ്ങളായ പ്രവൃത്തികൾ ഞങ്ങൾ ചെയ്യേ ണ്ടതായുണ്ട്! വിശ്വാസത്തിന്റെയും ആശാബന്ധത്തിന്റെയും എത്ര

മാത്രം പ്രവൃത്തികൾ ഞങ്ങൾ നിവർത്തിക്കേണ്ടതായുണ്ട്! ഞങ്ങളുടെ സ്നേഹിതന്മാർക്കുവേണ്ടിയും നിന്നെ അറികയും സ്നേഹിക്കയും ചെയ്തിട്ടില്ലാത്തവരുടെ മനസ്സുതിരിവിനുവേണ്ടിയും എത്രമാത്രം പ്രാർത്ഥനകളും അപേക്ഷകളും ഞങ്ങൾ നിങ്കലേക്ക് ഉയർത്തേണ്ട തായുണ്ട്!

ഈവിധം പ്രവർത്തിക്കുന്നവരായി ഞങ്ങൾ നിന്റെ ത്രോണോസിന് അടുത്തുവരുന്നു എങ്കിൽ അതിനു പകരമായി നീ ഞങ്ങളോടു സംസാരിക്കും, നീ ഞങ്ങളുടെ അപേക്ഷകളെ കേൾക്കും, ഞങ്ങളുടെ ദുഃഖങ്ങളിൽ നിന്ന് അവയുടെ അസഹ്യതയെ നീ എടുത്തുകളയുകയും ചെയ്യും. അപ്പോൾ നീ ഞങ്ങളുടെ അരകളെ കെട്ടി നിന്റെ യുദ്ധം ചെയ്യുന്നതിനു ഞങ്ങളെ ശക്തിപ്പെടുത്തി, ഞങ്ങളുടെ ആയുസ്സിന്റെ പാതയെ സന്തോഷമുള്ളതാക്കി എന്നേക്കുമുള്ള നിത്യതയിൽ നിന്നെ അനുഭവിക്കുന്നതിനായി അതിനെ അവസാനിപ്പിക്കുകയും ചെയ്യും.

ഇവകൾക്കായി നീ ഞങ്ങളോട് ആവശ്യപ്പെടുന്നത് എത്ര ലഘുവായ സംഗതി മാത്രമാകുന്നു. ഞങ്ങളുടെ ജോലികളെയോ തൊഴിലിനെയോ സന്തോഷങ്ങളെയോ സ്നേഹിതന്മാരെയോ ഉപേക്ഷിക്കണമെന്നു നീ ഞങ്ങളോടു ആവശ്യപ്പെടുന്നില്ല. എന്നാലോ ഇവ എല്ലാത്തിനും ഇടയ്ക്കു നിന്നെക്കുറിച്ചു വിചാരിക്കണമെന്നും ചിലപ്പോൾ എല്ലാം നിന്നോടു സംസാരിക്കുന്നതിന് ഏതാനും വിനാഴികകൾ ചിലവിടണമെന്നുമേ നീ ഞങ്ങളോട് ആവശ്യപ്പെടുന്നുള്ളു. ലോകത്തെ ഉപേക്ഷിച്ച് ആയുസ്സിന്റെ പ്രയാസങ്ങളിൽ നിന്നും പരീക്ഷകളിൽ നിന്നും ഒഴിഞ്ഞും സന്യാസാശ്രമങ്ങളിൽ ഞങ്ങളേത്തന്നെ ഇട്ട് അടയ്ക്കണമെന്നും നീ ഞങ്ങളോട് എല്ലാവരോടും ആവശ്യപ്പെടുന്നില്ല. എന്നാലോ വിശുദ്ധ കുർബാന കാണണമെന്നും നിന്റെ തിരുവത്താഴത്തിനു ഞങ്ങൾ കൂടെക്കൂടെ പങ്കുകാരാകണമെന്നും ആയുസ്സിന്റെ പരീക്ഷകളെ ഭാരംകൂടാതെ വഹിച്ചുകൊണ്ടുപോകുന്നതിന് നിന്റെ അനുഗ്രഹങ്ങളെ വിലമതിക്കണമെന്നുമേ നീ ഞങ്ങളോട് ആവശ്യപ്പെടുന്നുള്ളു.

ഏറ്റവും പ്രിയ യേശുവേ! നിന്റെ ഇഷ്ടം ഞങ്ങളുടേത് ആയിരിക്കും. ഇനിയും ഒരിക്കലും നിന്നെ മറക്കയില്ലാ എന്നു ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. എല്ലാ ദിവസവും ഏതാനും വിനാഴികകൾ നിന്നെ വന്നു ദർശിക്കാമെന്നു ഞങ്ങൾ വാഗ്ദത്തം ചെയ്യുന്നു. അതിനു ഞങ്ങളുടെ ജോലിനിമിത്തം ഇടയില്ലാതെ വന്നാൽ ആത്മാവിൽ അപ്രകാരം ഞങ്ങൾ ചെയ്യുന്നതാണ്. ഞങ്ങൾക്കു കഴിവുള്ളപ്പോൾ എല്ലാം

കുർബാന കാണാമെന്നും, മാസത്തിൽ ഒരിക്കൽ വീതമെങ്കിലും നിന്റെ തിരുവത്താഴം ഭക്ഷിക്കാമെന്നു ഞങ്ങൾ പ്രതിജ്ഞചെയ്യുന്നു. ഞങ്ങൾ അവിശ്വസ്ഥരായി കാണപ്പെടുന്നു എങ്കിൽ നീ ഞങ്ങളെ ശിക്ഷിച്ചു കൊള്ളണം. എന്നാൽ ഞങ്ങളെ കടന്നുപിടികൂടുന്ന അവസരത്തിലും വിശുദ്ധ കുറുബാനയിൽകൂടെ നീ ഞങ്ങളുടെ അടുക്കൽ വരാതിരിക്ക രുതെ. ഏറ്റവും വലിയ ക്ഷമാശീലമുള്ള യേശുതമ്പുരാനേ! ഭയങ്കര മായ ആ നാഴികയിൽ ഞങ്ങളുടെ ആദ്യത്തെ ആരംഭവും അവസാ നത്തെ അറുതിയുമാകുന്ന നീ ഞങ്ങളെ വിട്ടുപിരിയരുതെ. ആമ്മേൻ!

*(നമ്മുടെ നന്ദി ഇല്ലായ്മയ്ക്കുവേണ്ടി യേശുതമ്പുരാനോടു മാപ്പു ചോദിച്ചശേഷം ഏതാനും വിനാഴികകൾ ദൈവവുമായി സംസർഗ്ഗം ചെയ്യണം)*

✵✵✵✵

# 17

# യേശുതമ്പുരാന്റെ നേരെയുള്ള അനാദരവ്

നമ്മുടെ കർത്താവായ യേശുമിശിഹായുടെ വിശുദ്ധ ത്രോണോസിലുള്ള സാന്നിദ്ധ്യം ആദ്യമായി നാം അറിയുന്നത് ഇപ്പോൾ ആണെന്നു വിചാരിക്കുക. ആ സമയം എന്തുമാത്രം അത്ഭുതം കൊണ്ടു നമ്മുടെ ഹൃദയം നിറയും. അനുഗ്രഹീതമായ ഈ അറിവ് ആദ്യമായി ലഭിക്കുന്ന ഒരാളിൽ നിന്നും നാം ആഗ്രഹിക്കുന്നത് എന്തു പ്രവൃത്തികൾ ആകുന്നു? യേശുതമ്പുരാൻ നമ്മുടെ നടുവിൽ ഉണ്ടല്ലോ എന്നുള്ള ഏകചിന്തയിൽ മനുഷ്യഹൃദയം മുഴുകി, ആ വിചാരത്തിൽ മനുഷ്യർ ജീവിക്കയും മരിക്കയും ചെയ്യും എന്നു നമുക്കു തീർച്ചയായി വിചാരിക്കാം. ചിലർ നിശ്ചയമായിട്ടും വിട്ടുപിരിയാതെ ഈ കൂടാരത്തിനു (വിശുദ്ധ ത്രോണോസിനു) സമീപം തന്നെ വസിക്കും. നേരം വെളുക്കുന്നതിനു മുമ്പു തന്നെ ജനക്കൂട്ടം വാതുക്കൽ തിക്കികൂട്ടിയിട്ട് അകത്തു പ്രവേശിക്കാനുള്ള സമയത്തെ ക്ഷമയില്ലാതെ കാത്ത് കൊണ്ടിരിക്കും. ഒരിക്കലും യേശുതമ്പുരാൻ തനിച്ചായിരിക്കയില്ല. അവന്റെ കൂടാരത്തിന്റെ വാതിലുകളെ തുറന്നു, പ്രയാസപ്പെടുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളവരെ എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക് ആശ്വാസം തരാം, എന്നുള്ള തിരുവചനങ്ങളെ കേൾക്കുന്നവരിൽ ആരും അകത്തുപ്രവേശിക്കാതെ കടന്നുപോകയില്ല. ദൈവവുമായുള്ള അവരുടെ സംസർഗ്ഗത്തിൽ മുറുകിയിട്ടു തന്റെ ദാസന്മാരായവർ സന്തോഷത്തെ എന്നല്ല ദിവസേനയുള്ള കർത്തവ്യകർമ്മങ്ങളെപ്പോലും മറന്നുപോകും. നിശ്ചയമായും അവർക്കു ലോകത്തിൽ യാതൊരു വിധത്തിലുള്ള ദുഃഖവും ഉണ്ടായിരിക്കയില്ല. എന്തെന്നാൽ എല്ലാവിധ ദുഃഖങ്ങളേയും ഇവിടെ കൊണ്ടുവന്നു തീർക്കാം. എല്ലാ

വിധ കലഹങ്ങളും വഴക്കുകളും അവസാനിപ്പിക്കാം. എന്തെന്നാൽ യേശു ഭൂമിയിൽ ഇരിക്കുന്നു, അതിനെ സ്വർഗ്ഗമാക്കുവാൻ അവനു കഴിയും.

എന്നാൽ വാസ്തവത്തിൽ സംഗതികൾ എപ്രകാരമാണ് ഇരിക്കുന്നത്? പ്രിയപ്പെട്ട യേശുതമ്പുരാനേ! ഞങ്ങൾ ആഗ്രഹിക്കുന്ന ഈ അവസ്ഥയും, ദുഃഖകരമായ ഞങ്ങളുടെ യഥാർത്ഥാവസ്ഥയും തമ്മിൽ ഉള്ള അന്തരം എത്ര സങ്കടകരമായിരിക്കുന്നു. പ്രിയപ്പെട്ട കർത്താവേ! നിന്നോടു ഞങ്ങൾ എത്ര നിസ്സാരമായ ബഹുമാനത്തെ മാത്രം കാണിക്കുന്നു എന്നും നിന്നോടു ഞങ്ങൾ എത്ര അശ്രദ്ധയുള്ളവരായിരിക്കുന്നു എന്നും ഞങ്ങൾ ഏറ്റുപറഞ്ഞുകൊള്ളട്ടെ. വിശുദ്ധ കുർബാനയിൽ എത്ര ചുരുക്കമായി മാത്രം ഞങ്ങൾ സംബന്ധിക്കുന്നു. നിശ്ചയിക്കപ്പെട്ട സമയത്തിൽ സ്വല്പം എങ്കിലും കൂടുതൽ സമയം ഞങ്ങൾ നിന്റെ തിരുസന്നിധിയിൽ നഷ്ടപ്പെടുത്തിയേക്കുമൊ എന്നു ഭയന്നിട്ടു ശരിയായ സമയത്തുമാത്രം പള്ളിയിൽ വരുന്നതിനു ഞങ്ങൾ എത്ര ശ്രദ്ധയുള്ളവരായിരിക്കുന്നു? വിശുദ്ധ കുർബാനയിൽ തിരുശരീരരക്തങ്ങളെ വാഴ്ത്തി ഉയർത്തുന്ന സമയത്തുപോലും എത്ര അശ്രദ്ധയായിട്ടാണ് ഞങ്ങൾ അപേക്ഷകളേ ചൊല്ലുന്നത്. ഞങ്ങൾ അപ്പോൾ എത്ര മന്ദബുദ്ധികളായിട്ടാണ് നില്ക്കുന്നത്. ശുശ്രൂഷയുടെ അവസാനം കാണുന്നതിനു എത്ര ക്ഷമയില്ലാതെയാണ് ഞങ്ങൾ നിൽക്കുന്നതു നിന്നെ വിട്ടുപോകുന്നതിനുള്ള സമയം വരുമ്പോൾ ഞങ്ങൾ എത്ര സന്തോഷമുള്ളവരായിതീരുന്നു. പിന്നീട് എത്രനാൾ കഴിഞ്ഞാണ് ഞങ്ങൾ വീണ്ടും നിന്റെ ഭവനത്തിൽ വരുന്നത്? ആഴ്ചയിൽ ഒരിക്കൽ എന്നതും, മാസത്തിൽ ഒരിക്കൽ എന്നതും വിട്ടിട്ടു വല്ല കാരണവശാലും അത്യാവശ്യപ്പെടുമ്പോൾ അല്ലാതെ ഞങ്ങൾ നിന്റെ ഭവനത്തിൽ വന്നു വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നുണ്ടോ? നിന്റെ ഭവനത്തിൽ വന്നു നിന്റെ അനുഗ്രഹത്തെ പ്രാപിക്കുന്നതിനു ഞങ്ങളുടെ മനസ്സുമായി എന്തുമാത്രം പോരാട്ടം ഞങ്ങൾക്കു വേണ്ടിയിരിക്കുന്നു.

ഞങ്ങൾക്ക് ഇഷ്ടമുള്ളവരോടുകൂടെ ചെലവഴിക്കുന്നതിനു ഞങ്ങൾക്കു വേണ്ടുവോളം സമയം ഉണ്ട്. എന്നാൽ ഏഴുദിവസത്തിന്റെ ഇടയ്ക്ക് ഒരിക്കലെങ്കിലും നിന്റെ അടുക്കൽ വരുന്നതിനുമാത്രം ഞങ്ങൾക്ക് അവസരം ഉണ്ടാകുന്നില്ല. ചിലപ്പോൾ അനേകം മണിക്കൂറുകൾ ഒരു ജോലിയും ചെയ്യാനില്ലാതെ സമയം ഞങ്ങൾക്കു ഭാരമായി തോന്നുന്നു. അങ്ങനെയുള്ളപ്പോൾ സമയം വ്യയം ചെയ്യുന്നതി

നായി ആദ്യം കണ്ണിൽ കാണുന്ന വിഷയങ്ങളെ ഞങ്ങൾ സ്വീകരിക്കുന്നു. എന്നാൽ ഇങ്ങനെയുള്ള സമയങ്ങൾ പോലും നിനക്കു വേണ്ടി ഞങ്ങൾ ചെലവഴിക്കുന്നില്ല ഞങ്ങൾ നിന്റെ ഭവനത്തിൽ വന്നുകഴിഞ്ഞാൽ അവിടെ ചെലവഴിക്കുന്ന ചുരുങ്ങിയ വിനാഴികകൾ ദീർഘസമയം പോലെ ഞങ്ങൾക്കു തോന്നുന്നു. ഞങ്ങളുടെ നില മിക്കസമയങ്ങളിലും വളരെ അഭക്തിയോടെ ആകുന്നുതാനും.

ഏറ്റവും പ്രിയപ്പെട്ട യേശുതമ്പുരാനെ! ഞങ്ങളോടുള്ള നിന്റെ സ്നേഹം നിമിത്തം നിന്റെ മഹിമാവസ്ഥയുടെ ഭയങ്കരങ്ങളെ നീ മാറ്റി വച്ചിരിക്കുന്നു. എന്നാൽ നിന്റെ ഈ താഴ്മയെ അടിസ്ഥാനമാക്കി ഞങ്ങൾ ഞങ്ങളുടെ ലൗകിക യജമാനന്മാരോടു കാണിക്കുന്ന ബഹുമാനംപോലും നിന്നോടു കാണിക്കുന്നില്ല. ഞങ്ങളുടെ അയൽക്കാരനോടൊ ഭൃത്യനോടൊ പെരുമാറുന്നതിലും നിന്ദ്യമായിട്ടാണ് ഞങ്ങൾ നിന്നോടു പെരുമാറുന്നത്. ഏറ്റവും കരുണയുള്ള കർത്താവേ ഈ സംഗതികൾ ഞങ്ങൾ നിന്നോടു പറയാൻ ധൈര്യപ്പെടുന്നതിനെ നീ ഞങ്ങളോടു ക്ഷമിക്കേണമേ. നിന്റെ സൃഷ്ടികളാകുന്ന ഞങ്ങൾ ഞങ്ങളുടെ വീണ്ടെടുപ്പുകാരനും രക്ഷകനുമാകുന്ന നിന്നെ നിന്ദിച്ചു എന്നു ഞങ്ങൾ ഏറ്റുപറയുന്നു. എന്നിട്ടും നീ ഞങ്ങളെ ശിക്ഷിക്കുന്നില്ല. എപ്പോഴും ക്ഷമയോടു കൂടിയതും മാറ്റമില്ലാത്തതും സ്നേഹമുള്ളതുമായ നിന്റെ തിരുഹൃദയം ക്ഷമിക്കുന്നതിനും, സൗഖ്യപ്പെടുത്തുന്നതിനുമായി മാത്രം ഞങ്ങളുടെ ഇടയിൽ വസിക്കുന്നു.

കർത്താവേ! ഞങ്ങളുടെ അപേക്ഷകളെ കേട്ടു നിന്റെ ആർദ്രകരുണയിൽ മാത്രം ഞങ്ങളെ ശിക്ഷിക്കേണമേ. നിന്റെ തിരുസാന്നിദ്ധ്യത്തെക്കുറിച്ചുള്ള ഭയവും ഭക്തിയും കൊണ്ടു ഞങ്ങളുടെ ആത്മാക്കളെ നിറയ്ക്കേണമേ. നിന്നേക്കുറിച്ചുള്ള വിചാരങ്ങൾ ഞങ്ങളുടെ ഭവനങ്ങളിലേക്കു ഞങ്ങൾ തിരിച്ചുപോകുമ്പോൾ വിട്ടുപിരിയാത്തവണ്ണം ഞങ്ങളുടെ ഹൃദയങ്ങളിൽ പതിയേണമേ. മന്ദതയുള്ളതും അപൂർണ്ണമായതും, വിശ്വസ്ഥതയില്ലാത്തതുമായ ഞങ്ങളുടെ ഹൃദയങ്ങളെ സ്വീകരിച്ചു നിന്റെ തിരുഹൃദയത്തിന്റെ മാതൃകയിൽ അവയെ രൂപപ്പെടുത്തേണമെ. ഞങ്ങളുടെ സർവസമ്പത്തുമിരിക്കുന്ന നിന്റെ ഈ കൂടാരത്തിൽ ഞങ്ങൾ ഇതാ അവയെ കാഴ്ചവക്കുന്നു. സകലത്തേയും ഉപേക്ഷിച്ചു നിന്റെ പിന്നാലെ വന്ന ആ വിശ്വസ്ഥഭൃത്യന്മാരെ നീ വിളിച്ചതുപോലെ ഞങ്ങളേയും നീ വിളിക്കേണമേ. പിന്നീട് ഒരിക്കലും അവനു മറക്കാൻ കഴിയാത്ത വിധത്തിൽ നീ ഒരിക്കൽ പത്രോസിനെ നോക്കിയതു

പോലെ ഞങ്ങളേയും നോക്കേണമേ. അയോഗ്യരാകുന്ന നിന്റെ കുഞ്ഞുങ്ങളായ ഞങ്ങളുടെ ഇടയിൽ ഉള്ള വന്ദിക്കത്തക്കതായ നിന്റെ തിരുസാന്നിദ്ധ്യത്തോടുള്ള സ്നേഹം നിമിത്തം, കർത്താവെ, കഴിഞ്ഞകാലങ്ങളിൽ നിങ്ങൾ കാണിച്ചിട്ടുള്ള മന്ദബുദ്ധിയെയും, അശ്രദ്ധയെയും, നന്ദിയില്ലായ്മയെയും, ഇല്ലാതാക്കണം എന്നുള്ള ഏകചിന്തയോടുകൂടെ ഓരോ ദിവസവും കഴിച്ചുകൂട്ടുന്നതിനു ഞങ്ങൾക്കു കരുണ ചെയ്യേണമെ. നിന്റെ തിരുസന്നിധിയിൽ വരുന്നതിനും, വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിനും, ഞങ്ങൾ ചെലവഴിച്ചിട്ടുള്ള വിനാഴികകൾ ഞങ്ങളുടെ ആയുസ്സിലേക്കും ഏറ്റവും ഭാഗ്യമുള്ളവയും, സന്തോഷമുള്ളവയും പ്രകാശമുള്ളവയും ആയിരിക്കേണമേ. വിശുദ്ധ ത്രോണോസിൽ ഉള്ള നിന്റെ തിരുസാന്നിദ്ധ്യത്തിന്റെ രഹസ്യം ഞങ്ങളുടെ ജീവന്റെ വെളിച്ചമായിരിക്കേണമേ. നിന്നെക്കുറിച്ചുള്ള വിചാരങ്ങൾ ഞങ്ങളുടെ കാവൽ ആയിരിക്കേണമേ, നിന്നെക്കുറിച്ചുള്ള ജ്ഞാനം, സകല ലൗകിക ജ്ഞാനങ്ങളും അതിന്റെ മുമ്പാകെ മൗണ്ടു മങ്ങുന്നതുമായ ഞങ്ങളുടെ സന്തോഷവുമായിരിക്കേണമേ.

ആമേൻ.

*(യേശു തമ്പുരാനോടുള്ള നമ്മുടെ മന്ദബുദ്ധിയെക്കുറിച്ച് ഏതാനും വിനാഴികകൾ ദുഃഖിച്ച് അനുതപിച്ചു ദൈവവുമായി സംസർഗ്ഗം ചെയ്യണം).*

✵✵✵✵

# 18

# നല്ല ആട്ടിടയനാകുന്ന യേശുതമ്പുരാൻ

കർത്താവേ! നിന്റെ തൊഴുത്തിലെ ആടുകളിൽ നിന്നെ അറിയാത്തവരും നിന്റെ ശബ്ദം കേൾക്കാതിരിക്കുന്നവരുമായി എത്രപേർ ഉണ്ട്? ഈ ഇടവകയിലെ നിന്റെ ആടുകളിൽ എത്രപേർ നിന്റെ മേച്ചിൽസ്ഥലങ്ങളിലെ ആഹാരങ്ങളെ ഉപേക്ഷിച്ചു തന്നിഷ്ടമായി അലഞ്ഞുനടന്നു മലകളുടെ ഇടയിൽ കാണാതെ മറഞ്ഞുപോകുന്നതിൽ ഇഷ്ടപ്പെടുന്നു. ഈ ഇടവകയിലെ ആടുകളിൽ എത്രപേർ നിന്റെ സന്തോഷംകൊണ്ടു തൃപ്തിപ്പെടുന്നതിനു പകരമായി പന്നികൾ തിന്നുന്ന തവിടു തിന്നു ജീവിക്കുന്നതിൽ ഇഷ്ടപ്പെടുന്നു. ഇവരും കർത്താവേ! നിന്റെ സ്വന്തമാകുന്നു. ഇവർക്കുവേണ്ടിയും കൂടെയാകുന്നു നീ വന്നത്. ഇവരുടെ ഇടയിലും ഇവരുടെ കൂടെയും നീ വസിക്കുന്നു. എന്നിട്ടും കർത്താവേ! ഇവർ നിന്നെ സ്വീകരിക്കുന്നില്ല.

എന്നാൽ നിന്റെ തൊഴുത്തിനു വെളിയിൽ ഇരുട്ടിൽ സഞ്ചരിക്കുന്നവരും ഇസ്രായേലിന്റെ വെളിച്ചത്തെ കാണുന്നതിനും തങ്ങളുടെ ദൈവവും രക്ഷിതാവുമായവനിൽ സന്തോഷിക്കുന്നതിനും ആഗ്രഹിച്ചിട്ടുള്ളവരും, തങ്ങളുടെ സദുദ്ദേശങ്ങളെയും സൽപ്രവൃത്തികളേയും കൊണ്ടു നിന്റെ തൊഴുത്തിനകത്തുള്ളവരെ ലജ്ജിപ്പിക്കുന്നവരും അവർ നിന്റെ തൊഴുത്തിനകത്തായിരുന്നു എങ്കിൽ നിന്റെ സഭയെ അലങ്കരിക്കുമായിരുന്നവരും ആയ ആടുകളും ഉണ്ട്. ഇവരിൽ ചിലർ ഞങ്ങൾക്കു സ്നേഹിതന്മാർ ആയിട്ടും ഇരിക്കുന്നു. ഇവർക്കുവേണ്ടി നിന്റെ സഹായത്തോടും കരുണയേയും ഞങ്ങൾ അപേക്ഷിക്കുന്നു. ആയിരത്തിതൊള്ളായിരം വർഷങ്ങൾക്കുമുമ്പു ഇരുന്നതുപോലെതന്നെ നീ ഇപ്പോഴും ഇരിക്കുന്നു. ആകാശവും ഭൂമിയും കടന്നുപോകും, എങ്കിലും നിന്റെ വചനങ്ങൾ ഒഴിഞ്ഞുപോകുകയില്ല, അങ്ങനെ ഇരിക്കുന്നു. നീ ഇപ്ര

കാരം പറഞ്ഞിരിക്കുന്നു. 'ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ തന്റെ ആടുകൾക്കുവേണ്ടി തന്റെ ജീവനെ ഉപേക്ഷിക്കുന്നു.' നീ തൊണ്ണൂറ്റി ഒമ്പതിനേയും ഉപേക്ഷിച്ചു കാണാതെപോയ ഒന്നിനെ അന്വേഷിക്കുന്നു. അതിനെ കണ്ടിട്ടു നിന്റെ തോളിൽ എടുത്തു സന്തോഷത്തോടെ നിന്റെ തൊഴുത്തിലേക്കു തിരിച്ചു കൊണ്ടുവരുന്നു. ഈ തൊഴുത്തിൽ ഇല്ലാത്തതായും നിനക്ക് ആടുകൾ ഉണ്ട്.

ആർത്തിയുള്ള ശത്രുക്കൾ നിന്റെ ആടുകളെ വിഴുങ്ങാതെ ഇരിക്കുന്നതിനും അവർക്കു യാതൊരാപത്തും നേരിടാതിരിക്കുന്നതിനും വേണ്ടി രാത്രിയും പകലും അവയെ സൂക്ഷിക്കുന്നതിനുമായി അവരുടെ ഇടയിൽ വസിക്കുന്ന മനുഷ്യവർഗ്ഗത്തിന്റെ ഇടയനായുള്ളോവേ! കാണാതെപോയ നിന്റെ ആടുകളോടു നിനക്കു ദയ തോന്നേണമേ. അവർ നിന്റെ ശബ്ദത്തെ കേൾക്കാതിരിക്കുകയും നിന്റെ അന്വേഷണത്തിൽനിന്ന് ഓടിക്കളയുകയും ചെയ്തുവെങ്കിലും നാശത്തിൽ നിന്ന് അവരേയും നീ രക്ഷിക്കേണമേ. നല്ലവനും സ്നേഹമുള്ളവനുമായ ഇടയനെ! അവരുടെ പിന്നാലെപോയി അവരെ നിന്റെ ഭവനത്തിലേക്കു കൊണ്ടുവരണമേ. അപ്പോൾ ദൈവദൂതന്മാർ ആനന്ദിക്കും, അവരുടെ സ്നേഹിതന്മാർ നിനക്കു സ്തുതികളേ പാടും, നിന്റെ ഹൃദയം സന്തോഷിക്കുകയും ചെയ്യും. ഇരുട്ടിലും മരണത്തിന്റെ താഴ്വരയിലും വസിക്കുന്നവർ നിന്നെ കണ്ട് അവരുടെ ഇടയനാകുന്ന നിന്നേ സ്വീകരിക്കേണ്ടുന്നതിന് അവരുടെ കണ്ണുകളെ നീ തുറക്കേണമേ. നിന്റെ തൊഴുത്താകുന്ന വിശുദ്ധ സഭയിലേക്ക് ഇവരെ എല്ലാം നീ നടത്തണമെ.

ഇതാകുന്നു നിന്റെ ജോലി നീ വീണ്ടെടുത്തിട്ടുള്ളവർ ആരും നശിക്കാതെ എല്ലാവരും നിന്റെ രക്ഷയിലേക്കു വരേണ്ടതിനാകുന്നു നീ എല്ലായ്പോഴും ഭൂമിയിൽ വസിക്കുന്നത്. നല്ല ഇടയന്റെ അതിരില്ലാത്ത സ്നേഹത്തെ നാം മനസ്സിലാക്കിയിരുന്നു എങ്കിൽ, അവന്റെ ദയയുള്ള സ്വഭാവത്തെ നാം അനുഭവിച്ചറിഞ്ഞിരുന്നു എങ്കിൽ, അവന്റെ രക്ഷയുടെ ഊഷ്മാവിലും പ്രകാശത്തിലും വസിക്കാതിരിക്കുന്നതിനു സഹിക്കവയ്യാത്ത ദുഃഖമായി നമുക്കു തോന്നുമായിരുന്നു. അവനെ നാം എങ്ങനെ ഭയപ്പെടും? അവന്റെ വിളിയുടെ ശബ്ദത്തിൽനിന്ന് എങ്ങനെ നാം ഓടിക്കളയും? നാം എന്തുതന്നെ ചെയ്തിരുന്നാലും വേഗത്തിൽ അവൻ അവയെ എല്ലാം ക്ഷമിക്കും. നാം അലഞ്ഞുതിരിഞ്ഞു നടന്നതിനെ എല്ലാം അവൻ സ്നേഹത്തോടെ മറന്നുകളയും. അവന്റെ തൊഴുത്തിലേക്കു നാം തിരിച്ചുവന്നാൽ മുമ്പിലത്തേതിലും അധികം അവൻ നമ്മെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യും. നാം പലപ്പോഴും കഠിന

പാപങ്ങളെ ചെയ്തിട്ടുണ്ടെങ്കിലും മഗ്ദലനിലെ മറിയയെപ്പോലെ അവൻ നമ്മോട് പ്രത്യേക ഇഷ്ടം കാണിക്കും. നാം നിന്ദാകരമായ വിധത്തിൽ അവനെ ഉപേക്ഷിച്ചിട്ടുണ്ടെങ്കിലും പത്രോസിനെ എന്നപോലെ അവൻ നമ്മെ ബഹുമാനിക്കും. അവൻ നമ്മെ ശിക്ഷയ്ക്കു വിധിക്കയോ നമ്മുടെ നിന്ദാകരമായ നടത്തയെക്കുറിച്ച് ഓർമ്മപ്പെടുത്തുകയോ ചെയ്യാതെ നമ്മുടെ ദുഷ്പ്രവൃത്തികളെയും ദുർന്നടത്തകളെയും എല്ലാം അവൻ മായിച്ചുകളയും. നാം ഉറങ്ങിക്കളകയും അവനെ മറക്കുകയും ചെയ്തിട്ടുണ്ടെങ്കിലും "ആത്മാവു മനസ്സുള്ളതാകുന്നു എങ്കിലും ശരീരം ക്ഷീണമുള്ളതാകുന്നു" എന്ന ഗത്സെമൻ തോട്ടത്തിൽവച്ചു ശിഷ്യന്മാരോടു പറഞ്ഞതുപോലെ നമ്മോടും അവൻ പറയും. നാം ലൗകികമഹിമയെ ആഗ്രഹിക്കുമ്പോൾ സെബതിയുടെ പുത്രന്മാരുടെ മാതാവിനോടു "ലോകത്തിന്റെ യജമാനന്മാർ അവരുടെ കീഴിൽ ഉള്ളവരെ അമർത്തി ഭരിക്കുന്നു" എന്നു പറഞ്ഞതുപോലെ അവൻ നമ്മോടു പറയും. പിന്നെ എന്തിനെക്കുറിച്ചാണു നാം ഭയപ്പെടേണ്ടത്? അവന്റെ നടത്തിപ്പിൻ കീഴിൽ ഇരുന്നാൽ നാം നിർഭാഗ്യവാന്മാരാകും എന്നാണോ? സ്നേഹമുള്ള ഈ ആട്ടിടയനെപ്പോലെ തന്റെ ആടുകളുടെ ഭാഗ്യം ആഗ്രഹിക്കുന്ന മറ്റാരെങ്കിലും ഉണ്ടോ? വിരുന്നിനു ക്ഷണിക്കപ്പെട്ടവർ നിരാശപ്പെടാതിരിക്കുന്നതിനും അവരുടെ സന്തോഷം മായം കൂടാതിരിക്കുന്നതിനും വേണ്ടി കാനായിൽവച്ചു തന്റെ ആദ്യത്തെ അതിശയം ചെയ്തവനല്ലയോ? അവൻ വിരുന്നിനു ക്ഷണിക്കപ്പെട്ടവരുടെ സന്തോഷം പൂർത്തിയാക്കുന്നതിനുവേണ്ടി വിരുന്നിൽ സംബന്ധിച്ചവനല്ലയോ? അവൻ കാണാതെപോയ ആടിനെ കണ്ടപ്പോഴും, മുടിയനായ പുത്രൻ തിരിച്ചുവന്നപ്പോഴും വിരുന്നു തയാറാക്കാൻ കല്പിച്ചവനല്ലയോ?

യേശുതമ്പുരാന്റെ ആടുകളിൽ ഒന്നായിരിക്കുന്നതിന്റെയും അവൻ നമ്മുടെ ആട്ടിടയൻ ആയിരിക്കുന്നതിന്റെയും സന്തോഷം നമുക്കു അനുഭവിക്കാൻ കഴിഞ്ഞെങ്കിൽ എത്ര നന്നായിരുന്നു. ദൈവകൃപകൊണ്ടു നമ്മിൽ ചിലർ ചില സമയത്തു ഇതു അനുഭവിച്ചിട്ടുണ്ട്. അപ്പോൾ നാം അനുഭവിച്ച സന്തോഷവും ആനന്ദവും വളരെ ശക്തിയേറിയതായിരുന്നു. അതിനു തുല്യമായി ലോകത്തിൽ യാതൊന്നുമില്ല. എന്നാൽ നമ്മിൽ അധികമാളുകളും കാണാതെപോയ ആടുകൾക്കുള്ള ദുഃഖവും വേദനയും അനുഭവിച്ചിട്ടുണ്ട്. നമ്മിൽ മറ്റു ചിലർക്കു പാപജീവിതത്തിന്റെ വേദനകൾ അത്ര കഠിനമായി തോന്നിയിട്ടുള്ളതുകൊണ്ട് "കുത്തിത്തുളയ്ക്കുന്ന ഈ വേദന ഇനിയും സഹിക്കാൻ കഴികയില്ല" എന്നു നാം വിളിച്ചു പറഞ്ഞിട്ടുണ്ട്. പാപത്തിൽ വസിക്കുന്ന നാമെല്ലാവരും "ഞാൻ

എഴുന്നേറ്റു എന്റെ പിതാവിന്റെ ഭവനത്തിലേക്കു പോകും ഞാൻ ഏതു തൊഴുത്തിൽ നിന്നു വഴിതെറ്റി പോന്നുവോ ആ തൊഴുത്തിലേക്കു തിരിച്ചുപോകും" എന്നിപ്രകാരം മുടിയനായ പുത്രനെപ്പോലെ മനസ്സിൽ തോന്നിപ്പറഞ്ഞെങ്കിൽ എത്ര നന്നായിരുന്നു. ഈ പള്ളി ദൈവത്തിന്റെ ആലയമാകുന്നു. നാം അനുവദിക്കുമെങ്കിൽ നമ്മെ അവന്റെ തോളിലിട്ടു അവന്റെ തൊഴുത്തിലേക്കു കൊണ്ടുപോകാൻ യേശുതമ്പുരാൻ തയ്യാറായിരിക്കുന്നു.

ഈ വിശുദ്ധ ത്രോണോസിന്റെ കാവൽക്കാരായ ദൈവദൂതന്മാരേ! കാണാതെപോയ ആടുകൾക്കുവേണ്ടി നിങ്ങളും പ്രാർത്ഥിപ്പിൻ. ദൈവത്തിന്റെ പരിശുദ്ധന്മാരായുള്ളവരേ! കാണാതെ പോയ ആടുകൾക്കുവേണ്ടിയും കൂടെ വിശുദ്ധ ത്രോണോസിൽ ദിവസവും ബലി അർപ്പിക്കപ്പെടുന്ന കുഞ്ഞാടിന്റെ മുമ്പാകെ നിങ്ങളുടെ ധൂപകലശത്തിൽ നിന്നുള്ള ധൂപമായി ഞങ്ങളുടെ പ്രാർത്ഥനകൾ കരേറുന്നതിനു ഞങ്ങളുടെ പാപം നിറഞ്ഞ അധരങ്ങളിൽ നിന്നു പുറപ്പെടുന്ന താഴ്മയേറിയ പ്രാർത്ഥനകളെ നിങ്ങൾ സ്വീകരിപ്പീൻ. ഏറ്റവം സ്നേഹമുള്ള ആട്ടിടയനെ! ഈ ആടുകൾക്കുവേണ്ടി തന്നെയാകുന്നു നിന്റെ ജീവനെ നീ ഉപേക്ഷിച്ചത്. നിന്റെ പ്രവൃത്തി വ്യർത്ഥമായി പോകരുതേ! കാൽവറിയിലെ നിന്റെ ബലിയും പാഴായി തീരരുതേ! കാണാതെപോയ എല്ലാ ആടുകളും നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി നിന്റെ ഭവനത്തിലേക്കു അവയെ നീ തിരിച്ചുവരുത്തേണമേ. വിശ്വാസമില്ലാത്തവർക്കു സത്യത്തെ കാണുന്നതിനുവേണ്ടി നീ വെളിച്ചം കൊടുക്കണമേ. പ്രിയ യേശു തമ്പുരാനേ! നിന്റെ അഞ്ചുതിരുമുറിവുകളാലും നിന്റെ തിരുരക്തത്താലും ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നത് എന്തെന്നാൽ കുരിശിൽവച്ചു നിന്റെ തിരുഹൃദയം തുറക്കപ്പെട്ട ഈ ആത്മാക്കൾക്കുവേണ്ടിയും കൂടെ ആകയാൽ അവരെയും നീ രക്ഷിക്കേണമേ എന്നാകുന്നു. ആമേൻ.

*(നമ്മുടെ സമീപസ്ഥന്മാരുടെയും പുറജാതികളുടെയും മനസ്സു തിരിവാനായി പ്രാർത്ഥിച്ചുകൊണ്ട് ഏതാനും വിനാഴികകൾ ദൈവവുമായി സംസർഗ്ഗം ചെയ്യണം).*

✵✵✵✵

# 19

## നമ്മുടെ വൈദ്യനാകുന്ന യേശുതമ്പുരാൻ

വിശുദ്ധ ത്രോണോസിൽ വസിക്കുന്ന ദാവീദിന്റെ പുത്രനാകുന്ന യേശുതമ്പുരാനേ! ഞങ്ങളുടെ മേൽ കരുണയുണ്ടാകേണമേ! എന്തുകൊണ്ടെന്നാൽ വഴിയരികിൽ ഞങ്ങളെ മുറിപ്പെടുത്തി ഞങ്ങളെ മൃതപ്രായമാക്കിയിട്ടിരിക്കുന്നു. കള്ളന്മാരുടെ ഇടയിൽ ഞങ്ങൾ അകപ്പെട്ടുപോയിരിക്കുന്നു. സ്വർഗ്ഗീയ വൈദ്യനെ! ഞങ്ങളെനോക്കി ഞങ്ങളുടെ മേൽ ദയതോന്നി ഞങ്ങളെ സൗഖ്യപ്പെടുത്തേണമേ. ഞങ്ങളുടെ കഷ്ടതകളെ നിന്നോടു പറവാൻ ഞങ്ങൾ കുഴങ്ങുന്നു. എങ്കിലും ഞങ്ങൾ യാതൊന്നും നിന്നിൽനിന്ന് ഒളിച്ചുവയ്ക്കുന്നില്ല. ഞങ്ങളിൽ നിലനിൽക്കുന്ന മുറിവുകളും നൊമ്പരങ്ങളും പാപങ്ങളും വനത്തിലെ ഇലകളെക്കാളും കടൽത്തീരത്തെ മണലിനെക്കാളും അധികമായിരിക്കുന്നു. അസത്യത്തിൽനിന്നും, ക്ഷമയില്ലാഴികയിൽനിന്നും, വാശിയിൽനിന്നും, അസ്ഥിരതയിൽനിന്നും, അസൂയയിൽനിന്നും ഞങ്ങൾ പ്രവർത്തിച്ചിട്ടുള്ള പ്രവൃത്തികളെ ആർക്കു എണ്ണുവാൻ കഴിയും? ഞങ്ങൾ വാക്കിലും പ്രവൃത്തിയിലും കാണിച്ചിട്ടുള്ള അനീതിയും, സ്നേഹമില്ലായ്മയും, ആക്ഷേപങ്ങളും, മനഃശുദ്ധിയില്ലായ്മയും എത്രയെന്ന് ആർക്കെങ്കിലും പറവാൻ കഴിയുമോ? ഞങ്ങളുടെ സ്വയസ്നേഹത്തിന്റെയും ദുരഭിമാനത്തിന്റെയും, ആത്മപ്രശംസയുടെയും ആഴം ആർക്കെങ്കിലും കാണാൻ കഴിയുമോ? ഞങ്ങളിൽ വെളിപ്പെടാത്ത പാപങ്ങളേയും അറിവില്ലായ്മയിൽനിന്നു ഞങ്ങൾ ചെയ്യുന്ന പാപങ്ങളെയും ആർക്കെങ്കിലും എണ്ണുവാൻ കഴിയുമോ?

കണ്ടാലും ഒരു വസ്ത്രംകൊണ്ടെന്നപോലെ ഞങ്ങൾ പാപം കൊണ്ടു മൂടപ്പെട്ടിരിക്കുന്നു. ഞങ്ങളിൽ സ്വൈരവുമില്ല.

ഞങ്ങളുടെ പാപങ്ങളും വളരെ കഠിനങ്ങൾ ആയിരിക്കുന്നു. നിഗളം ഞങ്ങളുടെ സർവ്വാംഗങ്ങളിലും വ്യാപിച്ചിരിക്കുന്നതുകൊണ്ടു നിനക്കുവേണ്ടി യാതൊന്നും ചെയ്‌വാൻ ഞങ്ങൾ ശക്തരാകുന്നില്ല. മലിനത ഞങ്ങളുടെ ശരീരത്തിൽ കേറിപ്പിടിപ്പിച്ചിട്ടു കുഷ്ഠരോഗം പോലെ ഞങ്ങളെ മൂടിയിരിക്കുന്നു. ജഡമോഹം ഞങ്ങളുടെ മനസ്സിൽ നിറഞ്ഞിരിക്കുന്നതു കൊണ്ടു സ്വർഗ്ഗീയ ഭക്ഷണത്തെ ഞങ്ങൾ വെറുക്കുകയും വിശ്വാസത്തിന്റെ കാഴ്ച ഞങ്ങൾക്കു ഇല്ലാതിരിക്കയും ചെയ്യുന്നു. ഭൗമികമായ കാര്യങ്ങളിലുള്ള ഞങ്ങളുടെ ശ്രദ്ധയും ഓർമ്മയും കൊണ്ടു നിത്യത്വത്തിന്നടുത്ത കാര്യങ്ങളിൽ ഞങ്ങൾ ശ്രദ്ധയില്ലാത്തവരായിരിക്കുന്നു. നല്ല ഇടയൻ കാണാതെപോയ ആടിനെ വിളിക്കുന്ന ശബ്ദം ഞങ്ങൾ കേൾക്കുന്നു. എങ്കിലും ഞങ്ങൾ അതിനെ ശ്രദ്ധിക്കാതെ പർവ്വതങ്ങളുടെ ഇടയിൽ ദൂരെ ദൂരെ സഞ്ചരിക്കുന്നു. ഞങ്ങളുടെ പിതാവു കാണാതെ പോയ മക്കൾക്കായിട്ടു കരയുന്നതിനെ ഞങ്ങൾ കേൾക്കുന്നു. ഞങ്ങളെ കെട്ടിപ്പിടിച്ച് ആലിംഗനം ചെയ്യുന്നതിനായി അവൻ തന്റെ കൈകളെ നീട്ടുന്നതിനേയും ഞങ്ങൾ കാണുന്നു എങ്കിലും ഞങ്ങൾ ഞങ്ങളുടെ ഭവനത്തിലേക്കു തിരിച്ചു പോകുന്നില്ല.

ദാവീദിന്റെ പുത്രനാകുന്ന യേശുവേ! ഞങ്ങളുടെ മേൽ കരുണ ചെയ്യണമേ. നീ ഒരു വാക്കുച്ചരിച്ച നിമിഷത്തിൽ തളർവാതക്കാരൻ അവന്റെ വടികളെ ദൂരെ എറിഞ്ഞും വച്ചു താനേ എഴുന്നേറ്റു സന്തോഷത്തോടെ അവന്റെ വീട്ടിലേക്കു തിരിച്ചുപോകുയും കുഷ്ഠരോഗിയുടെ ശരീരത്തിലെ തൊലി വെള്ളവസ്ത്രം പോലെ വെളുത്ത നിറമാകയും കുരുടന്റെ കണ്ണുകൾ കാഴ്ച പ്രാപിക്കയും ചെയ്തു. ഇപ്പോഴും നീ ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി. നിന്റെ ദാസന്മാർ സുഖപ്പെടും. നല്ല ശമരിയാക്കാരനെ! ഞങ്ങളുടെ മുറിവുകളിൽ വീഞ്ഞും എണ്ണയും നീ ഒഴിക്കണമേ ഏറ്റവും അടുത്തുള്ള വഴിയമ്പലത്തിലേക്കു നീ ഞങ്ങളെ കൊണ്ടു പോകേണമേ. ഞങ്ങൾ പൂർണ്ണ സൗഖ്യം പ്രാപിക്കുന്നതുവരെ നീ ഞങ്ങളെ വിട്ടുപിരികയും അരുതേ.

ഒരു സംഗതികൂടെ കർത്താവെ ഞങ്ങൾ നിന്നോടു പറയാൻ ധൈര്യപ്പെടുന്നു. പിന്നെയും ദുഃഖകരമായ ഈ അവസ്ഥയെയാണു ഞങ്ങൾ പ്രാപിക്കാൻ പോകുന്നത് എങ്കിൽ ശരീരസൗഖ്യം പ്രാപിച്ചതുകൊണ്ട് എന്തു ഗുണമാണു ഞങ്ങൾക്കുണ്ടാകാൻ പോകുന്നത്. ഞങ്ങൾ കടന്നു പോകേണ്ടവഴിയിൽ കള്ളന്മാരും ഒളിച്ചിരിക്കുന്ന ശത്രു

ക്കളും ഉള്ളപ്പോൾ ഞങ്ങൾക്കു എങ്ങനെ കടന്നുപോകാൻ കഴിയും? അകത്തുനിന്നും പുറത്തുനിന്നും പരീക്ഷകൾ ഉണ്ടാകുമ്പോൾ ഇത്ര അധികം പ്രാവശ്യം തോൽവിഭവിച്ച ഞങ്ങൾക്കു എങ്ങനെ ജയം പ്രാപിപ്പാൻ കഴിയും?

നിനക്ക് ഇഷ്ടമായപ്പോൾ വനത്തിൽവച്ചു നിന്റെ പരീക്ഷകൾ തോൽവി പ്രാപിച്ചു. നിന്നെ സമാധാനത്തിൽ വിട്ടുംവച്ച് മടങ്ങിപ്പോകയും നിന്നെ പിടിച്ചു കൊടുക്കുന്നതിനുവന്ന ഭടന്മാർ നിന്റെ കാൽക്കൽ ശക്തിഹീനരായി വീഴുകയും നിന്റെ സാന്നിദ്ധ്യത്തിൽ ഇരുട്ടിന്റെ അധികാരികൾ അവരുടെ പാർപ്പിടങ്ങൾ വിട്ടുപോകയും ചെയ്തു. ആകയാൽ കർത്താവേ! നിന്റെ ശത്രുക്കൾ നിന്റെ ശക്തിയെ അറികയും നിന്റെ ശബ്ദത്തെ കേൾക്കയും ചെയ്യേണമേ! ഇപ്പോൾ അവരുടെ ശക്തി നശിക്കയും അവരുടെ ദുഷ്ടബുദ്ധിക്കു ഞങ്ങളുടെ നേരേ ശക്തിയില്ലാതാകുകയും ചെയ്യുന്നു.

ഏറ്റവും കരുണയുള്ള വൈദ്യനെ! മനഃപൂർവ്വമായ കല്പനലംഘനം ചെയ്യുന്നതിനു നീ ഞങ്ങൾക്ക് ഇടയാക്കരുതേ. ഞങ്ങളുടെ ശത്രുക്കൾ ഞങ്ങളുടെമേൽ ജയസന്തോഷപ്പെടരുതെ. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ അറിഞ്ഞുകൊണ്ടു പാപം ചെയ്കയില്ല എന്നും പാപത്തിന് ഇടകൊടുക്കയില്ല എന്നും നിന്റെ കാൽക്കൽ വീണുകിടന്നുകൊണ്ടു നിന്നോട് അപേക്ഷിക്കുന്നു. ഞങ്ങളുടെ സകല പാപങ്ങൾക്കുവേണ്ടിയും ഞങ്ങളുടെ ഹൃദയം തകർന്നിരിക്കുന്നു. ദാവീദിന്റെ പുത്രനാകുന്ന യേശുവേ! ഞങ്ങളിൽ തന്നെ ഞങ്ങൾക്കു യാതൊന്നും ചെയ്‌വാൻ കഴികയില്ല. അതിനാൽ ഞങ്ങളുടെ നിശ്ചയങ്ങളെ നടത്തുന്നതിൽ നീ ഞങ്ങളെ സഹായിക്കേണമേ. ഇതു സാധിക്കുന്നതിനു ഞങ്ങൾ നിന്നോടു ചോദിച്ചാൽ മാത്രം പോരാ. നിന്റെ സഹായം ലഭിക്കുന്നതിനായി ഞങ്ങൾ നിന്നോടു വാക്കുകൾ പറഞ്ഞാൽമാത്രം പോരാ. കർത്താവേ! നീ ഞങ്ങൾക്കു സഹായിക്കേണമേ. എന്നാൽ ശത്രുക്കൾ ഞങ്ങളുടെ അടുത്തുള്ളപ്പോൾ മാത്രമല്ല. ഞങ്ങൾ പൂർണ്ണ സ്വസ്ഥതയിൽ ഇരിക്കുമ്പോഴും ഞങ്ങൾ വിശുദ്ധ ത്രോണോസിൽ നിന്നെ വന്നു കാണും, നിശ്ചയമായി ഞങ്ങൾ നിന്നെ വന്നുകാണും, നിന്റെ ഭവനത്തിന്റെ ഭക്തിജനകമായ നിശബ്ദത ഞങ്ങളുടെ ആത്മാക്കളെ ശാന്തതപ്പെടുത്തും. നിന്റെ സാന്നിദ്ധ്യം ഞങ്ങളുടെ അരകളെ മുറുക്കയും ഒരുവക ആയുധത്തിനും പ്രവേശിക്കാൻ പാടില്ലാത്ത പരിചയായി ഞങ്ങൾക്കിരിക്കയും ചെയ്യും. അപ്പോൾ

സൈന്യങ്ങൾ ഞങ്ങൾക്ക് എതിരായി വന്നാലും ഞങ്ങൾ ഭയപ്പെടുകയില്ല. എന്തെന്നാൽ നീ ഞങ്ങളോടുകൂടെയുണ്ട്.

പ്രിയ യേശുവേ! സമാധാനത്തിലും യുദ്ധത്തിലും സൗഭാഗ്യത്തിലും, സന്താപത്തിലും, ഞങ്ങൾ ജീവിച്ചിരിക്കുമ്പോഴും, മരണസമയത്തിങ്കലും നീ ഞങ്ങളെ ഉപേക്ഷിക്കരുതെ. നിന്നെ ഞങ്ങൾ ഉപേക്ഷിക്കാനും സമ്മതിക്കരുതെ. നിന്റെ കൂടാരവും, നിന്റെ ത്രോണോസും, നിന്റെ സഹിത്വവും ഞങ്ങൾക്ക് ഇവിടെ പർദീസാപോലെ ഇരിക്കണമേ. ഞങ്ങൾ നിന്നെ മറക്കുമ്പോൾ ലോകവും അതിലെ സന്തോഷങ്ങളും ആഡംബരങ്ങളും ഞങ്ങൾക്കു കൈപ്പായി തീരണമേ. നീ ഞങ്ങളെ സൗഖ്യപ്പെടുത്തിയതിനുള്ള പ്രതിഫലം നിന്നെ കോപിപ്പിക്കാതിരിക്കുന്നതും, പാപം ചെയ്യാതിരിക്കുന്നതും നിന്നെ മഹത്വപ്പെടുത്തുന്നതും ആയിരിക്കണമേ. ആമേൻ.

*(നമ്മുടെ വൈദ്യനാകുന്ന യേശുതമ്പുരാന്റെ അടുക്കൽ നമ്മുടെ സങ്കടങ്ങളെ അറിയിച്ചു ദൈവവുമായി ഏതാനും വിനാഴികകൾ സംസർഗ്ഗം ചെയ്യണം)*

✵✵✵✵

# 20

# നമ്മുടെ ന്യായാധിപതിയാകുന്ന യേശുതമ്പുരാൻ

പ്രിയ യേശുതമ്പുരാനേ! മരണം എത്ര ഭയങ്കരമാകുന്നു. കാലക്രമംകൊണ്ടു ഞങ്ങൾക്കു ഇഷ്ടമായി തീർന്നിട്ടുള്ളവയിൽനിന്നും, ഞങ്ങളുടെ ഹൃദയത്തിന്റെ സകല ബന്ധനങ്ങളിൽ നിന്നും, ഞങ്ങളുടെ സ്വന്ത ബോധങ്ങളിൽ നിന്നും പെട്ടെന്നു ഞങ്ങളെ വേർപ്പെടുത്തുക എന്നുള്ളത് എത്ര ഭ്രമിക്കത്തക്കതും ഭയപ്പെടത്തക്കതുമായ സംഗതി ആകുന്നു!

എന്നാൽ പിന്നീടുള്ള ന്യായവിധി ഇതിനേക്കാൾ എത്ര ഭയങ്കരവും ഭ്രമിപ്പിക്കുന്നതുമാകുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യാത്മാവ് സ്നേഹിതനേയും ആലോചക്കാരനേയും കൂടാതെ അതിന്റെ ജീവിതചരിത്രം മുഴുവൻ നഗ്നമാക്കി വെളിപ്പെടുത്തിയിട്ട് സ്വർഗ്ഗത്തിലേക്കോ നരകത്തിലെക്കോ എന്നന്നേക്കുമായി അതിനെ നിയോഗിച്ചയക്കുന്ന ന്യായവിധിയെ കേൾക്കുന്നതിനായി സർവ്വലോകത്തിന്റെയും ന്യായാധിപതിയുടെ മുമ്പാകെ നിസ്സഹായനായി നിൽക്ക എന്നുള്ള സംഗതി ഓർക്കുമ്പോൾ ഭ്രമിക്കാത്തതാരാകുന്നു? ഈ സത്യത്തെ അറിഞ്ഞിട്ടു ഭയംകൊണ്ടു വിറയ്ക്കാത്തതാരാകുന്നു?

എന്നാൽ നാം ന്യായാധിപതിയെ ഭയപ്പെടുന്നത് എന്തിനാകുന്നു. ഈ കൂടാരത്തിലും ഈ വിശുദ്ധ ത്രോണോസിലും ഈ വിശുദ്ധ കുർബാനയിലും വസിക്കുന്നവൻ തന്നെയാകുന്നു നമ്മുടെ ന്യായാധിപതി. ഇപ്പോൾ നാം മുട്ടുകുത്തുന്നത് അവന്റെ മുമ്പാകെ ആകുന്നു. എന്നിട്ട് ആരെങ്കിലും അവനെ ഭയപ്പെടുന്നുണ്ടോ! ആയിരത്തിതൊള്ളായിരം സംവത്സരം നമ്മെ സ്നേഹിച്ച ഹൃദയത്തേയും, നമ്മുടെ

ദുഃഖങ്ങളെ കണ്ടു കരഞ്ഞിട്ടുള്ള കണ്ണുകളെയും, നാം കാൽതട്ടി വീഴാതിരിക്കുന്നതിനു നമ്മുടെ വഴിയിൽ ഉണ്ടായിരുന്ന പാറകളെമാറ്റിയ കൈകളെയും നമ്മോടു കഠിനമായുള്ളതോ ദയയില്ലാത്തതൊ ആയ ഒരുവാക്കുപോലും സംസാരിച്ചിട്ടില്ലാത്ത നാവിനെയും ആരാണു ഭയപ്പെടുന്നത്? പിന്നെ എന്തിനാണു നമ്മുടെ ന്യായാധിപതിയെ നാം ഭയപ്പെടുന്നത്? പ്രിയപ്പെട്ട യേശുതമ്പുരാനെ! നീ ഞങ്ങളുടെ യേശുവായിരിക്കും കാലമെല്ലാം നീ ഏതുസ്ഥാനത്തെ വഹിച്ചാലും നിന്നെ ഞങ്ങൾ ഭയപ്പെടുകയില്ല. ഭയപ്പെടുവാൻ ഞങ്ങൾക്കു കഴികയുമില്ല. ഞങ്ങളുടെ കഠിനഹൃദയവും അനുതാപമില്ലാത്ത സ്വഭാവവുംകൊണ്ട് ഇളക്കമില്ലാത്ത ന്യായാധിപതിയുടെ സ്ഥാനത്തെ വഹിപ്പാൻ ഞങ്ങൾ നിന്നെ നിർബന്ധിതനാക്കുന്നില്ല എങ്കിൽ നീ എന്നും ഞങ്ങളുടെ യേശുവായിത്തന്നെ ഇരിക്കും. എന്നാൽ കഷ്ടം! നീ ഞങ്ങളുടെ യേശുവായിരിക്കുന്നതുകൊണ്ടും നീ ഞങ്ങളെ ഇത്രവളരെ സ്നേഹിക്കുന്നതുകൊണ്ടും ആകുന്നു ഞങ്ങളുടെ പാപങ്ങളും ഞങ്ങളുടെ നന്ദിയില്ലായ്മയും ഞങ്ങളെ ഭയപ്പെടുത്തുന്നത്.

ന്യായവിധിയുടെ ഭയങ്കരദിവസത്തിൽ ഞങ്ങൾ നിന്നോടു എങ്ങനെ ഉത്തരം പറയേണ്ടു എന്നോർത്തു ഞങ്ങൾ വ്യസനിക്കുന്നു.

ഞങ്ങളുടെ ന്യായാധിപതിയാകുന്ന നിന്റെ മുഖത്തിന്റെ പ്രകാശത്തിൻ മുമ്പാകെ ഞങ്ങളുടെ സകല വീഴ്ചകളും ഞങ്ങളുടെ അശുദ്ധിയോടെ വിശുദ്ധ കുർബാന അനുഭവിച്ചിട്ടുള്ളതും നിന്റെ സാന്നിദ്ധ്യത്തിൽ കാണിച്ചിട്ടുള്ള അശ്രദ്ധയും, പള്ളിയിൽ ഞങ്ങൾ പോകാതിരുന്നിട്ടുള്ളതും നിന്റെ ശത്രുക്കൾ നിന്നെ നിന്ദിക്കുന്നതിനെ കേട്ടു എതിർക്കാതിരുന്നിട്ടുള്ളതും മറ്റും വെളിപ്പെടുമ്പോൾ ഞങ്ങൾ എങ്ങനെയാണ് കുഴങ്ങാതെയിരിക്കുന്നത്? നീ ക്ഷമയും സ്നേഹവും കൂടാതെ വിധിക്കുമെന്നുള്ളതല്ല, നിന്റെ ക്ഷമയും അതിരില്ലാത്ത സ്നേഹവും ഞങ്ങളുടെ പാപങ്ങളെ വലിപ്പപ്പെടുത്തി ഞങ്ങളുടെ തലകൾമേൽ പർവതങ്ങളെപ്പോലെ ഭാരപ്പെടുത്തുമെന്നുള്ള വിചാരമാകുന്നു ഞങ്ങളെ ഭ്രമിപ്പിക്കുന്നത്.

എന്നാൽ നന്നാകുന്നതിനു ഞങ്ങൾക്ക് ഇനിയും സമയമുണ്ട്. ഇതുവരെ ആയിട്ടും ന്യായവിധിയുടെ സമയം ആയിട്ടില്ലല്ലൊ. നീ ഞങ്ങളുടെ ന്യായാധിപതിയാകുന്നു എങ്കിലും ഞങ്ങളുടെ രക്ഷകനും, സഹോദരനും, സ്നേഹിതനും, സഖിയും കൂടെ ആണല്ലൊ. ഞങ്ങ

ളിൽ വാസ്തവവും, നിലനിൽക്കുന്നതുമായ മാറ്റം ഉണ്ടാകേണ്ടതിനു വേണ്ടി ഏറ്റവും ദയയുള്ള യേശുവേ! നീ ഞങ്ങളുടെ ഹൃദയങ്ങളെ തൊടേണമേ. ഞങ്ങൾ ഇതുവരെ ജീവിച്ചതുപോലെ പാപത്തിലും അശ്രദ്ധയിലും ജീവിച്ചാൽ ഉണ്ടാകാവുന്നഫലം നീ ഞങ്ങളെ മനസ്സിലാക്കിയിട്ടുണ്ടല്ലോ. അതിന്റെ നിവർത്തി സമ്പാദിക്കുന്നതിനുള്ള കൂടുതൽ കൃപയും നീ ഞങ്ങൾക്കു നൽകണമേ. നിന്റെ ന്യായവിസ്താരദിവസത്തിൽ ഞങ്ങൾ ആഗ്രഹിക്കുന്നതുപോലെ നില്പാൻ ഞങ്ങൾക്കു കരുണചെയ്യേണമേ. വിശുദ്ധ ത്രോണോസിൽ ഞങ്ങളുടെ സൗകര്യം പോലെയല്ല. ക്രമമായി നിന്നെ വന്നു കാണുന്നതിനു നീ ഞങ്ങൾക്കു കരുണ ചെയ്യണമെ. പരീക്ഷകളെയും ക്ഷീണങ്ങളെയും ജയിക്കുന്നതിനുവേണ്ടി വിശുദ്ധ കുർബാനയിൽ സംബന്ധിപ്പാൻ നീ ഞങ്ങൾക്കു കരുണ ചെയ്യണമെ. ഇപ്രകാരം പ്രവർത്തിക്കുന്നതിനു നീ ഞങ്ങൾക്കു കരുണ ചെയ്വാൻ നീ ആറാംമണിക്കോ ഓൻപതാംമണിക്കൊ, പതിനൊന്നാംമണിക്കൊ വന്നാലും വിഷമമില്ല. എന്തുകൊണ്ടെന്നാൽ നല്ലവനും, വിശ്വസ്തനുമായ ഭൃത്യാ! നീ നന്നായി ചെയ്തു. നീ സ്വല്പ സംഗതികളിൽ വിശ്വസ്തനായിരുന്നതുകൊണ്ടു നിന്നെ ഞാൻ അനേകസംഗതികൾമേൽ നിയമിക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിച്ചുകൊള്ളുക എന്ന വാക്കുകൾ നിന്റെ മാധുര്യമേറിയ അധരങ്ങളിൽ നിന്നു ഞങ്ങൾ കേൾക്കും. ആമേൻ.

*(ന്യായവിസ്താരദിവസത്തിൽ നമുക്കു തോന്നുന്നതുപോലെ വിശുദ്ധകുർബാനയേ സ്നേഹിക്കാൻ നിശ്ചയിച്ചുകൊണ്ട് ഏതാനും വിനാഴികകൾ ദൈവവുമായി സംസർഗ്ഗം ചെയ്യുക)*

✲✲✲✲

# 21

# ഈ മാസത്തെ ദൈവത്തിനായി നിയോഗിക്കുക

## നിലനിൽക്കുന്ന ദുഃഖം

കഷ്ടതകളെ അനുഭവിച്ചവനും ഞെരുക്കങ്ങളെ സഹിച്ചവനുമായ യേശുതമ്പുരാനെ! നിന്നെ അടിച്ച ആ ചുരുങ്ങിയ നിർഭാഗ്യവാന്മാരുടെ കൂട്ടത്തിൽ ഞങ്ങൾ ഉണ്ടായിരിക്കയും, നിന്നെ തൂക്കിക്കൊല്ലണമെന്നു നിലവിളിച്ച കൂട്ടത്തിൽ ഞങ്ങളുടെ ശബ്ദങ്ങൾ മുഴങ്ങുകയും നിന്റെ തലയിൽ മുള്ളുകളെ അടിച്ചു കയറ്റിയ കൂട്ടത്തിൽ ഞങ്ങളുടെ കൈകൾ ഉണ്ടായിരിക്കയും, നിന്റെ കാലുകൾമേലും കൈകൾമേലും ആണികളേ തറച്ചുകയറ്റിയ കൂട്ടത്തിൽ ഞങ്ങൾ ഉണ്ടായിരിക്കയും, എന്നിട്ടു ഭയങ്കര ന്മാരായ ആ കൊലപാതകരിൽ ചിലരോടു നീ പ്രവർത്തിച്ചതുപോലെ ഞങ്ങളോടും പ്രവർത്തിക്കയും ചെയ്തിരുന്നെങ്കിൽ ഞങ്ങൾ അപ്പോൾ എന്തുചെയ്യുമായിരുന്നു? അതായതു നീ സാക്ഷാൽ ദൈവത്തിന്റെ പുത്ര നാകുന്നു എന്ന് അറിവാൻ ഞങ്ങളുടെ കണ്ണുകളെ നീ തുറക്കുകയും, ഞങ്ങളുടെ മുമ്പാകെയുള്ള ആ ഭയങ്കരകാഴ്ചയെ കണ്ടിട്ട് ഞങ്ങളുടെ അതിക്രമങ്ങൾക്കു മോചനവും സമാധാനവും അപേക്ഷിക്കയും, നീ ചിന്തിയതായ രക്തനദിയെ രക്ഷയുടെ മാർഗ്ഗമായി ഞങ്ങൾ അറിയു കയും ചെയ്തിരുന്നു എങ്കിൽ, ഞങ്ങൾ അപ്പോൾ എന്തുചെയ്യുമായി രുന്നു? അപ്പോൾ ഞങ്ങളുടെ വിചാരങ്ങൾ എന്തായിരിക്കുമായിരുന്നു?

ഞങ്ങൾ ഭവനങ്ങളിലേക്കു മടങ്ങിപ്പോയി ഞങ്ങൾ ചെയ്ത മഹാ വലിയ അതിക്രമത്തേയും നീ കാണിച്ച വലിയ കരുണയേയും കുറിച്ച് എപ്പോഴും ഓർക്കാതെയിരിക്കുമോ? ഞങ്ങളുടെ ഹൃദയം മനുഷ്യഹൃദ യമാണെങ്കിൽ, സഹതാപമൊ, കരുണയൊ, നിന്ദയോ സ്വല്പമെങ്കിലും ഞങ്ങളുടെ ഹൃദയത്തിൽ ഉണ്ടെങ്കിൽ, കാൽവറി മലയിലെ സംഭവം

ഒരിക്കലും ഞങ്ങളുടെ ഹൃദയത്തിൽ നിന്നു മാഞ്ഞു പോകുന്നതല്ല. വിലതീരാത്തതായ നിന്റെ രൂപം കുരിശിൽ കിടക്കുന്നിടത്തോളം കാലം അതിന്റെ ദിവ്യശക്തിയിൽ നിന്നും ഞങ്ങൾ എങ്ങനെ അകന്നുപോകുന്നു? യേശു ശവക്കല്ലറയിൽ കിടക്കുമ്പോൾ ഞങ്ങളുടെ ഹൃദയം രാത്രിയും പകലും ഉണർന്നു അവിടെ കാവൽ ഇരിക്കയില്ലയൊ?

മേൽവിവരിച്ച സംഗതികൾ വാസ്തവത്തിൽ ഞങ്ങൾ പ്രവർത്തിക്കുന്നതും ഞങ്ങൾക്കു തോന്നാവുന്നതുമാണോ? അതോ അവ ചലനമുള്ള ഒരു മനസ്സിൽ കൂടെ കടന്നുപോകുന്ന വെറും മായാവിചാരങ്ങൾ മാത്രമാകുന്നുവോ?

യേശുതമ്പുരാനെ! നീ ഞങ്ങളുടെ കണ്ണുകളെ തുറക്കുകയും അതിനാൽ വിശുദ്ധ ത്രോണോസിൽ വസിക്കുന്ന നീ ദൈവത്തിന്റെ പുത്രനാകുന്നു എന്നു ഞങ്ങൾ സമ്മതിക്കയും ചെയ്തിട്ടുണ്ട്. ഞങ്ങളുടെ പാപങ്ങൾ നിമിത്തം ഞങ്ങളുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമാകുന്ന നിന്നെ ഞങ്ങൾ വീണ്ടും കുരിശിൽ തറയ്ക്കുന്നു എന്നു വളരെ മുമ്പു മുതൽ തന്നെ നീ ഞങ്ങളെ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധ ത്രോണോസിൽ ഉള്ള നിന്റെ സാന്നിദ്ധ്യത്തെ കണ്ടിട്ട്, ഞങ്ങളുടെ പാപത്തിന്റെ വലിപ്പത്തേയും, ഞങ്ങളുടെ ബാല്യത്തിലെ പാപങ്ങളേയും, വിശ്വാസവും ശ്രദ്ധയും ഭക്തിയും കൂടാതെയുള്ള ഞങ്ങളുടെ കുമ്പസാരത്തേയും കുർബാനയേയും ഓർമ്മയിൽ ലജ്ജതോന്നുന്ന ഞങ്ങളുടെ യൗവ്വനത്തിലേയും വൃദ്ധതയിലേയും പാപങ്ങളേയും, ഓർത്തിട്ടു ലജ്ജകൊണ്ടു നിന്റെ തിരുമുമ്പാകെ തലകളെ ഞങ്ങൾ കുനിക്കുന്നു. ഇവയും ഇവ കൂടാതെയുള്ള ഞങ്ങളുടെ അസംഖ്യം പാപങ്ങളും നിമിത്തം ഗത്സിമെൻ മുതൽ ഗോൽഗോത്താവരെയുള്ള നിന്റെ കഷ്ടാനുഭവങ്ങളിൽ ഓരോ ഘട്ടത്തേയും ഞങ്ങൾ ആവർത്തിച്ചു പുതുക്കുന്നു എന്ന് ഞങ്ങൾക്കു സമ്മതിക്കാതെ നിവൃത്തിയില്ല. എന്നിട്ടും നിന്റെ കൂടാരത്തിൻ മുമ്പാകെ, അതായത് നിന്റെ കല്ലറയുടെ മുമ്പാകെ ഞങ്ങൾ വന്നു കാത്തുനിൽക്കുന്നുണ്ടോ? ഞങ്ങളുടെ ദുഃഖം നിമിത്തം നിന്റെ ശരീരത്തിൽ ഞങ്ങൾ ഉണ്ടാക്കിയിട്ടുള്ള മുറിവുകളെ ഓർത്തു ഞങ്ങൾ കരയുന്നുണ്ടോ? ഞങ്ങളുടെ ദുഃഖം നിമിത്തം നിന്റെ കൈകളിലെ ആണികളെയും, നിന്റെ തലയിലെ മുള്ളുകളെയും ഞങ്ങൾ വലിച്ചൂരുന്നതിനു ഞങ്ങൾ ശ്രമിക്കുന്നുണ്ടോ?

ഇല്ലാ, പ്രിയപ്പെട്ട യേശുതമ്പുരാനേ നിന്നേയും നിന്നോടു ഞങ്ങൾ ചെയ്തിട്ടുള്ള രാജദ്രോഹകുറ്റങ്ങളേയും ഞങ്ങൾ മറന്നിരിക്കുന്നു. യഹൂദന്മാരെപ്പോലെ നിന്റെ രക്തം ഞങ്ങളുടെ കൈകളിൽ ഇരിക്കു

മ്പോൾതന്നെ ഞങ്ങൾ തിന്നുകയും കുടിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു.

എന്നാൽ മേലാൽ അങ്ങനെ വരികയില്ല. ദാവീദിനെപ്പോലെ ഞങ്ങളുടെ പാപങ്ങൾ എപ്പോഴും ഞങ്ങളുടെ മുമ്പാകെ ഇരിക്കും. “ദൈവമേ! പാപിയായ എന്നോടു കരുണയുണ്ടാകേണമേ” എന്നു ചുങ്കക്കാരനെപ്പോലെ നെഞ്ചത്തടിച്ചുകൊണ്ടു ഞങ്ങൾ നിന്നോടു നിലവിളിക്കും നിന്റെ പാദപീഠമാകുന്ന വിശുദ്ധ ത്രോണോസിങ്കൽ വന്നു മുട്ടുകുത്തി മഗ്ദലേനിലെ മറിയയെപ്പോലെ ഞങ്ങളുടെ കണ്ണുനീരുകൊണ്ടു നിന്റെ പാദങ്ങളെ ഞങ്ങൾ കഴുകാം. പത്രോസിനെപ്പോലെ ഞങ്ങളുടെ വഞ്ചനയെ ഞങ്ങൾ ഒരിക്കലും മറക്കുന്നതല്ല. “സത്യമായിട്ടും ഇവൻ ദൈവത്തിന്റെ പുത്രനാകുന്നു” എന്നു ശതാധിപനെപ്പോലെ അട്ടഹസിച്ചുകൊണ്ടു ഞങ്ങൾ ഞങ്ങളുടെ ഭവനങ്ങളിലേക്കു മടങ്ങിപ്പോകും. നിന്നെ മുറിപ്പെടുത്തുന്നവനായി ഞങ്ങൾ ചെയ്തിട്ടുള്ള പാപങ്ങളെ ഇനിയും ഒരിക്കലും ഞങ്ങൾ ചെയ്കയില്ല. കാൽവരിയിലെ നിന്റെ ബലിയെ വിശുദ്ധ ത്രോണോസിൽ ആവർത്തിക്കുന്നതുകൊണ്ടു വിശുദ്ധ ത്രോണോസിനെയും പള്ളിയേയും പോലെ ഞങ്ങൾക്കു ഇഷ്ടമുള്ള സ്ഥലം വേറെയില്ല. നിന്റെ അടുക്കൽ വരുമ്പോൾ ഞങ്ങളുടെ ഹൃദയം പാപങ്ങൾ നിമിത്തം ദുഃഖം കൊണ്ടു നിറയുന്നു എങ്കിലും ഞങ്ങൾ നിന്റെ അടുക്കലേക്ക് വരും. ഞങ്ങളുടെ കണ്ണുകളിൽനിന്ന് കണ്ണുനീർ ഒഴുകുകയും ചെയ്യും. എങ്കിലും “കണ്ണുനീരിൽ വിതയ്ക്കുന്നവർ സന്തോഷത്തിൽ കൊയ്യും” എന്നുള്ള സത്യം ഞങ്ങളുടെ സന്തോഷവും ഭാഗ്യവും ആയിരിക്കും.

കരുണയുള്ളവനും പാപങ്ങളെ മോചിപ്പിക്കുന്നവനുമായുള്ള യേശുതമ്പുരാനെ ഞങ്ങളുടെ അനുതാപം ദാവീദിന്റേതുപോലെയും മഗ്ദലേനിലെ മറിയയുടേതുപോലെയും, പത്രോസിന്റേതു പോലെയും ശതാധിപന്റേതു പോലെയും ആയിരിക്കേണമേ. അപ്പോൾ ഞങ്ങൾ രക്ഷിക്കപ്പെടും. എന്തെന്നാൽ അനുതാപമുള്ളതും താഴ്മയുള്ളതുമായ ഹൃദയത്തെ നീ നിന്ദിക്കുന്നില്ല. ആമേൻ

*(നമ്മുടെ പാപങ്ങളെക്കുറിച്ച് സത്യമായി അനുതപിച്ചു ദൈവവുമായി സംസർഗ്ഗം ചെയ്യണം).*

✲✲✲✲

# 22

# വനത്തിൽ സഞ്ചരിച്ച ഇസ്രായേൽക്കാർ

എന്തെങ്കിലും കഠിനവേദന പിടിപെട്ടിട്ട് നാം വളരെ ദുഃഖിച്ച് നമുക്ക് ലോകത്തിൽ യാതൊരു സന്തോഷവുമില്ല എന്നു വിചാരിച്ച് ആശാഭംഗിയുള്ളവരായിരിക്കുമ്പോൾ, നമ്മുടെ യാത്രയെ വനത്തിൽകൂടെയുള്ള ഇസ്രായേൽക്കാരുടെ യാത്രയോടു ഉപമിച്ചു താരതമ്യപ്പെടുത്തി നോക്കാവുന്നതാകുന്നു. വാഗ്ദത്തദേശത്തു എത്തുന്നതിനു മുമ്പായി നാം കടക്കേണ്ട പാറകളേയും വനങ്ങളേയും നോക്കികണ്ടിട്ട് കാലിനു നൊമ്പരമുള്ളവരായും ഹൃദയത്തിനു വേദനയുള്ളവരായും നാം പലപ്പോഴും ഇരുന്നുപോയിട്ടില്ലയോ? സഹിക്കാവുന്നതിലും അധികമായുള്ള ദുഃഖത്തെ ഓർത്തിട്ടു നമ്മുടെ ആത്മാക്കൾ അവശതപ്പെട്ടു പോയിട്ടില്ലയോ?

പിന്നീട് നല്ല വിചാരങ്ങളെക്കൊണ്ടു നമ്മുടെ ഹൃദയം നിറയുമ്പോൾ രാത്രിതോറും അഗ്നിത്തൂണിനെക്കൊണ്ടു അവരുടെ വഴിയെ പ്രകാശിപ്പിക്കയും ദിനംപ്രതിയുള്ള സൂര്യോദയംപോലെ അത്രക്രമമായിട്ടു ആകാശത്തിൽ നിന്നു ഭക്ഷണത്തെ അവർക്കു വർഷിപ്പിച്ചു കൊടുക്കയും മറ്റും ചെയ്ത്, പല പ്രകാരത്തിൽ അവരോടുള്ള സ്നേഹത്തെ വെളിപ്പെടുത്തിയ ദൈവത്തോട് ഇസ്രായേൽക്കാർക്ക് എങ്ങനെ അവിശ്വസ്തത കാണിക്കാൻ കഴിഞ്ഞു എന്നു ഓർത്തു നാം അത്ഭുതപ്പെട്ടിട്ടില്ലയോ? ഇപ്രകാരമുള്ള സ്നേഹം ദൈവം നമ്മോടു കാണിച്ചിരുന്നുവെങ്കിൽ യാതൊരു ക്ഷീണവും നമ്മെ ദൈവത്തിൽ നിന്നു അകറ്റുകയില്ല എന്നും, യാതൊരുഭയവും നമ്മെ ഭ്രമിപ്പിക്കയില്ല എന്നും, യാതൊരു പരീക്ഷയും നമ്മെ പരാജിതരാക്കുകയില്ല എന്നും നാം ഓർത്തിട്ടില്ലയൊ?

എന്നാൽ കഷ്ടം! ഇപ്രകാരമുള്ള വിചാരങ്ങളിൽ നമ്മുടെ സമയത്തെയും ശക്തികളെയും നാം ചെലവഴിക്കുന്നു എങ്കിലും ഇസ്രായേൽക്കാരെ നടത്തിയ അഗ്നിത്തൂണും അവർക്കും ലഭിച്ച ഭക്ഷണവും ഒരു നിഴൽ മാത്രമായിരുന്നു എന്നും സാക്ഷാൽ ഉള്ള അഗ്നിത്തൂണും സാക്ഷാൽ ഉള്ള മന്നായും നമുക്ക് ഇപ്പോൾ ഉണ്ടെന്നും നാം ആലോചിക്കുന്നില്ല.

പ്രിയപ്പെട്ട യേശുതമ്പുരാനെ! നീ ലോകത്തിന്റെ വെളിച്ചമാകുന്നു. ഞങ്ങളുടെ കണ്ണുകൾ കുരുടായിരിക്കുന്നു എന്നും ഞങ്ങളുടെ ഹൃദയങ്ങൾ കഠിനപ്പെട്ടിരിക്കുന്നു എന്നും നിന്റെ കൂടാരത്തിൻ മുമ്പാകെ ഞങ്ങൾ സമ്മതിക്കുന്നു. ക്ഷീണിച്ചും ദുഃഖിച്ചും പകൽ സമയത്തെ ചൂടുമുഴുവൻ സഹിച്ചും ഞങ്ങൾ ഇതാ യാത്ര ചെയ്യുന്നു. ഏറ്റവും കുറഞ്ഞ ഭാരവും ഒരു വലിയ പർവ്വതംപോലെ ഞങ്ങളെ ഭാരപ്പെടുത്തുന്നു. തെളിഞ്ഞവഴിയും കഷ്ടതരമായി ഞങ്ങൾക്കു തോന്നുന്നു. ദിവസം പ്രതിയുള്ള കൃത്യങ്ങളെ ഓർത്ത് ഞങ്ങൾ പിറുപിറുക്കുന്നു. ഒരു മാറ്റവും സ്വസ്ഥതയും കിട്ടുന്നതിനായി ഞങ്ങൾ കാത്തിരിക്കുന്നു. ലോകത്തെയും സൃഷ്ടികളെയും ഞങ്ങൾ വെറുക്കുന്നു. ഞങ്ങൾക്കു സഹിക്കാൻ പാടില്ലാത്ത കഷ്ടതകളിൽ നിന്നു മരണം വന്നു ഞങ്ങളെ വേർപെടുത്തുന്നതിനായി ഞങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ ഞങ്ങളുടെ മുമ്പിൽ പ്രകാശമുള്ള മേഘത്തെ ഞങ്ങൾ കാണുന്നു. അതു ദുഃഖിതന്മാർക്ക് ആശ്വാസപ്രദവും ക്ഷീണിച്ചിരിക്കുന്നവർക്കു സഹായവും അറിവില്ലാത്തവരുടെയും വഴിതെറ്റിപ്പോയവരുടെയും മാർഗ്ഗദർശിയും ആകുന്നു. എന്നാൽ അറിവില്ലാത്തവരും മൂഢന്മാരുമാകുന്ന ഞങ്ങൾ സമാധാനവും സ്വസ്ഥതയും പ്രാപിക്കാവുന്ന നിന്റെ അടുക്കൽ വരുവാൻ ഞങ്ങൾ മടിക്കുന്നു.

പരീക്ഷകൾ വരികയും സന്മാർഗ്ഗങ്ങളിൽ വിരക്തി തോന്നുകയും പ്രാർത്ഥനയിൽ ആകർഷണമില്ലാതെ വരികയും എല്ലാം ഭയങ്കരമായ കൂരിരുട്ടായി തോന്നുകയും, ദൈവം ഞങ്ങളെ ഉപേക്ഷിച്ചിരിക്കുന്നു എന്നു വിളിച്ചുപറയാൻ തക്കവണ്ണം ഞങ്ങൾ പരീക്ഷിക്കപ്പെടുകയും ചെയ്യുമ്പോൾ ഏറ്റവും ഇരുട്ടുള്ള വഴിയെ പ്രകാശിപ്പിക്കുന്നതും സൂര്യന്റെ വെളിച്ചം അതിന്റെ മുമ്പാകെ മുങ്ങിപ്പോകുന്നതുമായ അഗ്നിത്തൂൺ നമുക്കു വിശുദ്ധ ത്രോണോസിൽ ഇല്ലയോ? എന്നാൽ ഇസ്രായേൽക്കാരെക്കാൾ കഠിനന്മാരും ദുർബുദ്ധികളുമാകുന്ന ഞങ്ങൾ വെളി

ച്ചത്തിന്റെ വെളിച്ചമാകുന്ന നിന്നാൽ പ്രകാശിപ്പിക്കപ്പെടേണ്ടുന്നതിനായി ഞങ്ങളുടെ കണ്ണുകളെ നിങ്കലേക്ക് ഉയർത്തുന്നില്ല. ഞങ്ങൾ ക്ഷീണിച്ചും തളർന്നും ഇരിക്കുമ്പോഴും ലോകത്തോടും ജഡത്തോടും യുദ്ധംചെയ്യുന്നതിനു ഞങ്ങൾക്കു ശക്തിയില്ലാതെ ഇരിക്കുമ്പോഴും ഞങ്ങളുടെ കൈകൾ തളർന്നിട്ട് യേശുവിന്റെ കൊടി ഞങ്ങളുടെ കൈകളിൽനിന്ന് താഴെ പോകുമ്പോഴും ശക്തിഹീനന്മാരെ ശക്തിപ്പെടുത്തുന്നതിനായി കർത്താവിന്റെ തിരുശരീരരക്തങ്ങളെ ഭക്ഷിച്ചു കുടിക്കുന്നതിനു വിശുദ്ധ ത്രോണോസിന്റെ അടുത്തുചെല്ലാത്ത ഞങ്ങൾ എത്ര ഭോഷന്മാരും ബുദ്ധിഹീനന്മാരുമാകുന്നു.

എന്നാൽ ഇതിനു ഞങ്ങൾക്കു എന്തു സമാധാനമാണ് ഉള്ളത്. ഞങ്ങളെ ലജ്ജിപ്പിക്കുന്നതല്ലാത്ത ഒരു സമാധാനവും ഞങ്ങൾക്കില്ല. നീ എപ്പോഴും ഞങ്ങളോടുകൂടെ ഉള്ളതുകൊണ്ടു ഞങ്ങൾ നിന്നെ മറക്കുന്നു. നിന്റെ ആലയമാകുന്ന പള്ളി എപ്പോഴും ഞങ്ങൾക്കായി തുറന്നുകിടക്കുന്നതുകൊണ്ട് അതിൽ പ്രവേശിക്കാൻ ഞങ്ങൾ ശ്രദ്ധിക്കുന്നില്ല. എപ്പോഴുമുള്ള നിന്റെ സാന്നിദ്ധ്യത്തിൽ ഞങ്ങൾ പരിചയിച്ചുകൊണ്ട് ഞങ്ങൾ അതിനെ വകവെക്കുന്നില്ല. ഒരിക്കലും ഞങ്ങളെ വിട്ടുപിരിയാത്ത നിന്റെ സാന്നിദ്ധ്യത്തെ വഹിപ്പാൻ ഞങ്ങൾ പാത്രവാന്മാരല്ലാത്തതുകൊണ്ട് ക്ഷീണിക്കുന്നു. ഞങ്ങൾക്കു നിന്നെ വളരെ വേഗത്തിൽ ലഭിക്കാവുന്നതുകൊണ്ട് ഞങ്ങൾ നിന്നെ വിലമതിക്കുന്നില്ല.

നിന്റെ ദൈവദൂതന്മാരിൽ ഒരാളെ കാണുന്ന മാത്രയിൽ ഭയവും അതിശയവുംകൊണ്ട് ഞങ്ങളുടെ ഹൃദയം നിറയുന്നു. നിന്റെ മാതാവിനെ കാണുന്ന മാത്രയിൽ ഏകാന്തമായ വനപ്രദേശം ജീവനും സന്തോഷവുംകൊണ്ട് നിറഞ്ഞ പറുദീസാ ആയിത്തീരുന്നു. എന്നാൽ ദൈവദൂതന്മാരുടെ ദൈവമാകുന്ന നീ ഇവിടെ ഉണ്ട്. എന്നിട്ടും ഞങ്ങളുടെ ജീവൻ ഇരുട്ടിൽ ഇരിക്കുന്നു എന്ന് ഞങ്ങളുടെ ചുറ്റും ഉള്ള നിഴലുകളെ മാറ്റിത്തരുന്ന വെളിച്ചം ഞങ്ങൾക്കില്ല എന്നും ഞങ്ങൾ പറവാൻ ധൈര്യപ്പെടുന്നു. വനത്തിൽവച്ച് ഇസ്രായേൽക്കാർക്കു ദൈവം കൊടുത്ത മന്നാ ഭക്ഷിച്ചതുകൊണ്ട് വാഗ്ദത്തദേശത്തേക്കു യാത്ര ചെയ്യുന്നതിന് അവർ ശക്തിപ്രാപിച്ചു എങ്കിൽ, മന്നാ അല്ലാ - എന്നാൽ മന്നാ - ഏതിന്റെ നിഴൽ, ആയിരുന്നുവോ ആ പൊരുൾ തന്നെ - അതായത് നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങൾ നമുക്കുള്ള

പ്പോൾ ദൈവത്തിനു വിരോധമായി നാം ഇളകിയിട്ടും പിറുപിറുത്തിട്ടും കാര്യമെന്താണ്?

പ്രിയ കർത്താവെ! നീ നൽകിയിട്ടുള്ള അനുഗ്രഹങ്ങളെ ഓർത്ത് ഞങ്ങൾ ആരോടെങ്കിലും അസൂയപ്പെടാൻ ഉണ്ടെങ്കിൽ അതു മന്നാ ഭക്ഷിച്ച് ഇസ്രായേൽക്കാരോടല്ല. എന്നാൽ ഞങ്ങളെക്കാൾ വലിയ സമ്പത്തു ലഭിച്ചിട്ടില്ല എങ്കിലും അതിനെ അധികമധികം വിലമതിക്കയും അതിൽനിന്നു അനുഗ്രഹങ്ങളെയും ആശ്വാസത്തെയും പ്രാപിക്കാൻ പഠിക്കയും ചെയ്തിട്ടുള്ളവരായ ഭക്തന്മാരുടെ നേരേയാകുന്നു ഞങ്ങളുടെ കണ്ണുകളെ ഞങ്ങൾ ഉയർത്തേണ്ടത്. ഓരോ ദിവസവും പൂർവ്വാധികം നിന്നെ അറിയുന്നതിനും കൂടുതലായി നിന്നെ സ്നേഹിക്കുന്നതിനുംവേണ്ടി അങ്ങനെയുള്ള ആത്മാക്കളെ അനുകരിക്കുന്നതിനു നീ ഞങ്ങൾക്കു കൃപ നൽകണമെ. ലോകം സന്തോഷമില്ലാതെയും, ആശ്വാസത്തിനുവേണ്ടി എങ്ങോട്ടാണ് തിരിയേണ്ടത് എന്ന് ഞങ്ങൾക്ക് അറിവില്ലാതെയും ഇരിക്കുമ്പോൾ ആശ്വാസവും പ്രകാശവും നൽകുന്ന ഒരു സ്ഥലം ഞങ്ങൾക്കുണ്ട്. അതായത് നിന്റെ ആലയമാകുന്ന പള്ളി തന്നെ എന്നു ഞങ്ങളെ ഓർമ്മപ്പെടുത്തണമെ. ഞങ്ങളുടെ ആത്മാവു ദുഃഖിച്ചിരിക്കുമ്പോഴും വേനൽക്കാലത്തിലെ പുഷ്പങ്ങൾപോലെ ഞങ്ങളുടെ സ്നേഹിതന്മാർ എല്ലാം കടന്നുപോയിട്ട് ഞങ്ങൾ സ്നേഹിക്കുന്നവരായൊ ഞങ്ങളിൽ ശ്രദ്ധയുള്ളവരായൊ ആരും ഇല്ലാതെ ഇരിക്കുമ്പോഴും, ഒരിക്കലും മരിക്കാത്തവനും തന്റെ സ്നേഹത്തിനു ഒരു മാറ്റവും വരാത്തവനുമായ ഒരു സ്നേഹിതൻ ഞങ്ങൾക്കുണ്ടെന്നും അതു വിശുദ്ധ ത്രോണോസിൽ വസിക്കുന്ന നീ തന്നെയാണെന്നും ആലസ്യപ്പെട്ടിരിക്കുന്ന ഞങ്ങളുടെ ആത്മാക്കളോടു നീ പറയേണമെ. ദുഃഖങ്ങൾ സമൃദ്ധിയായിവന്നു അവയുടെ ഭാരം കൊണ്ട് ഞങ്ങളെ അമർത്തുമ്പോഴും ആശ്വാസം ലഭിക്കാൻവേണ്ടി ഞങ്ങൾ ചുറ്റും വ്യർത്ഥമായി നോക്കുമ്പോഴും 'പ്രയാസപ്പെടുന്നവരും ഭാരംചുമക്കുന്നവരുമായ എല്ലാവരുമെ! എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു ആശ്വാസം തരാം.' എന്നുള്ള നിന്റെ സ്നേഹമേറിയ വാക്കുകൾ അവയുടെ പൂർണ്ണശക്തിയോടുകൂടെ നിന്റെ ആസ്ഥാനമാകുന്ന ത്രോണോസിങ്കൽ നിന്നു ഞങ്ങൾ കേൾക്കുമാറാകേണമെ.

ഈ കൂടാരത്തിൽ ഞങ്ങൾ വന്നു താമസിക്കും. ഇവിടെ താമസിക്കുന്നതിനു ഞങ്ങളുടെ വിചാരങ്ങൾ ഇഷ്ടപ്പെടും. നീ ഞങ്ങളുടെ

ഇടയിൽ ഉള്ളപ്പോഴും, നീ ഞങ്ങളെ സ്നേഹിക്കുമ്പോഴും നിന്റെ പുഞ്ചിരി ഞങ്ങളെ ധൈര്യപ്പെടുത്തുമ്പോഴും, നിന്റെ കൈകൾ ഞങ്ങളുടെ ഭാരം ചുമക്കുമ്പോഴും, ലോകം ദുഃഖകരമാണെന്നു ഞങ്ങൾ പിറുപിറുക്കയില്ല. എത്ര അധികം ദുഃഖം വന്നാലും ഞങ്ങളുടെ ഹൃദയം ഭാരപ്പെടുകയില്ല. എന്തുതന്നെ പരീക്ഷകൾ വന്നാലും ഞങ്ങൾ ആവ ലാതിപ്പെടുകയില്ല. നീ ഞങ്ങളെ ഇത്ര അധികം സ്നേഹിക്കുന്നതു കൊണ്ടും നിനക്കുവേണ്ടി ക്ഷമയോടെ ദുഃഖങ്ങൾ സഹിച്ചിട്ടെങ്കിലും അതിനുപകരമായി നിന്നെ സ്നേഹിക്കണമെന്ന് ഞങ്ങൾ ആഗ്രഹി ക്കുന്നതുകൊണ്ടും, ദുഃഖത്തിലും, അപകടത്തിലും, രോഗത്തിലും, വേദ നയിലും, ജീവനുള്ളപ്പോഴും മരിക്കുമ്പോഴും എല്ലാ സമയത്തും എല്ലാം ഞങ്ങൾ ക്ഷമയോടെ സഹിക്കുന്നവരായിരിക്കും. ആമേൻ.

*(ഏതാനും വിനാഴികകൾ നമ്മുടെ മനോനിശ്ചയങ്ങളെ പുതുക്കി ദൈവവുമായി സംസർഗ്ഗം ചെയ്യണം.)*

❋❋❋❋

# 23

# യേശുവിന്റെ സഖിത്വം

ഏറ്റവും പ്രിയപ്പെട്ട യേശുതമ്പുരാനെ! 'നിങ്ങളെ ഞാൻ ദാസന്മാർ എന്നു വിളിക്കയില്ല, സ്നേഹിതന്മാർ എന്നേ വിളിക്കൂ' എന്നു നീ അരുളിചെയ്തിട്ടുണ്ടല്ലൊ. ഇതിന്റെ സത്യം നീ ഏതെല്ലാം വഴികളിൽ വെളിപ്പെടുത്തിയിട്ടുണ്ട്? സാക്ഷാൽ ഉള്ള സ്നേഹത്തിന്റെ വല്ല പദവികളും നീ ഞങ്ങളിൽ നിന്നു പിൻവലിച്ചിട്ടുണ്ടോ? എല്ലായ്പ്പോഴും നിന്റെ അടുക്കൽ പ്രവേശനം ഞങ്ങൾക്കു നീ നൽകിയിട്ടുണ്ട്. നിന്റെ കൂട്ടായ്മയും സഖിത്വവും വേണമെന്നാഗ്രഹിച്ചിട്ടുള്ളവരിൽ ആരെങ്കിലും നിന്റെ അടുക്കൽ വന്നിട്ടു നിന്നെ കാണാൻ കഴിയാതിരിക്കയൊ നിന്നോടു സംഭാഷിച്ചിട്ട് അതിൽനിന്നുള്ള സൗരഭ്യം അനുഭവിക്കണമെന്നാഗ്രഹിച്ചിട്ട് അതു സാധിക്കാതിരിക്കയൊ ഉണ്ടായിട്ടില്ല. ഞങ്ങളിൽ ഏറ്റവും പാവപ്പെട്ടവരുടെ സമത്വത്തിൽ നീ നിന്നെത്തന്നെ ആക്കിയിട്ടുണ്ട്. അതു ഞങ്ങളെ നിന്റെ ദൈവീകപദവിയിലേക്ക് ഉയർത്തീട്ടില്ല; എന്നാലൊ നിന്നെത്തന്നെ ഞങ്ങളുടെ താഴ്മയിലേക്ക് താഴ്ത്തിയിട്ടാകുന്നു. അതായതു നീ മനുഷ്യനായി ഞങ്ങളെപ്പോലെ ജീവിക്കയും സഹിക്കയും ചെയ്തതുകൊണ്ടാണ്. അതു തന്നെയുമല്ല നിന്റെ മഹിമയെ എല്ലാം ഞങ്ങളുടെ ആഹാരമാകുന്ന അപ്പത്തിൽ അടക്കി നീ വസിക്കുന്നതുകൊണ്ടും കൂടിയാകുന്നു. നിന്റെ സഖിത്വം എല്ലായ്പോഴും ഒരു പോലെയാകുന്നു. അതിൽ ഒരു മാറ്റവും ഇല്ല. ദാരിദ്ര്യമാകട്ടെ, രോഗമാകട്ടെ വാർദ്ധക്യമാകട്ടെ, പുതിയസ്നേഹിതന്മാരോടുള്ള ആകർഷണമാകട്ടെ, സ്വത്താകട്ടെ, അന്തസ്സാകട്ടെ, തറവാട്ടുമഹിമയാകട്ടെ, യാതൊന്നിനും നിന്റെ സഖിത്വത്തിൽ ഒരു മാറ്റവും ചെയ്യാൻ കഴിയുകയില്ല. മഹാവലിയ സമുദ്രമാകുന്ന നിന്റെ സഖിത്വത്തിന്മേൽ സ്നേഹത്തിനല്ലാതെ യാതൊന്നിനും കർത്തവ്യം ചെയ്യുവാൻ കഴി

യുന്നതല്ല. നിന്റെ സ്നേഹം അത്ര പരമാർത്ഥമായതുകൊണ്ട് ഞങ്ങൾ എപ്പോഴും നിന്റെ മനസ്സിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു. നീ കാണാത്തതായ യാതൊരു വിചാരവും പ്രവർത്തിയും ഞങ്ങൾക്കില്ല. നീ പങ്കുകൊള്ളാത്തതായ യാതൊരു സന്തോഷവും ഞങ്ങൾക്കില്ലാ. നീ സഹതപിക്കാത്തതായ യാതൊരു വേദനയും വ്യസനവും ഞങ്ങൾ സഹിക്കുന്നില്ല. ഇപ്രകാരമുള്ള നിന്റെ സഖിത്വത്തെക്കാൾ വിലയേറിയതും പരമാർത്ഥമായതുമായ സഖിത്വം വേറെയുണ്ടൊ?

എന്നാൽ ഏറ്റവും നല്ല സ്നേഹിതനാകുന്ന നിനക്കു ഞങ്ങൾ പ്രതിപകരം ചെയ്യുന്നത് എന്താകുന്നു? നീ ഞങ്ങളോട് ചെയ്യുന്നതിനു വിപരീതമാകുന്നു ഞങ്ങൾ നിന്നോടു ചെയ്യുന്നത്. നിന്റെ സ്നേഹത്തിൽ ഒന്നാമത്തെ സ്ഥാനം നീ ഞങ്ങൾക്കു തരുന്നു. നിന്റെ ബഹുമാനവും, സ്ഥിതിയും, സൗഭാഗ്യവും ഞങ്ങൾക്കുവേണ്ടി നീ ബലികഴിക്കുന്നു. എന്നാൽ ഞങ്ങളുടെ ഹൃദയത്തിൽ ഏറ്റവും താണസ്ഥാനം മാത്രമെ ഞങ്ങൾ നിനക്കു തരുന്നുള്ളു. അവിടെ നിന്നുതന്നെയും ഏറ്റവും നിസ്സാരകാരണത്തിനു നിന്നെത്തള്ളിക്കളയാൻ ഞങ്ങൾ ഒരുങ്ങിയിരിക്കുന്നു. ഒരു വേലക്കാരൻ തന്നെ ഭാരപ്പെടുത്തി ഞെരുക്കുന്ന യജമാനനുവേണ്ടി വേല ചെയ്യുന്നതുപോലെയുള്ള വേലമാത്രമെ ഞങ്ങൾ നിനക്കുവേണ്ടി ചെയ്യുന്നുള്ളു. ലജ്ജാകരമായി നിർബന്ധത്തോടു യാചിക്കുന്ന ഒരു യാചകനോട് കാണിക്കുന്ന ശ്രദ്ധ മാത്രമെ ഞങ്ങൾ നിന്നോടു കാണിക്കുന്നുള്ളൂ. നീ ഞങ്ങളുടെ അടുത്തുവരുമ്പോൾ മറ്റുള്ളവരുടെ കാര്യങ്ങൾ കഴിയട്ടെ എന്നു ഞങ്ങൾ നിന്നോടു പറയുന്നു. ഞങ്ങളുടെ സ്നേഹിതന്മാരുടെ അപേക്ഷകൾ എല്ലാം നിവർത്തിച്ചു കൊടുക്കാതെ ഞങ്ങൾ നിന്റെ കാര്യങ്ങളിലേക്കു തിരിയുന്നില്ല. ലോകത്തെ സേവിച്ചു ക്ഷീണിച്ചു കഴിഞ്ഞശേഷമല്ലാതെ ഞങ്ങൾ നിന്നെ സേവിക്കാൻ മനസ്സുവെക്കുന്നില്ല. നിന്റെ സൃഷ്ടികളാകുന്ന ഞങ്ങളുടെ നിന്ദകളെ നീ സഹിക്കുന്നു. മറ്റുള്ളവർക്കു വിലമതിക്കാവുന്നതിലൊ സ്വീകരിക്കാവുന്നതിലൊ അധികം സ്നേഹം ഞങ്ങൾ മനുഷ്യരിൽ ഓരോരുത്തരുടെ നേരേ പരസ്യമായി പ്രത്യക്ഷപ്പെടുത്തുന്നു. എന്നാൽ നീ ആവശ്യപ്പെടുന്ന ഏതാനും വിനാഴികകൾ നിനക്കുവേണ്ടി ചിലവഴിക്കാൻ ഞങ്ങൾ തയ്യാറില്ല. ഒടുവിൽ വളരെ വിഷമിച്ച് സ്വൽപ്പസമയം എടുത്ത് അശ്രദ്ധയും അഭക്തിയും ഉള്ള ഹൃദയങ്ങളോടുകൂടെ ഞങ്ങൾ നിന്റെ കൂടാരത്തിൽവന്നു നിൽക്കുമ്പോൾപോലും ഞങ്ങളുടെ നന്ദിയില്ലായ്മയെയൊ അഭക്തിയെയൊ

ക്കുറിച്ച് നീ ഞങ്ങളെ കുറ്റപ്പെടുത്തുകയൊ ഓർമ്മപ്പെടുത്തുകയൊ ചെയ്യുന്നില്ല. ഏറ്റവും പ്രിയ കർത്താവെ! നീ ഞങ്ങളെ കുറ്റപ്പെടുത്തുന്നില്ല. എന്നുമാത്രമല്ല, നേരേമറിച്ചു നിന്റെ കൃപകളെ കൂട്ടമായും നിന്റെ അനുഗ്രഹങ്ങളെ ധാരാളമായും നീ ഞങ്ങളുടെമേൽ വർഷിക്കയും ചെയ്യുന്നു. നിന്റെ കൃപകളെയും അനുഗ്രഹങ്ങളെയും വഹിക്കാവുന്നതിലും അധികമായി ഞങ്ങളുടെമേൽ വർഷിക്കുകയും ചെയ്യുന്നു. നിന്റെ കൃപകളെയും അനുഗ്രഹങ്ങളെയും വഹിക്കാവുന്നതിലും അധികമായി ഞങ്ങളുടെമേൽ വർഷിക്കുന്നതുകൊണ്ടു നിന്റെ ദൈവത്വത്തെ ഞങ്ങൾ നിന്നിൽ കാണുന്നു. എന്നുതന്നെയുമല്ല നിന്നോടുകൂടെ ചിലവഴിക്കുന്നതിനു നിത്യതപോലും പോരാതെ ഇരിക്കുന്നു എന്നു ഞങ്ങൾക്കു തോന്നുകയും ചെയ്യുന്നു.

യേശുതമ്പുരാനെ ഞങ്ങൾ എത്ര ഉറപ്പില്ലാത്തവരും സ്ഥിരതയില്ലാത്തവരുമാകുന്നു. ഞങ്ങളുടെ ഏകാന്തം സഹിക്കാവുന്നതല്ലെന്നും വിശ്വസ്ഥതയുള്ള ഒരു സ്നേഹിതൻപോലും ഞങ്ങൾക്കു ഇല്ലാത്തതുകൊണ്ടു ജീവിതം നിഷ്ഫലമായിരിക്കുന്നു എന്നും ഞങ്ങൾ കൂടെക്കൂടെ കൈയ്പോടെ പിറുപിറുക്കുന്നു. ഞങ്ങളുടെ ഹൃദയങ്ങളിൽ നന്ദിയും സ്നേഹവും ധാരാളം ഉണ്ടെന്നും അവയെ ആരിൽ എങ്കിലും സ്ഥാപിക്കുന്നതിനു തക്ക ഒരാളെ കാണുന്നില്ല, എന്നും ഞങ്ങൾ കൂടെക്കൂടെ വിളിച്ചുപറയുന്നു. എന്നാൽ ഏറ്റവും വിശ്വസ്ഥതയും സ്ഥിരതയും ഉള്ള സ്നേഹിതനാകുന്ന നീ നിന്റെ സ്നേഹത്തെ ഞങ്ങൾക്കു നൽകുന്നു. എന്നിട്ടും ഞങ്ങൾ അതിനെ സ്വീകരിക്കുന്നില്ല. ഒരു സ്നേഹിതൻ ചെയ്യാനുള്ള സകല കൃത്യങ്ങളേയും നീ ഞങ്ങളുടെ നേരേ പ്രവർത്തിക്കുന്നു. എന്നിട്ടും ഞങ്ങളുടെ ഹൃദയങ്ങൾ കല്ലുപോലെ കഠിനമായിരിക്കുന്നു. എന്നാൽ കർത്താവെ മേലിൽ ഇപ്രകാരം വരുന്നതല്ല.

ഏറ്റവും പ്രിയപ്പെട്ട കർത്താവെ! നിന്റെ സഖിത്വം ഞങ്ങളുടെ ഏറ്റവും വിലയേറിയ സമ്പത്തായിരിക്കും. മനുഷ്യർ ഞങ്ങളോടു കാണിക്കുന്ന വഞ്ചനയെ എല്ലാം നിന്റെ സ്നേഹത്തിൽ ഞങ്ങൾ മറപ്പിച്ചിട്ടു അവരുടെ ശവക്കുഴിയുടെ മീതെ കാട്ടുചെടികൾ വളരുന്നകാലത്തും നിന്റെ സ്നേഹം ഞങ്ങളുടെ ആശ്വാസമായിരിക്കും. നിന്റെ സഖിത്വത്തോടുകൂടെ ലോകം ഞങ്ങൾക്കു സുഖമുള്ളതായും ആയുസ്സു ഞങ്ങൾക്കു സന്തോഷമുള്ളതായും തീരും.

യേശുതമ്പുരാനെ! നീ ഞങ്ങളുടെ സ്നേഹിതനാകകൊണ്ടു നീ

ഞങ്ങളുടെ ആത്മാക്കളെ ഭരിക്കുന്നവനായിരിക്കും. നിന്റെ സന്തോഷവും തൃപ്തിയും കൂടാതെ മറ്റ് ആരും അതിൽ വസിക്കയില്ല. മനുഷ്യപുത്രന്മാരിൽവച്ച് ഏറ്റവും സൗന്ദര്യമേറിയ നിന്റെ സാന്നിദ്ധ്യത്തേക്കാൾ വിലയേറിയ സാന്നിദ്ധ്യം ഞങ്ങൾക്കു വേറെയില്ല. നിന്റെ ശബ്ദത്തെക്കാൾ മധുരമേറിയ ശബ്ദം ഞങ്ങൾക്കുവേറേയില്ല. നിന്റെ മുഖത്തെക്കാൾ ഭംഗിയേറിയ മുഖം ഞങ്ങൾക്കുവേറെയില്ല. നിന്റെ ശരീരത്തെക്കാൾ ആകർഷണീയമായ ശരീരവും ഞങ്ങൾക്കു വേറെയില്ല. നിന്റെ അടുക്കൽ ഞങ്ങൾ ചിലവിടുന്ന ചുരുങ്ങിയ അവസരത്തിൽ നിന്നിൽനിന്നു ഞങ്ങൾക്കു ലഭിക്കുന്ന നിന്റെ പ്രകാശം ഇരുട്ടിൽ വസിക്കുന്നതും, മന്ദഗതിയായതുമായ ഞങ്ങളുടെ ജീവനെ പ്രകാശിപ്പിക്കേണമേ! നിന്റെ പ്രകാശം ഞങ്ങളുടെ സ്നേഹത്തെയും വിചാരത്തെയും പ്രവൃത്തിയെയും ശോഭിപ്പിക്കേണമേ! ഞങ്ങൾ ചെയ്യുന്ന സകലവും നിനക്കുവേണ്ടിയും നിന്നിൽകൂടെയും ചെയ്വാനായി നിന്റെ പ്രകാശം നിമിത്തം ഞങ്ങൾക്കു സംഗതിയാക്കേണമേ! ഞങ്ങൾ നിന്നിൽനിന്ന് അകന്നിരിക്കുന്ന സമയം വിശുദ്ധ ത്രോണോസിൽ വസിക്കുന്ന നിന്റെ സൗന്ദര്യത്തെ വന്നു കാണുന്നതിനു ഒരുങ്ങുന്നതായ സമയം മാത്രമായിരിക്കേണമേ! ഞങ്ങളുടെ ജീവനെ തന്നെയും മരണത്തിന്റെ ഒരു നിഴലായി ഞങ്ങൾ കാണേണമെ! ഐഹികവാസത്തെ നിത്യതയുടെ ഒരു മുൻകൂറായിട്ടു ഞങ്ങൾ അറിയേണമെ! നീ ഞങ്ങളിൽ വർഷിച്ചിട്ടുള്ള നിന്റെ സ്നേഹത്തെ നിത്യതയിൽ ഞങ്ങളിൽ നീ പൂർണ്ണതപ്പെടുത്തുകയും, അവിടെ നീ എന്നന്നേക്കുമുള്ള ഞങ്ങളുടെ സ്നേഹിതനായിരിക്കയും ചെയ്യേണമേ!

*(യേശുതമ്പുരാന്റെ സഖിത്വത്തെ നാം ആസ്വദിച്ചനുഭവിച്ചിട്ട് ദൈവവുമായി ഏതാനും വിനാഴികകൾ സംസർഗ്ഗം ചെയ്യണം)*

✵✵✵✵

# 24

# യേശുതമ്പുരാന്റെ സഹതാപം

ആരെങ്കിലും നമ്മുടെ സ്നേഹത്തെ അവിശ്വസിക്കയൊ സ്നേഹ സൂചകമായ നമ്മുടെ സന്തോഷങ്ങളെ നിന്ദിക്കയൊ ചെയ്യുന്നതിനേക്കാൾ നമ്മുടെ ഹൃദയത്തെ മുറിപ്പെടുത്തുന്നതായി യാതൊന്നുമില്ല. സ്നേഹിതന്മാർ തമ്മിൽ 'എന്റെ ഈ വിഷമത എന്നെ വളരെ വല്ലാതാക്കുന്നു. എന്നാൽ നീ അതു അറിയുന്നില്ല; നീ അതു നിസ്സാരമെന്നു കരുതുന്നു; നീ അത് അറിവാൻ ശ്രദ്ധിക്കുന്നില്ല; അതു മനസ്സിലാക്കാൻ നീ ആഗ്രഹിക്കുന്നുമില്ല' എന്നൊക്കെ പറയുന്നതിനേക്കാൾ നിർദ്ദയത്വം വേറെ ഇല്ല. എന്നാൽ ത്രോണോസിന്മേൽ വസിക്കുന്ന യേശുതമ്പുരാനോടു നാം മിക്കവാറും എല്ലാ ദിവസങ്ങളിലും പറയുന്നതോ നമ്മുടെ പ്രവൃത്തികൊണ്ടു കാണിക്കുന്നതോ ഇതുതന്നെ ആകുന്നു. ഇവിടെ അവൻ നമുക്കുവേണ്ടി മുടങ്ങാതെ തന്നത്താൻ ബലി അർപ്പണത്തെ തുടർന്നുകൊണ്ടിരിക്കുന്നു. ദുഃഖിച്ചിരിക്കുന്ന ആത്മാവിനെ അവൻ സൗഖ്യപ്പെടുത്തുകയും, ക്ഷീണിച്ചിരിക്കുന്ന മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. പാപബന്ധനസ്ഥനെ അവൻ അഴിച്ചുവിടുന്നു. വിശന്നിരിക്കുന്നവരെ അവൻ തന്റെ സ്വന്തം ശരീരം കൊണ്ടു തീറ്റുന്നു. ഇപ്രകാരം അവന്റെ അനുഗ്രഹങ്ങളെ നമ്മുടെമേൽ വർഷിപ്പിച്ചശേഷവും എന്തിനാണ് അവൻ നമ്മുടെ ഇടയിൽ വസിക്കുന്നത്? ഏകാന്തതവും നിശബ്ദവുമായ രാത്രികാലങ്ങളിലും എന്തിനാണ് അവൻ നമ്മുടെ ഇടയിൽ വസിക്കുന്നത്? അവൻ നമ്മുടെ സ്നേഹിതനാകകൊണ്ടും നമ്മോടുള്ള ഇഷ്ടംകൊണ്ടും അല്ലയൊ അവൻ എല്ലായ്പ്പോഴും നമ്മുടെ ഇടയിൽ വസിക്കുന്നത്? നാം അവനോടു പറവാൻ മടിക്കുന്ന സംഗതികളെപ്പോലും കേൾക്കുന്നതിനു ക്ഷമയോടും നിശബ്ദമായും അവൻ കാത്തിരിക്കുന്നു. നമ്മുടെ മനസ്സിന്

നാം ഒളിച്ചുവയ്ക്കുന്ന സംഗതികളെയും ശ്രദ്ധിച്ചുകേൾക്കുന്നതിന് അവൻ മനസ്സും സന്നദ്ധതയും ഉള്ളവൻ ആകുന്നു. രാത്രികാലങ്ങളും പകൽസമയങ്ങളും തുടർച്ചയായി കഴിഞ്ഞുപോകുന്നു. എന്നിട്ടും വിശുദ്ധ ത്രോണോസിന് സമീപം അവൻ നമ്മെ കാണുന്നില്ല.

ഏറ്റവും പ്രിയപ്പെട്ട യേശുതമ്പുരാനെ! ഞങ്ങൾ ഇനിമേലിൽ നിന്നോടു നന്ദിയില്ലാത്തവരും നിന്നിൽനിന്നു മറഞ്ഞിരിക്കുന്നവരും ആകരുതെ. സ്വസ്തമായിരിക്കുന്നു എന്നു ഞങ്ങൾക്കു തോന്നുന്ന ഞങ്ങളുടെ ആത്മാക്കളെ ഏതെങ്കിലും ഭയങ്കരസംഭവം ഇളക്കിമറിച്ചിട്ട് 'സകലവും നഷ്ടമായല്ലോ ഇനിയുമെങ്കിലും കർത്താവിന്റെ തൃപ്പാദത്തിങ്കൽ എത്താം' എന്നു തോന്നുന്നതുവരെ ഞങ്ങൾ നിന്റെ അടുക്കൽവരുന്നതിന് മടിച്ചിരിക്കുന്നവരാകരുതെ. ഞങ്ങൾ ദിവസവും നിന്റെ അടുക്കൽവന്ന് ദിവസമുള്ള ഞങ്ങളുടെ ജീവിതത്തിന്റെ ചരിത്രത്തെ നിന്റെ മുമ്പാകെ തുറന്നുവയ്ക്കുന്നവരാകേണമെ. നിന്നെ അറിയിക്കാൻ പാടില്ലാത്തവണ്ണം നിസ്സാരമുള്ളതായി യാതൊന്നിനേയും ഞങ്ങൾ കരുതരുതേ! ഞങ്ങൾ സകലവും നിന്റെ അടുക്കൽ വയ്ക്കുന്നവരാകേണമേ. മറ്റുള്ളവർ കേൾക്കാൻ ശ്രദ്ധിക്കാത്ത ഞങ്ങളുടെ ദുഃഖങ്ങളും സന്തോഷങ്ങളും ഞങ്ങൾ നിന്റെ അടുക്കൽ വയ്ക്കുന്നവരാകേണമേ. എത്രയും അധികം സ്നേഹമുള്ള ഒരു മനുഷ്യഹൃദയംപോലും കേട്ടിട്ടു ആലസ്യപ്പെടത്തക്ക ഭയങ്ങളെയും സംശയങ്ങളെയും ഞങ്ങൾ നിന്റെ അടുക്കൽ വയ്ക്കുന്നവരാകേണമെ. എന്നിട്ടു നിന്റെ വിശുദ്ധ പള്ളിയിലെ നിശബ്ദതയിൽ ഞങ്ങളുടെ അപേക്ഷകളെ കേട്ട് ഞങ്ങളുടെ സകല സംശയങ്ങളെയും ഭയങ്ങളെയും തീർക്കേണമേ. ഞങ്ങളുടെ സകലദുഃഖങ്ങളേയും തീർത്ത് ഞങ്ങളെ നീ ആശ്വസിപ്പിക്കേണമേ. പരസ്പരവിരുദ്ധങ്ങളായ ചുമതലകളെ നിർവ്വഹിക്കേണ്ടിവരുമ്പോൾ ഞങ്ങൾ പ്രവർത്തിക്കേണ്ട വഴികളെ തെളിച്ചു കാണിച്ചുതരേണമെ. ഞങ്ങളുടെ ആവശ്യങ്ങളിൽ നിന്നും കഷ്ടതകളിൽനിന്നും നിന്റെ ശ്രദ്ധയെ ആകർഷിക്കാൻ കഴിയുന്ന യാതൊന്നും ഇല്ല. സ്വർഗ്ഗത്തിലുള്ള നിന്റെ സിംഹാസനത്തിന്റെ മഹിമയ്ക്കാകട്ടെ, അതിരില്ലാത്തതായ നിന്റെ കഷ്ടതകളുടെ സ്മരണയ്ക്കാകട്ടെ, നിന്റെ വിശുദ്ധമാതാവിന്റെ ഹൃദയവും നിന്റെ ഹൃദയവും തമ്മിലുള്ള സ്നേഹത്തിന്റെ പകർച്ചയ്ക്കാകട്ടെ, യാതൊന്നിനും ഞങ്ങളുടെ ദുഃഖങ്ങളുടെ ചരിത്രത്തെ കേൾക്കുന്നതിൽനിന്ന് നിന്നെ അകറ്റുവാൻ കഴിയുന്നതല്ല. ഞങ്ങളുടെ ദുഃഖങ്ങളോടൊ അപേക്ഷകളോടൊ അശ്രദ്ധ കാണിക്ക

ത്തക്കവണ്ണം ഇവയ്ക്കു യാതൊന്നിനും നിന്നെ ആകർഷിക്കാൻ കഴിയുന്നതല്ല. പിന്നെയും പിന്നെയും ഞങ്ങൾ നിന്റെ അടുക്കൽവന്നു ഞങ്ങളുടെ കാര്യങ്ങളെ നിന്റെ അടുക്കൽ ആവർത്തിച്ചു പറഞ്ഞാലും അത് നിന്നെ ക്ഷീണിപ്പിക്കയില്ല.

ഞങ്ങൾക്കു ഞങ്ങളിൽ ഉള്ള ശ്രദ്ധയും, സ്നേഹവും, താൽപര്യവും നിങ്ങളുടേതിനേക്കാൾ എത്രയും ആഴമേറിയതായതുകൊണ്ട് ഞങ്ങൾ ദുഃഖം അനുഭവിക്കുന്നു എന്നും ഞങ്ങളുടെ ഹൃദയങ്ങൾ ഞെരുങ്ങുന്നു എന്നും ഉള്ളത് നിന്റെ മുമ്പാകെ ഒരു മഹാവലിയ സംഗതിയാകുന്നു.

ഞങ്ങൾ ഞെരുങ്ങി താഴ്ത്തപ്പെട്ടിരിക്കുമ്പോഴും ഞങ്ങുടെ ജീവിതസർവ്വസ്വമായി ഞങ്ങൾ വിചാരിച്ചിരുന്നതിലുണ്ടായിരുന്ന ഞങ്ങളുടെ ആശ മങ്ങിവാടിപ്പോകുമ്പോഴും മറ്റുള്ളവരോടു വെളിപ്പെടുത്താൻ ഞങ്ങൾക്കു ധൈര്യമില്ലാത്ത വേദനകളും ഞങ്ങളുടെ ആത്മാക്കളെ മരണംവരെ ഞെക്കി ദുഃഖിപ്പിക്കുമ്പോഴും, ഞങ്ങളുടെ ദുഃഖങ്ങളെ മനസ്സിലാക്കി ഞങ്ങളുടെ കഷ്ടതയിലേക്കു പ്രവേശിക്കാൻ കഴിയുന്ന ഒരാളിനെ കണ്ടെങ്കിലോ എന്നു വിചാരിച്ച് വ്യർത്ഥമായി ഞങ്ങൾ അന്വേഷിക്കുമ്പോഴും, ഞങ്ങളുടെ ഹൃദയങ്ങളുടെ ഓരോ ഞരമ്പിനെയും ഞങ്ങളുടെ സകല ദുഃഖങ്ങളെയും, ഞങ്ങളുടെ സ്വഭാവത്തിനു പ്രത്യേകമുള്ള സകല വേദനകളെയും, അറിയുന്നവനും ധാരാളമായി ഞങ്ങളോടുകൂടെ സഹതപിക്കുന്നവനുമായി ഒരുവൻ വിശുദ്ധ ത്രോണോസിന്മേൽ ഉണ്ടെന്നു ഞങ്ങൾ അറിഞ്ഞിരുന്നു എങ്കിൽ എത്ര നന്നായിരുന്നു! കഷ്ടതയുടെയും ദുഃഖത്തിന്റെയും ദിവസങ്ങളിൽ ഞങ്ങൾ നിന്റെ വിശുദ്ധ ത്രോണോസിന്റെ മുമ്പാകെ വന്നു ഒരുവൻ തന്റെ സ്നേഹിതനോടു എന്നപോലെ, ഞങ്ങൾക്കു സഹിക്കാൻ പാടില്ലാത്ത ഭാരങ്ങളെയും ഞങ്ങളുടെ ജീവിതത്തെ നഷ്ടമാക്കുന്ന ദുഃഖങ്ങളെയും, ഞങ്ങളെ ചുറ്റി വളഞ്ഞിരിക്കുന്നതായ ഞങ്ങളുടെ കഷ്ടതകളെയും കുറിച്ചു നിന്നോടു പറഞ്ഞിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു! ഇപ്രകാരം പിന്നെയും ഞങ്ങൾ ചെയ്യുമ്പോൾ അതിൽ നിന്നു ഞങ്ങൾ അനുഭവിക്കുന്ന സൗഖ്യവും ആശ്വാസവും ഞങ്ങൾ സഹിച്ചിട്ടുള്ള സകല കഷ്ഠതകളേയും ധാരാളം പരിഹരിക്കുന്നവയായിരിക്കയില്ലയൊ?

ഞങ്ങൾ എത്ര ബുദ്ധിയില്ലാത്തവരും എത്ര സ്ഥിരതയില്ലാത്തവരും ആകുന്നു. അന്യന്മാരിൽ നിന്നും സ്നേഹം ലഭിക്കുന്നതിനുള്ള

അത്യാശകൊണ്ടു ഞങ്ങളിൽ എത്രപേർ അതിനെ ഒരു അന്യനിൽ നിന്നൊ ഒരു ഭംഗിയുള്ള പക്ഷിയിൽനിന്നൊ സംസാരശക്തിയില്ലാത്ത ഒരു മൃഗത്തിൽനിന്നൊ സ്വീകരിക്കുന്നു! ലോകം അറിയുന്നില്ലാത്തതും, മനുഷ്യഹൃദയത്തിനു തരാൻ കഴിയാത്തതുമായ വഞ്ചനകൂടാത്ത സ്നേഹം നിന്നിൽനിന്നും ഞങ്ങൾക്കു അനുഭവിക്കാൻ കഴിയും. എന്നിട്ടും ഞങ്ങൾ അതിനെ വിലമതിക്കയൊ സ്വീകരിക്കാൻ ശ്രമിക്കയൊ ചെയ്യാതിരിക്കുന്നത് ആലോചനശക്തിയെ കവിയത്തക്കവണ്ണം അത്ര അത്ഭുതകരവും ലജ്ജാകരവുമായിരിക്കുന്നു. എന്നാൽ മേലിൽ ഇപ്രകാരം വരുന്നതല്ല. ഏറ്റവും സത്യവാനും സഹതാപമുള്ളവനുമായ സ്നേഹിതാ ഇനിമേൽ ഞങ്ങൾ നിന്റെ അടുക്കൽ വരും. ഞങ്ങൾ നിന്റെ അടുക്കൽ ഉപയോഗിക്കുന്ന ഭാഷയുടെ ഗുണത്തെ നോക്കാതെ ഞങ്ങളുടെ ഉള്ളിൽ ഉദിച്ചു വരുന്ന എല്ലാ സംഗതികളേയും ഞങ്ങൾ നിന്നോടു പറയും. ഞങ്ങളുടെ ആയുസ്സ് യാതൊരു കളങ്കവും കൂടാതെ ഫലവത്തായതാണെങ്കിലും ഞങ്ങൾ നിന്റെ അടുക്കൽ വരും. എന്തെന്നാൽ അതിൽ നിന്നെപ്പോലെ സന്തോഷിക്കുന്നവൻ വേറെയില്ല. ഞങ്ങളുടെ വിചാരങ്ങളും ഉദ്ദേശ്യങ്ങളും ഞങ്ങളുടെ ശ്രമംകൊണ്ടു ഫലിപ്പിക്കാതിരിക്കുമ്പോഴും ഞങ്ങൾ നിന്റെ അടുക്കൽ വരും. എന്തെന്നാൽ നിന്നേക്കാൾ സത്യസഹതാപം കാണിക്കുന്നവൻ വേറെ ഇല്ല. സ്വൽപകാലത്തേക്കു ഞങ്ങളുടെ ഭവനം വിട്ടുപോകേണ്ടിവരുമ്പോൾ അതിനെയും ഞങ്ങൾക്കടുത്തവരേക്കുറിച്ച് ഞങ്ങൾ ദുഃഖമുള്ളവരായിരിക്കുമ്പോൾ അവരെയും ഞങ്ങൾ നിന്റെ അടുക്കൽകൊണ്ടുവന്നു നിന്നെ ഏല്പിക്കും. എന്തെന്നാൽ നിന്നേക്കാൾ നല്ല സൂക്ഷിപ്പുകാരൻ ഞങ്ങൾക്കുവേറെയില്ല. കലങ്ങി കുഴങ്ങി രക്ഷപെടുവാൻ മാർഗ്ഗം ഇല്ലാതെയുള്ള പ്രയാസങ്ങളെകൊണ്ട് ചുറ്റപ്പെട്ടിരിക്കുമ്പോഴും ഞങ്ങൾ നിന്റെ അടുക്കൽ വരും. എന്തെന്നാൽ നീ ഞങ്ങളെ ആശ്വസിപ്പിക്കും, നിന്റെ സഹായം നിമിത്തം ഏറ്റവും പ്രയാസമുള്ള തടസ്സങ്ങളെ ഞങ്ങൾ ജയിക്കയും ചെയ്യും. ഞങ്ങൾ എന്തെങ്കിലും ഒരു പ്രധാന ജോലി ആരംഭിക്കുമ്പോൾ നിന്റെ അടുക്കൽവരും. എന്തെന്നാൽ നിന്റെ അനുഗ്രഹത്തിനു മാത്രമെ അതിനെ ഫലവത്താക്കാൻ കഴികയുള്ളു. സത്യമുള്ളതും നല്ലതുമായ സഹതാപം നിന്റേതു മാത്രമാകുന്നു. ഞങ്ങൾ ഏതു സ്ഥലത്തു ആയിരുന്നാലും ഏതെങ്കിലും ഒരു പുതിയ സ്ഥലത്തേക്കു ഞങ്ങളുടെ വാസം സ്വല്പകാലത്തേക്കു മാറ്റേണ്ടിവന്നാലും ഞങ്ങൾ ആദ്യം നിന്റെ അടുക്കൽ വരും. കരുണയുള്ള യേശു

തമ്പുരാനെ! ഞങ്ങളുടെ ഹൃദയങ്ങൾ സഹായത്തിനും സ്നേഹത്തിനുമായി ദാഹിച്ചിരിക്കുന്നു. കഷ്ടത സഹിക്കയെന്നുള്ളതിനെക്കാൾ കൈപ്പായി ഞങ്ങൾക്കു തോന്നുന്നത് നിന്നിൽനിന്നു പിരിഞ്ഞു അഗ്നി സഹിക്കയെന്നുള്ളതാകുന്നു. 'നീ ആശ്വസിപ്പിക്കാൻ ഇല്ലാതെ കരയുകയോ ദുഃഖിക്കയോ ചെയ്ക എന്നുള്ള ഏറ്റവും വലിയ പരീക്ഷയിലേക്കു ഞങ്ങളെ നീ പ്രവേശിപ്പിക്കരുതെ' എന്നു വളരെ കഷ്ടതകൾ സഹിച്ചിട്ടുള്ള ഞങ്ങളുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നു ഞങ്ങൾ നിന്നോടു യാചിക്കുന്നു. ഈ ഭയങ്കരസംഭവം എപ്പോൾ എങ്കിലും ഞങ്ങളെ എതിരിടുന്നു എങ്കിൽ അത് ഞങ്ങളുടെ മനഃപൂർവ്വമായ ബുദ്ധിഹീനതയിൽ നിന്നുമാത്രമായിരിക്കും. എന്തെന്നാൽ ഞങ്ങളെ സഹായിക്കണം എന്നുള്ളതിൽ കൂടുതലായ ഒരു ദാനവും, ഞങ്ങളുടെ അപേക്ഷകളെ കേൾക്കണം എന്നുള്ളതിനേക്കാൾ കൂടുതലായി എരിയുന്ന ഒരു ആഗ്രഹവും, ഞങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിച്ചു സൗഖ്യപ്പെടുത്തണം എന്നുള്ളതിനേക്കാൾ കൂടുതൽ സന്തോഷമുള്ള ഒരു ജോലിയും, നിനക്കില്ല എന്നു ഞങ്ങൾ അറിയുന്നു. ആമേൻ.

*(യേശുതമ്പുരാനു നമ്മോടുള്ള സഹതാപത്തെക്കുറിച്ച് ഏതാനും വിനാഴികകൾ ധ്യാനിച്ചു ദൈവവുമായി സംസർഗ്ഗം ചെയ്യണം).*

✵✵✵✵

# 25

# യേശുതമ്പുരാൻ തരുന്ന സൗഭാഗ്യം

പ്രിയപ്പെട്ട യേശുതമ്പുരാനെ ഓരോ ഹൃദയവും സ്വന്തനിലയിൽ ആഗ്രഹിക്കുന്ന പ്രത്യേക സംഗതികൾ ഉണ്ട്. ഞങ്ങൾ എല്ലാവരും സൗഭാഗ്യം അനുഭവിപ്പാൻ ആഗ്രഹിക്കുന്നു. പക്ഷേ ഓരോരുത്തരും ഓരോ വിധത്തിൽ ആയിരിക്കാം ആഗ്രഹിക്കുന്നത്. എന്നാൽ ശൈശവം മുതൽ വാർദ്ധക്യം വരെ ഓരോ ഹൃദയത്തിലും ഉള്ള പ്രധാന ആഗ്രഹം ഇതാകുന്നു.

ചിലർ ധനത്തെ അധികമായി സമ്പാദിക്കുന്നു. ചിലർ തങ്ങളുടെ സമയം മുഴുവൻ ഉല്ലാസോന്മേഷങ്ങളിൽ ചെലവഴിക്കുകയും ചെയ്യുന്നു. മറ്റുചിലർ അക്രമങ്ങളിൽ മുഴുകിയിരിക്കുന്നു. ഇതെല്ലാം വ്യർത്ഥമായ പ്രയത്നവും മനോമോഹനങ്ങളായ സ്വപ്നങ്ങളും മാത്രമാകുന്നു എന്ന് ഒടുവിൽ അവർക്കു മനസിലാകുന്നു. ഞങ്ങൾ ബുദ്ധിയില്ലാത്തവരായിപ്പോയല്ലോ എന്നുള്ള സന്താപസ്വരത്തോടുകൂടിയ വിലാപം ആകുന്നു ഇങ്ങനെയുള്ള ഭഗ്നാശയന്മാരുടെ ഹൃദയത്തിൽനിന്ന് അപ്പോൾ പുറപ്പെടുന്നത്. മായകളുടെ മായസകലവും മായയുമാകുന്നു. യാതൊരു കൊടുങ്കാറ്റിനും അതിനെ നശിപ്പിക്കാൻ കഴിയാത്തതും, യാതൊരു ദുഃഖത്തിനും അതിനെ കൈപ്പാക്കാൻ കഴിയാത്തതുമായ സൗഭാഗ്യം ലോകത്തിൽ ഉണ്ട്. വിലതീരാത്ത ഈ സൗഭാഗ്യത്തെ അനുഭവിക്കണമെന്നു നാം ആഗ്രഹിക്കുന്നു എങ്കിൽ അത് നമ്മുടേതായിത്തീരും.

ഏറ്റവും പ്രിയപ്പെട്ട യേശുതമ്പുരാനെ! സകലവും ഞങ്ങൾക്കു തരുവാൻ നിനക്കു കഴിയുമ്പോൾ നീ ഞങ്ങൾക്ക് എന്തെങ്കിലും തരാതിരിക്കുന്നു എങ്കിൽ ഞങ്ങളുടെ നന്മക്കായിട്ട് മാത്രമാണ് നീ അങ്ങനെ

ചെയ്യുന്നത് എന്ന് അറിഞ്ഞിട്ട് നിന്റെ ജ്ഞാനത്തേയും സ്നേഹ ത്തേയും ഞങ്ങൾ കുമ്പിട്ടു വന്ദിക്കുന്നു. ആകയാൽ കർത്താവെ ഏതെല്ലാം ആത്മാക്കൾ ആണ് ഭാഗ്യമുള്ളവർ എന്നു നീ ഞങ്ങളോടു പറയണമെ, എന്നാൽ ഞങ്ങൾ അവരുടെ പിന്നടിയിൽ നടന്നു അവ രുടെ ദൃഷ്ടാന്തത്തെ അനുകരിക്കും. നിന്നോടു അടുത്തടുത്തു വരു ന്തോറും അവരുടെ മുഖശോഭ വർദ്ധിച്ചുവരുന്ന നിന്റെ പരിശുദ്ധന്മാർ എല്ലാവരും ഈ കാര്യത്തിൽ ഏകാഭിപ്രായമായി ഞങ്ങൾക്കു ബുദ്ധി യുപദേശിക്കുന്നു. ഞങ്ങൾ സ്വയത്തെയോ സൗഭാഗ്യത്തെയോ അന്വേ ഷിക്കാതെ നിന്നെ മാത്രം അന്വേഷിച്ച് യോഗ്യമാംവണ്ണം സേവിക്ക അല്ലാതെ ഞങ്ങൾക്ക് സൗഭാഗ്യം ലഭിക്കുന്നതല്ല എന്നതാണ് അവർ ഉപദേശിക്കുന്നത്. ജീവിതകാലം മുഴുവൻ ഞങ്ങൾ ചുറ്റിത്തിരി യുന്നതിന്റെ കേന്ദ്രസ്ഥാനം നീ ആകുമ്പോൾ അല്ലാതെ ഞങ്ങൾ സൗഭാഗ്യമുള്ളവരാകയില്ല. ലോകത്തെക്കാളും, സൃഷ്ടികളെക്കാളും, സ്നേഹിതന്മാരെക്കാളും, അഖിലാണ്ഡത്തേയും അതിലുള്ള സക ലത്തേയുംകാളും അധികമായും പരമാർത്ഥമായും നിർമ്മലമായും നിന്നെ ഞങ്ങൾ സ്നേഹിക്കുമ്പോൾ ഞങ്ങൾ സൗഭാഗ്യമുള്ളവരാ കും. നിന്റെ ആലയം ലോകത്തിലേക്കു സന്തോഷമുള്ള സ്ഥലമായി ഞങ്ങൾക്കു തീരുമ്പോഴും വിശുദ്ധ ത്രോണോസ് എല്ലായ്പ്പോഴും ഞങ്ങളുടെ കഠിനഹൃദയങ്ങളെ ആകർഷിക്കുന്ന അയസ്കോന്തമായി ത്തീരുമ്പോഴും, കൂദാശകളുടെ പുറമേയുള്ള ക്രിയാ രൂപങ്ങളിൽ മറ ഞ്ഞിരിക്കുന്ന നീ മനുഷ്യമക്കളിൽവച്ച് ഏറ്റവും സൗന്ദര്യവാനാണെ ന്നുള്ള കാഴ്ച ഞങ്ങൾക്കുണ്ടാകുമ്പോഴും, വിശുദ്ധ കുറുബാനയിൽ സംബന്ധിക്കുന്നതും അതിനെ അനുഭവിക്കുന്നതും ലോകത്തിലുള്ള മറ്റ് എല്ലാത്തിനേക്കാളും ഞങ്ങളുടെ ജീവനേയും ആയുസ്സിനേയും രൂപ പ്പെടുത്തുന്ന പ്രധാന സംഭവങ്ങൾ ആയിത്തീരുമ്പോഴും, സമാധാന വും, സന്തോഷവും, സൗഭാഗ്യവും ഞങ്ങളുടേതായിത്തീരും.

മനുഷ്യമനസ്സിന്റെ ആഴത്തിൽ നിന്നു പുറപ്പെടുന്ന ആഗ്രഹങ്ങളെ പൂർണ്ണമായി തൃപ്തിപ്പെടുത്താൻ കഴിയുമെങ്കിൽ ആർക്കാണു സൗഭാഗ്യം അനുഭവിക്കാൻ കഴിയാത്തത്? നമ്മുടെ സ്വഭാവത്തിനു കഴി വുള്ളിടത്തോളം സ്നേഹവും സഹതാപവും നാം അനുഭവിച്ച് അതിൽ ലയിച്ചിരിക്കുന്ന വേദനകളും ദുഃഖങ്ങളും, നിന്ദകളും, സഹിക്കാൻ കഴി യാത്തവൻ ആരാകുന്നു? എന്നാൽ നാം എപ്പോൾ ആഗ്രഹിക്കുന്നുവോ അപ്പോൾ ഈ സൗഭാഗ്യം നമുക്കു അനുഭവിക്കാവുന്നതാകുന്നു. നമുക്കു

വിശുദ്ധ ത്രോണോസിങ്കലേക്കു തിരിഞ്ഞാൽ മാത്രം മതി. എന്തുകൊണ്ടെന്നാൽ നമ്മുടെ ഹൃദയം ആർക്കുവേണ്ടി ഉണ്ടാക്കപ്പെട്ടുവോ ആ ആൾ വിശുദ്ധ കുർബാനയിൽ എഴുന്നെള്ളി അവിടെ ഇരിക്കുന്നു. നമ്മുടെ ഹൃദയം യേശുവിന്റെ ഹൃദയത്തോടു യോജിക്കുന്നില്ല എങ്കിൽ നാം സ്വസ്ഥതയില്ലാത്തവരും നിർഭാഗ്യവാന്മാരും ആയിത്തീരും. യേശു തമ്പുരാൻ യാതൊന്നിനാലും മൗണ്ടു പോകാത്ത ശോഭയുള്ള നക്ഷത്രം ഇതാകുന്നു. അതിന്റെ രശ്മികളുടെ കീഴിൽ നാം വസിക്കുന്നു എങ്കിൽ നമ്മുടെ ആയുസ്സ് ഒരിക്കലും ഇരുട്ടിനെ കാണുകയില്ല. ഒരിക്കലും മാറ്റമില്ലാത്തവനും, ഒരിക്കലും ക്ഷീണമില്ലാത്തവനും, ഒരിക്കലും തെറ്റിധരിക്കാത്തവനുമായ സ്നേഹതിൻ ഇവിടെയാകുന്നു ഉള്ളത്. ലോകവും സൃഷ്ടികളും എത്രത്തോളം നമ്മെ കുറ്റംവിധിച്ചു തള്ളുന്നുവോ അത്രത്തോളം അധികം അവന്റെ സ്നേഹം പ്രത്യക്ഷമായി നമ്മുടെമേൽ അവൻ വർഷിപ്പിക്കും. ഇവിടെ, ഇവിടെ മാത്രം, അതായത് ദൈവമാകുന്ന യേശുതമ്പുരാനിൽ മാത്രം, നാം ദാഹിച്ചു അന്വേഷിക്കുന്ന സമാധാനവും സ്വസ്ഥതയും സൗഭാഗ്യവും നമുക്കു കാണാൻ കഴിയും. ദൈവത്തിന്റെ പരിശുദ്ധന്മാരെ സന്തോഷചിത്തരാക്കിത്തീർത്ത സൗഭാഗ്യാവസ്ഥയുടെ പ്രധാന രഹസ്യം ഇതാകുന്നു. രക്തസാക്ഷിക്കാരനും പുണ്യവാനുമായ ഒരു പാശ്ചാത്യപരിശുദ്ധൻ (ലാറൻസ്) അഗ്നികൊണ്ടു പഴുത്ത ഇരുമ്പുപാത്രം മുള്ളുകളില്ലാത്ത പൂക്കളെക്കൊണ്ടു വിരിച്ച ഒരു മെത്തയായിട്ടും, തിളയ്ക്കുന്ന വെള്ളം സുഖപ്രദമായ സ്നാനമായിട്ടും തോന്നിയതിന്റെ പ്രധാന രഹസ്യവും ഇതാകുന്നു. 'നിന്റെ കൂടാരത്തിലെ ഒരു ദിവസം ആയിരം ദിവസങ്ങളെക്കാൾ നല്ലതാകുന്നു' എന്നു ദാവീദ് പാടിയതിന്റെയും 'നിന്നെ സ്നേഹിക്കാൻ ഞങ്ങളോടു കല്പിക്കയും എന്നിട്ട് ഒരു ഹൃദയം മാത്രം; ഇത്ര ചെറുതായ ഒരു ഹൃദയം മാത്രം നീ ഞങ്ങൾക്കു തരികയും ചെയ്തതു കൊണ്ടാകുന്നു' എന്നു വേറൊരു പരിശുദ്ധൻ (ഫ്രാൻസിസ്) വിളിച്ചുപറഞ്ഞതിന്റെയും പ്രധാന രഹസ്യം ഇതുതന്നെയാകുന്നു. ഇതു സത്യമാണെങ്കിൽ നല്ലവരും ഭക്തിയുള്ളവരുമായ അനേകം പേർ ദുഃഖിതന്മാരായും നികൃഷ്ടന്മാരായും കാണപ്പെടുന്നതിന്റെയും, വിശുദ്ധ ത്രോണോസിങ്കലെ ആരാധകന്മാരിൽ ചുരുക്കം പേർ മാത്രം വാസ്തവത്തിൽ സൗഭാഗ്യാനുഭവസ്ഥന്മാരായി കാണപ്പെടുന്നതിന്റെയും, കാരണം എന്താകുന്നു. അവർ യേശുതമ്പുരാനെ ബാഹ്യമായും മന്ദബുദ്ധിയോടും അഗണ്യതയോടുംകൂടെ സ്നേഹിക്കയും അവരുടെ

ധനത്തോടൊ, സ്നേഹിതന്മാരോടൊ ബന്ധുക്കളോടൊ അവർ കാണിക്കുന്നതുപോലെയുള്ള ശ്രദ്ധ ദൈവത്തോട് അവർ കാണിക്കാതിരിക്കയും ചെയ്യുന്നതാകുന്നു ഇതിന്റെ കാരണം. എന്നാൽ അവരുടെ മനോരാജ്യത്തിലെ സൃഷ്ടികളോട് അതായതു അവരുടെ ആഗ്രഹങ്ങളോടു അവർ കാണിക്കുന്നപോലുള്ള സ്നേഹവും വിശ്വസ്ഥതയും യേശുതമ്പുരാനോടു അവർ കാണിച്ചിരുന്നു എങ്കിൽ, അവർ ഇതിനു മുമ്പ് അനുഭവിച്ചിട്ടില്ലാത്തതുപോലെയുള്ള സൗഭാഗ്യവും ലോകവാസികൾ അറിഞ്ഞിട്ടില്ലാത്തതുപോലെയുള്ള സന്തോഷവും അവർ അനുഭവിക്കുമായിരുന്നു.

ആകയാൽ നമ്മുടെ ആയുഷ്ക്കാലം മുഴുവൻ നാം വ്യർത്ഥമായി അന്വേഷിച്ച സൗഭാഗ്യത്തെ, യേശുതമ്പുരാനെ സ്നേഹിക്കുന്നതിലും സേവിക്കുന്നതിലും കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്വാനായി നമുക്ക് അവന്റെ അടുത്തു ചെല്ലാം.

അല്ലയോ ദൈവത്തിന്റെ പരിശുദ്ധന്മാരെ ഞങ്ങളുടെ ഹൃദയങ്ങളെ മറ്റു യാതൊന്നും ആകർഷിക്കാതിരിക്കുന്നതിനുവേണ്ടി വിശുദ്ധ ത്രോണോസിനോടു ചേർത്തു ബന്ധിക്കേണേ. യാതൊരു പരീക്ഷയും ഞങ്ങളെ അവിടെനിന്നു നിന്നു അകറ്റാതിരിക്കുന്നതിനുവേണ്ടി ബലഹീനതയുള്ള ഞങ്ങളുടെ ആത്മാക്കളെ അവിടെ വസിക്കുന്നവന്റെ സ്നേഹത്തോടു നിങ്ങൾ യോജിപ്പിക്കേണമേ. നിങ്ങളുടേതുപോലെ വിശ്വസ്ഥതയുള്ള ദൈവസ്നേഹം ഞങ്ങളിലേക്കു നിങ്ങൾ പകരേണമേ, അപ്പോൾ ഞങ്ങൾ സൗഭാഗ്യമുള്ളവരാകും. പ്രിയ യേശുതമ്പുരാനെ! നീ ആഗ്രഹിക്കുന്നതുപോലെ നിന്നെ സേവിക്കാനും, നഷ്ടത്തെ ഓർക്കാതെ നിനക്കുവേണ്ടി എന്തുംകൊടുക്കാനും, മുറിവുകളെ വിചാരിക്കാതെ നിനക്കുവേണ്ടി യുദ്ധം ചെയ്വാനും, സ്വാർത്ഥത വിചാരിക്കാതെ നനക്കുവേണ്ടി വേല ചെയ്വാനും പ്രതിഫലം ആവശ്യപ്പെടാതെ നിനക്കുവേണ്ടി പ്രയത്നിക്കാനും, ഒന്നിനേയും വകവെക്കാതെ ഞങ്ങളെ മുഴുവനായി നിന്റെ തൃക്കൈകളിൽ ഭരമേല്പിക്കാനും, നിന്റെ കൂടാരത്തിൽ നിന്നു ഞങ്ങളെ നീ പഠിപ്പിക്കേണമെ. സൗഭാഗ്യമനുഭവിക്കണമെന്നുള്ള ഞങ്ങളുടെ ആശയും അതിനായി ഞങ്ങൾ ചെയ്ത ശ്രമങ്ങളും ഞങ്ങളെ ചതിച്ച മായക്കാഴ്ചമാത്രം ആകയാൽ അവയെ നിന്റെ വിശുദ്ധ ത്രോണോസിങ്കൽവച്ച് ഉപേക്ഷിക്കാൻ കർത്താവെ! നീ ഞങ്ങളെ അനുവദിക്കേണമേ. നിന്നിൽനിന്നു പുറ

പ്പെടുന്നതല്ലാതെ വേറെ സൗഭാഗ്യമില്ലെന്ന് നീ ഞങ്ങളെ ധരിപ്പിക്കണമേ. എന്നാൽ ഇനിമേലിൽ നിന്നെ സ്നേഹിക്കണമെന്നും സേവിക്കണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു. അങ്ങനെ ചെയ്യുന്നതുകൊണ്ടു ഞങ്ങൾക്കു സൗഭാഗ്യമനുഭവിക്കാം എന്നുള്ളതുകൊണ്ടല്ലാ എന്നാലോ ഞങ്ങളുടെ പ്രമഭാജനമാകുന്ന നിന്നെ ഓർത്തിട്ടു മാത്രമാകുന്നു ഞങ്ങൾ അങ്ങനെ ആഗ്രഹിക്കുന്നത്. ആകയാൽ ഞങ്ങളുടെ ശിഷ്ടായുസ്സും, കൈപ്പായാലും മധുരമായാലും അതിലെ എല്ലാ സംഭവങ്ങളും നിന്നിൽനിന്നു ഞങ്ങൾ സ്വീകരിക്കുന്നു. ഇതുവരെയുള്ള ഞങ്ങളുടെ ജീവിതം ഞങ്ങൾക്കു സൗഭാഗ്യം അനുഭവിക്കണമെന്നുള്ള സ്വാർത്ഥതല്പരതയാൽ, മലിനപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥനകളിലും, നല്ലപ്രവൃത്തികളിലും, കുർബാനകളിലും അതിന്റെ രേഖ കലർത്തപ്പെട്ട് അവയെ എല്ലാം അത് മലിനപ്പെടുത്തിയിട്ടുണ്ട്. ഞങ്ങളുടെ ഓരോ കർത്തവ്യകർമ്മവും നിന്നിൽനിന്ന് വരുന്നതാകകൊണ്ട് അതു കൈപ്പാണോ മധുരമാണോ എന്ന് ആലോചിക്കാതെ ഞങ്ങൾ അതിനെ സ്വീകരിക്കും. ഞങ്ങളുടെ മുമ്പാകെ നീ തുറന്നുകാണിക്കുന്ന ഓരോ പുതിയ പാതയിലേക്കും ഞങ്ങൾ സഞ്ചരിക്കും. അതു ഇടുക്കമുള്ളതാണൊ സന്തോഷിപ്പിക്കുന്നതാണൊ ക്ഷീണിപ്പിക്കുന്നതാണൊ മുള്ളുകൾ ഉള്ളതാണൊ എന്നൊന്നും അന്വേഷിക്കാതെ ഞങ്ങൾ തൃപ്തിപ്പെടും. ഞങ്ങളുടെ കണ്ണുകൾ നിന്റെ കൂടാരത്തിലേക്ക് ഉയർത്തിയും കൊണ്ടു ഞങ്ങൾ നിന്നെ സേവിക്കും, എന്തെന്നാൽ ഞങ്ങൾ അപ്രകാരം ചെയ്യണം എന്നുള്ളത് നിന്റെ ഇഷ്ടമാകുന്നു. ഞങ്ങളോടുകൂടെ വസിക്കുന്നതിനായി നീ സ്വർഗ്ഗത്തെ ഉപേക്ഷിച്ചതുകൊണ്ടു ഞങ്ങൾ അതിനു തക്കവണ്ണം നിന്നോടും പ്രവൃത്തിക്കേണ്ടതാകുന്നു. കൊടുങ്കാറ്റുപോലെ ഞങ്ങളുടെ ചുറ്റും വന്നുകൂടുന്ന പ്രയാസങ്ങളിലും പരീക്ഷകളിലും ഞങ്ങളുടെ കപ്പലിന്റെ നിലയെ ഉറപ്പിച്ചു ഞങ്ങൾക്കു നിർഭയവും സ്വസ്ഥതയും പ്രാപിക്കാനുള്ള നങ്കൂരം നിന്റെ ഇഷ്ടം മാത്രമാകുന്നു.

ഏറ്റവും പ്രിയ യേശുവെ! നിന്റെ നല്ല ദാനങ്ങളെ ഓർത്തിട്ടല്ല എന്നാലോ നിന്റെ സ്നേഹത്തെ ഓർത്തിട്ടു ധൈര്യത്തോടുകൂടെ നിന്റെ അടുത്തു ഇരിപ്പാൻ നീ ഞങ്ങൾക്കു സഹായിക്കേണമെ. നിന്റെ സ്നേഹത്തെ ഓർത്തും അതിനുപകരമായി നിന്നെ സ്നേഹിപ്പാൻ ഞങ്ങൾ അനുവദിക്കപ്പെടണം എന്നു വിചാരിച്ചും ഞങ്ങൾ നിന്നെ സേവിക്കുന്നവരാകേണമെ. ഞങ്ങൾ നിന്റെ ത്രോണോസിനു അടു

ത്തുവരികയും വിശുദ്ധകുർബാനയിലുള്ള നിന്റെ സാന്നിദ്ധ്യത്തിൽ ഞങ്ങൾ ലയിക്കയും ചെയ്യേണമെ. പരിശുദ്ധ കൂദാശയാകുന്ന വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിലും, അതിനെ അനുഭവിക്കുന്ന തിലും നിന്നോടുള്ള സ്നേഹംകൊണ്ടു ഞങ്ങളുടെ ആത്മാക്കളെ നീ നിറയ്ക്കേണമെ. എന്നിട്ടു ഞങ്ങൾ ഞങ്ങളെത്തന്നെയും ഞങ്ങൾക്കു സൗഭാഗ്യം അനുഭവിക്കണമെന്നുള്ള വിചാരത്തെയും മറ ന്നുകഴിയുമ്പോൾ ഞങ്ങൾ സൗഭാഗ്യം അനുഭവിക്കുന്നവരാകും. അ തിരില്ലാത്തവണ്ണം നിക്ഷേപത്തെ അതിരില്ലാതെ സ്നേഹത്തോടുകൂടെ ദാനം ചെയ്യുന്ന നീ, ഇപ്പോൾ ഞങ്ങളിൽനിന്നു മനസ്സുകേടായി പിൻവ ലിച്ചിരിക്കുന്നതും, ഇതേവരെ ഞങ്ങൾ വ്യർത്ഥമായി അന്വേഷിച്ചതു മായ സമാധാനത്തേയും സൗഭാഗ്യത്തേയും അപ്പോൾ ഞങ്ങൾക്കു തരും. അപ്പോൾ അവ ഞങ്ങൾക്ക് ഇഷ്ടവും, വിലയും ഉള്ളവരായിരി ക്കം, എന്തെന്നാൽ അവ നിന്നിൽനിന്ന് വരുന്നവയാകുന്നു. ആമേൻ.

*(സൗഭാഗ്യമനുഭവിക്കാനുള്ള സത്യവഴിയെക്കുറിച്ച് ധ്യാനിച്ച് ഏതാനും വിനാഴികകൾ ദൈവവുമായി സംസർഗ്ഗം ചെയ്യണം).*

✵✵✵✵

## 26

# യേശുതമ്പുരാനോടുള്ള സംയോജിപ്പ്

ഏറ്റവും പ്രിയപ്പെട്ട യേശുതമ്പുരാനെ! ഞങ്ങളുടെ ഹൃദയം ഒന്നിനോടും യോജിക്കാതിരിക്കുമ്പോഴും അല്ലെങ്കിൽ സൃഷ്ടികളോടുമാത്രം യോജിച്ചിരിക്കുമ്പോഴും അത് എത്ര നിഷ്പ്രയോജനമാകുന്നു! എല്ലാവരും അത് അറിയുന്നുണ്ട്. ഞങ്ങളുടെ എല്ലാവരുടെയും ആയുസ്സിന്റെ ശ്രമം എന്തിനോടു സംയോജിപ്പിച്ചു അതിനെ പ്രയോജനമുള്ളതാക്കേണ്ടു എന്നാകുന്നു. തങ്ങൾക്ക് ആശ്രയിക്കുന്നതിനുള്ള ശക്തിയും, വിശ്വസിക്കുന്നതിനുള്ള സത്യവും കാണുന്നതിനായി ചിലർ തങ്ങളേക്കാൾ ഉയർന്നിരിക്കുന്നവരെ നോക്കുന്നു. വാങ്ങുന്നതിനേക്കാൾ അധികം നല്ലതു കൊടുക്കുന്നതാണെന്നു വിചാരിക്കുന്ന മറ്റുചിലർ ബലഹീനതയെ രക്ഷിക്കുന്നതിനും നിസ്സഹായത്വത്തെ സഹായിക്കുന്നതിനുംവേണ്ടി തങ്ങളേക്കാൾ താഴ്മയിൽ ഇരിക്കുന്നവരെ നോക്കുന്നു. ഞങ്ങളുടെ ഹൃദയം യോജിക്കേണ്ടതിനോട് അതിനെ യോജിപ്പിച്ചിട്ട് ഞങ്ങളുടെ ഹൃദയത്തിന്റെ നിഷ്പ്രയോജനത്വത്തെ നീക്കണമെന്നു ഞങ്ങൾ എല്ലാവരും ആഗ്രഹിക്കുന്നു.

ഞങ്ങൾ ആശ്രയിച്ചിരുന്ന ശക്തി വെറും ഞാങ്ങണ മാത്രമായിരുന്നു എന്നും, ഞങ്ങൾ വിശ്വസിച്ചിരുന്ന സത്യം കളവും ചതിവും ആയിരുന്നു എന്നും ഞങ്ങൾ ആസ്വദിച്ചിരുന്ന സ്നേഹം യാതൊരു ശത്രുവിനുപോലും കൊടുക്കാത്ത ഭയങ്കരവിഷമായിരുന്നു എന്നും, എത്ര പ്രാവശ്യം ഞങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുണ്ട് നിനക്കുമാത്രം, തൃപ്തിപ്പെടുത്താൻ കഴിയുന്ന ഞങ്ങളുടെ ഹൃദയത്തിന്റെ സംയോജിപ്പിനുവേണ്ടിയുള്ള അന്വേഷണത്തിൽ മാസങ്ങൾ എന്നല്ല; വർങ്ങൾ എന്നല്ല, ഞങ്ങളുടെ ആയുസ്സ് മുഴുവനും ഇതാ ഞങ്ങൾ ചെലവഴിച്ചിരിക്കുന്നു.

ഞങ്ങളുടെ പ്രേമഭാജനമയ കർത്താവെ! ഞങ്ങളുടെ മേൽ ദയ തോന്നി ഞങ്ങളുടെ ആത്മാവിന്റെ പരമാർത്ഥതയിൽ ഞങ്ങൾ നിന്നോടു ചെയ്യുന്ന അപേക്ഷകളെ നൽകണമേ. മറ്റുള്ള സകലവും മാഞ്ഞുപോകത്തക്കവിധത്തിൽ നിന്റെ മഹിമ നിന്റെ കൂടാരത്തിൽ നിന്നും ഞങ്ങളുടെ മേൽ ശോഭിക്കുന്നതിനു നീ അനുവദിക്കണമേ. ഞങ്ങൾ പലപ്പോഴും മാറ്റിവച്ചിട്ടുള്ള ഞങ്ങളുടെ ആശാബന്ധം നീയാകുന്നു. സ്വപ്നമാകുന്നോ എന്നു ഞങ്ങൾ സംശയിക്കാൻ ഭാവിച്ചിട്ടുള്ള പരമസത്യം നീയാകുന്നു. ജീവിതത്തെ മധുരിപ്പിക്കുന്നതും മരണത്തെ സന്തോഷമുള്ളതാക്കുന്നതുമായ രഹസ്യം നീയാകുന്നു. കലങ്ങിയിരിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ സമാധാനപ്പെടുത്താൻ കഴിയുന്ന സ്നേഹിതൻ നീയാകുന്നു. സർവ്വശക്തന് വസിക്കുന്നതിന് ഉണ്ടാക്കപ്പെട്ടിട്ടുള്ള ഞങ്ങളുടെ ഹൃദയത്തിന്റെ നിഷ്പ്രയോജനത്തെ നിന്റെ സംയോജിപ്പുമൂലം നീക്കം ചെയ്വാൻ കഴിയുന്നവൻ നീയാകുന്നു. ഇതെല്ലാം ഞങ്ങൾ ഏറ്റുപറഞ്ഞു സമ്മതിക്കുന്നു.

ഇവിടെ ഈ വിശുദ്ധ മദ്ബഹായുടെ മുമ്പിൽ നിന്റെ കൂടാരത്തിൽ വസിക്കുന്നതു ഞങ്ങൾക്കു നല്ലതാകുന്നു. എന്തുകൊണ്ടെന്നാൽ യാതൊരു മാറ്റവും വരാത്തതായ സത്യവും, ശക്തിയും, സ്ഥിരതയും സ്നേഹവും ഇവിടെ വിശുദ്ധ ത്രോണോസിന്മേൽ ഉണ്ട്. ഞങ്ങളുടെ സകല ആശകളുടെയും നിവൃത്തി ഇവിടെ ആകുന്നു. ഞങ്ങളുടെ ഹൃദയത്തിനു ആവശ്യമുള്ള സംയോജിപ്പിനെ ഇവിടെ മാത്രമെ ലഭിക്കാൻ ഞങ്ങൾക്കു കഴികയുള്ളു. വിശുദ്ധ ത്രോണോസിൽ ഉള്ള നിന്റെ മുഖം ഞങ്ങളുടെമേൽ പ്രകാശിക്കയും സമാധാനം നിറഞ്ഞ സന്തോഷം ഞങ്ങളുടെ ഹൃദയം മുഴുവൻ വ്യാപിക്കയും ചെയ്യുന്ന ആ സ്ഥലത്ത് നിന്നോടുകൂടെ ചെലവഴിക്കുന്ന ഒരു ദിവസം മനുഷ്യരുടെ കൂടാരത്തിൽ ചെലവഴിക്കുന്ന ആയിരം സംവത്സരങ്ങളേക്കാൾ അധികം ഞങ്ങൾക്കു നല്ലതാകുന്നു.

യേശുതമ്പുരാനേ ഞങ്ങൾ ഇതിനെ ഒരിക്കലും മറക്കാൻ നീ സമ്മതിക്കരുതേ! നിന്നെ ഒഴിച്ചിട്ടു നിന്റെ സൃഷ്ടികളെ കൊണ്ടുമാത്രം ഞങ്ങളുടെ ഹൃദയത്തിന്റെ നിഷ്പ്രയോജനത്വത്തെ നീക്കാൻ ഉള്ള ശ്രമത്തിൽ ഞങ്ങൾക്കു നേരിടാവുന്ന കഷ്ടതകളെയും ഞെരുക്കങ്ങളേയും ഞങ്ങൾ ഒരിക്കലും മറക്കാൻ നീ സമ്മതിക്കരുതേ! ഒരു വിനാഴിക പോലും നീ ഞങ്ങളുടെ ഹൃദയത്തിൽ ഇല്ലാതിരിക്കരുതേ!

ഞങ്ങളുടെ ഹൃദയത്തിനു ആവശ്യമുള്ള സംയോജിപ്പിനെ ഉണ്ടാക്കുന്നതിനായി നിന്നിൽകൂടെയല്ലാതെ എന്തുമാത്രം ശ്രമങ്ങൾ ഞങ്ങൾ

ചെയ്തുകഴിഞ്ഞിരിക്കുന്നു. സഭയുടെ മല്പാന്മാർ അവരുടെ പഠനത്തിനു ചെലവഴിച്ചിട്ടുള്ളതിനേക്കാൾ അധികസമയവും നിന്റെ പരിശുദ്ധന്മാർ ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്കു സങ്കല്പ ശക്തി സഞ്ചരിച്ചിട്ടുള്ളതിനേക്കാൾ ശക്തിമത്തായ മനോവിചാരങ്ങളും, നിന്റെ രക്തസാക്ഷിക്കാർ മരണത്തെ എതിരിടുന്നതിൽ കാണിച്ചിട്ടുള്ളതിനെക്കാൾ കുലുക്കമില്ലാത്ത വിശ്വസ്ഥതയും, നിനക്കുവേണ്ടി ചെലവഴിച്ചിരുന്നു എങ്കിൽ കൊള്ളാമായിരുന്നു എന്നു ഞങ്ങൾക്കു തോന്നത്തക്കവിധത്തിൽ അത്ര സത്യമുള്ളതും ആഴമുള്ളതുമായ സ്നേഹവും ഈ ശ്രമത്തിൽ ഞങ്ങൾ പാഴായി ചെലവഴിച്ചിരിക്കുന്നു. ഇതിൽ പത്തിൽ ഒരംശംകൊണ്ടു ഞങ്ങൾക്കു നിന്നെ ലഭിക്കാമായിരുന്നപ്പോൾ ഈ ശ്രമങ്ങൾ കൊണ്ട് ഞങ്ങൾക്കു ലഭിച്ചിട്ടുള്ളത് എന്ത് ആകുന്നു? പ്രിയപ്പെട്ട യേശുതമ്പുരാനെ ഒന്നും തന്നെ ഞങ്ങൾക്കു ലഭിച്ചിട്ടില്ല. ഞങ്ങളുടെ സ്വർണ്ണമെന്നു കരുതിയിരുന്ന നീർപോള ഇതാ പൊട്ടിയിരിക്കുന്നു. നിരാശയുടെ തുള്ളിയല്ലാതെ മറ്റൊന്നും അതിൽനിന്നു ശേഷിച്ചിട്ടില്ല. ഞങ്ങളുടെ ശക്തികൾ എല്ലാം വ്യർത്ഥമായി ചെലവഴിച്ചല്ലോ എന്ന് ഓർത്ത് ഞങ്ങൾ ദുഃഖിക്കുന്നു. എന്നാൽ മുഴുവനും വ്യർത്ഥമായിട്ടില്ല. എന്തെന്നാൽ നിന്നെ ഒഴിച്ചാൽ മറ്റെല്ലാം വ്യർത്ഥമായ നിരാശയാണെന്നുള്ള ബോധവും അറിവും ഞങ്ങൾക്കുണ്ടായിരിക്കുന്നു. ഈ ലോകത്തിലെ സുഖവും വരുവാനിരിക്കുന്ന ലോകത്തിലെ രക്ഷയും മാത്രമല്ല, എന്നാലൊ സാക്ഷാൽ സത്യമായ ഞങ്ങളുടെ സന്തോഷം മുഴുവൻ ഇവിടെ ത്രോണോസിൽ നിന്റെ കൂടാരത്തിൽ അതായത് ഞങ്ങളുടെ പ്രേമഭാജനമാകുന്ന നിന്നിൽ ആണ് സ്ഥിതിചെയ്യുന്നത് എന്നുള്ള ആത്മജ്ഞാനവും ഞങ്ങൾക്കു ലഭിച്ചിരിക്കുന്നു.

സ്നേഹിതന്മാരിൽവച്ചു ഏറ്റവും അടുത്തവനും, ബന്ധുക്കളിൽവച്ച് ഏറ്റവും സത്യമുള്ളവനുമെ! ഞങ്ങൾ നിന്റെ സൂക്ഷിപ്പിൽ ഇരിക്കുന്നവരാകണമെ! അതു (നിന്റെ മടി) ഞങ്ങളുടെ സത്യമുള്ള ഭവനമാകുന്നു എന്നും അവിടെ മാത്രമെ ഞങ്ങൾക്കു സൗഭാഗ്യമുള്ളവരായിരിക്കാൻ കഴികയുള്ളു എന്നും ഞങ്ങൾ പഠിക്കേണമെ.

ഞങ്ങളുടെ ഹൃദയങ്ങൾ ഏറ്റവും അടുത്തു നിന്നോടു സംയോജിക്കപ്പെടണമെ എന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. സ്വയസ്നേഹം, ധനം, ഉന്മേഷം, ഏറ്റവും അടുത്ത സ്നേഹിതൻ ഏറ്റവും അടുത്ത ബന്ധു ഇങ്ങനെ ഭൗമികമായ യാതൊന്നിനോടും ഞങ്ങളുടെ ഹൃദയം യോജിക്കുന്നതിനേക്കാൾ അധികം സ്ഥിരമായും

സത്യമായും നിന്റെ ഹൃദയത്തോടു യോജിക്കണമെ. യാതൊന്നിനും അതിനെ മലിനപ്പെടുത്താനൊ, ഇരുട്ടാക്കാനൊ, കഴിയാത്തവണ്ണം നീ ഞങ്ങൾക്കു നിന്നോടുള്ള സംയോജിപ്പ് അത്ര പൂർത്തിയാക്കണമെ. 'ഇപ്പോൾ ഞാൻ ജീവിക്കുന്നു, എന്നാൽ ഞാൻ അല്ല ക്രിസ്തു അത്രെ എന്നിൽ ജീവിക്കുന്നത്' എന്നു വിശുദ്ധ പൗലോസ്ശ്ലീഹായോടു കൂടെയും 'ദൈവത്തിലും ദൈവത്തിനുവേണ്ടിയും അല്ലാത്ത ഒരു ഒറ്റ ചരടു എന്റെ സ്നേഹബന്ധത്തിൽ ഉണ്ടെന്നു ഞാൻ അറിഞ്ഞിരുന്നു എങ്കിൽ തൽക്ഷണം ഞാൻ അതിനെ മുറിച്ചുകളയുമായിരുന്നു' എന്ന് വേറൊരു പരിശുദ്ധനോടുംകൂടെയും പറയാൻ തക്കവണ്ണം നിന്നോട് അത്ര പൂർണ്ണമായുള്ള സംയോജിപ്പു ഞങ്ങൾക്കു തരേണമേ. എന്തെന്നാൽ ഞങ്ങളുടെ ഹൃദയത്തിന്റെ അടിയിൽനിന്നു എപ്പോഴും പുറപ്പെട്ടുകൊണ്ടിരിക്കുന്നതായ ആ ആഗ്രഹത്തെ ഇപ്രകാരമുള്ള സംയോജിപ്പുകൊണ്ടല്ലാതെ തൃപ്തിപ്പെടുത്തുവാൻ ഒരിക്കലും കഴിയുന്നതല്ല. അങ്ങനെ തൃപ്തിപ്പെടുത്തുമ്പോൾ മാത്രമേ ഞങ്ങൾക്കു സത്യമായ സൗഭാഗ്യമനുഭവിക്കാൻ കഴികയുള്ളു.

കർത്താവു സാക്ഷാൽ മധുരിപ്പിക്കുന്നവനാകുന്നു എന്നു സത്യമായി അനുഭവിച്ചറിയുന്നതിനു ഉപയുക്തമായ സൗഭാഗ്യത്തിൽ ചെലവഴിക്കുന്ന ഒരു വിനാഴിക അത്ര വിലയുള്ളതാകുന്നു എങ്കിൽ നിന്നെ എന്നെന്നേക്കുമായി ഞങ്ങൾക്കു ലഭിക്കുന്നതിന്റെ ഫലമെന്തായിരിക്കും? ലോകത്തിൽവച്ചുള്ള പ്രതിഫലം ഇപ്രകാരമായിരുന്ന എങ്കിൽ ഞങ്ങൾക്കു വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള നിത്യതയുടെ മുടി ഏതുപ്രകാരമിരിക്കും? ഏറ്റവും പ്രിയപ്പെട്ട യേശുതമ്പുരാനെ നിന്റെ വാഗ്ദാനം ഇപ്രകാരമിരിക്കുന്നു എങ്കിൽ സ്വർഗ്ഗത്തിൽ ഞങ്ങളുടെ ആത്മാക്കൾക്കു നിന്നോടുള്ള പൂർണ്ണമായ സംയോജിപ്പു ഏതുപ്രകാരമായിരിക്കും?

*(യേശുതമ്പുരാനിൽ നിന്നു ഒഴികെ ലോകത്തിനാകട്ടെ സൃഷ്ടികൾക്കാകട്ടെ നമ്മെ തൃപ്തിപ്പെടുത്താൻ കഴിയുകയില്ല എന്നു ഏതാനും വിനാഴികകൾ മനസ്സിൽ ഉറപ്പിച്ചു ദൈവവുമായി ഒരു സംസർഗ്ഗം ചെയ്ക.)*

✲✲✲✲

# 27

# മനോവിചാരം

ഗർഭിണിയായ വിശുദ്ധ കന്യകമറിയാമും നീതിമാനായ വിശുദ്ധ യൗസേപ്പും ബേത്‌ലഹേമിലേക്കു യാത്ര ചെയ്കയും, വ്യർത്ഥമായി അവർ ഒരു ഭവനത്തിന്റെ വാതിൽക്കൽ ചെന്നുമുട്ടുകയും ചെയ്തിട്ടു ലോകത്തിന്റെ രക്ഷിതാവിനെ ശീതമായ പശുക്കൂട്ടിൽ വൈക്കോലിന്റേമേൽ കിടത്തേണ്ടിവന്ന ആ കാലത്തും നാം ജീവിച്ചിരുന്നു എങ്കിൽ, നമ്മുടെ ഭവനത്തിൽ ഏറ്റവും സൗകര്യമുള്ള സ്ഥലം നാം അവർക്കു കൊടുക്കുമായിരുന്നു എന്നു മനസുകൊണ്ടു നാം വിചാരിക്കുന്നു. അതിനു നമുക്ക് കഴിവില്ലായിരുന്നു എങ്കിൽ നമുക്കുള്ള സകലത്തേയും നഷ്ടപ്പെടുത്തിയിട്ടെങ്കിലും മനുഷ്യരുടെ ഇടയിൽ ഉള്ള ദൈവത്തിന്റെ വാസസ്ഥലം കൂടുതൽ സുഖവും സൗകര്യവുമുള്ളതാക്കി നാം തീർക്കുമായിരുന്നു എന്നു നാം വിചാരിക്കുന്നു. നമ്മുടെ ഓരോ ഞരമ്പുകളിൽകൂടെയും ഞൊഴഞ്ഞുകേറുന്ന ശീതക്കാറ്റിനേയും, അഗ്നിലേശംപോലും ഇല്ലാത്ത പുൽക്കൂടിനേയും വകവെക്കാതെ സർവ്വലോകത്തിന്റേയും രക്ഷിതാവു നമുക്കുവേണ്ടി തണുപ്പുകൊണ്ടു കിടുകിടുത്തു കിടക്കുന്ന തന്റെ വാസസ്ഥലമായ പുൽക്കൂട്ടിനെ രാത്രിതോറും മുട്ടുകുത്തി നിന്നുകൊണ്ടു നാം കാവൽക്കാക്കുമായിരുന്നു എന്നും നസറേത്തിൽ ജീവിക്കയും യേശുതമ്പുരാൻ പാർത്തിരുന്ന കുടിലിനെ നോക്കിക്കൊണ്ടിരിക്കയും, അവന്റെ തൃപ്പാദങ്ങൾ ചവുട്ടിനടന്ന മണ്ണിനെ വാരിസൂക്ഷിക്കയും അവന്റെ തൃപ്പാദത്തിങ്കൽ ഇരിക്കയും, അവന്റെ തിരുവായിൽ നിന്നു പൊഴിയുന്ന വാക്കുകളെ ശ്രദ്ധിക്കയും, ചെയ്യുന്നതു സ്വർഗ്ഗസമാനമായിരുന്നു എന്നും ഇപ്രകാരം ഒക്കെചെയ്യുന്നതിൽ എത്ര രാത്രിയും പകലും ചെലവഴിച്ചാലും അതുപോരാ

എന്നു തോന്നുകയേ ഉള്ളു എന്നും ഇങ്ങനെ ചെയ്യുന്നതിൽനിന്നു സ്നേഹിതനാകട്ടെ, സന്തോഷമാകട്ടെ, മറ്റു ആകർഷണങ്ങൾ ആകട്ടെ യാതൊന്നും നമ്മെ പിൻവലിക്കയില്ലായിരുന്നു എന്നും നാം വിചാരിക്കുന്നു.

ഈവക വ്യർത്ഥവിചാരങ്ങളെയും നാട്യസ്നേഹത്തേയും കൊണ്ടു നാം നിഗളിച്ച് പാവപ്പെട്ട യഹൂദന്മാരുടെ പ്രവർത്തികളെപ്പറ്റി അത്ഭുതപ്പെട്ട് അവർ നോക്കിപ്പാർത്തിരുന്ന അമ്മാനുവേലിനെ അതായത് ദൈവം മനുഷ്യനായവനെ അവർ സ്വീകരിക്കയും സ്നേഹിക്കയും വന്ദിക്കയും ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്നും അവർക്കു ലഭിച്ചതായ പദവികൾ നമുക്കു ലഭിച്ചിരുന്നു എങ്കിൽ നാം അവനെ സ്വീകരിക്കയും, സ്നേഹിക്കയും വന്ദിക്കയും ചെയ്യുമായിരുന്നു എന്നു നാം നമ്മോടുതന്നെ പറയുന്നു. "യേശുതമ്പുരാൻ ലോകത്തിൽ വന്നിട്ടു ലോകം അവനെ അറിയാതിരുന്നതു" എന്തുകൊണ്ടാണെന്നും "അവൻ അവന്റെ സ്വന്തത്തിലേക്കു വന്നിട്ട് അവർ അവനെ സ്വീകരിക്കാതിരുന്നത്" എന്തുകൊണ്ടാണെന്നും നാം ചോദിക്കുന്നു.

"ദൈവം നിഗളികളെ എതിർക്കുന്നു" എന്നു വേദപുസ്തകം പറയുന്നു. ആകയാൽ വ്യർത്ഥനിഗളംകൊണ്ടും, ബുദ്ധിഹീനമായ മനോവിചാരങ്ങൾകൊണ്ടും നിറഞ്ഞു വീർത്തിരിക്കുന്ന നമ്മെ അവൻ എതിർക്കും. എന്തുകൊണ്ടെന്നാൽ യഹൂദന്മാർ ജീവിച്ചിരുന്ന കാലത്തു നാം ജീവിച്ചിരുന്നു എങ്കിൽ അവർ പ്രവർത്തിച്ചതിനെക്കാൾ എള്ളിട എങ്കിലും നന്നായി നാം പ്രവർത്തിക്കയില്ലായിരുന്നു. അതിന്റെ തെളിവ് ഇവിടെത്തന്നെയുണ്ട്.

എന്തെന്നാൽ ബെത്‌ലഹേമോ നസറേത്തോ പോലെയാകുന്ന എല്ലാ പള്ളിയും, സത്യസഭയുടെ മക്കളാകുന്ന നമുക്ക് യഹൂദന്മാരുടെ കാലത്തുണ്ടായിരുന്ന ആ യേശുതമ്പുരാന്റെ മുഖത്തു നോക്കുവാനും അവന്റെ മുഖത്തുനിന്നു പുറപ്പെടുന്നതുമായ സ്നേഹം നിറഞ്ഞ നോട്ടത്തിന്റെ ശക്തിയും പ്രകാശവും അനുഭവിപ്പാനും കഴിയുന്നതാകുന്നു. എന്നിട്ടും നമ്മുടെ നടത്തയ്ക്ക് യഹൂദന്മാരുടെ നടത്തയേക്കാൾ വല്ലതും വിശേഷം ഉണ്ടോ? ദൈവം വസിക്കുന്ന അവന്റെ ഭവനമാകുന്ന പള്ളിയൊ, ത്രോണോസോ, കൂടുതൽ സൗന്ദര്യമുള്ളതാക്കുന്നതിനു നാം വല്ല നഷ്ടവും സഹിച്ചിട്ടുണ്ടോ? ഒരാണ്ടിൽ വിനോദങ്ങൾക്കും വ്യർത്ഥക്കാര്യങ്ങൾക്കും പാപത്തിനുംവേണ്ടി നാം ചെലവ

ഴിക്കുന്നിടത്തോളം പണം ദൈവത്തിന്റെ ഭവനത്തെ ഭംഗിയാക്കുന്നതിനായി നമ്മുടെ ആയുസ്സുമുഴുവൻ നോക്കിയാൽ നാം ചെലവഴിച്ചിട്ടുണ്ടോ? ഓരോ പള്ളിയും സ്വർഗ്ഗസമാനമായും, യേശുതമ്പുരാന്റെ കൂട്ടായ്മ സ്നേഹിതന്മാരുടേതിനെയും ബന്ധുക്കളുടെതിനെയുംകാൾ മധുരമുള്ളതും, സന്തോഷങ്ങളെയും വിനോദങ്ങളെയുംകാൾ ആകർഷമുള്ളതായും, നാം കാണുന്നുണ്ടൊ? അവിശ്വാസികളെക്കാൾ അധികസമയം നാം ഇവിടെ ചെലവഴിക്കുന്നുണ്ടൊ? അങ്ങനെ വല്ല സമയവും ചെലവഴിക്കുന്നതിൽവച്ച് വിശ്വാസമില്ലാത്തവർക്ക് തോന്നുന്നതിനേക്കാൾ ക്ഷീണക്കുറവു നമുക്ക് തോന്നുന്നുണ്ടോ? ഇല്ലെങ്കിൽ നിങ്ങളുടെ കപടഭക്തിയുംകൊണ്ടു ദൂരെപ്പോകുവിൻ! ആയിരത്തിതൊള്ളായിരം വർഷങ്ങൾക്കുമുമ്പ് നാം ഇന്നപ്രകാരം ചെയ്യുമായിരുന്നു എന്നു തോന്നുന്നത് വെറും ബുദ്ധിഹീനവും, വ്യർത്ഥസ്വപ്നസമാനവും മാത്രമാകുന്നു.

കർത്താവേ! ഇതു എന്തൊരു പുതിയ വെളിപാടു ആകുന്നു. ഞങ്ങൾ ഭക്തിയുള്ളവരായി കരുതിയിരിക്കെ, യഹൂദന്മാരുടെ കുറ്റമായി ഞങ്ങൾ വിചാരിച്ചിരുന്നതുമുഴുവൻ ഞങ്ങളുടെ കുറ്റമായിട്ടു തീർന്നിരിക്കുന്നു എന്നു സമ്മതിക്കേണ്ടി വന്നിരിക്കുന്നതു എത്ര സങ്കടകരമായിരിക്കുന്നു.

മനസ്സു കുഴഞ്ഞു നിന്റെ വിശുദ്ധ ത്രോണോസിന്റെ മുമ്പാകെ വീണുകിടന്ന് ഞങ്ങൾ നിന്നെ സ്നേഹിക്കുന്നില്ല എന്നു ഞങ്ങൾ ഏറ്റുപറയുന്നു. നീ മനുഷ്യനായി ഭൂവാസം ചെയ്ത കാലത്തു ഞങ്ങൾ ജീവിച്ചിരുന്നു എങ്കിലും ഞങ്ങൾ ഇപ്പോഴെത്തപ്പോലെ തന്നെ മന്ദബുദ്ധിയുള്ളവരും, സ്നേഹമില്ലാത്തവരും അശ്രദ്ധയുള്ളവരുമായിരുന്നേനേ എന്നു ഞങ്ങൾ സമ്മതിച്ച് ഏറ്റുപറയുന്നു.

എന്നാൽ ഇതുവരെ ഞങ്ങൾക്കു നിന്നോടുണ്ടായിരുന്ന സ്നേഹം കഴിവില്ലാത്തതും, ശരിയല്ലാത്തതും ആയിരുന്നു എന്നു കാണത്തക്ക വിധത്തിൽ നീ ഞങ്ങളെ താഴ്ത്തിയതിനായിട്ടു ഞങ്ങൾ നിനക്കു വളരെ സ്തോത്രം ചെയ്യുന്നു. ഞങ്ങൾക്കു നിന്നോടുള്ള സ്നേഹം കാറ്റത്തു പറക്കുന്ന ചിലന്തിവലപോല അത്ര ശക്തിയില്ലാത്തതാകുന്നു എന്നു ഞങ്ങൾ പ്രത്യക്ഷത്തിൽ കണ്ടറിഞ്ഞിരിക്കുന്നു. ഞങ്ങളുടെ താഴ്മയിൽ ഒരു ഒറ്റ സംഗതിമാത്രം ആശ്വാസകരമായുള്ളതു ശേഷിച്ചിട്ടുണ്ട്. അതായത് നിന്നെ സ്നേഹിക്കണമെന്നുള്ള ഞങ്ങളുടെ

ആഗ്രഹം മാത്രമാകുന്നു, ഞങ്ങളുടെ പൂർണ്ണ ആത്മാവോടും പൂർണ്ണ ശരീരത്തോടും, സകല സ്രാപ്പേന്മാരുടെയും ഖെറുബികളുടെയും സകല പരിശുദ്ധന്മാരുടെയും സ്നേഹത്തോടും, കൂടെ നിന്നെ സ്നേഹിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ ആഗ്രഹത്തിൽ മറ്റെല്ലാവരെയും ജയിച്ചിരിക്കണമെന്നും കൂടി ഞങ്ങൾ ആഗ്രഹിക്കുന്നു. വിചാരങ്ങളിലും വ്യർത്ഥമായ സ്വപ്നങ്ങളിലും മനോരാജ്യങ്ങളിലും മാത്രമല്ല, എന്നാലൊ യാതൊരു ആകർഷണത്തിനും ക്ഷീണിപ്പിക്കാൻ കഴിയാത്തതും യാതൊരു പരീക്ഷയ്ക്കും നശിപ്പിക്കാൻ കഴിയാത്തതും ആയ ഉറപ്പുള്ള സ്നേഹത്തോടുകൂടി നിന്നെ സ്നേഹിക്കാൻ തക്കവിധത്തിൽ നിന്റെ കരുണ ഞങ്ങളിലേക്കു ഒഴുകേണ്ടതിനു ഞങ്ങളുടെ ഈ വിചാരവും നെടുവീർപ്പുകളും നിന്റെ അടുക്കൽ എത്തുമാറാകേണമെ.

ഈ സ്നേഹം ഞങ്ങളിൽ പൂർണ്ണമായി വസിക്കുമ്പോൾ ഞങ്ങളുടെ ശക്തിപോലെ നിന്റെ പള്ളിയെ അലങ്കരിക്കുന്നതും നിന്റെ ത്രോണോസിൽ കാഴ്ചകളെ വയ്ക്കുന്നതും സന്തോഷകരവും ആനന്ദപ്രദവുമായ ഒരു പദവിയായി ഞങ്ങൾ വിചാരിക്കുന്നതാണ്. അപ്പോൾ നിന്റെ തിരുമുമ്പാകെ വരുന്നതു ഞങ്ങൾക്കു ക്ഷീണകരമൊ, സന്തോഷമില്ലാത്തതൊ, ആകുന്നതല്ല.

വിശുദ്ധ കുർബാനയോടു വിവാഹത്താൽ എന്നപോലെ ബന്ധിക്കപ്പെട്ടിരുന്നവരും അതിനു നിങ്ങളുടെ വിചാരങ്ങളിലും ഹൃദയങ്ങളിലും ഒന്നാമത്തെ സ്ഥാനം നൽകിയിരുന്നവരുമായ സകല പരിശുദ്ധന്മാരുമെ, നിങ്ങളെ പിന്തുടരുന്നതിനും, നിങ്ങളെപ്പോലെ ഞങ്ങളും യേശുതമ്പുരാനെ സ്നേഹിക്കുന്നതിനും നിങ്ങൾ ഞങ്ങളെ സഹായിക്കണമെ. പ്രിയ യേശുതമ്പുരാനെ ഞങ്ങളുടെ ഈ ആഗ്രഹങ്ങളെ നീ അനുഗ്രഹിക്കേണമെ. നിന്റെ മുമ്പാകെ നില്ക്കുന്ന ബലഹീനതയുള്ള ഈ ദാസന്മാരെ നീ അനുഗ്രഹിക്കേണമേ. വിശുദ്ധ കുർബാനയെ സത്യമായും ഭക്തിയായും സ്ഥിരമായും ഞങ്ങൾ സ്നേഹിക്കുന്നവരാകേണമേ. ആമേൻ.

*(യേശുതമ്പുരാനെ നമ്മുടെ മനോവിചാരം കൊണ്ടല്ല എന്നാൽ നമ്മുടെ ആത്മാവും ഹൃദയവുംകൊണ്ട് സ്നേഹിക്കണമെന് നിശ്ചയംചെയ്തു ദൈവവുമായി സംസർഗ്ഗം ചെയ്യണം)*

✲✲✲✲

# 28

# യേശുതമ്പുരാനെ സ്നേഹിക്കുന്നവർ

പ്രിയ യേശുതമ്പുരാനെ! സത്യമായിട്ടും നീ ഞങ്ങളെ സ്നേഹിക്കുന്നതുപോലെ ഞങ്ങൾ നിന്നെ സ്നേഹിക്കുന്നില്ല. എന്നാലും വിശ്വസ്തതയോടും അഗാധമായും നിന്നെ സ്നേഹിക്കുന്നവർ ഉണ്ട്. നീ സേവിക്കപ്പെടുന്നതുപോലെ മറ്റ് ആരെങ്കിലും സേവിക്കപ്പെടുന്നുണ്ടൊ? രക്തം ഒഴുകുന്നതായ യുദ്ധക്കളങ്ങളിലും, പാറകളുടെ വിടവുകളിലും എരിയുന്ന തീച്ചൂളകളിലും അവിശ്വാസികളുടെ ക്രൂരതനിമിത്തമുണ്ടായ സാവധാന കഷ്ടപ്പാടുകളിലും എത്രപേർ നിനക്കുവേണ്ടി മരിച്ചിട്ടുണ്ട്? നല്ലവരും പഠിപ്പുള്ളവരും ലോകത്തിൽ ഉൽഗതിക്കു ധാരാളം മാർഗ്ഗമുള്ളവരുമായ എത്രപേർ, നിനക്കുവേണ്ടി മരിക്കുന്നതിനേക്കാൾ വലിയ ആഗ്രഹം അവർക്കില്ലാത്തതുകൊണ്ട്, നിന്നെ സേവിക്കാനായി ദൂരദേശങ്ങളിൽ പോകുന്നു! കുറേക്കൂടെ താഴ്മയുള്ളതു എങ്കിലും പ്രയാസമുള്ള വിധത്തിൽ സന്യാസവ്രതക്കാരായി തങ്ങളുടെ ഹൃദയങ്ങളെ നിനക്കുവേണ്ടി കുരിശിൽതറച്ചിട്ട് അവരുടെ ജീവിതം മുഴുവൻ ജീവനുള്ള വിശ്വാസത്തിന്റെ ഒരു പ്രവൃത്തിയാണൊ എന്നു തോന്നുമാറ് തങ്ങളെത്തന്നെ അത്ര നിർമ്മലമായും പൂർണ്ണമായും നിനക്ക് കാഴ്ച അണച്ചുംകൊണ്ട് ജീവിക്കുന്നവരായും എത്രപേർ ഉണ്ട്?

ഉവ്വ്, പ്രിയപ്പെട്ട കർത്താവേ! നീ ധാരാളമായി സ്നേഹിക്കപ്പെടുന്നുണ്ട്. നിന്നോടുള്ള സ്നേഹം മൗനമായി മറഞ്ഞും കാണപ്പെടാതെയും ഇരിക്കുന്നതുകൊണ്ട് അതിന്റെ അളവ് എന്തുമാത്രമുണ്ടെന്നും എത്ര ഹൃദയങ്ങളെ അതു ഭരിക്കുന്നുണ്ടെന്നും നിനക്കും നിന്റെ വിശുദ്ധമാതാവിനും നിന്റെ വിശുദ്ധദൂതന്മാർക്കും അല്ലാതെ മറ്റ് ആർക്കും അറിഞ്ഞുകൂടാ.

പ്രിയ കർത്താവെ! നീ ധാരാളമായി സ്നേഹിക്കപ്പെടുന്നുണ്ട്. നിന്നോടുള്ള സ്നേഹം നിമിത്തം അനേകംപേർ തങ്ങളെത്തന്നെ മറക്കുന്നതുകൂടാതെ ലൗകികമായും സ്വാഭാവികമായുമുള്ള സകലസന്തോഷങ്ങളെയും മറന്നുപോകുന്നു. അങ്ങനെയുള്ളവർക്കു മേല്പറഞ്ഞ സന്തോഷങ്ങൾ കൈപ്പായും വേദനയും കഷ്ടതയും സന്തോഷവും മധുരവും ആയും തീരുന്നു. അവർ കുരിശിനുവേണ്ടി അവരുടെ കൈകളെ നീട്ടുന്നു. എന്തെന്നാൽ അതു നിന്റെ ദാനമാകുന്നു. ദാരിദ്ര്യത്തെയും, രോഗത്തെയും, കഷ്ടതയെയും അവരുടെ യജമാനനാകുന്ന നിന്നോടുള്ള സ്നേഹം നിമിത്തം അവർ സ്വീകരിക്കുന്നു. അവർ നിന്നെ സ്നേഹിക്കുന്നവരാകകൊണ്ട് രോഗവും ദാരിദ്ര്യവും, ദുഷ്ടതയും, പിടിപെട്ടിട്ടുള്ള ഭവനങ്ങളെ അവരുടെ സാന്നിദ്ധ്യംകൊണ്ടു പ്രകാശിപ്പിക്കുന്നു.

ഞങ്ങളെ സംബന്ധിച്ചിടത്തോളം കർത്താവേ, നീ ഇഷ്ടപ്പെടുന്നതിനെ ഞങ്ങൾക്കു തരികയും നീ ഇഷ്ടപ്പെടാത്തതിനെ ഞങ്ങളിൽ നിന്നു എടുക്കയും ചെയ്യണമെ. ഞങ്ങളുടെ ആയുസ്സ് ചുരുങ്ങിയതൊ ദീർഘമായതൊ സന്തോഷമുള്ളതൊ കൈപ്പായതൊ ആയികൊള്ളട്ടെ. നീ ഇഷ്ടപ്പെടുന്നുവെങ്കിൽ നിനക്കുവേണ്ടി വലിയ കാര്യങ്ങൾ ചെയ്യാൻ ഞങ്ങളെ അനുവദിക്കേണമെ, ഞങ്ങൾ അവയെ പ്രവർത്തിക്കാൻ അയോഗ്യന്മാരാണ് എങ്കിൽ മറ്റുള്ളവർ തീഷ്ണതയുള്ള പ്രവർത്തികൊണ്ട് നിന്നെ സേവിക്കുന്നതു ക്ഷമയോടു കാണ്മാൻ ഞങ്ങളെ അനുവദിക്കണമേ. ഞങ്ങളുടെ ആയുസ്സിന്റെ അവസാനം കുറ്റമില്ലാത്ത സംതൃപ്തിയിലോ പരീക്ഷകളാലും ഇച്ഛാംഭംഗങ്ങളാലും ക്ഷീണിച്ച അവസ്ഥയിലൊ ഇരുന്നുകൊള്ളട്ടേ. ഞങ്ങൾ മരിച്ചാലും ജീവിച്ചാലും അധികം വിശ്വസ്തതയോടും ജാഗ്രതയോടും ഭക്തിയോടും കൂടെ നിന്നെ സ്നേഹിക്കുന്ന സൗഭാഗ്യമുള്ളവരുടെ കൂട്ടത്തിൽ ഞങ്ങളും ഉണ്ടായിരിക്കേണമേ എന്നുള്ള ഏക സംഗതി മാത്രം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമേൻ.

*(നമ്മുടെ ആയുസിന്റെ സ്ഥിതി എന്തായിരുന്നാലും സത്യമായി യേശുതമ്പുരാനെ സ്നേഹിക്കുന്നവരായിരിക്കണം എന്നു നിശ്ചയിച്ചുകൊണ്ട് ഏതാനും വിനാഴികകൾ അവനുമായി സംസർഗ്ഗം ചെയ്യണം).*

✵✵✵✵

# 29

# പരിശുദ്ധന്മാരോടുള്ള സ്നേഹം

പ്രിയ യേശുതമ്പുരാനേ! പരിശുദ്ധന്മാരുടെ നടത്തയും ഞങ്ങളുടെ നടത്തയും തമ്മിലും പരിശുദ്ധന്മാരുടെ ഹൃദയങ്ങളും ഞങ്ങളുടെ ഹൃദയങ്ങളും തമ്മിലും, വിശുദ്ധകുർബാനയോടു പരിശുദ്ധന്മാർക്കുള്ള സ്നേഹവും ഞങ്ങൾക്കുള്ള അശ്രദ്ധയും തമ്മിലും എന്തുമാത്രം വ്യത്യാസം ഉണ്ട്?

ഒരു രാജ്ഞി വിശുദ്ധ ത്രോണോസിനോടുള്ള അത്യന്തം സ്നേഹം നിമിത്തം തുടർച്ചയായി പള്ളിയിൽ വസിക്കുന്നതിന് അനുവാദം വാങ്ങി. ഒരു ഭക്തൻ ജോലി ചെയ്തു ക്ഷീണിക്കുമ്പോൾ പള്ളിയിൽ പ്രവേശിച്ചു യേശുതമ്പുരാനുമായുള്ള സഹവാസത്തിൽ സ്വസ്ഥതയും ആശ്വാസവും അനുഭവിക്ക പതിവായിരുന്നു ചില സമയം പള്ളി അടച്ചിരിക്കുമ്പോൾ അയാൾ വെളിയിൽനിന്നുകൊണ്ടു കാണപ്പെടുവാൻ വഹിയാതെ അതിൽ വസിക്കുന്നവന്റെ അടുക്കലേക്കു തന്റെ ആത്മാ വിനെ സ്നേഹമാകുന്ന നദിയിൽ കൂടെ ഒഴുക്കുകയും ചെയ്തുവന്നു. തന്റെ പ്രേമഭാജനമായ യേശുതമ്പുരാനിൽ നിന്നു ഉറക്കത്തിൽ പോലും താൻ വേർപെട്ടിരിക്കരുതെന്നുള്ള ആഗ്രഹത്തോടുകൂടെ ഒരു പരിശുദ്ധൻ പള്ളിക്കു ഏറ്റവും അടുത്തു തന്റെ കിടക്കമുറി ആക്കി. ശൗര്യാർ പുണ്യവാളൻ അതേ കാരണത്താൽ തന്നെ പള്ളിയുടെ ഒരു മുറിയിൽ രാത്രിസമയം ചിലവിടുകയും ചെയ്തുവന്നു. സെന്റുകാസിമിർ എന്ന പോർട്ടുഗൽ രാജാവ് പള്ളിയിരിക്കുന്ന സ്ഥലം പരിശുദ്ധ ഭൂമിയാണെന്നുള്ള വിചാരംകൊണ്ടു വിശുദ്ധ കുർബാനയെ ആരാധിക്കാൻ പള്ളിയിൽ പ്രവേശിക്കുമ്പോൾ ഒക്കെയും കാലിൽ നിന്നു ചെരിപ്പുകൾ ഊരിയുംവച്ചു പ്രവേശിക്ക പതിവായിരുന്നു. കാൻഡിയായിലെ പ്രഭുവായിരുന്ന സെന്റ് ഫ്രാൻസിസ് എന്നയാൾ നായാട്ടിന്റെ സന്തോ

ഷങ്ങളെ എല്ലാം വെടിഞ്ഞു ദീനക്കിടക്കയിലും, മരണക്കിടക്കയിലും ഇരിക്കുന്നവർക്കു വിശുദ്ധ കുർബാന കൊടുക്കാൻ പുരോഹിതൻ പോകുമ്പോൾ കൂടെ പോകുക പതിവായിരുന്നു.

ത്രോണോസിന്മേൽ അനുഷ്ഠിക്കുന്ന ഈ പരിശുദ്ധ കൂദാശയോടു മഹാനായ കുസ്തന്തീനോസ് രാജാവിനു ഉണ്ടായിരുന്ന സ്നേഹവും ബഹുമാനവും വളരെ ആയിരുന്നു. പരിശുദ്ധ പത്രോസിന്റെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ള പള്ളിയുടെ അസ്ഥിവാരം കെട്ടുന്നതിനു കുഴിച്ചപ്പോൾ ആ മണ്ണ് തന്റെ തോളിൽവച്ചു ചുമന്നതു ഒരു പദവിയായി അദ്ദേഹം കരുതി. ത്രോണോസിൽ വസിക്കുന്ന യേശുതമ്പുരാനോടുള്ള സ്നേഹം നിമിത്തം പെൻസെസ്സ്ലാസ് എന്നുപേരായ ബൊഹീമിയായിലെ രാജാവ് ഈ പരിശുദ്ധ കൂദാശയ്ക്ക് ഉപയോഗിക്കാൻ ആവശ്യമുള്ള വീഞ്ഞും ഗോതമ്പും ഉണ്ടാക്കുന്നതിനുവേണ്ടി തന്റെ സ്വന്തകൈകൾ കൊണ്ടുനിലം ഉഴുതു തന്നത്താനെ മുന്തിരിയും ഗോതമ്പും കൃഷിചെയ്ക പതിവായിരുന്നു. ഭാഗ്യവാനായ മോറീസ് എന്ന സന്യാസി പള്ളിയിൽ വിളക്കിനു ആവശ്യമുള്ള എണ്ണ വീടുകൾതോറും പോയി യാചിച്ചു കൊണ്ടുവരുമായിരുന്നു. വിശുദ്ധ കുർബാനയിലുള്ള അതിരില്ലാത്ത ബഹുമാനവും സ്നേഹവും നിമിത്തം ഭാഗ്യവതിയായ മാർഗററ്റ താൻ ഹഗേറിയാരാജ്യത്തിലെ രാജ്ഞിയായിരുന്നിട്ടും വിശുദ്ധകുർബാന അനുഭവിച്ചതിന്റെശേഷം അതു അനുഭവിപ്പാൻ നിൽക്കുന്ന മറ്റുള്ളവരെ അതു കൈക്കൊള്ളുന്നതിനു സഹായിക്ക പതിവായിരുന്നു. ഭാഗ്യവ തിയായ വിക്ടോറിയ കാസായുടെയും പീലാസയുടെയും മുകളിൽ ഇടുന്ന മൂടികൾ തന്റെ സ്വന്തകൈകൊണ്ട് നെയ്തുകൊടുത്തുവന്നു.

ഈ ഉത്തമദൃഷ്ടാന്തങ്ങളെ അനുകരിക്കുന്നതിനു നാം ശക്തര ല്ലായിരിക്കാം. അവയെ നാം അനുകരിക്കണമെന്ന് യേശുതമ്പുരാൻ ആഗ്രഹിക്കുന്നുമില്ലായിരിക്കാം. ഈ പരിശുദ്ധർക്ക് യേശു തമ്പുരാ നോടുണ്ടായിരുന്ന നന്ദിയുടെയും സ്നേഹത്തിന്റെയും വിപുലത വഹി ക്കുവാൻ പാടില്ലാത്തവണ്ണം നമ്മുടെ ഹൃദയം അത്ര കുടുസ്സായിരി ക്കാം. എന്നാൽ മനസ്സും ആഗ്രഹവും നമുക്കുണ്ടെങ്കിൽ നമുക്കും വളരെ ഒക്കെ പ്രവൃത്തിക്കാൻ കഴിയും.

വിശുദ്ധ ത്രോണോസിൽ നിന്നുദൂരെ ഇരിക്കുമ്പോൾ പരിശുദ്ധ കുർബാനയിൽ വസിക്കുന്ന യേശുതമ്പുരാനെക്കുറിച്ച് ഓർക്കാനും അവനുമായി കൂടെക്കൂടെ ആത്മീകസംസർഗ്ഗം ചെയ്വാനും നമുക്കു കഴികയില്ലയൊ? രാത്രിയിൽ നാം ഉണരുമ്പോൾ ഒക്കയും യേശുത

മ്പുരാൻ ഉറങ്ങാതെ പരിശുദ്ധ കുർബാനയിൽ കൂടെ എല്ലായ്പോഴും നമ്മെ സൂക്ഷിച്ചും സ്നേഹിച്ചും കൊണ്ടിരിക്കയാണെന്നു നമുക്കു ഓർക്കരുതോ? നമ്മുടെ സ്നേഹിതനായി നാം തിരിഞ്ഞെടുത്തിട്ടുള്ള ഒരാൾ നമ്മുടെ വിചാരങ്ങളെയും വചനങ്ങളെയും പ്രവൃത്തികളെയും ഭരിക്കുന്നതുപോലെ എങ്കിലും യേശുതമ്പുരാൻ നമ്മെ ഭരിക്കാൻ നമുക്കു അനുവദിച്ചുകൊടുക്കരുതൊ? ഫ്രാൻസീസ് ഓഫ് സാലിസ എന്ന പരിശുദ്ധനെപ്പോലെ എപ്പോൾ എങ്കിലും ഒരു പള്ളിയെ നാം കടന്നു പോകുമ്പോൾ അതിൽ വസിക്കുന്നവനെ എന്തെങ്കിലും ഒരു ബാഹ്യപ്രവർത്തി മൂലം വന്ദിച്ചും വച്ച് നമുക്ക് കടന്നു പോകരുതോ?

നാം പള്ളിയിലേക്കു പ്രവേശിക്കുമ്പോൾ സർവ്വലോകത്തിന്റെയും സ്രഷ്ടാവായിരിക്കുന്നവനും തന്റെ മുഖം സ്വർഗ്ഗത്തിന്റെ ശോഭപോലെ പ്രകാശിച്ചുകൊണ്ടിരിക്കുന്നവനും, നമ്മുടെ ഓരോ പാപത്തെയും അപൂർണ്ണതയേയും കണ്ണാടിയിൽ കൂടെ എന്നവണ്ണം തെളിവായി കണ്ടുകൊണ്ടിരിക്കുന്നവനും ആയ മഹോന്നതന്റെ വാസസ്ഥലമായ വിശുദ്ധ ത്രോണോസിങ്കലേക്കു നമ്മുടെ കണ്ണുകളെ ഉയർത്തിയിട്ടു നമ്മുടെ മനസ്സുമുഴുവൻ കുഴങ്ങി ഭൂമിയോളം നമ്മെ തന്നെ താഴ്ത്തുവാൻ നമുക്കു കഴികയില്ലയോ? ദുഃഖംകൊണ്ടു നമ്മുടെ നെഞ്ചത്തു അടിക്കാൻ നമുക്കു കഴികയില്ലയോ? ഞങ്ങളുടെ അകൃത്യങ്ങളിൽ നിന്നു ഞങ്ങളെ കഴുകേണമെ. ഞങ്ങളുടെ പാപങ്ങളിൽനിന്നു ഞങ്ങളെ തുടച്ചു വെടിപ്പാക്കേണമെ എന്നു നമുക്കു നിലവിളിച്ചു പ്രാർത്ഥിപ്പാൻ കഴിയുകയില്ലയൊ? കരളറക്കപ്പെട്ട കുഞ്ഞാടിനെ ദൈവദൂതന്മാർ താഴെ വീണു കിടന്നുകൊണ്ടു സ്തുതിക്കുന്നതായ പരിശുദ്ധതയുടെ പരിശുദ്ധസ്ഥലമായ മദുബഹായിങ്കലേക്കു നാം അടുത്തുചെല്ലുമ്പോൾ, സത്യമായ മനോബലത്തോടും, വാസ്തവമായ ഭക്തിയോടും കൂടെ നമ്മുടെ തലകളെ കുനിക്കയും രാജാധിരാജാവിനോടുള്ള നിഷ്കളങ്ക ബഹുമാനത്തോടും സ്തുതിയോടുംകൂടെ നമ്മുടെ മുട്ടുകളെ മടക്കുകയും ചെയ്യരുതോ? അപ്രകാരം നാം ചെയ്യുമ്പോൾ ഒക്കെയും "ത്രോണോസിന്മേൽ ഇരിക്കുന്ന പരിശുദ്ധ കുർബാന സ്തുതിക്കപ്പെട്ടതും അനുഗ്രഹിക്കപ്പെട്ടതും ആകട്ടെ എന്നോ, പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുന്ന യേശുതമ്പുരാനെ നീ സത്യമായും പൂർണ്ണമായും ത്രോണോസിൽ വസിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു" എന്നോ, യേശുതമ്പുരാനേ! ഞങ്ങൾക്കു വിശ്വാസം തരണമെ, എന്നോ, ഞങ്ങൾക്കുസ്നേഹവും നിഷ്ക്കപടതയും താഴ്മയും തരണമെ എന്നോ, യേശുതമ്പുരാനെ! ഈ ഭാരമേറിയ ശിക്ഷയിൽ ഞങ്ങളെ താങ്ങിക്കൊള്ളണമെ എന്നോ,

യേശുതമ്പുരാനെ! ദുഃഖംകൊണ്ടു വേദനപ്പെട്ടിരിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിക്കണമെ എന്നോ ഉള്ള ഒരു പ്രാർത്ഥന നമുക്ക് ചൊല്ലരുതോ? രഹസ്യങ്ങളുടെ പരിശുദ്ധ ശുശ്രൂഷ ആരംഭിക്കുമ്പോൾ വിശുദ്ധ ത്രോണോസിന്മേൽ ബലി അർപ്പിക്കപ്പെടുന്ന നമ്മുടെ കർത്താവിങ്കൽ നമ്മുടെ സകല വിചാരങ്ങളേയും ആഗ്രഹങ്ങളേയും നമുക്ക് സമർപ്പിക്കരുതോ? പള്ളിയിൽ വച്ചു വ്യർത്ഥവാക്കു കളിൽനിന്നും, ഉപയോഗമില്ലാത്തതും തെറ്റായതുമായ സംഭാഷണങ്ങളിൽനിന്നും, ചുറ്റുമുള്ളവരെ വെറുതെ നോക്കിക്കൊണ്ടിരുന്നതിൽ നിന്നും ലോകത്തെക്കുറിച്ചും സൃഷ്ടികളെക്കുറിച്ചും ഉള്ള വിചാരങ്ങളിൽനിന്നും, നമുക്കു അകന്നിരിക്കരുതോ? വിശുദ്ധ ത്രോണോസിനെയും എപ്പോഴും അതിൽ വസിക്കുന്ന യേശുതമ്പുരാനെയും നമ്മുടെ സകലവിചാരങ്ങളുടെയും ആഗ്രഹങ്ങളുടെയും സ്നേഹങ്ങളുടെയും പരമോദ്ദേശം ആക്കരുതോ?

ഏറ്റവും പ്രിയപ്പെട്ട യേശുതമ്പുരാനെ! വിവാഹം ചെയ്തവരും, ചെയ്യാത്തവരും, ദാസന്മാരും, യജമാനന്മാരും, യാചകന്മാരും, വേലക്കാരും, കച്ചവടക്കാരും ആയി പല സ്ഥിതികളിൽ ഇരിക്കുന്ന അനേകായിരം പേർ മേൽ പ്രസ്താവിച്ച പ്രകാരം നിന്നെ വന്ദിക്കയും ബഹുമാനിക്കയും ചെയ്തുകൊണ്ടിരിക്കുന്നതുകൊണ്ട് ഇതെല്ലാം ഞങ്ങൾക്കും ചെയ്വാൻ കഴിയുന്നതാകുന്നു. എന്നാൽ നിന്നെക്കുറിച്ച് ശ്രദ്ധിക്കയും നിന്നോടുള്ള സ്നേഹം പൂർണ്ണമായി ഞങ്ങളിൽ വ്യാപിക്കയും ചെയ്തിരുന്നു എങ്കിൽ ഇതിലും അധികം ഞങ്ങൾക്ക് ചെയ്യുവാൻ കഴിയുമായിരുന്നു.

നിന്നെ സ്നേഹിക്കണമെന്നും നിന്നോടുള്ള സ്നേഹം പ്രവർത്തിമൂലം വെളിപ്പെടുത്തണമെന്നുമാകുന്നു ഞങ്ങൾ ആഗ്രഹിക്കുന്നത്. ഞങ്ങളുടെ ആഗ്രഹങ്ങളെ പൂർണ്ണതപ്പെടുത്തി അവയെ പ്രയോജനകരമാക്കേണമെ എന്നു ഞങ്ങൾ നിന്നോടു യാചിക്കുന്നു. പരിശുദ്ധ കുർബാനയിൽ കൂടെ നിന്നെ അധികമധികം സ്നേഹിക്കുന്നതിനു ഞങ്ങളെപ്പോലെയുള്ള സ്ഥിതികളിൽ ഇരിക്കുന്നവരുടെ ദൃഷ്ടാന്തം ഞങ്ങളെ ഉത്സാഹിപ്പിക്കണമെ. വിശുദ്ധ ത്രോണോസിന്മേൽ നീ വെളിപ്പെടുത്തുന്ന അതിരില്ലാത്ത സ്നേഹത്തിനു എത്ര നിസ്സാരമായ പ്രത്യുപകാരമാണ് ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് സകല പരിശുദ്ധന്മാരുടെയും ദൃഷ്ടാന്തങ്ങൾ ഞങ്ങളെ പഠിപ്പിക്കേണമേ. ആമേൻ

*(പരിശുദ്ധന്മാരുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് വിചാരിച്ച് ഏതാനും വിനാഴികകൾ ദൈവവുമായി സംസർഗ്ഗം ചെയ്യണം).*

✲✲✲✲

# 30

# വിശുദ്ധ കന്യകമറിയാമിനെ അനുകരിക്കുന്നതിനെക്കുറിച്ച്

വിശുദ്ധകന്യകാമറിയാമിനു യേശുതമ്പുരാനോടുണ്ടായിരുന്ന സ്നേഹം എത്ര അഗാധവും തീക്ഷ്ണതയുള്ളതും ആയിരുന്നു! അവളുടെ ജീവിതത്തിന്റെ ഏകവിചാരം അവനെക്കുറിച്ചായിരുന്നു. ഈ വിചാരത്തിൽ ലോകത്തെയും സൃഷ്ടികളെയും അവൾ മറന്നുപോയി. യേശുതമ്പുരാന്റെ സാന്നിദ്ധ്യത്തിൽ അവളുടെ ശരീരം മുഴുവൻ സന്തോഷം കൊണ്ടു കുളുർത്തു. അവന്റെ മുഖവിലാസം ദുഃഖദിവസത്തെ പ്രകാശമുള്ളതാക്കി. അവന്റെ പുഞ്ചിരി മരുഭൂമിയെ സ്വർഗ്ഗസമാനമാക്കി. അവനോടുകൂടി ചെലവഴിക്കുന്ന ഓരോ വിനാഴികയും മനുഷ്യരോടുകൂടി ചെലവഴിക്കുന്ന ആയിരം സംവത്സരങ്ങളെക്കാൾ അവൾക്കു വിലയുള്ളതായിരുന്നു.

ശിശുവാകുന്ന യേശുതമ്പുരാൻ ബേത്‌ലഹേമിൽ ഉറങ്ങുന്നതിനെ നോക്കിക്കൊണ്ടിരിക്കുമ്പോഴും, അഗ്നിയില്ലാത്തതും തണുപ്പു നിറഞ്ഞതുമായ പുൽക്കൂട്ടിൽ കിടക്കുന്ന അവന്റെ അരികത്തിരുന്നു നാഴികതോറും മൗനമായി അവനെ സൂക്ഷിച്ചുകൊണ്ടിരിക്കുമ്പോഴും, ആ സ്ഥലം മഹാരാജാക്കന്മാരുടെ സ്വർണ്ണാലംകൃതമായ കൊട്ടാരങ്ങളേക്കാൾ അവൾക്കു സന്തോഷവും സുഖവും ഉള്ളതായിരുന്നു. എന്തുകൊണ്ടെന്നാൽ അവളുടെ സ്നേഹത്തിന്റെ ഏകശരണമായ യേശുതമ്പുരാൻ അവിടെ ഉണ്ടായിരുന്നു. കാലു നൊമ്പരപ്പെട്ടു ക്ഷീണിച്ചുഭവനമില്ലാതെ മണലാരണ്യത്തിൽ അവൾ സഞ്ചരിച്ചപ്പോഴും മിസ്രേംദേശത്തിൽ ബഹിഷ്ക്കരിക്കപ്പെട്ടവളായി അവൾ ഭിക്ഷയാചിച്ചപ്പോഴും, സ്നേഹലക്ഷണമായ അവന്റെ ഒരു നെടുവീർപ്പോ, സന്തോഷാധിക്യത്താൽ അവളുടെ മാർവ്വിൽ അവൻ ചെയ്ത ഒരു ചുംബനമോ അവന്റെ

ദിവ്യമുഖത്തുനിന്നു പുറപ്പെട്ടതായ ഒരു നോട്ടമോ നിമിത്തം അവളുടെ സകല ദുഃഖത്തേയും പ്രയാസത്തേയും ദരിദ്രതയേയും അവൾ മറന്നുപോയി.

നസറേത്തിൽ കുടിപാർത്തപ്പോൾ യോസേഫാ ദിവസവും ഉള്ള അവന്റെ ആശാരിപണി ചെയ്തുകൊണ്ടിരിക്കയും മറിയം ഏറ്റവും ഹീനമായ ഒരു ദാസി ചെയ്യേണ്ട ജോലി ചെയ്തുകൊണ്ടിരിക്കയും ഇപ്രകാരമുള്ള ജോലികളെ ദിവസംതോറും അവർ ആവർത്തിച്ചു ചെയ്തുകൊണ്ടിരിക്കയും ചെയ്തു. എന്നാൽ ഇങ്ങനെയുള്ള കഷ്ടതകളിലും സംവത്സരങ്ങൾ വിനാഴികകൾപോലെ മാത്രമെ മറിയാമിനു തോന്നിയുള്ളു, എന്തുകൊണ്ടെന്നാൽ യേശുതമ്പുരാൻ അവളുടെ അരികത്തുണ്ടായിരുന്നു. യേശുതമ്പുരാൻ അവിടെനിന്നു പോയതുവരെ നസറേത്തിലെ വാസം ഭാരമൊ ദുഃഖമൊ ഉള്ളതായി അവൾക്കു തോന്നിയില്ല.

മുൾമുടി യേശുതമ്പുരാന്റെ നെറ്റിയെ മുറിപ്പെടുത്തിയപ്പോഴും ഇരുമ്പുകുന്തം അവന്റെ മാർവ്വിനെ പിളർന്നപ്പോഴും, ആണികൾ അവന്റെ കാലുകളെയും കൈകളെയും തുളച്ചപ്പോഴും, കുരിശു അവന്റെ കിടക്കയായി ഭവിച്ചപ്പോഴും, എല്ലാ അപ്പസ്തോലന്മാരെക്കാളും മറിയം ധൈര്യവതിയും സഹനമുള്ളവളും ആയിരുന്നു. എന്തുകൊണ്ടെന്നാൽ അവൾ അപ്പോഴും യേശുതമ്പുരാന്റെ അരികത്ത് ആയിരുന്നു.

യേശുതമ്പുരാനെ ശവക്കല്ലറയിൽ വച്ചശേഷവും മറിയയുടെ ആയുസ്സിനെ പ്രകാശിപ്പിച്ച സൂര്യൻ ഇപ്രകാരം അസ്തമിച്ചശേഷവും സന്താനരഹിതയായും ഏകാകിയായും ഈ ലോകത്തിൽ അവൾ ജീവിക്കേണ്ടിവന്നു. യേശുതമ്പുരാനുവേണ്ടി മരിക്കത്തക്ക സ്നേഹം അവൾക്കുണ്ടായിരിക്കെ അവന്റെ വേർപാടിങ്കൽ അവളുടെ ഹൃദയം പൊട്ടിത്തകർന്നുപോകാതെ ഇഹലോകവാസത്തെ പിന്നെയും അവൾക്കു വഹിക്കത്തക്കതാക്കിയതു എന്തായിരുന്നു? വിശുദ്ധ കുർബാനവഴി ത്രോണോസിൽ വസിക്കുന്ന ആ യേശുതമ്പുരാന്റെ സാന്നിദ്ധ്യം മാത്രമായിരുന്നു.

ബേത്‌ലഹേമും മിസ്രേമും നസ്രേത്തും കഴിഞ്ഞ സംഭവങ്ങളുടെ ഓർമ്മയെ ആസ്പദമാക്കി മാത്രം അവൾക്കു ഇഷ്ടമുള്ളവയായിരുന്നു. എന്നാൽ യേശുതമ്പുരാൻ വിശുദ്ധ കുർബാനവഴി വസിക്കുന്ന പള്ളിയൊ ചാപ്പലൊ അവൾക്കു അവയേക്കാൾ ഇഷ്ടമുള്ളവയായിരുന്നു.

ദിവസന്തോറുമെന്നല്ല മണിക്കൂറുതോറും അവൾ വിശുദ്ധ ത്രോണോസിന്റെ മുമ്പാകെ മുട്ടുകുത്തുമായിരുന്നു. അവിടെയുള്ള യേശുതമ്പുരാന്റെ സാന്നിദ്ധ്യം നിമിത്തം ഈ ലോകത്തിലെ അരി

ഷ്ടതകളെയും ദുഃഖങ്ങളെയും അവൾ മറന്നുപോയി. ഈ ലോകവാസം ചുരുങ്ങണമെന്നും വിശുദ്ധ കൂദാശയുടെ മറ നീങ്ങിയിട്ടു അവളുടെ പ്രിയപുത്രനെ മുഖാമുഖമായി കാണാൻ ഇടയാകണമെന്നുള്ള അതിയായ ആഗ്രഹംകൊണ്ടു അവളുടെ ഹൃദയം നിറഞ്ഞിരുന്നു.

പ്രിയ യേശുതമ്പുരാനേ! ഞങ്ങളുടെ ആത്മാക്കളെ ഇളക്കി മറിക്കുന്ന വിചാരങ്ങളെ അടക്കുകയും വിശുദ്ധ കന്യകാമറിയാമിനെപ്പോലെ ഇഹലോകവാസത്തിന്റെ ഏകശരണം നിന്നിൽ വയക്കുകയും വിശുദ്ധ ത്രോണോസിൽ ഉള്ള നിന്റെ സാന്നിദ്ധ്യത്തെ അവളെപ്പോലെ വാസ്തവമായി അനുഭവിക്കയും ചെയ്‌വാൻ ഞങ്ങൾക്കു കഴിഞ്ഞിരുന്നു എങ്കിൽ ലോകവും അതിന്റെ ദോഷങ്ങളും അതിന്റെ പ്രയാസങ്ങളും ഞങ്ങൾക്കു ഇപ്പോഴത്തേതിൽ നിന്നു എന്തു വ്യത്യാസമുള്ളവയായിരുന്നേനെ.

മനുഷ്യമക്കൾക്ക് ഉള്ളതിനെ അതിക്രമിച്ചുള്ള സൗകര്യവും സൃഷ്ടിമുഴുവനെയും ഒരു ഒറ്റ പ്രവൃത്തിയാക്കിത്തീർത്ത ബുദ്ധിചാതുര്യവും താരതമ്യപ്പെടുത്തുവാൻ പറ്റില്ലാത്തപ്രകാരം അത്ര കളങ്കമില്ലാത്തതും സ്ഥിരമുള്ളതും സ്വാർത്ഥരഹിതവുമായ സ്നേഹവും ആണു വിശുദ്ധത്രോണോസിൽ നമുക്കുള്ളത്. ഇങ്ങനെ നമുക്കുള്ളപ്പോൾ നമ്മെ പരീക്ഷിച്ചു പാപത്തിലേക്കു നടത്താൻ തക്ക സൗകര്യമൊ ബുദ്ധിചാതുര്യമൊ സ്നേഹമൊ എവിടെയുണ്ട്? ഒരിടത്തുമില്ല.

നിന്റെ കൂടാരത്തിന്റെ നിഴലിൽ വസിക്കയും നിന്റെ മുഖത്തുനോക്കിക്കൊണ്ടിരിക്കയുംനിന്റെ സ്നേഹമാകുന്ന അഗ്നിയിൽ എരിയുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ ഞങ്ങൾക്ക് അമർത്താൻ പാടില്ലാത്ത പരീക്ഷയും ഉപേക്ഷിക്കാൻ പാടില്ലാത്ത ആകർഷണവും ഇല്ല.

ഏറ്റവും പ്രിയ യേശുതമ്പുരാനെ! ഞങ്ങളുടെ പരീക്ഷകളിൽ ഞങ്ങളോടുകൂടി പങ്കുകൊള്ളാൻ നീ തയ്യാറുള്ളപ്പോൾ പരീക്ഷകളെക്കുറിച്ചു പിറുപിറുക്കാൻ തക്ക ഭീരുക്കൾ ഞങ്ങളിൽ ഉണ്ടാകുമോ! ഞങ്ങൾക്ക് ഭാരം തോന്നാതിരിപ്പാൻ വേണ്ടി ഞങ്ങളുടെ കുരിശിനെ നീ കൂടി വഹിക്കയും വഴിയുടെ ദുർഘടം ഞങ്ങൾ അനുഭവിക്കാതിരിപ്പാൻ വേണ്ടി നീ മുൻപിൽ നടന്നു നിന്റെ കാൽചുവടുകളിൽ കൂടെ ഞങ്ങളെ കൈക്കു പിടിച്ചുനടത്തുകയും ചെയ്യുമ്പോൾ ദുഃഖിക്കുന്നവനും അധൈര്യപ്പെടുന്നവനും ഉണ്ടോ? സംഗതിക്കായിട്ട് വിശുദ്ധ ത്രോണോസിൽ നീ എപ്പോഴും വസിക്കുന്നു. ഞങ്ങളുടെ വഴിയുടെ ഇരുവശവും മുളച്ചു വരുന്നതായ മുള്ളുകളെ നീ ഒടിച്ചുകളയുകയും വഴിയിലുള്ള തടസ്സങ്ങളെ നീ നീക്കിക്കളയുകയും ചെയ്യുന്നു.

ആകയാൽ നിന്റെ മാതാവിനുണ്ടായിരുന്ന വിചാരങ്ങളോടുകൂടി ഞങ്ങൾ നിന്റെ അടുത്തുവരും. ദാരിദ്ര്യാവസ്ഥയിലും ഞങ്ങളുടെ സ്വന്തം എന്നു പറയാൻ ഒരു അടുപ്പുപോലും ഞങ്ങൾക്കില്ലാതിരിക്കുമ്പോഴും ഞങ്ങൾ നിന്റെ അടുത്തുവരും. ഞങ്ങൾക്കുവേണ്ടി നീ പുൽക്കൂട്ടിൽ വസിച്ചതിനെ ഓർത്തു ഞങ്ങളുടെ സകല മനോവിചാരങ്ങളേയും ഞങ്ങൾ തള്ളിക്കളയുകയും ചെയ്യും. ഞങ്ങളുടെ സ്നേഹിതന്മാർ മരിക്കുമ്പോഴും ഞങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടവർ കബറിൽ വയ്ക്കപ്പെടുമ്പോഴും ഞങ്ങൾ നിന്റെ അടുത്തുവരും. നിന്റെ സ്നേഹവും സഹതാപവും നിമിത്തം ഞങ്ങളുടെ കണ്ണുനീരു വറ്റിപ്പോകുകയും ഞങ്ങളുടെ ഹൃദയത്തിലെ ദുഃഖം നീങ്ങിപ്പോകയും ചെയ്യും. സൃഷ്ടികളുടെ അസ്ഥിരതനിമിത്തം ഞങ്ങൾ ദുഃഖിതന്മാരായിരിക്കുമ്പോഴും ഞങ്ങൾ നിന്റെ അടുത്തുവരും. ലോകത്തിന്റെ നിസ്സാരത്വത്തിനും അസ്ഥിരതയ്ക്കും പകരമായിനിന്റെ സ്ഥിരമായ സനേഹത്തിൽ ഞങ്ങൾ അഭയം പ്രാപിക്കും. നീ വസിക്കുന്ന നിന്റെ ആലയം ഞങ്ങൾക്കു ഭവനവും വിശ്രമസ്ഥലവും ആയിരിക്കും. ഈ ലോകത്തിലെ ദുഃഖങ്ങളെ ഞങ്ങൾ സഹിക്കത്തക്കതാക്കുകയും ചെയ്യും. ഞങ്ങൾ ആർക്കുവേണ്ടി ജീവിക്കുന്നുവോ ആ ഏകയാൾ നീ ആയിരിക്കും. നിന്റെ സ്നേഹമാകുന്ന അടിസ്ഥാനത്തിന്മേൽ ഞങ്ങൾ സകലവും പണിയുകയും ചെയ്യും.

ലോകത്തിലെ സ്നേഹിതന്മാരും സഖികളും നീങ്ങിപോകുമ്പോൾ നിന്റെ സ്നേഹത്തിൽ ഞങ്ങൾ അഭയം പ്രാപിപ്പാൻ നീ ഞങ്ങൾക്കു സഹായിക്കേണമേ. നിന്റെ കൂടാരവും അതിലുള്ള സകലവും, പരീക്ഷയിലും പ്രയാസത്തിലും ഞങ്ങളുടെ രക്ഷയും എല്ലാ ആപത്തിലും ഞങ്ങളുടെ അഭയസ്ഥാനവും ആയിരിക്കേണമേ. നിന്റെ അനുഗ്രഹിക്കപ്പെട്ട മാതാവിനു നിന്നോടുണ്ടായിരുന്ന സ്നേഹത്തെ സ്വല്പമെങ്കിലും ഞങ്ങൾ അനുകരിക്കുന്നു എങ്കിൽ അപ്രകാരമെല്ലാം ഞങ്ങൾക്കു സംഭവിക്കും. പ്രിയ യേശുതമ്പുരാനെ നിന്റെ വാഴ്ത്തപ്പെട്ട അമ്മ നിന്നേ സ്നേഹിച്ചപ്രകാരം സ്നേഹിപ്പാൻ ഞങ്ങൾക്കു ശക്തിയില്ലെങ്കിലും അതിന്റെ ഏകദേശമായ സാദൃശ്യത്തിലെങ്കിലും സ്നേഹിപ്പാൻ നീ ഞങ്ങൾക്കു കൃപ നൽകേണമെ. ആമേൻ

*(വിശുദ്ധ കന്യകാമറിയാമിനെ അനുകരിക്കുന്നതിനും ദൈവവുമായി ഒരു ആത്മീയ സംസർഗ്ഗം ചെയ്യുന്നതിനും ഏതാനും വിനാഴികകൾ നമുക്കു മനോനിശ്ചയം ചെയ്യാം).*

✲✲✲✲

# 31

## ഈ മാസത്തിലെ തെറ്റുകളെ ഏറ്റുപറയുക

ഈ മാസം അവസാനിച്ചിരിക്കുന്നു. എന്നാൽ പ്രിയ യേശുതമ്പുരാനേ! ഈ മാസാരംഭത്തിൽ ഞങ്ങൾ ചെയ് നിശ്ചയങ്ങൾ എല്ലാം മിക്കവാറും ഞങ്ങൾ മറന്നുപോയിരിക്കുന്നു. ഞങ്ങളുടെ ചുമതല നിറവേറ്റാനായി മാത്രം അല്ലാതെ ഒരിക്കലും ഞങ്ങൾ പള്ളിയിൽ വന്നു നിന്നെ കണ്ടിട്ടില്ല. ഞങ്ങൾ പള്ളിയിൽ വന്നിട്ടുള്ളപ്പോൾ തന്നെയും ഞങ്ങളുടെ ഹൃദയങ്ങളും വിചാരങ്ങളും നിന്നിൽ മുഴുവനായി സ്ഥിതിചെയ്തിട്ടില്ല. ഞങ്ങൾ നിന്നോടുള്ള സ്നേഹത്തിലും നിന്നെക്കുറിച്ചുള്ള അറിവിലും വളർന്നിട്ടില്ല. നിന്നോടുള്ള സഹവാസവും നിന്റെ സംഭാഷണവും ഞങ്ങളെ എപ്പോഴും ക്ഷീണിപ്പിക്കുന്നതായിട്ടേ ഞങ്ങൾക്കു തോന്നിയിട്ടുള്ളൂ. വിശുദ്ധ ത്രോണോസിലുള്ള നിന്റെ സാന്നിദ്ധ്യം ഞങ്ങളിൽ പറയത്തക്കഫലം ഒന്നും ചെയ്തിട്ടില്ല. നിന്നോടുള്ള ഞങ്ങളുടെ നടപടി ഞങ്ങൾ അവിശ്വാസികൾ ആണെന്നു തോന്നത്തക്കവിധത്തിൽ അത്ര വിചാരമില്ലാത്തതും അഭക്തികരവും ആകുന്നു. ഞങ്ങൾ വിശുദ്ധ കുർബാന അനുഭവിക്കുന്നതുതന്നെ തീക്ഷ്ണതയോടും ഭക്തിയോടുംകൂടെഅല്ല. ഏതാനും വിനാഴികകൾ എങ്കിലും അതിനുവേണ്ടി ഒരുങ്ങുന്നത് ഞങ്ങൾക്ക് ഒരു ഭാരമായിട്ടാണു തീർന്നിരിക്കുന്നത്.

ഒരു മാസം അവസാനിച്ചതോടുകൂടി നിത്യത്വം അത്രയ്ക്കു അടുത്തിരിക്കുന്നുവല്ലോ. എന്നിട്ടും സ്വർഗ്ഗീയ രാജാവാകുന്ന നിന്നോടുള്ള സ്നേഹത്തിൽ ഒരു നെല്ലിടപോലും ഞങ്ങൾ അടുത്തിട്ടില്ലല്ലോ. വിശുദ്ധ ത്രോണോസിൽ വസിക്കുന്ന നിന്നെ വന്നുകാണുന്നതിൽ നിന്നു ഞങ്ങളെ അകറ്റിയിട്ടുള്ള സന്തോഷങ്ങളും ജോലികളും ഉന്മേഷങ്ങളും എല്ലാം മായപോലെ മാറിപ്പോയിരിക്കുന്നു. ദുഃഖവും നൈരാശ്യവും അല്ലാതെ ഒന്നും ശേഷിച്ചിട്ടില്ല.

ഞങ്ങളുടെ ഇടയിൽ രക്ഷകൻ വസിച്ചിട്ടും ഞങ്ങൾ അവനെ സ്വീകരിച്ചില്ല എന്നും, നീ നിന്റെ സ്വന്തത്തിലേക്കു വന്നിട്ടും നിന്റെ സ്വന്തക്കാർ ആകുന്ന ഞങ്ങൾ നിന്നെ സ്വീകരിച്ചിട്ടില്ല എന്നും ഉള്ളതു, ഏറ്റവും പരിതാപകരം തന്നെ.

ഇനിയും എപ്പോഴാകുന്നു കർത്താവെ! ഞങ്ങളിൽ ഒരു മാറ്റം വരുന്നത്? വരുന്ന മാസത്തിൽ ആണോ, അതോ അതിന്റെ അടുത്ത മാസത്തിൽ ആണോ, അതോ വരുന്ന ആണ്ടിൽ ആണോ? അതോ മരണസമയത്തു വിശുദ്ധ കുർബാനയിൽ ഞങ്ങൾ നിന്നെ അനുഭവിക്കുന്ന നേരമാണോ? ജീവിതകാലത്തിൽ ഞങ്ങൾ ഉപേക്ഷിച്ച നിന്നെ പെട്ടെന്ന് ആ സമയത്ത് ഞങ്ങൾക്കു സ്നേഹിക്കാൻ കഴിയുമെന്നുള്ള ആശയിൽ ഞങ്ങൾ ഇരിക്കുന്നു എങ്കിൽ അതു ചതിയായി ഭവിക്കയില്ലയോ?

ഇപ്രകാരമുള്ള ചതിമോഹങ്ങളെ ഞങ്ങളിൽനിന്നും നശിപ്പിക്കേണമെ. എന്തെന്നാൽ ഇപ്പോൾ ഞങ്ങൾ ഏതുപ്രകാരം വിശുദ്ധ കുർബാന അനുഭവിക്കുന്നുവോ അതുപോലെ മാത്രമേ മരണസമയത്തനുഭവിപ്പാനിടയുള്ളൂ. ജീവിതകാലത്തു വിശുദ്ധ ത്രോണോസിൽ വെളിപ്പെടുന്ന നിന്റെ സ്നേഹത്തെ ആസ്വദിക്കാൻ പ്രയാസമാണെങ്കിൽ മരണസമയത്തും അത് പ്രയാസമായിരിക്കയെ ഉള്ളൂ.

ഞങ്ങളെപ്പോലെ എത്ര ആളുകൾ നാളെയൊ അടുത്തദിവസമൊ അല്ലെങ്കിൽ വേറൊരവസരത്തിലൊ നിന്നെ സ്നേഹിച്ചു വിശുദ്ധ ത്രോണോസിൽ വന്നു കണ്ടുകൊള്ളാമെന്നു അവധി മാറ്റിവച്ചശേഷം പെട്ടെന്നു ഒടുവിൽ പുരോഹിതനെയും കൂദാശകളേയും കൂടാതെ മരിക്കുന്നതിന് ഇടയായിട്ടുണ്ട്. ആരോഗ്യവും ശക്തിയും ഉള്ളപ്പോൾ ഈ വിശുദ്ധ കൂദാശയെ സ്നേഹിക്കാത്തവരായി മരണസമയത്തു വിശുദ്ധ കുർബാനയെ എഴുന്നെള്ളിച്ചു കൊണ്ടുവരുമ്പോൾ തങ്ങളുടെ വിചാരങ്ങളെ ഉജ്ജ്വലിപ്പിക്കാൻ കഴിയാത്തവരായി, യേശുതമ്പുരാനെ ഒരു സ്നേഹിതനെന്നോ സഖിയെന്നോ വിചാരിപ്പാൻ ശക്തിയില്ലാത്തവരായി സ്നേഹത്തിന്റെ പരിപൂർണ്ണ മുദ്രയായി ദൈവം നമുക്ക് ഏല്പിച്ചിട്ടുള്ള ഈ വിശുദ്ധ കൂദാശയോടു ആശ്രയം അഗണ്യവും ഉള്ളവരായി എത്ര ആളുകൾ മരിച്ചിരിക്കുന്നു.

ഞങ്ങളോടുള്ള സ്നേഹംകൊണ്ട് എരിയുന്നവനായി വിശുദ്ധ ത്രോണോസിൽ വസിക്കുന്ന യേശുതമ്പുരാനേ! രോഗമോ, നിർദ്ധനത്വമോ, ഹീനത്വമോ മറ്റേതെങ്കിലും പരീക്ഷയോ ശിക്ഷയോ നീ ഞങ്ങൾക്കു അയച്ചുകൊൾക. എന്നാൽ നിന്റെ കരുണയിലും സ്നേഹത്തിലും ആശ്രയിച്ചുകൊണ്ട് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ഞങ്ങ

ളുടെ ഇടയിലുള്ള നിന്റെ സാന്നിദ്ധ്യത്തിങ്കൽ തീക്ഷ്ണതയോടുകൂടിയ സ്നേഹം അപ്പോൾ എങ്കിലും കരുണയുള്ള തമ്പുരാനെ! നീ ഞങ്ങൾക്ക് തരേണമെ.

ഏറ്റവും സത്യസഹായവും ഏറ്റവും പ്രിയ സ്നേഹിതനുമേ! ഞങ്ങൾ നിന്റെ സന്നിധിയിൽ ആകുന്നു. നിന്റെ മുഖപ്രകാശത്തിൽ യാതൊരു വഞ്ചനയും ഇല്ല. രോഗത്തിലോ, മരണത്തിലോ, നിത്യതയിലോ, സ്വർഗ്ഗത്തിലോ, ഞങ്ങൾ നിന്നെ സ്നേഹിക്കണമെന്നിരുന്നാൽ ഞങ്ങൾ ഇപ്പോൾ തന്നെ നിന്നെ സ്നേഹിക്കണമെന്നു വിശ്വാസത്തിന്റെ സ്ഥിരതയോടുകൂടി ഞങ്ങൾ അറിയുന്നു. ആകയാൽ എന്തു തന്നെയായാലും ഞങ്ങളുടെ ഹീനസ്വഭാവം മാറി നിന്നോടുള്ള സ്നേഹം ഞങ്ങളിൽ വർദ്ധിക്കാൻ വേണ്ടി ഞങ്ങൾ എല്ലാദിവസവും നിന്നെക്കുറിച്ച് വിചാരിക്കുമെന്നും നിന്റെ നന്മയേയും താഴാഴ്മയയേയും സ്നേഹത്തേയും കുറിച്ചു ധ്യാനിക്കുമെന്നും വിശുദ്ധ കുർബാനയുള്ള എല്ലാദിവസങ്ങളിലും ഞങ്ങൾ പള്ളിയിൽ പോകുമെന്നും ഞങ്ങൾ മനോനിശ്ചയം ചെയ്തിരിക്കുന്നു. ഞങ്ങൾ ഇപ്രകാരം നിശ്ചയിച്ചിട്ടുള്ളതു ചുരുങ്ങിയപക്ഷം ഇത് ആറാമത്തെ പ്രാവശ്യം ആയിരിക്കും. നീ ഞങ്ങളെ സഹായിക്കുന്നില്ല എങ്കിലും ഇതും മുൻ നിശ്ചയങ്ങൾപോലെ മാത്രമേ അവസാനിക്കയുള്ളൂ.

ഏറ്റവും പ്രിയ യേശുതമ്പുരാനേ! നീ ഞങ്ങളെ സഹായിക്കണമെ. നിന്നിൽനിന്നു ഞങ്ങളുടെ ഹൃദയങ്ങളെ തിരിപ്പിക്കുന്ന സകല മക്കളേയും നീ സംഹരിക്കേണമെ. നിന്റെ വിരോധികളെ എല്ലാം നീ ഓടിക്കേണമേ. ഞങ്ങളുടെ ബലഹീനതയിൽ നിന്നെ സ്നേഹിക്കുമെന്നു വിചാരിക്കുന്ന ഞങ്ങൾ ഭഗ്നാശയന്മാരാകരുതെ. നിന്നിൽ നിന്നു ഞങ്ങളെ ആശ്രയിക്കുന്നു. കണ്ണിന്റെ കൃഷ്ണമണിയെപ്പോലെ ഞങ്ങളെ നീ കാത്തുകൊള്ളേണമേ. നിന്റെ ചിറകകളുടെ നിഴലിൻകീഴിൽ ഞങ്ങളെ രക്ഷിക്കേണമേ. എന്നാൽ ഞങ്ങൾ ഒരിക്കലും ഇളകപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ നിന്നിൽ ആശ്രയിച്ചിട്ടു ലജ്ജപ്പെട്ടവരായി ആരംതന്നെയില്ല. ആമേൻ.

(ഈ മാസത്തിലെ നമ്മുടെ തെറ്റുകളെപ്പറ്റി ദുഃഖം തോന്നിയിട്ടു ദൈവവുമായിഒരു സംസർഗ്ഗം ചെയ്യണം)

❋❋❋❋